A 1562
ചിത്തശാസ്ത്രം
രാമകൃഷ്ണപിള്ള

241090

SEN GUPTA PUBLISHERS
A 15-62
Date
PUTHIYARA.

# പിതൃശാസനം

[Malayalam]

# PITHRUSASANAM

(NOVEL)

By

G. RAMAKRISHNA PILLAI, M. A.

First Impression April 1958

RIGHTS RESERVED

PUBLISHED BY P. M. GEORGE

DISTRIBUTORS

NATIONAL BOOKSTALL

KOTTAYAM KERALA STATE

Rs. 2·00

# പിതൃശാസനം

SEN GUPTA PUBLIC LIBRARY
Date........
PUTHIYARA.

ജി. രാമകൃഷ്ണപിള്ള, എം. എ.

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 2.00

## ജി. രാമകൃഷ്ണപിള്ളയുടെ

## കൃതികൾ

| | |
|---|---|
| ജാനകി (2 ഭാഗങ്ങൾ) | (നോവൽ) |
| അമ്പലപ്പുഴക്കാരി | ,, |
| ഉമാദേവി | ,, |
| ഗാനാമൃതം | ,, |
| മരതകമണി | ,, |
| വിലാസിനി | ,, |
| യശോധര | ,, |
| സുകേശിനി | ,, |
| അമരാലയം | ,, |
| ദേവസേന | ,, |
| പ്രേമസാഫല്യം | ,, |
| പിതൃശാസനം | ,, |
| കേരളഭാഷാസാഹിത്യചരിത്രസംഗ്രഹം | |
| കഥകളി | |
| കുഞ്ചൻനമ്പ്യാർ | |
| കമ്പരാമായണം (പരിഭാഷ) | (പദ്യം) |
| കഥാരത്നങ്ങൾ—ബാലസാഹിത്യം | |

894.83 / RAM

Printed at the Bhagyodayam Press, Pulikeezhu. Copies 1000

SEN GUPTA PUBLIC LIBR
Date.........
PUTHY

# 1

## സൈന്യാധിപന്റെ മകൻ

"പാരസീകം" ജംബുദ്വീപത്തിലെ രാജ്യങ്ങളിൽ പ്രാധാന്യമേറിയ ഒന്നാകുന്നു. സൈനികശക്തിയിൽ പ്രഥമപദത്തെ ആരോഹണം ചെയ്ത അപൂൎവ്വം ചില മണ്ഡലങ്ങളിൽ ഒന്നായ ഈ സംസ്ഥാനം വാണിജ്യവ്യവസായങ്ങളുടെ ഒരു കേന്ദ്രവും കൂടി ആയിരുന്നതിനാൽ അയൽരാജ്യങ്ങളുടെ സാദരമായ അവലോകനം സദാ പ്രസ്തുത രംഗത്തിൽ പതിഞ്ഞുകൊണ്ടു തന്നെ ഇരുന്നു. "രാഷ്ട്രകൂട"ത്തിലെ ചക്രവൎത്തിയുടെ കുടുംബവുമായി വിവാഹബന്ധമുണ്ടായിരുന്ന പാരസീകരാജവംശത്തിലെ അധിപനായ "പ്രഭാകരസേനൻ" ആ സാൎവ്വഭൗമന്റെ മൈത്രിയെ അഭംഗുരമായി പരിപാലിക്ക എന്നുള്ള നയം അനുപേക്ഷണീയമായിത്തന്നെ വൎത്തിച്ചു. എന്നാൽ കിരീടപതികളെ സംബന്ധിച്ചു പറകയാണെങ്കിൽ വംശബന്ധങ്ങൾ, അവയെക്കാൾ അടുപ്പമുള്ളതും സ്വാൎത്ഥനിഷ്ഠവും ആയ താല്പൎയ്യങ്ങളെ അപേക്ഷിച്ച് അപ്രധാനങ്ങളായി മാത്രമേ ഗണിക്കപ്പെടുന്നുള്ളു. രാഷ്ട്രകൂടത്തിനനുകൂലമായി ചായുവാൻ പ്രഭാകരസേനനെ പ്രേരിപ്പിച്ച പ്രബലതരമായ ഒരു കാൎയ്യം വേറെയുണ്ടായിരുന്നതാനും. അദ്ദേഹത്തിന്റെ നയം ലോകദൃഷ്ടിയിൽ

വികസിതമായി തുടങ്ങിയപ്പോഴായിരുന്നു പ്രസ്തുത പരമാൎത്ഥം വെളിപ്പെട്ടത്ത്. താൻതന്നെ ഒരു സ്വേച്ഛാപ്രഭുവും പ്രജാപ്രഭുത്വത്തിൻെറ പരമശത്രുവും ആയിരുന്നതിനാൽ അദ്ദേഹം, രാഷ്ട്രകൂടത്തിലെ സാമ്രാട്ടിനെ പ്രഥമകഥിതമായ തത്വത്തിൻെറ ഒരു രക്ഷകനും അനന്തരോദിതമായ വസ്തുതയുടെ മർദ്ദകനും ആയി പരിഗണിച്ചു. സമരത്തിൻെറ കുഴപ്പങ്ങൾക്കിടയിൽ നിന്ന് സാമുദായികാന്തസ്സൈ്വരൂപ്യം ഉയൎന്ന് ജംബുദ്വീപമണ്ഡലങ്ങളിൽ കലാപങ്ങൾ ഉണ്ടാക്കിയെങ്കിലോ എന്നോൎത്ത് പ്രഭാകരസേനൻ കമ്പിതഗാത്രനായി തീൎന്നു. അക്കാലത്തെ പരിതസ്ഥിതികൾ ഒരു പരിവൎത്തനമനോഭാവത്തെ ജനങ്ങളിൽ ഉദിപ്പിച്ചിട്ടുണ്ടെന്നു അദ്ദേഹത്തെ പഠിപ്പിച്ചു. അതിനാൽ ഇതര രാജ്യങ്ങളിൽ മുമ്പു തന്നെ പടൎന്നുപിടിച്ചു തുടങ്ങിയ ആ ക്ഷോഭാനലൻ തൻെറ മണ്ഡലത്തിലും പ്രസരിക്കുമോ എന്നദ്ദേഹം വിറച്ചു. സ്വേച്ഛാധിപന്മാൎക്ക ഒരിക്കലും മനശ്ശാന്തിയുണ്ടാകയില്ലല്ലോ പ്രഭാകരസേനൻെറ ഹൃദയമാകട്ടെ, അദ്ദേഹം സ്വപ്രജകളുടെ നേരെ അനുഷ്ഠിച്ചിട്ടുള്ള അകൃത്യങ്ങളാൽ സാപരാധമായിരുന്നതിനാൽ അവരുടെ രോഷാഗ്നി എപ്പോൾ പൊട്ടിപ്പുറപ്പെടുമെന്നറിയാതെ അനുനിമിഷം ഉല്ക്കണ്ഠാകുലമായി തന്നെ വൎത്തിച്ചു.

കൂടാതെയും "പല്ലവം" എന്ന ചെറുമണ്ഡലത്തെ പ്രബലന്മാരായ അയൽരാജാക്കൾ കൈവശപ്പെടുത്തി പകുത്തെടുത്തതിൻ ഒരു ഭാഗം ലഭിച്ച അദ്ദേഹത്തിന് തൻെറ അന്യായാൎജ്ജിതമായ ഭൂഭാഗം അപഹരിക്കാൻ പല്ലവന്മാർ തീവ്രയത്നം നടത്തുമെ

ന്നും ഭീതിയുണ്ടായി. ഈ കാരണങ്ങളാൽ അദ്ദേഹത്തിന്ന അപ്പോരം ഒരു ദൃഢനിശ്ചയം തന്നെ ഉത്ഭൂതമായി. രാഷ്ട്രകൂടവും ഒരു തുരുഷ്കസംസ്ഥാനമായ "അഹമ്മദ്പുര"വും തമ്മിൽ അക്കാലത്ത് നടന്നുകൊണ്ടിരുന്ന സമരത്തിൽ ജംബുദ്വീപത്തിലെ മിക്ക രാജാക്കന്മാരും തുരുഷ്കമണ്ഡലത്തെ സഹായിച്ചതു നിമിത്തം താൻ ശാന്തിദ്യോതകമായ ഒരു നയത്തെ അവലംബിക്കുക എന്നുള്ളതത്രെ ഈ നിശ്ചയം. അങ്ങിനെ ഒരു ഭാഗത്തും ചേരാതെ താൻ ഉദാസീനനായി വൎത്തിക്കുന്നതുകൊണ്ട് ജംബുദ്വീപത്തിലെ പ്രബലരാഷ്ട്രങ്ങളിലുള്ള തന്റെ സ്വാധീനശക്തിക്കു ഭംഗം നേരിടുമെന്നദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിന്റെ ഈ നയം സ്വപ്രജകളുടെ സമരോത്സാഹത്തെ ഭേദിക്കുമെന്നും ഭീരുതയുടെ ഒരു ഗന്ധം അതിൽ നിന്നനുഭവിക്കുമെന്നും കൂടി പ്രഭാകരസേനൻ അറിഞ്ഞു. എന്നാൽ സമരനയത്തിൽനിന്നുണ്ടായേക്കാവുന്ന വിപത്തുകളും വിജയസന്നിഗ്ദ്ധതകളും ഓൎക്കുമ്പോരം മേൽപറഞ്ഞ അസൗകൎയ്യങ്ങരം സ്വീകാൎയ്യങ്ങളാണെന്നു തന്നെ അദ്ദേഹം ചിന്തിച്ചു. ഇതുമെന്ന്യേ നിഷ്കൃഷ്ടമായ മാദ്ധ്യസ്ഥമാകുന്ന വ്യാജത്താൽ, ഉപകാരപ്രദമായ ഒരു സഹായം തന്റെ ആനുകൂല്യത്തെ അൎഹിക്കുന്ന ഭാഗത്തേയ്ക്കു പ്രദാനം ചെയ്വാൻ സാധിക്കുമെന്നും അദ്ദേഹത്തിനു തോന്നി. രാഷ്ട്രകൂടവാണിജ്യത്തിനുപകരിക്കുന്ന സമുദ്രസരണിയെ ജംബുദ്വീപത്തിലെ ഇതരരാജാക്കന്മാർ രോധിച്ചപ്പോരം പാരസീകസംസ്ഥാനം ചക്രവൎത്തിയുടെ വകയായ കയററുമതിക്കും ഇറക്കുമതിക്കും സുകരമായ മാൎഗ്ഗത്തെ

പ്രദാനം ചെയ്തു. അങ്ങനെ പാരസീകത്തിന്റെ വില തീരാത്ത സഹായത്താൽ രാഷ്ട്രക്കൂടവ്യാപാരം അഭംഗുരമായി പ്രയാണം ചെയ്തു. അപ്രകാരം പാരസീക രാജാവിന്റെ നാമമാത്രമായ മാദ്ധ്യസ്ഥം രാഷ്ട്രക്കൂടത്തിന്റെ നീചവും വിശ്വാസഹീനവുമായ പുരോഗതിയെ തുണചെയ്തു. എന്തെന്നാൽ രാഷ്ട്രക്കൂടത്തിനോടു ഉററമൈത്രിയിൽ സ്ഥിതി ചെയ്വാനുള്ള തന്റെ നിശ്ചയത്തെ ലോകത്തോടു പ്രഖ്യാപനം ചെയ്വാനുള്ള ധൈൎയ്യമോ, ആൎജ്ജവമോ ഈ രാജാവിനുണ്ടായിരുന്നില്ല. എന്നാൽ ഒരു രാജ്യത്തോടും ഒരു പ്രത്യേകമമത കാണിക്കാതെ ഇരുകൂട്ടരുടേയും മദ്ധ്യസരണിയിൽ സഞ്ചരിക്കുംപോലെയത്രെ അദ്ദേഹം നടിച്ചതു്.

പാരസീകന്മാരാകട്ടെ ഭരണാധികാരികളുടെ സ്വേച്ഛാപ്രഭുത്വത്തെ ഗണിക്കാതെ സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും വിവിധങ്ങളായ ഉദാരബോധങ്ങളെ ഉൾക്കൊള്ളുന്ന ഒരു ജനസഞ്ചയമായിരുന്നു. അതിനാൽ അവർ തുടക്കത്തിൽ തന്നെ തുരുഷ്കരുടെ നേരെ തങ്ങളുടെ അനുകമ്പയേയും രാഷ്ട്രക്കൂടത്തോടു് അവജ്ഞയേയും പ്രദർശിപ്പിച്ചുപോന്നു. സകലസൈനികന്മാൎക്കും യുദ്ധത്തിന്റെ നേരെ സ്നിഗ്ദ്ധമനോഭാവം ഉദിക്കുന്നതു സ്വാഭാവികമത്രെ. അങ്ങിനെ സമരമനോഭാവം ഏതു കൂട്ടരുടെ ഇടയിൽ സഞ്ജാതമാകുന്നുവോ ആ മനോഭാവത്തെ വേഗത്തിൽ സാധിക്കാനുള്ള സന്ദർഭത്തെയെല്ലാം അവർ മുറുകെ പിടിക്കയും ചെയ്യും. ചക്രവൎത്തിയും തുരുഷ്കരുമായി ആയോധനം ആരംഭിക്കുവാനുള്ള ലക്ഷണങ്ങൾ കണ്ട

പ്പോഠംതന്നെ പാരസീകയോധന്മാർ തങ്ങളുടെ ശക്തി പ്രദർശിപ്പിക്കാനുള്ള ഉൽക്കണ്ഠയോടു കൂടി മുന്നോട്ടു നോക്കിയിരിക്കയായിരുന്നു. അവരുടെ ആശാഭംഗം അചിരേണ ഒരു ജുഗുപ്സയായി പരിണമിച്ചു. എന്തെന്നാൽ രാജാധികാരം അംഗീകരിച്ച ഈ ഉദാസീനമനോഭാവം ജനകീയാഭിപ്രായപ്രകാരം പാരസീകജനതയെപ്പോലുള്ള ഒരു മഹാസമുദായത്തിനു അപമാനകരവും അവരുടെ യഥാൎത്ഥ പൌരുഷത്തെ ദുർബ്ബലമാക്കി പ്രത്യക്ഷപ്പെടുത്തുന്നതുമായിരുന്നു. പ്രഭാകരസേനൻ അംഗീകരിച്ച ഈ നയത്തിൽ അദ്ദേഹത്തിന്റെ സ്ഥിതിയെ പ്രബലമാക്കുന്നതിനുതകുന്ന ഒരു ജനസമ്മതിയെ അദ്ദേഹം മുമ്പൊരിക്കലും ആർജ്ജിച്ചിരുന്നതുമില്ല താനും. നേരെമറിച്ചു ജംബുദ്വീപത്തിലാകെ ഒരിക്കൽ സംജാതമായ ഒരു വിപ്ലവത്തിൽ സ്വരാജധാനിയിലും സംഭവിച്ച രക്തപങ്കിലമായ രംഗങ്ങഠംക്കു പ്രേരകൻ എന്നുള്ള കാരണത്താൽ ജനങ്ങഠം അദ്ദേഹത്തെ വെറുക്കുക കൂടി ചെയ്തിരുന്നു. പോരെങ്കിൽ പല വിധത്തിലുള്ള കുതന്ത്രങ്ങളാലും നീചമായ രാഷ്ട്രീയകാപട്യത്താലും, അദ്ദേഹം പ്രജകഠം മുമ്പനുഭവിച്ചിരുന്ന ചെറുസ്വാതന്ത്ര്യത്തെയും ധ്വംസിച്ച ഒരു വിശ്വാസവഞ്ചകനായ ഉപജാപകനെന്നും കരുതപ്പെട്ടു പിന്നെ രഹസ്യജീവിതത്തെപ്പററി പറകയാണെങ്കിൽ അദ്ദേഹം ഒരു ദുർവൃത്തനും മദ്യപനുമായിരുന്നു. സദ്ഗുണം എന്നു പറയത്തക്ക പ്രകൃതിയുടെ ഒരു കണിക പോലും അദ്ദേഹത്തെ തീണ്ടിയിട്ടുമില്ലായിരുന്നു. ഇങ്ങനെ, ചുരുക്കിപറയുകയാണെങ്കിൽ, പ്രഭാകരസേനന്റെ മാദ്ധ്യസ്ഥനയം പാരസീകത്തിനു ഒരുന്നതസംസ്ഥാനമെന്ന നിലയിൽ ഏററവും ഹാനികരവും ജനങ്ങഠംക്കു

മർമ്മഭേദകവും ആദ്യമേ തന്നെ ദുഷിച്ചു പോയ അദ്ദേഹത്തിൻെറ ജനസമ്മതിയുടെ വിനാശത്തിനു മകുടം ചാർത്തുന്നതുമായി പരിണമിച്ചു. "പാർത്ഥസദനം" എന്ന നഗരം 'ബലിമന്ദിരം' എന്ന പട്ടണത്തിൽ നിന്നു അല്പം അകലത്തായി സ്ഥിതിചെയ്യുന്നു. ബലിമന്ദിരം പാരസീകത്തിൻെറ രാജധാനിയാണെന്നും കൂടി വായനക്കാർ ഓർക്കണം. പാർത്ഥസദനത്തിൻെറ രചന അതിവിശിഷ്ടമെന്നു വിഖ്യാതമത്രെ. ആ നഗരത്തിൽ മോഹനസൗധങ്ങളും ഒരു മൃഗശാലയും പ്രബല മന്ദിരങ്ങളും കാണികളുടെ ഹൃദയങ്ങളെ ആകർഷിക്കമാറു് പരിലസിച്ചു. ഇവിടെയാണു് പാരസികരാജാക്കന്മാർക്കു് ഏററവും പ്രിയപ്പെട്ട "സുധർമ്മ" എന്ന കൊട്ടാരം നില്ക്കുന്നതു്.

പാർത്ഥസദനത്തിൽ നിന്നു് ഏകദേശം ഇരുപതു നാഴിക അകലത്തായി, നാട്ടുംപുറത്തെ വിജനവും അതിരമണീയവുമായ ഒരു സ്ഥാനത്തു് അതിസുഖപ്രദമായ ഒരു ഭവനം സ്ഥിതിചെയ്തിരുന്നു. ഇതിനു് ഒരു കൃഷകഗൃഹത്തിൻെറ ലക്ഷണം ഉണ്ടായിരുന്നെങ്കിലും ഇവിടെ പാർത്തതു് ഒരു കൃഷീവലനായിരുന്നില്ല. അതിലെ പാർപ്പുകാരൻ പാരസീകസൈന്യത്തിലെ ഒരു ഉപസേനാധിപനായിരുന്നു. ഉദ്യോഗത്തിൽ നിന്നും വിരമിച്ച "ഉപഗുപ്തനാ"യിരുന്നു. അദ്ദേഹത്തിനു് ഈ കഥാകാലത്തു് വയസ്സറുപതു തികഞ്ഞിരുന്നു. ദീർഘിച്ചു പ്രേക്ഷകാദരത്തെ അർഹിക്കുന്നതായിരുന്നു അദ്ദേഹത്തിൻെറ ആകൃതി. വാർദ്ധക്യത്തിൻെറ ആഗമനം അദ്ദേഹത്തിൻെറ ശരീരത്തെ നതമാക്കിയില്ല. എന്നാൽ ശിരോരോമങ്ങളിൽ വെള്ളിപൂശിത്തുടങ്ങിയി

രുന്നു. എങ്കിലും അദ്ദേഹത്തിൻെറ ബുദ്ധിക്ക് ഒരു ചൈതന്യക്ഷറവോ സൈന്യാധികാരത്തെ ദ്യോതിപ്പിക്കുന്ന ഊഷ്മാവിനു ഒരു മാന്ദ്യമോ സംഭവിച്ചിരുന്നില്ല. നാം മേൽപ്പറഞ്ഞ ആ ഗൃഹം അദ്ദേഹത്തിൻെറ പിതൃസ്വത്തായിരുന്നു. ഉദ്യോഗം ഒഴിഞ്ഞപ്പോൾ ഭാവിജീവിതം ശാന്തമായി കഴിച്ചുകൂട്ടുവാൻ നിശ്ചയിച്ച ഈ ഉപസേനാനി തൻെറ ഏകപുത്രിയായ "ശോഭന" യോടൊന്നിച്ച് ഇവിടെ പാർപ്പുറപ്പിച്ചതാണ്.

ഉപഗുപ്തൻ സൈനികജീവിതത്തിൽനിന്നും വിരമിച്ചതു് സ്വസമ്മതത്തോടുകൂടി ആയിരുന്നില്ല. അദ്ദേഹം ഒരു സേനാവിഭാഗത്തിൻെറ നേതാവായി ഉയൻു. തൻെറ സൈനികന്മാരെപ്പററി അഭിമാനിച്ച അദ്ദേഹം ജീവാവസാനംവരെ ആ പദവിയിൽ കഴിച്ചുകൂട്ടാമെന്നും വിചാരിച്ചിരുന്നു. എന്നാൽ ബലിമന്ദിരത്തിലെ ജനങ്ങൾ അവരുടെ താല്പര്യങ്ങൾക്കു പിൻതുണനില്ക്കുന്ന ചില പരിഷ്ക്കാരങ്ങൾ ഏപ്പെടുത്തണമെന്നു ശഠിച്ച് ഒരിക്കൽ കലാപമുണ്ടാക്കിയപ്പോൾ അവരുടെ നേരെ നളികപ്രയോഗം ചെയ്വാൻ ഉപഗുപ്തൻെറ കീഴിലുള്ള ഭടന്മാൎക്കു രാജകല്പന ലഭിച്ചു. ഈ കല്പന നടത്താൻ ധീരനായ ആ സേനാനി വിസമ്മതിക്കതന്നെ ചെയ്തു. രാജാവിൻെറ അംഗരക്ഷകനോടു ഈ വിവരം അദ്ദേഹം ധരിപ്പിക്കയും ചെയ്തു. ഫലം, ഈ സേനാവിഭാഗം അതിൻെറ വസതിയിൽ സൈ്വരവാസം ചെയ്യു എന്നുള്ളതായിരുന്നു. ചില മാസങ്ങൾ കഴിഞ്ഞു് രാജാവ്, തൻെറ സേ്വച്ഛാധിപത്യം അഭംഗുരമായി ഉറച്ചു എന്നു കണ്ടപ്പോൾ ഉപഗുപ്തൻെറ നേരെ പകവീട്ടി. ഭടന്മാൎക്കു് അത്യ

പ്പി ഉണ്ടായെങ്കിലോ എന്നു പേടിച്ച് ധീരനായ ആ ഉദ്യോഗസ്ഥൻെറ നേരെ ഒരു കടുംകൈ പ്രവൎത്തിപ്പാൻ രാജാവു തുനിഞ്ഞില്ല. ഉപഗുപ്തൻ സ്വമേധയാ രാജിവയ്ക്കുന്ന പക്ഷം ഒരു സൈനികകോടതി മൂലമുള്ള വിചാരണ വേണ്ടെന്നുവയ്ക്കാമെന്നദ്ദേഹം സൂചിപ്പിച്ചു. സമരത്തിൽ പല വിജയങ്ങളും ബിരുദങ്ങളും നേടിയ ആ മാന്യനേതാവിനു സൈനികകോടതിയിലെ വിചാരണ അപമാനകരമായിതോന്നുകയാൽ അദ്ദേഹം ഉദ്യോഗം രാജിവച്ച് സ്വസ്ഥജീവിതത്തിലേയ്ക്കു പിൻവാങ്ങി.

അനേകവർഷങ്ങളായി താൻ നയിച്ച ആ കൎമ്മപരമായ ജീവിതം ഉപഗുപ്തനെ ഒരു വൈവാഹികസരണിയിലേക്കു നയിക്കാൻ പ്രതിബദ്ധമായി ഭവിച്ചതിനാൽ നാല്പതുവയസ്സായപ്പോളായിരുന്നു അദ്ദേഹം ഭാൎയ്യാസ്വീകരണത്തെപ്പററി ചിന്തിച്ചതു്. തത്ഫലമായി അചിരേണ അദ്ദേഹം തൻെറ മൃതനായ ഒരു ചങ്ങാതിയുടെ വിധവയെ പരിഗ്രഹിച്ചു. ഈ ബന്ധം നാലു സന്താനങ്ങളുടെ ഉദ്ഭവത്തിനു കാരണമായിത്തീൎന്നു. എന്നാൽ ഈ സന്തതികളിൽ ഒന്നുമാത്രമേ ജീവിച്ചുള്ളു മററു മൂന്നും ശൈശവത്തിൽ തന്നെ മൃത്യു പ്രാപിച്ചു. ജീവിച്ച സന്തതിയത്രേ നമ്മുടെ ശോഭന. മരിച്ചുപോയ അമ്മയുടെ ജ്ഞാതികളാണു പിന്നീടു ശോഭനയെ വളൎത്തിയതു്. സൈനിക കൎത്തവ്യങ്ങളിൽ തല്പരനായിരുന്ന ഉപഗുപ്തൻ മകളെ അവളുടെ മാതൃസോദരിമാരുടെ ആധീനത്തിൽ തന്നെ ഏല്പിച്ചു അവരാകട്ടെ ആ ബാലികയുടെ വിദ്യാഭ്യാസത്തിൽ പ്രത്യേക നിഷ്കർഷ പ്രദർശി

പ്പിക്കയാൽ അവൾ മാനസികമായ പരിഷ്കൃതിയിൽ പരിപൂൎണ്ണനൈപുണ്യത്തെ പ്രാപിച്ചു. സൌന്ദൎയ്യത്തിൽ ശോഭന ശ്ലാഘ്യമായ ഒരു പദവിയിൽ പ്രശോഭിക്കയും ചെയ്തു. അവളെ നമ്മുടെ വായനക്കാരുടെ മുമ്പിൽ പ്രവേശിപ്പിക്കുന്ന ഇക്കാലത്തു് ശോഭനയ്ക്കു പത്തൊൻപതു വയസ്സുപ്രായമുണ്ടായിരുന്നു. അച്ഛനോടു കൂടി പാർപ്പു തുടങ്ങിയിട്ടു് ഇപ്പോൾ അഞ്ചുവർഷവും തികഞ്ഞു. സ്വജ്ഞാതികളുടെ വസതിയായ രഹസ്സിൽനിന്നു് പിതൃഗൃഹമായ രഹസ്സിലേക്കാണവൾ മാററപ്പെട്ടതു്. അതിനാൽ ലോകത്തെപ്പററി അവളുടെ പരിചയം പരിമിതമായിത്തന്നെ വൎത്തിച്ചു. ഇപ്രകാരമുള്ള ഒരുനിൎദ്ദോഷതയോടു് ആൎജ്ജവം, സാരള്യം, എന്നീ ഗുണങ്ങൾ യോജിച്ചു കാണുക സഹജമത്രേ. അവളുടെ സ്വാഭാവികമായ സദ്ബുദ്ധി മാത്രം തന്നേ അവളെ അപഥസഞ്ചാരത്തിൽനിന്നു പിൻതിരിപ്പിക്കാൻ ശക്തമായിരുന്നു. അവൾക്കിപ്പോൾ പത്തൊൻപതു വയസ്സു പ്രായമായി എന്നു പറഞ്ഞുവല്ലോ. ഇതുകൂടാതെ പാരസീകം ജനിപ്പിച്ച സുന്ദരികളിൽ വച്ചു് ഏററവും മോഹിനിയും കൂടി ഇവളായിരുന്നു. അവളുടെ ചുരുണ്ട തലമുടി സ്വഛമായ നെററിത്തടത്തിൻെറ ഉപരിഭാഗത്തിൽ വച്ചു് ഇരു പുറവും വിഭക്തമായി വീണുകിടന്നിരുന്നു. അവളുടെ വിശാലമായ നീലനയനങ്ങൾ തേജോലോകത്തിലേ പാവനമായ പ്രഭയെന്നപോലെ പ്രകാശിച്ചു. പാടലിമ സുന്ദര ഗണ്ഡങ്ങളിൽ പ്രസരിച്ചു കാണപ്പെട്ടു. അവളുടെ വൎണ്ണം സിതപങ്കജത്തെ ജയിക്കുന്നതായിരുന്നു. അധരം വിദ്രുമ

തുല്യവും രദനം മുക്താഫലസദൃശവുമായി വിള ങ്ങി. മദ്ധ്യദൈർഘ്യത്തോടു സമീപിച്ച അവളുടെ ആകൃതി പവനസമാനം ലാഘവമാൎന്നതും ദേവാംഗന മാരുടെ കളേബരത്തിനൊപ്പം കൃശവുമായിരുന്ന അ വൾ പ്രകൃത്യാതന്നെ പ്രസന്നയും ഉത്സാഹശീലയുമാ യി പരിലസിച്ചു. എന്നാൽ ചിലപ്പോൾ ഉദാസീ നയെന്നപോലെയും കാണപ്പെട്ടു. സാഹിത്യത്തിലും മററു സുന്ദരകലകളിലും അവൾക്കു വലിയ താല്പൎയ്യമു ണ്ടായിരുന്നു.

ഉപഗുപ്തസേനാനി നിഷ്ക്രിയ ജീവിതത്തിലേ യ്ക്കു സംക്രമിച്ചു ഗൃഹത്തെ പ്രാപിച്ചപ്പോൾ പുത്രി യുടെ സാഹചൎയ്യത്തിൽ അദ്ദേഹം നിതരാം ആന ന്ദത്തെ അനുഭവിച്ചു. അവളോട് അദ്ദേഹത്തിനു അതിരററ വാത്സല്യം തോന്നി. തന്നിമിത്തം അവ ളുടെ ശൈശവത്തിൽ താൻ പുത്രിയെ പിരിഞ്ഞിരു ന്നതെങ്ങിനെയെന്ന് അദ്ദേഹം പലപ്പോഴും അത്ഭു തപ്പെടാറുണ്ടായിരുന്നു. പുത്രിയുമായുള്ള സഹവാസം അങ്ങിനെ അദ്ദേഹത്തിൻെറ ഹൃദയത്തിന് ആശ്വാസ പ്രദമായി പരിണമിച്ചു. പ്രത്യേകിച്ചും താൻ അ തിഭക്തിയോടുകൂടി സേവിച്ച ഒരു കിരീടപതിയുടെ സ്വേച്ഛാപ്രഭുതാജന്യമായ കൃതഘ്നതയ്ക്കു ശേഷം അദ്ദേഹത്തിൻെറ വ്രണപ്പെട്ട ഹൃദയത്തിന് അവ ളുടെ ശുശ്രൂഷ യഥാൎത്ഥത്തിൽ ഒരു അമൃതസേചനം തന്നെ ആയിരുന്നു.

# 2

## കാമിനീകാമുകന്മാർ

ഫാൽഗ്ഗുനമാസത്തിലെ അന്ത്യത്തിൽ ഒരു ദിവസം സൂൎയ്യാസ്തമയത്തോടടുത്ത വേളയിലായിരുന്നു ശോഭന അതിമനോഹരമായ വസ്ത്രഭൂഷാദികളാൽ അലംകൃതയായി മന്ദിരോദ്യാനത്തിൽ സഞ്ചാരത്തിനിറങ്ങിയതു്. സൈന്യാധിപൻ തൻെറ ഗ്രന്ഥശാലയിൽ ഇരുന്നു് ചില കത്തുകൾ തയ്യാറാക്കുന്നതിൽ ഉത്സുകനായി സമയത്തെ നയിച്ചു അദ്ദേഹം എഴുതിയ ലേഖനങ്ങളെല്ലാം ഗ്രാമത്തിനടുത്തുള്ള തപാലാപ്പീസിൽ താൻ തന്നെ കൊണ്ടുചെന്നിടുക ഒരു നിയമമായി ആചരിച്ചുപോന്നു. അദ്ദേഹം സ്വീകരിച്ച സന്ദർശകരാകട്ടെ വെറും കാൎയ്യമാത്രാർത്ഥികളല്ലാതെ മററാരുമായിരുന്നില്ല. എന്തെന്നാൽ സ്വപുത്രി സഞ്ചരിക്കാറുപതിവുള്ള മുറിയിൽ ഈ സന്ദർശകന്മാരെ അദ്ദേഹം ഒരിക്കലും പ്രവേശിപ്പിച്ചില്ല. ശോഭന സമാരംഭിച്ച ഒരു നൂതന പരിചയത്തെ അദ്ദേഹത്തിനു അറിവുകൊടുക്കാൻ സൗകൎയ്യം ലഭിയാത്ത വിധത്തിൽ കുറച്ചുനാളായി അദ്ദേഹം കൎമ്മവ്യാപൃതനായി വൎത്തിക്കയായിരുന്നു, എങ്കിലും ആ പരിചയ രഹസ്യം അദ്ദേഹത്തിൻെറ അറിവിൽ പെടുക തന്നെചെയ്തു. ഈ പരിചയത്തിൻെറ കഥ വേഗത്തിൽ വെളിപ്പെടും.

ശോഭന ഗൃഹത്തിനു വളരെ അകലത്തുള്ള ഉദ്യാനഭാഗത്തിൽ തൻെറ ഗതിയെ തിരിച്ചു. ആ സ്ഥാനത്തു് ഒരു ചെറിയ പ്രവേശനദ്വാരം അടുത്ത

ഇടവഴിയിലേക്കു പ്രവേശിക്കാൻ തക്ക സൗകര്യത്തെ പ്രദാനം ചെയ്യുമാറു നിന്നിരുന്നു. ഈ ഊടുവഴി ഒരുവശത്തു് പ്രധാന രാജപാതയേയും മറുവശത്തു് പാർത്ഥസദനത്തേയും ബന്ധിച്ചതായിരുന്നു. പ്രവേശനദ്വാരത്തിൽ എത്തിയ ഉടൻ തന്നെ അവൾ ബദ്ധപ്പെട്ടു് ഇടവഴിയിൽക്കൂടി രാജപാതയിലേക്കു നോക്കി അശ്വാരൂഢനായ ഒരു തരുണൻ തന്റെ സമീപത്തണയുന്നതു കണ്ടു് അവളുടെ ഗണ്ഡസ്ഥലത്തിൽ അരുണിമ പ്രസരിച്ചു് അന്തരുദിതമായ ആനന്ദത്തെ വെളിവാക്കി. അദ്ദേഹം പ്രവേശനദ്വാരത്തിലേയ്ക്കു കുതിരയെ ഓടിച്ചുവന്നു് താഴത്തുചാടി അവളുടെ കരത്തെ ഗ്രഹിച്ചു് ചുംബിച്ചു അതി നിബിഡമായ ശോണിമ അപ്പോൾ അവളുടെ കപോലതലത്തെ ആവരണം ചെയ്തു. അവളുടെ ഹൃദയം ആനന്ദാവേശത്താൽ സ്പന്ദിച്ചുകൊണ്ടിരുന്നു. കാമുകന്റെ പ്രേമസങ്കലിതമായ നോട്ടത്തിൽ അവളുടെ നേത്രങ്ങൾ അധോമുഖങ്ങളായി ഭവിച്ചു.

അദ്ദേഹം ഏകദേശം ഇരുപത്തിനാലു വയസ്സു പ്രായം വരുന്ന ഒരു തരുണനായിരുന്നു. ലാവണ്യം അദ്ദേഹത്തിന്റെ ആകൃതിക്കു് ഒരലങ്കാരമായി വിലസി. അദ്ദേഹത്തിന്റെ കേശം കൃഷ്ണവർണ്ണം കലന്നതും നീലനേത്രങ്ങൾ നീണ്ടുകറുത്ത ഇമകളോടുകൂടിയവയും ആയിരുന്നു. അദ്ദേഹത്തിന്റെ കായം ദീർഘവും അംഗപ്പൊരുത്തം അനവദ്യവും ഗതി ലളിതവും ആയി നയനാനന്ദത്തെ പ്രദാനം ചെയ്തു. അദ്ദേഹത്തിന്റെ അവസ്ഥാനം അത്യന്തം ഉൽകൃഷ്ടമാ

യിരുന്നു. ആചരണം പരിഷ്കാരവിശിഷ്ടമെന്നേ പറയാവൂ. വസ്ത്രധാരണമാണെങ്കിൽ അക്കാലത്തെ അഭിജാതന്മാരായ തരുണന്മാരുടേതിനേക്കാൾ മോടികലർന്നതത്രേ. ആകെക്കൂടിയുള്ള അദ്ദേഹത്തിന്റെ ആകൃതിവിശേഷം അദ്ദേഹം ഒരു പ്രഭുകുടുംബജനെന്നുദ്ഘോഷിച്ചു. ശോഭനയുടെ മേൽ അദ്ദേഹം തന്റെ വീക്ഷണങ്ങളെ പതിപ്പിച്ചപ്പോൾ ആ നേത്രങ്ങൾ ആവിഷ്കരിച്ച തീക്ഷ്ണപ്രഭ അവളുടെ പരിപാവനമായ പ്രേമത്തെ നിതരാം അധികരിക്കുന്ന ഒന്നായിരുന്നു. എന്നാൽ ഒരു നിമിഷത്തിനുള്ളിൽ അദ്ദേഹത്തിന്റെ മുഖഭാവത്തിനു പാടേ ഒരു മാററം സംഭവിച്ചു. അവർണ്ണനീയമായ ഒരു ദീനഭാവം ആ വദനത്തിൽ പ്രസരിച്ചു. അതു മാനസികമോ കായികമോ ആയ കാരണങ്ങളാൽ ഉദ്ഭൂതമായി എന്നുവരാം. അദ്ദേഹത്തിന്റെ മനസ്സാക്ഷി പെട്ടെന്നുള്ള ഒരു അനുതാപത്താൽ ആക്രാന്തമായതിനാലോ അല്ലെങ്കിൽ അന്തരുദിതമായ ഒരു വേദന ഹൃദയത്തെ പീഡിപ്പിച്ചതിനാലോ ആയിരിക്കാം ഈ ഭാവഭേദം ഉണ്ടായതു്. എന്തുകാരണത്താൽ ഉൽഭവിച്ചതായാലും ശരി അതുവെറും ക്ഷണികമായിരുന്നതേയുള്ളു. ശോഭന ഈ മാററത്തെ ദർശിക്കുകയുണ്ടായില്ല. കാമുകന്റെ മുഖത്തേക്കവൾ രണ്ടാമതു നോക്കിയപ്പോൾ അതിൽ ദൃശ്യമായ രസം പ്രേമവാത്സല്യങ്ങളുടെ സമ്മേളനത്താൽ സമുദിതമായ ഒന്നായിരുന്നു.

കതിരയ്ക്കു പുല്ലു മേയാൻ തക്ക സൗകര്യത്തിൽ അതിനെ വാതിൽപടിയിൽ ബന്ധിച്ചശേഷം അദ്ദേഹം ഉദ്യാനത്തിൽ കടന്നു. അവിടെ ആ കാമിനീകാ

മുകന്മാർ ച്ഛായാസുന്ദരമായ ഒരു സ്ഥാനത്തേക്കു നീങ്ങി. എന്നാൽ അവർ അവിടെ പ്രവേശിച്ച ക്ഷണത്തിൽ തന്നെ ഗൃഹത്തിൻെറ മുൻവശത്തുള്ള പ്രവേശനദ്വാരത്തിലെ മണി അടിക്കുന്നതു കേൾക്കപ്പെട്ടു.

"ഈ സായാഹ്നത്തിലും ഭവതിയുടെ പിതാവിനു സന്ദർശകന്മാരുണ്ട്" എന്ന് അവളുടെ കരത്തെ ഗ്രഹിച്ചു കൊണ്ടു തരുണൻ പറഞ്ഞു.

"പ്രിയപ്പെട്ട "കരുണാകരാ" വാസ്തവം അവിടുന്നു പറഞ്ഞതുപോലെ തന്നെയെന്നു തോന്നുന്നു; എന്നാൽ അദ്ദേഹം ആരെയും പ്രതീക്ഷിക്കുന്നതായി എനിക്കറിവില്ല." എന്നു ശോഭന പറഞ്ഞു.

"ഓമനേ ഭവതിയേ ഞാൻ മുമ്പു കണ്ടശേഷം ഇപ്പോൾ മൂന്നു ദിവസം കഴിഞ്ഞു. ഈ ഹ്രസ്വമായ കാലം ഒരു യുഗംപോലെയാണെനിക്കു തോന്നിയതു്. എന്നാൽ ശോഭനേ —"

"ഓ! അവിടുന്നെന്നെ പിരിഞ്ഞാൽ പിന്നെ എനിക്കു സമയം വേഗത്തിൽ പോകുമെന്നാണോ വിചാരിക്കുന്നതു്? ഹാ പ്രേമപാത്രമേ, എനിക്ക് അവിടുന്നുമായി പരിചയപ്പെടാൻ ഭാഗ്യമുണ്ടായ നിമിഷം മുതൽ അവിടുത്തെ അഭാവം, എന്നെ സംബന്ധിച്ചിടത്തോളം ഓരോ നിമിഷത്തെയും ഓരോ യുഗമാക്കിത്തീർക്കുകയാണ്" എന്നവൾ ഒരു ദീർഘനിശ്വാസത്തോടുകൂടി പറഞ്ഞു.

"ഓമനേ, എൻെറ പ്രാണതുല്യയായ ശോഭനേ, ഭവതിയുടെ അധരത്തിൽ നിന്നുള്ള ഈ നിശ്ചിത വചനം അവർണ്ണനീയമായ ആനന്ദാമൃതത്തെ എൻെറ

ഹൃദയത്തിൽ വർഷിക്കുന്നു. ഇതാ വീണ്ടും പടിവാതുക്കൽ മണിനാദം കേൾക്കുന്നല്ലോ. ഭവതിയുടെ പിതാവ് ഇത്രയും സന്ദർശകന്മാരെ സ്വീകരിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. വിഘ്നം കൂടാതെ കുറേനേരം നമുക്കിവിടെ കഴിച്ചുകൂട്ടാമല്ലോ" എന്ന് അവളെ മാറോടു ചേർത്തു മുറുകെ പുണർന്നുകൊണ്ട് കാമുകൻ പറഞ്ഞു.

ശോഭന സങ്കോചഭാവത്തിൽ മന്ദാക്ഷരമാകും വണ്ണം ചോദ്യംചെയ്തു. "പ്രഭോ നമ്മുടെ ഈ സന്ദർശനങ്ങളിൽ ഗൂഢവും സാപരാധവുമായ എന്തോ ഒന്ന് ദൃശ്യമാകുന്നതായി എൻെറ മനസ്സ് പറയുന്നു. അതവിടുന്നറിയുന്നുണ്ടോ?"

"എന്നാൽ ഞാൻ ഭവതിയുടെ പിതാവിനു പരിചിതനല്ലേ? ഭവതിയും ഞാനുമായി പരിചയമുണ്ടെന്നുള്ള പരമാർത്ഥം അദ്ദേഹത്തിനും അറിവുള്ളതല്ലേ? ഞാൻ എത്രയോ തവണ പരസ്യമായി ഭവതിയുടെ ഗൃഹത്തെ സന്ദർശിച്ചിട്ടില്ലേ? അപ്പോഴെല്ലാം ഭവതിയുടെ അച്ഛൻ എന്നെ കൃപയോടുകൂടി സൽക്കരിച്ചിട്ടില്ലേ?" എന്ന് ആ തരുണൻ ചോദിച്ചു.

"ശരി, അച്ഛൻ അവിടത്തെ ഇഷ്ടപ്പെടുന്നു എന്നും എനിക്കറിയാം എന്തെന്നാൽ അദ്ദേഹത്തിൻെറ അഭിപ്രായത്തോട് അവിടുന്ന് യോജിക്കുന്നു. അതിനാൽ അച്ഛൻ അവിടത്തെ സ്നേഹിക്കുന്നു. മുൻ പറഞ്ഞ സന്ദർശനങ്ങൾ കഴിഞ്ഞു് അവിടുന്നു പിരിഞ്ഞുപോയ സന്ദർഭങ്ങളിലെല്ലാം അച്ഛൻ അവിടത്തെ ഒരു യഥാർത്ഥ പാരസീകനെന്നു പ്രശംസിച്ചിട്ടുണ്ട്.

ഹാ! ഞാൻ ഓൎക്കുന്നു, അച്ഛൻ ഒരവസരത്തിൽ പറഞ്ഞു, പാരസീകത്തിലെ തരുണന്മാരെല്ലാം അവിടത്തെ മനസ്ഥിതിക്കാരായിരുന്നുവെങ്കിൽ രാജമന്ദിരത്തിലേയും ഭരണകൂടത്തിലേയും നയം ഇപ്പോഴത്തെപ്പോലെ രാജ്യത്തിനപമാനകരമായിത്തീരുകയില്ലായിരുന്നുവെന്നു്. അങ്ങനെയിരിക്കെ നേരിട്ടു വീട്ടിൽ കയറിവന്നു് എന്നെ കാണാതെ ഇവിടെവച്ചു് ഇപ്രകാരമുള്ള സന്ദർശനത്തിനു് അവിടുന്നെന്നെ നിർബ്ബന്ധിക്കുന്നതെന്തിനു്?" എന്നു ശോഭന പ്രണയമസൃണയായി ചോദിച്ചു.

തരുണൻ പ്രതിവദിച്ചു.

"എൻെറ ആരാധനാവിഗ്രഹമേ, ഈ പെരുമാററത്തിനു കാരണം പറവാൻ ഭവതി എന്നെ വീണ്ടും വീണ്ടും നിർബന്ധിക്കുന്നു. എൻെറ പിതാവു് ഒരുറച്ച രാജകീയനാണെന്നു ഞാൻ ഭവതിയോടു പറഞ്ഞിട്ടില്ലേ? സമാധാനനയത്തെ ബലമായി പിൻതാങ്ങുന്ന ഒരാളാണദ്ദേഹം. പ്രജാധിപത്യപക്ഷക്കാർ വിപ്ലവം തുടങ്ങിയ കാലത്തു് അവരെ എതിൎത്ത കൂട്ടരിൽ അച്ഛൻ ഒരു പ്രധാന പ്രവൎത്തകനായിരുന്നുവെന്നും കൂടി ഞാൻ ഭവതിയെ അറിയിച്ചിട്ടുണ്ടല്ലോ."

ശോഭന പറഞ്ഞു.

"ഹാ! അതെ, എൻെറ അച്ഛനു് "മാനസിംഹ" പ്രഭുവിനോടു സഹകരിക്കുക എന്നുള്ളതു വലിയ വിഷമം തന്നെ."

കരുണാകരൻ പറഞ്ഞു

"അച്ഛൻ, പരമാർത്ഥം പറഞ്ഞാൽ, ഈ പ്രജായത്തഭരണത്തിനു് ഒരിക്കലും അനുകൂലിക്കുന്ന

ആളല്ല. ഇതു നമ്മുടെ ഗൂഢസന്ദർശനത്തിന്ന് ഒരു ഒഴികഴിവായി ഞാൻ പറകയല്ല."

"ഞാൻ ചോദിക്കുന്നതു അക്കാര്യം മാത്രമാണ്. നമ്മുടെ ഈ സന്ദർശനങ്ങളെ അവിടുന്ന് ഒരു രഹസ്യമായി സൂക്ഷിച്ചിരിക്കുന്നതിൻെറ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. എൻെറ പ്രണയകഥയെ വെളിപ്പെടുത്താൻ അവിടുത്തേയ്ക്കിത്ര മടിയെന്ത്?" എന്നു ശോഭന ചോദിച്ചു.

കരുണാ:—ഞാൻ പറയുന്നതു കേൾക്കു. ഭവതിയുടെ പാണിഗ്രഹണത്തിന്നു ഞാൻ ഒരപേക്ഷകനാണെന്നുള്ള വസ്തുത ആ മധുരാധരങ്ങളിൽനിന്നു പുറപ്പെട്ടാൽ ഭവതിയുടെ പിതാവ് ഒരിക്കലും അതനുവദിക്കാതെയിരിക്കയില്ല. അതൊന്നുപരീക്ഷിച്ചു നോക്കിയാലോ?

ശോഭ:—ഞാൻ പല തവണ വിവരം അച്ഛനോടു പറവാൻ യത്നിച്ചിട്ടുണ്ട്. അപ്പോഴെല്ലാം എന്തെങ്കിലും ഒരു പ്രതിബന്ധം എൻെറ ഇംഗിതത്തെ നിരോധിപ്പാൻ വന്നുകൂടും.

കരുണാ;—അഹോ! ശോഭനേ നമ്മുടെ ഏവംവിധമായ സന്ദർശനത്തെപ്പററി ഭവൽപിതാവിനെ അറിയിക്കേണ്ടതായിരുന്നു. അതിൻെറ ഫലം എന്തായെന്നറിയാമായിരുന്നല്ലോ.

ശോഭ:—രാഗപാത്രമേ! നമ്മുടെ സന്ദർശനം രഹസ്യമായിരിക്കണമെന്ന സംഗതി ഇത്ര പ്രകടമായിട്ടവിടുന്ന് ഇതിനു മുമ്പൊരിക്കലും എന്നോടു പറഞ്ഞിട്ടില്ലെന്നുള്ളതോർക്കണം. അച്ഛനറിയാതെ ഇ

ങ്ങനെയുള്ള സന്ദർശനങ്ങൾ ഇതുമേൽ തുടൎന്നു പോകുന്നതും എനിക്കു ദുസ്സഹമാണു്.

ഈ വാക്കുകളോടു കൂടി അവളുടെ നേത്രങ്ങളിൽനിന്നും അശ്രുധാര വർഷിച്ചു. കരുണാകരൻ ഇതു കണ്ടു വിവശനായി. അദ്ദേഹം അത്യൗത്സുക്യത്തോടുകൂടി അവളെ നോക്കി. പിന്നെ അവൾ തന്റെ നമ്രമാക്കപ്പെട്ട ശിരസ്സിനെ അദ്ദേഹത്തിന്റെ മാറിൽ അർപ്പിച്ചപ്പോൾ ഒരു ദീനരസം ആ തരുണന്റെ മുഖത്തിൽ പ്രസരിച്ചു. അദ്ദേഹം പറഞ്ഞു.

"എന്റെ ആരാധനാവിഗ്രഹമേ! ഭവതിയുടെ ഹൃദയത്തെ തപിപ്പിക്കുന്ന യാതൊരു കാൎയ്യവും ചെയ്യുന്നമെന്നു ഞാൻ ഭവതിയെ ഉപദേശിക്കയില്ല കൂടാതെയും ഭവതിയുടെ ഹൃദയപരിശുദ്ധിയെ ഭഞ്ജനം ചെയ്വാൻ പോരുന്ന ഏതാദൃശരഹസ്യസന്ദർശനങ്ങൾക്കും ഞാൻ ഇനി ഭവതിയെ പാത്രമാക്കുന്നതല്ല. എന്റെ അവസ്ഥ ഭവതി മനസ്സിലാക്കിയിരിക്കുമെന്നു ഞാൻ വിചാരിച്ചുപോയി. എന്റെ അച്ഛൻ ഒരു മഹാവൃദ്ധനാണു്. ഇനി അദ്ദേഹത്തിന്റെ ജീവിതം അധികം ദീർഘിക്കയില്ല താനും. അദ്ദേഹത്തിന്റെ നിൎയ്യാണത്തോടുകൂടി ഞാൻ സ്വതന്ത്രനാകും. അതുവരെ നമ്മുടെ പ്രേമം ഒരു രഹസ്യമായിരിക്കട്ടെ എന്നുദ്ദേശിച്ചാണു്. ഈ രഹസ്യസമാഗമം ഇനി വേണമെന്നു ഞാൻ ഭവതിയോടു നിർബന്ധിക്കയുമില്ല"

ശോഭന:-പ്രഭോ! അങ്ങിനെ പറയരുതു്. ഇതുവരെ എന്നെയും കൂടി അറിയിക്കാത്ത ആ കാരണം

എൻെറ അച്ഛനോടു തന്നെ അവിടുത്തെയ്ക്കു വിശദമായി പറയരുതോ? എൻെറ പിതാവും മാനസിംഹപ്രഭുവും വിപരീതാഭിപ്രായങ്ങളെ കൈക്കൊള്ളുന്നവരാണ്. എങ്കിലും അവിടുന്ന് അവിടുത്തെ അച്ഛൻെറ അഭിപ്രായത്തോടു യോജിക്കുന്ന ആളല്ലെന്നും എൻെറ ജനയിതാവിനറിയാം. പിന്നെന്താ?

കരുണാ:- ദേവി ഒന്നുകൂടെ ശ്രദ്ധിച്ചു ഞാൻ പറയുന്നതു കേൾക്കുമോ? ഭവതിയുടെ പിതാവും ഞാനും ആദ്യമായി യദൃശ്ചയാ കണ്ടുമുട്ടിയപ്പോൾ അദ്ദേഹം എന്നെ സ്വീകരിച്ചതു് ഏതാണ്ടൊരു നിയന്ത്രണത്തോടുകൂടിയായിരുന്നു. പിന്നീടദ്ദേഹം എന്നെ ഒരു സ്നേഹിതൻെറ നിലയിൽ കരുതി പെരുമാറിയെങ്കിലും അദ്ദേഹത്തിൻെറ പുത്രിയുടെ പാണിഗ്രഹണത്തിന് എന്നെ അനുവദിക്കുമെന്നു തോന്നുന്നില്ല. മാനസിംഹപ്രഭുവും ഉപഗുപ്തസേനാനിയും ഈ ബന്ധത്തെ അംഗീകരിക്കുന്നവരും ആദരിക്കുന്നവരുമല്ലതാനും.

ശോഭന:- ഏതായാലും നമുക്ക് ഈ കാര്യത്തിൽ ദൈവഗതിയെ അവലംബിച്ചു ക്ഷമയോടുകൂടി കാത്തിരിക്കാം ഇതു് ഏതുവഴിക്കു തിരിയുന്നു എന്നറിയട്ടെ.

കരുണാ:- ഭവതിയുടെ അഭിലാഷം എങ്ങിനെയോ അങ്ങിനെയാകട്ടെ. അതിനു ഞാൻ സമ്മതിച്ചിരിക്കുന്നു. എന്നാൽ ഇനി ഇപ്പോൾ നമുക്കു പിരിയാം.

ആ കാമിനീകാമുകന്മാർ ഒരു ഗാഢമായ പരിരംഭണത്തോടുകൂടി പിരിഞ്ഞു. കരുണാകരകുമാരൻ

കുതിരപ്പുറത്തു കയറി യാത്രയായി. ശോദന ഗൃഹത്തിലേയ്ക്കും മടങ്ങി.

പാരസീകാധിപനായ പ്രഭാകരസേനൻ പതിവുപോലെ കൊട്ടാരത്തിൽ ഇരുന്നു് തന്റെ പ്രഭുക്കളും സേവകന്മാരുമൊന്നിച്ചു് അത്താഴം കഴിക്കയായിരുന്നു. ഭക്ഷണത്തിനിടയ്ക്കു അവരുടെ സംഭാഷണം സമരത്തെ സ്പർശിച്ചുകൊണ്ടു മാറി. ആ വിരുന്നിൽ പങ്കുകൊണ്ട എല്ലാവരും രാജാവിന്റെ അഭിപ്രായത്തെ ബലമായി പിൻതാങ്ങുന്നവരായിരുന്നു. അദ്ദേഹത്തിന്റെ നയത്തെ അവരിൽ ഒരുവനും മനസ്സുകൊണ്ടുപോലും അവഗണിച്ചില്ല. എന്നാൽ കിരീടാവകാശിയായ രാജകുമാരൻ മാത്രം ഗാഢമായ മൌനത്തെ അവലംബിച്ചു. സ്വപുത്രൻ പൊതുവേയുള്ള അഭിപ്രായത്തിൽ വിപരീതക്കാരനാണെന്നു മനസ്സിലാക്കിയ കിരീടപതി രാജകുമാരനോടു നേരിട്ടൊന്നുംതന്നെ പറവാൻ തുനിഞ്ഞില്ല; എന്നാൽ ഒടുവിൽ തുടർച്ചയായ ഈ മൌനത്താൽ സന്തപ്തനായ തിരുമേനി നേരിട്ടു രാജകുമാരനെ സംബുദ്ധിചെയ്തില്ലെങ്കിലും, അദ്ദേഹത്തിൽനിന്നൊരഭിപ്രായത്തെയോ അല്ലെങ്കിൽ ഒരു വിതർക്കത്തെയോ നിർഗ്ഗമിപ്പിക്കുന്നതിനുദ്ദേശിച്ച ഒരു നിരൂപണത്തെ പ്രകടമാക്കി. എന്നിട്ടും ആ കിരീടാവകാശി ഒരു ഘനമായ നിശ്ശബ്ദതയെ മുറുകെപ്പിടിച്ചുകൊണ്ടു് തന്റെ ഭക്ഷണഭാജനത്തിൽ പകന്ന പക്വത്തെ എടുത്തുരുട്ടിക്കൊണ്ടിരുന്നതേയുള്ളു.

രാജാവിന്റെ കോപം ഇതിനാൽ ഉണർത്തപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്റെ അഭിമാനം അതിനെ

പ്രദർശിപ്പിക്കാൻ അനുവദിച്ചില്ല. നേരെമറിച്ചു അതിനെ മറയ്ക്കുവാനാണദ്ദേഹം യത്നിച്ചതു്. അതിനാൽ സിംഹാസനത്തിൽ നിന്നെഴുന്നേററ് അദ്ദേഹം മുറിവിട്ടു വെളിയിൽ കടന്നു.

ആ രാജേന്ദ്രൻ ഒരു സോപാനപരമ്പരയെ തരണം ചെയ്തു് തൻെറ ഔദ്യോഗികമായ ഉള്ളറയിൽ കടന്നു. അതിമനോഹരമായ ഈ മുറി ഭരണസംബന്ധമായ രേഖകൾ സൂക്ഷിക്കാൻ ഉപയോഗിക്കുന്നതിനും പുറമേ അദ്ദേഹത്തിൻെറ മദ്യപാനത്തിനുള്ള രഹസ്യമന്ദിരമായും ഉപകരിക്കുന്നതിനുദ്ദേശിക്കപ്പെട്ടിരുന്നു. ഈ മുറിയിൽ എത്താൻ അദ്ദേഹത്തിനു ഒരു ദീർഘസരണിയെത്തന്നെ കടക്കേണ്ടിവന്നു. ഈയവസരത്തിൽ എന്തോ ദൈവയോഗം നിമിത്തമോ സൂക്ഷിപ്പുകാരുടെ ഉപേക്ഷ നിമിത്തമോ ആ വഴിയിലെ വിളക്കുകളെല്ലാം പൊലിഞ്ഞുപോയിരുന്നു എങ്കിലും കാന്തിമാനായ ശശാങ്കൻെറ കിരണങ്ങൾ അവയുടെ രാജത പ്രകാശത്തെ പൊക്കത്തിൽ സ്ഥിതി ചെയ്യുന്ന ജാലകങ്ങളുടെ പഴുതിൽ കൂടി ആ ഇടനാഴിയിൽ പതിപ്പിച്ചിരിക്കുന്നതായി കാണപ്പെട്ടു. യഥാർത്ഥത്തിൽ ആ ചന്ദ്രപ്രഭയുടെ ശക്തി സീമാതീതമായിരുന്നതിനാൽ രാജാവു് രോഷം നിമിത്തമുള്ള ധ്യാനൈകാഗ്രതകൊണ്ടു് ദീപങ്ങളുടെ അഭാവത്തെ അത്ര ശ്രദ്ധിച്ചില്ല.

അദ്ദേഹം തൻെറ രഹസ്യാട്ടകത്തെ ലക്ഷ്യമാക്കി ആ മാർഗ്ഗത്തെ തരണം ചെയ്യവേ പുരോഭാഗത്തിൽ അൽപ്പം അകലെയായി ഒരു മൂടൽമഞ്ഞു് ഉയരുന്ന

തുപോലെ അദ്ദേഹത്തിനു തോന്നി. ആ സരണിയിലെ കമ്പിളിവിരിച്ച തറയിൽനിന്ന് അതു മെല്ലെ മേലോട്ടുപോകുന്നതായിട്ടാണദ്ദേഹം കണ്ടതു്. ആ രാജാവു് കരത്തെ കണ്ണിൽ ചേർത്തുകൊണ്ടു വീണ്ടും നോക്കി. ആ മൂടൽമഞ്ഞു് ഒന്നുകൂടി വിശദമായിത്തീൎന്നു. എന്നുതന്നെയല്ല അതിൻെറ നടുവിലായി ഒരാകൃതി ക്രമേണ വ്യക്തമായിത്തുടങ്ങി. രാജാവ് മുഖത്തിൽ സംക്രമിച്ച മഹാഭീതിയോടുകൂടി ഭൂമിയിൽ തറയ്ക്കപ്പെട്ടപോലെ നിന്നുപോയി. എന്തെന്നാൽ ഈ അപൂൎവ്വകാഴ്ച എന്തായിരിക്കുമെന്നുള്ള ഒരു ഭീകരശങ്ക അദ്ദേഹത്തിൻെറ ഉള്ളിൽ അങ്കുരിച്ചു. അദ്ദേഹം വീണ്ടും ദൃഷ്ടിയുറപ്പിച്ചുനോക്കി. എന്നിട്ടു് രക്തം അദ്ദേഹത്തിൻെറ സിരകളിൽ ഉറഞ്ഞും രോമങ്ങൾ നിവൎന്നും നില്ക്കവേ, ആദ്യം അസ്പഷ്ടമായി കണ്ട ആ രൂപം, ധവളവസ്ത്രം ധരിച്ച ലാവണ്യവതിയായ ഒരു തരുണിയായി പരിണമിച്ചു. അവളുടെ മുഖം ശ്ലക്ഷ്ണശിലയ്ക്കൊപ്പം അവദാതമായിരുന്നു. ദീനമാകുംവണ്ണം, അഹോ! എത്രമാത്രം ദൈന്യരസത്തോടുകൂടിയായിരുന്നു ആ രൂപം സ്വനേത്രങ്ങളെ രാജാവിൻെറമേൽ പതിപ്പിച്ചതു്? അനിൎവ്വചനീയമായ ആ വിഷാദത്തോടു സമ്മിളിതമായി അനുശോചനം അനുശാസനം എന്നിവയെ സൂചിപ്പിക്കുന്ന ഒരു രസവും കൂടി പ്രദൎശിപ്പിക്കപ്പെട്ടു.

കുറേ നിമിഷനേരത്തേക്കു് രാജാവ് ഭയംനിമിത്തം ചൈതന്യഹീനനായിത്തീരുകയാൽ അദ്ദേഹം അനങ്ങാൻ ശക്തിയില്ലാതെ ഒരു പ്രതിമ പോലെ

നിലകൊണ്ടു. എന്നാൽ അഭൌമവും ഭയങ്കരവും അതേ സമയത്തിൽ സുന്ദരവുമായ ആ വീക്ഷണത്തെ സഹിക്കാൻ ശക്തിപോരാതെ അദ്ദേഹം കരത്തെ സ്വനേത്രങ്ങളിൽ ചേർത്തു. അനന്തരം അദ്ദേഹം വീണ്ടും നോക്കി. എന്നാൽ അപ്പോൾ ആ ച്ഛായ മറഞ്ഞുപോയിരുന്നു മൂടൽമഞ്ഞും അതോടുകൂടിത്തന്നെ അപ്രത്യക്ഷമായി. ചന്ദ്രബിംബത്തിൽ നിന്നും പ്രസരിച്ച തണുത്ത രശ്മികളെ നിരോധിക്കാൻ അവിടെ യാതൊന്നുംതന്നെ ഉണ്ടായിരുന്നില്ല.

"ദൈവമേ! അതു് "ധവള തരുണി"യല്ലേ?" എന്നുള്ള വാക്കുകളെ ഉച്ചത്തിൽ പറഞ്ഞുകൊണ്ടു് പ്രഭാകരസേനൻ അസ്ഥിരചരണനായി തൻെറ മുറിയിൽ പ്രവേശിച്ചു മണിയടിച്ചു

ഭയത്തിൻെറ പ്രഥമ സമ്മർദ്ദത്തിൽ അദ്ദേഹം സ്വകുടുംബത്തേയും സേവകവൃന്ദത്തേയും ആഹ്വാനം ചെയ്തു് താൻ കണ്ടതിനെ പറവാൻ ചിന്തിച്ചു. എന്നാൽ അതിനിടയ്ക്കു് ഒരു കിങ്കരൻ പ്രത്യക്ഷനായി. അപ്പോഴേക്കും താൻ കണ്ടതിനെ സംബന്ധിച്ചു് മൌനം ഭജിക്കത്തക്കവണ്ണം പ്രഭാകരസേനൻ മനസ്സാന്നിദ്ധ്യത്തേ കൈക്കൊണ്ടിരുന്നു. എന്നാലും ഒരു ഭൃത്യനെ വിളിച്ചുവരുത്തിയതിനാൽ അവന്നു് എന്തെങ്കിലും കല്പനകൊടുക്കേണ്ടതാവശ്യമെന്നു തോന്നുകകൊണ്ടു് അവിടുന്നു് ഇങ്ങനെ ചോദിച്ചു.

"പ്രഭുകുമാരനായ കരുണാകരൻ നമ്മുടെ അരമനയിൽ ഉണ്ടോ?"

ശങ്കരൻ:- അടിയൻ, അദ്ദേഹം ഇപ്പോൾ തന്നെ തിരിച്ചെത്തി.

പ്രഭാകര:—എന്നാൽ അയാളെ ഇങ്ങോട്ടു വരാൻ പറയൂ.

അല്പ നേരത്തിനുള്ളിൽ ശോഭനയുടെ കാമുകൻ തിരുമുമ്പിൽ നയിക്കപ്പെട്ടു.

# 3

## ധവളകുമാരി

പാരസീകനരേന്ദ്രൻ കിങ്കരൻെറ പ്രവേശനവേളയിൽത്തന്നെ വീണ്ടും ധൃതിയേ അവലംബിച്ചിരുന്നെങ്കിലും അല്പം മുമ്പ് അദ്ദേഹത്തെ ബാധിച്ച ആ സന്ത്രാസത്തിൻെറ അടയാളങ്ങൾ തിരുമുഖത്തുനിന്നും നിശ്ശേഷം നീങ്ങിയിട്ടില്ലായിരുന്നു. കരുണാകരകുമാരൻ തിരുമുമ്പിൽ പ്രവേശിച്ചപ്പോഴും പ്രസ്തുതരസം അതിൻെറ ആവേശലക്ഷണത്തെ പരിത്യജിച്ചില്ല. ആ യുവാവ് അതിവിനീതമായ ഒരു അഭിവാദനത്തെ ആചരിച്ചു. അനന്തരം സ്വനേത്രങ്ങളെ ഉയത്തി തമ്പുരാൻെറ മുഖത്തുനോക്കിയപ്പോൾ അസാധാരണമായ എന്തോ ഒരു സംഭവം തിരുമനസ്സിനു നേരിട്ടിട്ടുള്ളതായി അദ്ദേഹം കണ്ടു. സാധാരണയായി രാത്രിയിൽ അധികം ഇരുട്ടുന്ന ആ സമയത്തിൽ പ്രഭാകരസേനൻെറ മുഖം വേണ്ടപോലെ അരുണിമയേ പൂണ്ടിരിക്കുക ഒരു നിയമമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ അതു് ഒരു വൈവണ്ണ്യത്തെ പ്രാപിച്ചു വത്തിച്ചു.

മുൻപു സംഭവിച്ച ആ മഹാഭീതിയുടെ ഫലമായി അങ്കുരിച്ച ആ വൈവണ്ണ്യം മധുരമദ്യത്തിൻെറ പാടലിമാപ്രദാനശക്തിയോട്ട് അപ്പോഴും പടവെട്ടിക്കൊണ്ടുതന്നെയിരുന്നു.

രാജാവു് കരുണാകരനോട്ട് ഇരിക്കുവാൻ കല്പിച്ചു. ഈ ബഹുമാനം നിയമേന അത്യുന്നതവ്യക്തികൾക്കോ അല്ലെങ്കിൽ അവിടത്തെ പ്രത്യേകകാരുണ്യത്തിന്നു പാത്രീഭവിച്ചവക്കോ മാത്രം അനുവദിക്കപ്പെട്ടിരുന്ന ഒന്നത്രേ. പ്രഭാകരസേനൻ ഭരണസംബന്ധമായ അനേകം രേഖകൾ ശേഖരിക്കപ്പെട്ടിരുന്ന ഒരു മേശയുടെ സമീപത്തു കസാലമേൽ ഇരിക്കയായിരുന്നു. അദ്ദേഹം ഉന്നതനും ഉറച്ച ശരീരത്തോടുകൂടിയവനും എന്നാൽ കാഴ്ചയ്ക്കു വൈരൂപ്യം തോന്നിക്കാത്ത ആകൃതി കലന്നവനുമത്രേ. അദ്ദേഹത്തിന്റെ തലമുടി ധൂസരവൎണ്ണത്തെ വഹിച്ചു. വയസ്സരുപതായെങ്കിലും അദ്ദേഹത്തിന്ന് അതിൽ നിന്നിളപ്പം ഉണ്ടെന്ന് ആരും അഭിപ്രായപ്പെടും. അദ്ദേഹം ഒരിക്കലും സുന്ദരനായിരുന്നില്ല. എന്നാൻ കാഴ്ചയ്ക്ക് അല്പം ഭേദമെന്നു പറയപ്പെടാവുന്ന അവസ്ഥപോലും ആ രാജാവു് അർഹിച്ചതുമില്ല. ആത്മപ്രാധാന്യത്തെ സ്ഥാപിക്കുക, പ്രണാമത്തെ സ്വീകരിക്കുക, അധികാരബോധം എന്നിവയുടെ ഫലമായ ആ പ്രകൃതം രാജകീയപ്രതാപമെന്നു വ്യാഖ്യാനിക്കാവുന്ന ഒരു ഭാവത്തെ അദ്ദേഹത്തിന്നു പ്രദാനം ചെയ്തിരുന്നു. എന്നാൽ ധാർമ്മികമായി അദ്ദേഹം ഒരു ഭീരുവെന്നും, അദ്ദേഹത്തിൻെറ ചിത്തവൃത്തി നിഷ്ഠുരമെന്നും, ഏതു ക്രൂരകർമ്മങ്ങൾ ചെയ്‌വാനും നീചമായ ഉപജാപത്തെ

ഇളക്കിവിടുവാനും അദ്ദേഹം നിപുണനെന്നും ഉള്ള വസ്തുത ഗ്രഹിക്കാൻ പ്രഭാകരസേനൻെറ മുഖത്തേക്ക് അൽപ്പനേരം നോക്കിനിൽക്കുന്ന ഏവനും എളുപ്പത്തിൽ സാധിക്കാവുന്നതേയുള്ളൂ.

കരുണാകരൻ ആസനത്തിൽ ഉപവിഷ്ടനായപ്പോൾ രാജാവു ചോദിച്ചു.

"ഇന്ന് എന്തു വാർത്തയാണ് നിങ്ങൾക്കു നമ്മെ അറിയിപ്പാനുള്ളതു്?"

"ഒന്നുമില്ല തിരുമേനീ" എന്നദ്ദേഹം മറുപടി പറഞ്ഞു.

രാജാ:- ഒന്നുമില്ലേ, നിങ്ങളുടെ ഉത്തരം എപ്പോഴും ഇതുതന്നെ.

കരുണാ:- അടിയൻെറ ശക്തിക്കൊത്തയിടത്തോളം അടിയൻ ചെയ്യുന്നുണ്ട്. ഇതിൽ കൂടുതൽ ചെയ്വാൻ ആൎക്കുംതന്നെ സാധിക്കയില്ലതാനും.

രാജാ:- അസാദ്ധ്യകാൎയ്യങ്ങളൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. ചെയ്യാവുന്നതു ചെയ്യണമെന്നേ പറയുന്നുള്ളൂ. നിങ്ങൾ ഒന്നുകിൽ ഉദാസീനനോ, നോട്ടക്കുറവുള്ളവനോ അല്ലെങ്കിൽ വഞ്ചകനോ ആണ്. ഏതാണെന്നെനിക്കറിയാൻ പാടില്ല. എന്നാൽ നിങ്ങളുടെ സേവനങ്ങളെ പ്രയോജനകരമായി കരുതുന്ന ആളും രക്ഷണത്തിനും ശിക്ഷണത്തിനും ശക്തനുമായ കിരീടപതിയുടെ വീക്ഷണത്തിൽ മേൽപ്പറഞ്ഞ ഏതെങ്കിലും കാരണത്താൽ നിങ്ങൾ അപരാധിയാണെന്നു കാണുന്നു.

കരുണാ:- അടിയൻ ഉദാസീനനായിരിക്കുന്നില്ല കല്പിച്ച് അടിയനെ ചുമതലപ്പെടുത്തിയിട്ടുള്ള കാൎയ്യ

ത്തിലേക്ക് അടിയൻ ബുദ്ധിപൂർവ്വം പ്രവൃത്തിക്കുന്നുവെന്നു തെളിയിക്കാം.

രാജാ:— ശരി! ശരി! എന്നാൽ നിങ്ങൾക്കു സൂക്ഷ്മതയില്ല, അല്ലെങ്കിൽ ഗ്രഹണസാമർത്ഥ്യക്കുറവാണ്. ചുരുക്കത്തിൽ ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ കാര്യങ്ങളുടെ ഉള്ളിൽ കടന്നുനോക്കുവാൻ നിങ്ങൾക്കു കെൽപ്പില്ല.

കരുണാ:— അടിയൻെറ കായികമോ മാനസികമോ ആയ കുറവുകൾക്കൊരു പരിഹാരമുണ്ടാക്കുക സാദ്ധ്യമല്ല. എന്നാൽ പ്രകൃത്യാ അടിയനുള്ള കാര്യശേഷി മുഴുവനും ലോപംകൂടാതെ തൃപ്പാദത്തിലെ താല്പര്യങ്ങൾക്കായി തന്നെ പ്രയോഗിക്കുന്നുണ്ട്.

രാജാ:— അങ്ങനെയാണെങ്കിൽ പിന്നെ നിങ്ങൾ വഞ്ചകനായിരിക്കണം. അതിനു, യുവാവേ, നല്ല ഉപായമുണ്ട്. "സപ്തദുർഗ്ഗം" ഇവിടെനിന്നും വളരെ അകലത്തല്ലെന്നും, ഒരിക്കൽ അതിനുള്ളിൽ അടക്കപ്പെട്ടുന്നവർ എളുപ്പത്തിൽ സ്വതന്ത്രരാകുന്നില്ലെന്നും നിങ്ങൾ നന്നായി ഓർക്കണം.

കരുണാ:— തിരുമേനി ശിക്ഷിക്കാൻ ശക്തിയുള്ള രാജപ്രവരനാണെന്നടിയനറിയാം. എന്നാൽ—

അദ്ദേഹം പെട്ടെന്നു ഭാഷണം നിർത്തി; എന്നിട്ടു കരങ്ങൾ രണ്ടും മുഖത്തോടണച്ചു. എന്തെന്നാൽ ശോഭനയുടെ സന്നിധിയിൽവച്ച് അദ്ദേഹത്തിൻെറ മുഖത്തിൽ പ്രസരിച്ചതായി നാം കണ്ട ആ രസം ഈ അവസരത്തിലും തന്നിൽ ആവേശിക്കുന്നതായും അതു താങ്ങുവാൻ തനിക്കു ശക്തിയില്ലെന്നും കുമാരനു തോന്നി.

രാജാ:- ശരി, ശരി. പക്ഷേ നിങ്ങളോടുള്ള എന്റെ പെരുമാററം അല്പം കഠിനമായിപ്പോയിരിക്കാം. അല്ലെങ്കിൽ ആലോചന കൂടാതെ നിങ്ങളെപ്പററി ഒരു വിപരീതാഭിപ്രായം ഞാൻ രൂപീകരിച്ചിരിക്കാം. ഇങ്ങനെയുള്ള എന്റെ കൃതഘ്നതയിൽ നിങ്ങൾ സന്തപിക്കുന്നതായി ഞാൻ കാണുന്നു.

ആ തരുണൻ എന്തോ അവശവികാരത്താൽ പീഡിതനാണെന്നു് പ്രഭാകരസേനൻ കണ്ടതിനെ അദ്ദേഹം ഈ വിധം വ്യാഖ്യാനിച്ചതാണു്. അദ്ദേഹം തുടൻു പറഞ്ഞു.

“എന്നാൽ കുറച്ചു മുമ്പു് ഇവിടെ നടന്ന സംഭവം നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ—”

ഇത്രയും പറഞ്ഞിട്ടു രാജാവു പെട്ടെന്നു് നിത്തി; പിന്നീടദ്ദേഹം ഗാഢമായ ചിന്തയിൽ മുഴകി.

കരുണാ:- തിരുമേനി, അനാശാസ്യമായ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെന്നു ഞാൻ കരുതുന്നില്ല. ഹൃദയത്തെ വേദനിപ്പിക്കുന്ന എന്തെങ്കിലും വത്തമാനങ്ങളും അവിടുത്തെ ചെവിയിൽ എത്തിയിട്ടുണ്ടാവുമെന്നു് അടിയനു തോന്നുന്നില്ല.

രാജാ:- ഇല്ലില്ലാ. നമ്മുടെ ആ പ്രത്യേക വിഷയത്തെ സംബന്ധിച്ചൊന്നുമില്ല. എന്നാൽ പ്രഭുകുമാരാ ഞാൻ ഒന്നു ചോദിക്കട്ടേ. “ധവളകുമാരി”യെപ്പററി നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ?

ഈ ചോദ്യത്തോടെ മഹാരാജാവിന്റെ മുഖം ഭയവിവണ്ണമായി.

കരുണാ:- അടിയൻ കേട്ടിട്ടുണ്ടു്.

അനന്തരം ആ യുവാവിൻെറ ഉള്ളിൽ അനിശ്ചിതമായ ഒരു ജിജ്ഞാസ അങ്കുരിച്ചു —എന്തെന്നാൽ തമ്പുരാൻെറ നോട്ടവും ആചാരവും ആ ഐതിഹ്യത്തെ സ്പർശിക്കുന്നതാണെന്നുള്ള ബോധം അദ്ദേഹത്തിനുണ്ടായി.

രാജാ:- ധവളകുമാരിയുടെ, ചിലപ്പോഴുള്ളതായി പറയപ്പെടുന്ന, ആവിർഭാവത്തിൽ നിങ്ങൾ വിശ്വസിക്കയും ചെയ്യുന്നുവോ? ഒന്നും മറയ്ക്കാതെ പറയൂ.

കരുണാ:- തിരുമേനി, അടിയൻ അന്ധവിശ്വാസത്തിൽ ഉന്മുഖനല്ലെന്നു സമ്മതിക്കുന്നു—പിന്നെ ധവളകുമാരിയേ സംബന്ധിച്ചുള്ള കഥയാണെങ്കിൽ യാഥാർത്ഥ്യത്തോടു ബന്ധമില്ലാതെ വെറും ഒരദ്‌ഭുതമായ ഐതിഹ്യത്തിൽ ചേർക്കേണ്ടതാണെന്നത്രേ അടിയൻെറ മതം. അതേ സമയത്തിൽതന്നെ ആ വിഷയത്തെ സ്പർശിക്കുന്നതായി വളരെ അല്പം മാത്രമേ അടിയൻ കേട്ടിട്ടുള്ളു എന്നുംകൂടി പറയാതെ തരമില്ലതാനും.

രാജാ:- (മന്ദസ്വരത്തിൽ) എങ്കിലും ധവളകുമാരിയുടെ ആത്മാവ് "ഹേഹയ"വംശത്തിൽപെട്ട രാജഗൃഹത്തോടും പ്രഭുഗൃഹത്തോടും ഒരു പ്രത്യേകസക്തിയേ പ്രദർശിപ്പിക്കുന്ന വിവരം നിങ്ങൾക്കറിയാമല്ലോ. കൂടാതെയും, കിംവദന്തിയനുസരിച്ച്, പ്രസ്തുത കുടുംബത്തിൽ ആരെങ്കിലും മരിക്കാറാകുമ്പോഴോ എന്തെങ്കിലും വലിയ ഒരാപത്ത് അതിനെ ബാധിക്കാൻ പോകുമ്പോഴോ, അല്ലെങ്കിൽ അതിൻെറ താൽപര്യങ്ങൾക്ക് ഹാനികരമായ എന്തെങ്കിലും സംഭവം നടക്കാറാകുന്ന കാലത്തോ അവൾ നിയതമായി പ്രത്യക്ഷപ്പെടുമെന്നും പ്രഖ്യാപിതമാകുന്നു. ഇതെല്ലാം നിങ്ങൾക്കറിയാമെന്നുള്ളതു നിർവ്വിവാദമല്ലേ?

കരുണാ:- അടിയൻ കേട്ടിട്ടുള്ളതിൻെറ ഒരു ചുരുക്കംതന്നെയാണു തിരുമേനി അരുളിച്ചെയ്തതു്.

രാജാ:- (മുമ്പത്തേക്കാൾ മന്ദമായ സ്വരത്തിൽ) ആ പ്രാദുർഭാവങ്ങൾ മുമ്പനേകം ഉണ്ടായിട്ടുണ്ടു്. (ശരീരത്തിൽ ഉളവായ ഒരു സംത്രാസത്തോടെ) നമ്മുടെ വംശത്തിൻെറ പരമ്പരാഗതമായ സ്മരണകളിൽ ധവളകുമാരിയുടെ അനേകം തവണയുണ്ടായ ആവിർഭാവം സംശയഹീനമായ ഒരു പരമാർത്ഥംതന്നെയാണ്. ഈ വംശത്തിലെ ഒരു പ്രധാനാംഗത്തിൻെറ മേൽ മൃത്യുഹസ്തം സ്പർശിക്കാറാകുമ്പോഴും, ശമിക്കാത്ത ഒരു മഹാരോഗത്തിൻെറ ലക്ഷണങ്ങൾ പ്രവൃദ്ധങ്ങളാകുമ്പോഴും അല്ലെങ്കിൽ, ഞാൻ മുമ്പു പറഞ്ഞതുപോലെ ഒരു ഹേഹയവംശജൻെറ സൗഭാഗ്യത്തിനോ ശാന്തജീവിതത്തിനോ രക്ഷയ്ക്കോ ക്ഷേമത്തിനോ ആപൽക്കരമായ ഒരു സംഭവം അങ്കുരിക്കാറാകുമ്പോഴും ധവളകുമാരി അവളുടെ ശവകുടീരത്തിൻെറ ശാന്തതയിൽ നിന്നും ഉണർത്തപ്പെട്ടുംപോലെയും അഥവാ അവളുടെ ആത്മാവ് മൃത്യുവശഗതരുടെ ഛായകൾ വസിക്കുന്ന അജ്ഞാതവും അദൃഷ്ടവുമായ ആ മണ്ഡലങ്ങളിൽനിന്നും ആഗതമാകുംപോലെയും തോന്നിക്കുന്നു. എൻെറ അച്ഛൻ അദ്ദേഹത്തിൻെറ മരണശയ്യയിൽ കിടക്കുമ്പോൾ ധവളകുമാരി കുടുംബത്തിലെ മററംഗങ്ങളുടെ മുമ്പിൽ പ്രത്യക്ഷയായി. കഴിഞ്ഞ കലാപകാലത്തിനു മുമ്പ് ഇതേ ഗാർഹികസത്വം ബലിമന്ദിരത്തിലെ രാജകീയവസതിയിലുള്ള മാർഗ്ഗങ്ങളിൽകൂടി ഖിന്നവദനയായി നടക്കുന്നതു് അവിടത്തെ ഉദ്യോഗസ്ഥന്മാരിൽ പലരും കാണുകയുണ്ടായി. ഈ രാത്രിയിൽ, പ്രഭുകുമാരാ, ധവളകുമാരി വീണ്ടും പ്രത്യ

ക്ഷപ്പെട്ടു. ഇത്തവണ അവളെക്കണ്ടതു ഞാൻതന്നെയാണുതാനും.

കരുണാ:- തിരുമേനിയോ?

രാജാ:- അതേ ഞാൻതന്നെ. എന്നെ വിശ്വസിക്കു. അതു മായമല്ല. അവൾ എന്നിൽ പതിപ്പിച്ച ആ നോട്ടം ഭയങ്കരമല്ലെങ്കിലും അതു് എൻെറ രക്തത്തെ തണുപ്പിച്ചു. എന്താണു വിചാരിക്കേണ്ടതെന്നു എനിക്കറികവയ്യ. അവളുടെ മുഖഭാവത്തിൽ ഒരവജ്ഞയും അനുശാസനവും സ്ഫുരിച്ചതായി എനിക്കു തോന്നി. അതു കണ്ടാൽ എൻെറ കർമ്മങ്ങൾ ആക്ഷേപാർഹങ്ങളാണെന്നും അതിൻെറ ഫലത്തെപ്പറ്റി സൂക്ഷിച്ചിരിക്കണമെന്നും അർത്ഥമാക്കാം. ഞാൻ ന്യായമായ ഒരു സരണിയെയാണു പിന്തുടരുന്നതെന്നെനിക്കറിയാം. അല്ലെങ്കിൽ ഞാൻ അപ്രകാരം ആശിക്കയെങ്കിലും ചെയ്യുന്നുണ്ടു്.

രാജാവു് ഇങ്ങിനെ തന്നെത്താൻ പരീക്ഷിച്ചു തിരുത്തുകയുണ്ടായി. എന്തെന്നാൽ അദ്ദേഹം ഒരു ഗംഭീരമായ ഭീതിയുടെ പ്രഭാവത്തിൽ അകപ്പെട്ടിരിക്കയായിരുന്നു. തത്ഫലമായി, ഭൌമമല്ലാത്ത ഒരു താക്കീതിനു വിഷയമെന്നു തനിക്കു പൂർണ്ണ ബോധമുള്ള വിഷയത്തെ സംബന്ധിച്ചു് ഒരസത്യം പറക എന്ന ചിന്ത അദ്ദേഹത്തെ വിറപ്പിച്ചു.

കരുണാ:-ഒരു ചോദ്യം ചെയ്യാൻ ധൈര്യപ്പെടുന്നതുപ്പാദത്തിലെ ദാസൻെറ അപരാധത്തെ ക്ഷമിക്കുമോ?

രാജാ:-ചോദിക്കു! ചോദിക്കു! എനിക്കു നിങ്ങളിൽ ദൃഢവിശ്വാസമുണ്ടു്. രാജാവിനെ പ്രജകളിൽ നിന്നു വേർതിരിക്കുന്ന ആചാരത്തിൻെറ പരിധിയെ ഇപ്പോഴത്തേയ്ക്കു ദൂരെയെറിഞ്ഞിരിക്കുന്നു.

കരുണാ:—ഈ ധവളകുമാരി ഹേഹയരാജവംശത്തിലെ പാരമ്പര്യചരിത്രപ്രകാരം ഒരു ദുർദ്ദേവതയായിട്ടോ അതല്ല ഒരു ശോഭനദേവതയായിട്ടോ കരുതപ്പെടുന്നതെന്നത്രേ അടിയൻ ചോദിക്കുന്നതു്.

രാജാവു് ഉടൻ മറുപടി പറഞ്ഞില്ല. എന്നാൽ തൻെറ രസനാഗ്രത്തിൽ ഉയൎന്നതിനെ പുറത്തു പറവാൻ ഭീതനെന്ന പോലെ അദ്ദേഹം നാലുപുറവും നോക്കി. ഒടുവിൽ ധൈൎയ്യത്തെ അവലംബിച്ചു് അദ്ദേഹം ഇങ്ങിനെ പറഞ്ഞു.

"ധവളകുമാരിയെ സംബന്ധിച്ചു് അനേകം പുരാണകഥകളുണ്ടു്; എന്നാൽ അവയിൽവച്ചു് ഏററവും തഥ്യമായുള്ളതു്, അവൾ ഹേഹയവംശത്തിലെ ഒരു രാജകുമാരിയായിരുന്നു എന്നും രണ്ടുമൂന്നു നൂററാണ്ടുകൾക്കു മുമ്പു്, തൻെറ ഭ്രഷ്ടകൎമ്മങ്ങളാലും വിഷയാസക്തിയാലും, അപരാധങ്ങളാലും ആർജ്ജിച്ച ദുഷ്കീൎത്തികൊണ്ടു് പ്രസിദ്ധയായിരുന്നു എന്നും വൎണ്ണിക്കുന്ന ഒന്നാണു്. അവളുടെ ജീവിതം വളരെ ഹ്രസ്വമായിരുന്നു. അവൾ സ്വലാവണ്യത്തിൻെറ വികാസം പൂൎണ്ണമായിത്തീൎന്ന കാലത്തു് മൃതിയെ പ്രാപിച്ചു. അവളുടെ അന്ത്യം അപമൃത്യുമൂലമായിരുന്നു.—എന്നാൽ അതു സംഭവിച്ചതു വധത്താലോ ആത്മഹത്യയാലോ എന്നു് ഐതിഹ്യം പറയുന്നില്ല. ചിലപ്പോൾ, മനുഷ്യഹൃദയത്തെ ക്ഷോഭിപ്പിക്കാൻ പോരുന്നതും സ്ത്രീമുഖത്തിൻെറ സൌന്ദൎയ്യത്തെ ഭീഷണമാക്കുന്നതുമായ ഉഗ്രവികാരങ്ങളെ പ്രദർശിപ്പിക്കുന്ന മുഖഭാവത്തോടുകൂടിയായിരിക്കും അവളുടെ വരവു്. മററു സമയങ്ങളിൽ അവൾ മോഹനമായ പ്രശാന്തത കളിയാടുന്നതും

എന്നാൽ ദൈന്യപിശുനവുമായ രസത്തോടുകൂടി യായിരിക്കും വരുന്നതു്. ഈവിധത്തിലായിരുന്നു ഇന്നു ഞാൻ അവളെ കണ്ടതു്. രക്തസിക്തമായ വസ്ത്രം ധരിച്ചുകൊണ്ടു് അവൾ പ്രത്യക്ഷപ്പെട്ട അവസരങ്ങളും ഉണ്ടായിട്ടുണ്ടു്. അപ്പോൾ ഭീതിയും പശ്ചാത്താപവും കഠിനയാതനയും അവളുടെ മുഖത്തിൽ മുദ്രിതമായി കാണാം. പ്രഭുകുമാരാ ഇതെല്ലാമാണു ധവളകുമാരിയെ സംബന്ധിക്കുന്ന ഐതിഹ്യങ്ങൾ.

കരുണാ:—അടിയൻ അറിയിക്കാൻ തുടങ്ങുന്ന അഭിപ്രായത്തിൽ തിരുവുള്ളക്കേടുണ്ടാകരുതു്. അടിയൻ വിനയത്തോടെ തിരുമനസ്സറിയിക്കുന്നതെന്തെന്നാൽ ധവളകുമാരിയുടെ ആവിർഭാവത്തിനു് കാരണം പറവാൻ മനഃശാസ്ത്രത്തെ അവലംബിച്ച ഒരെളുപ്പവഴിയുണ്ടെന്നാണു്. അന്ധവിശ്വാസങ്ങൾ അറിവില്ലായ്മയിൽ നിന്നോ അല്ലെങ്കിൽ അവയെ പ്രചരിപ്പിക്കുന്നവരുടെ ദുഷ്ടതയിൽനിന്നോ അങ്കുരിച്ചതായിവരാം. അവ ചില ഹൃദയങ്ങളിൽ ഒരു മുദ്ര പതിക്കും. അന്ധവിശ്വാസങ്ങൾ ഏതു കുടുംബത്തേ സംബന്ധിക്കുന്നുവോ അവിടെ ഈ മുദ്ര പരമ്പരാഗതമായി ഭവിക്കുന്നു. പ്രസ്തുത ഉപപാദ്യങ്ങൾ ശരിയാണെന്നുതന്നെ വിചാരിക്കുക. അങ്ങിനെയായാൽ ആ കുടുംബത്തിലെ ഒരംഗത്തിൻെറ മനസ്സ് ഗാഢാത്മമായും അന്ധവിശ്വാസോന്മുഖമായും തീരുമ്പോൾ, ബാല്യംമുതൽതന്നെ അതിനു സിദ്ധിച്ച ആ മുദ്രയോടു സംയുക്തമായ അതേ വസ്തുവിനെത്തന്നെ അതു് പ്രാദുർഭവിപ്പിക്കുന്നു. ഈ ഉപപത്തിയെ ആധാരമാക്കിക്കൊണ്ടു്, ഇന്നു കണ്ട ആ ഛായയോടു് തിരുമനസ്സിലെ ഭാവനയ്ക്കു് ഒരു ബന്ധമുണ്ടെന്നൂഹിക്കുന്നതിൽ തെററുണ്ടോ?

രാജാ:- എനിക്കും അതിൽ ഒരു വിപ്രതിപത്തി ഇല്ലെന്നു തന്നെ പറയണം. എന്നാൽ ഈ പരേതാത്മാവിൻെറ സത്ത സംശയാതീതമായ യാഥാർത്ഥ്യത്താൽ സുപ്രസിദ്ധവും അകൃത്രിമവുമായിത്തീൎന്നിട്ടുണ്ടു്. ഹേഹയവംശത്തിലെ ധീരതമന്മാരായ രാജാക്കന്മാർപോലും, അവരുടെ ഹൃദയം അസ്വാസ്ഥ്യലേശംകൂടാതിരിക്കുന്ന സന്ദർഭങ്ങളിലും ധവളകുമാരിയെ കണ്ടിട്ടുണ്ടു്. മഹാനായ പ്രഭാകരസേനനെന്നു ഖ്യാതിപെററ എൻെറപൂർവ്വൻ രോഗശയ്യയിൽ പതിക്കുന്നതിനു മുമ്പായി അവളെ കണ്ടു. പിന്നെ അദ്ദേഹം ആ ശയ്യയിൽ നിന്നു ജീവനോടെ എഴുന്നേല്ക്കുകയുണ്ടായില്ല. എന്നാൽ ആ ഭീകരമായ പ്രേതം പ്രത്യക്ഷപ്പെട്ടപ്പോൾ അദ്ദേഹം പൂർണ്ണാരോഗ്യവാനായിരുന്നുതാനും. ഇങ്ങിനെ അവൾ പ്രത്യക്ഷയായ ഓരോ തവണയും ഒരാൾ മാത്രമല്ല അവളെ കണ്ടിട്ടുള്ളതു്. കഴിഞ്ഞ കലാപകാലത്തു് ധവളകുമാരി ബലിമന്ദിരത്തിലേ അനേകംപേൎക്കു ദൃശ്യയായി എന്നു അല്പംമുമ്പു ഞാൻ നിങ്ങളോടു പറക ഉണ്ടായില്ലേ? അവരിലാരുംതന്നെ ഒരു വ്യാജം പറയുന്നവനോ വഞ്ചകനോ അല്ലതാനും. എന്നോ സംബന്ധിച്ചാണെങ്കിൽ നിങ്ങളെ ഞാൻ ഇപ്പോൾ വിശദമായികാണുംപോലെതന്നെ ഒരു മണിക്കൂറിനുമുമ്പു് അവളെയും കണ്ടു. അവൾ ആദ്യമായി ചന്ദ്രകിരണങ്ങളെ മറച്ച ഒരു മൂടൽമഞ്ഞിനാൽ ആവൃതയായിരുന്നു. അവൾ സ്പൃശ്യമായി സുസ്പഷ്ടമായ രൂപത്തോടുകൂടിയവളായി കാണപ്പെട്ടു. മൃത്യുസമാനയെങ്കിലും അവളുടെ ലാവണ്യം വാചാമഗോചരംതന്നെ. പിന്നെ അവളുടെ വസ്ത്രങ്ങളിൽ രക്തമേ ഉണ്ടായിരുന്നില്ല; അവളുടെ മുഖത്തിലാകട്ടേ ഭീ

ഷണവികാരങ്ങളുടെ ലാഞ്ഛനമേ ഇല്ലായിരുന്നു. എന്നാൽ ഞാൻ നിങ്ങളോട് ഇപ്പോൾതന്നെ വിവരിച്ചതുപോലെ അവളുടെ ഭാവത്തിൽ ഒരു ഗാഢമായ ദൈന്യം പ്രകടമായിരുന്നു

"മാർത്താണ്ഡമന്ദിര"ത്തിലെ പ്രഭുകുമാരൻ ഈ വാർത്തകൾ കേട്ട് ഒന്നു നടുങ്ങി. മുമ്പുകഴിഞ്ഞ തന്റെ വാദങ്ങളുടെ ശക്തിയെല്ലാം അതിനു വിപരീതമായ ആ വസ്തുതകളുടെ തെളിവിൽ നിമഗ്നമായിത്തീർന്നു. താൻതന്നെ പ്രഖ്യാപനംചെയ്തതുപോലെ അന്ധവിശ്വാസത്തെ ആദരിക്കുന്നവനല്ലെന്നിരുന്നിട്ടും ഇത്രയും പരിപൂർണ്ണമായ ഒരു സാക്ഷ്യത്തെ അദ്ദേഹത്തിന് എങ്ങിനെ അനാദരിക്കാൻ കഴിയും? അദ്ദേഹം മിണ്ടാതെ ഗാഢമായ ചിന്തയിൽ മുഴുകിയിരുന്നു. ഒടുവിൽ രാജാവു സംഭാഷണം വീണ്ടുംതുടങ്ങിയപ്പോൾ മാത്രമാണാ തരുണൻ ഉണർന്നതു്.

രാജ:- അതുകൊണ്ടു പ്രഭുകുമാരാ ഹേഹയവംശത്തിലെ ഒരു പ്രധാനാംഗത്തിന്റെ ജീവനെയോ സമാധാനത്തെയോ ക്ഷേമത്തേയോ ഗുരുതരമായ എന്തോ ഒന്ന് ഭയപ്പെടുത്തുന്നുണ്ടെന്നുള്ളതു് നിങ്ങൾ കാണുന്നുണ്ടല്ലോ. ഈ താക്കീതു് എന്തിനെയാണു സൂചിപ്പിയ്ക്കുന്നതെന്നു പറവാൻ പ്രയാസം. പിന്നെ ഈ അനിശ്ചിതാവസ്ഥനിമിത്തം കഴിവുള്ള എല്ലാ മുൻകരുതലുകളും ഞാൻ ചെയ്യേണ്ടിയിരിക്കുന്നു. അതുകൊണ്ട് അതിനെ ബന്ധിച്ച ഒരു കാര്യം നിർവ്വഹിക്കാൻ നിങ്ങളെയാണു ഞാൻ കണ്ടിരിക്കുന്നതു്. അതു സാധിക്കുന്നതിൽ പരാജിതനാകാതിരിക്കാൻ നിങ്ങൾ വേണ്ടതു പ്രവർത്തിച്ചുകൊള്ളണം. കുറെ

നാറംകളളിൽ ആ കാൎയ്യത്തെ കുറിച്ച് സ്ഥിരമായവാൎത്തകറം നമ്മുടെ സന്നിധിയിൽ എത്തിക്കാത്തപക്ഷം നിങ്ങറം എന്നെ ചതിക്കയാണെന്നു ഞാൻ കരുതും. അങ്ങിനെയാണെങ്കിൽ സൂക്ഷിച്ചുകൊറംക. സൎപ്പദുൎഗ്ഗം ഇവിടെനിന്നും വളരെ അകലത്തല്ലെന്നും, അവിടത്തെ കല്ലറകറം അഗാധങ്ങളാണെന്നും, കവാടങ്ങറം ബലവത്തരങ്ങളാണെന്നും; നിങ്ങളെ അവിടെ കയക്കുന്ന രാജാവിൻെറ ആജ്ഞയല്ലാതെ മറെറാന്നിനും നിങ്ങളെ അവിടെനിന്നും സ്വതന്ത്രമാക്കുവാൻ ത്രാണിയില്ലെന്നും ഞാൻ നിങ്ങളെ ഒന്നുകൂടി ഓൎമ്മിപ്പിക്കേണമെന്നുണ്ടോ? എന്നാലിനിപോകാം. എന്നാൽ ഹാ! ഒരുവാക്ക്! നാം തമ്മിലുള്ള ഈ സംഭാഷണത്തെക്കുറിച്ച് ഒരക്ഷരം ഒരു ജീവിയോടും മിണ്ടിപ്പോകരുത്.

പ്രഭുകുമാരൻ കസാലയിൽനിന്നെഴുനേററു താണുതൊഴുതശേഷം രാജസന്നിധിയിൽനിന്നും പുറത്തു കടന്നു. പള്ളിയറയിലെ വാതിലടച്ചശേഷമായിരുന്നു കുമാരൻ തൻെറ ഹൃദയത്തെ പീഡിപ്പിച്ച സങ്കടത്തെ വാഗ്രൂപേണ വെളിപ്പെടുത്തിയതു്.

## 4

## മദാലസ

"മാൎത്താണ്ഡമന്ദിര"ത്തിലേ യുവപ്രഭു കോണിപ്പടിയിറങ്ങി, അങ്കണത്തിൽ കടന്നു്, രാജകിങ്കരനാൽ നീതമായ അശ്വത്തിന്മേൽ ആരൂഢനായി. അനന്തരം

അദ്ദേഹം കൊട്ടാരവളപ്പിൽ നിന്നും മെല്ലെ പുറത്തുവന്ന് വിസ്തൃതമായ നാട്ടുംപുറത്തുകൂടി സഞ്ചരിക്കവേ അദ്ദേഹം ഭാസുരമായ ഒരു വാഹനത്തെ കണ്ടുമുട്ടി. അതിലെ പ്രഭയേറിയ ദീപങ്ങൾ അടുത്തുള്ള വീഥിയിലെ വിളക്കുകളെ താരതമ്യേന നിഷ്പ്രഭങ്ങളാക്കിച്ചെയ്തു. അതു് പുരോഭാഗത്തിലെ ഫലകത്തിന്മേൽ ഉടമസ്ഥന്റെ കുടുംബചിഹ്നത്തെ പ്രകാശമാനമാകുംവണ്ണം ലേഖനംചെയ്തു ഒരു രഥമായിരുന്നു. അത്യാഡംബരപൂർവ്വം കോപ്പുകളണിഞ്ഞ രണ്ടു കുതിരകളെ പൂട്ടിയ ആ വണ്ടിയിൽ വിശിഷ്ടകഞ്ചുകാദികൾ ധരിച്ച കിങ്കരന്മാർ രക്ഷകന്മാരായി നിന്നിരുന്നു. ദീപങ്ങളുടെ ശക്തിയേറിയ പ്രകാശത്താൽ നമ്മുടെ യുവപ്രഭു രഥത്തിൽ ഇരുന്ന രണ്ടു വനിതകൾക്ക് സുസ്പഷ്ടമാകുംവണ്ണം ദൃശ്യനായി ഭവിച്ചു. അപ്പോഴത്തെ ചിത്താവസ്ഥയിൽ അദ്ദേഹം സന്തോഷത്തോടെ അവരുടെ ദർശനത്തെ വർജ്ജിക്കുമായിരുന്നുവെങ്കിലും അങ്ങേ അററത്തെ അപമര്യാദയ്ക്കു് അപരാധിയായിത്തീരാതെ അദ്ദേഹത്തിനതു സാധിക്കയില്ലെന്നുള്ള നില സമുദ്ഭൂതമായി. അവരെ കണ്ടില്ലെന്നുള്ള ഭാവത്തിൽ കടന്നുപോകാൻ സാധിക്കാത്തവണ്ണം പന്ഥാവു് അത്ര ഇടുങ്ങിയതും കൂടിയായിരുന്നുതാനും. അതുകൊണ്ടദ്ദേഹം ആ മഹിളാമണികളെ അഭിവാദ്യം ചെയ്‌വാനായി കയ്യുയർത്തി. സാരഥിയാകട്ടെ യുവപ്രഭുവിനെ മനസ്സിലാക്കിയ ക്ഷണത്തിൽ രശ്മിസൂത്രത്തെ പിന്നോട്ടു വലിച്ചു് കുതിരകളെ നിറുത്തി. കരുണാകരൻ വണ്ടിയുടെ ജാലകത്തോടടുത്തണഞ്ഞു് പണ്ണിപ്പെട്ടു് ഒരു മന്ദസ്മിതത്തെ മുഖത്തിൽ ഉളവാക്കി.

ആ രഥം "അളകാനിലയ"ത്തിലേ സുന്ദരിയായ പ്രഭുകുമാരിയുടെ വകയായിരുന്നു. അവളും അവളുടെ മാതൃഷ്വസാവായ മഹിളയുംകൂടി യാത്രചെയ്യവേ മാർഗ്ഗമദ്ധ്യത്തിൽ വച്ചായിരുന്നു കരുണാകരനെ കാണു വാനിടയായതു്. മാതൃസഹോദരി പ്രഭുയുവതിയുടെ രക്ഷാകർത്രിയെന്ന നിലയിൽ അവളോടുകൂടി പാർക്കുന്ന ഒരു പ്രായംചെന്ന സ്ത്രീയായിരുന്നു. പ്രഭ്വിയുടെ മാതാവു മരിച്ചുപോയി. ഇരുപതു വയസ്സുമാത്രം പ്രായം വരുന്ന അളകാനിലയത്തിലെ പ്രഭ്വിയായ "മദാലസ" സീമാതീതമായ ലാവണ്യത്താൽ അനുഗ്രഹീതയായിരുന്നു. പാരസീകരാജമന്ദിരത്തെ സന്ദർശിക്കാറുള്ള സുന്ദരതരുണികളിൽവച്ച് അവൾ പ്രഥമഗണനീയയെന്നുള്ള ഖ്യാതി നേടി. അവളുടെ കറുത്തുകൊഴുത്ത ചുരുണ്ട കേശഭാരം ചിത്താകർഷകമായ രീതിയിൽ ശിരസ്സിന്റെ പിൻഭാഗത്തു ചേർത്തു ബന്ധിക്കപ്പെട്ടിരുന്നു അവളുടെ കണ്ണുകൾ കറുത്തു നീണ്ടു് അലസങ്ങളായി വിലസി. അവളുടെ രൂപം ഏതാണ്ടു ഭോഗാസക്തിയെ സൂചിപ്പിക്കുമാറു വിരചിതമെന്നുതന്നെ പറയാം. അതിമനോഹരമായ സായാഹ്നപരിധാനത്താൽ ആ രൂപം നിതരാം നയനാനന്ദകരമായി കാണപ്പെട്ടു. മദാലസയും മാതൃസഹോദരിയും ഒരു വിവാഹത്തിനു പോകയായിരുന്നു. സുന്ദരനായ പ്രഭുകുമാരനെ കണ്ടപ്പോൾ ഒരു മന്ദഹാസം മദാലസയുടെ മധുരാധരത്തിൽ പ്രസരിച്ചു. അദ്ദേഹം രഥജാലകത്തോടടുത്തപ്പോൾ അവൾ തന്റെ ബാഹുവല്ലരിയെ, അദ്ദേഹത്തിന്റെ ആഗമനത്തെ ആദരിക്കാനായി സ്വശിരസ്സിൽ ചേർത്തു. തരുണൻ തന്റെ ശിര

സ്സിനെ നമ്രമാക്കി അവളുടെ അഭിവാദ്യത്തിനു പക രം നൾകി. അവൾ ചോദിച്ചു.

"പ്രഭോ "ഭരതവിലാസ"ത്തിലെ കല്യാണത്തിനു അവിടുന്നു പോകുന്നില്ലേ?"

കരുണാ:- അതിനുള്ള ക്ഷണം എനിക്കു ലഭി ച്ചിട്ടുണ്ടു്. എന്നാൽ പ്രധാനപ്പെട്ട മററു പ്രത്യേക കാര്യങ്ങളാൽ അങ്ങോട്ടു പോകുന്നതിന് എനിക്ക് സൗകര്യമില്ല. അതിൽ ഞാൻ ഖേദിക്കുന്നു. വിശേ ഷിച്ചും അവിടുന്ന് ആ വിവാഹത്തിനു പോകുന്നതു കൊണ്ടു് എൻെറ ഖേദം ദ്വിഗുണീഭവിച്ചിട്ടുണ്ടു്.

മദാലസ:- അവിടുന്ന്! പ്രഭോ, തീരെ കാരു ണ്യമില്ലാതെയാണ് തിരുമേനി എന്നെ സംബുദ്ധി ചെയ്യുന്നതു്. എന്നോടു് ഈ ആചാരവാക്കുകളെ ല്ലാം എന്തിന്?

കരുണാ:- ക്ഷമിക്കു മദാലസേ, ഞാൻ ചുമത ലപ്പെട്ട ആ കാര്യം, എന്നെക്കൊണ്ടു മറെറല്ലാററിനേ യും വിസ്മരിപ്പിച്ചു

മദാലസ:- ഈ കാര്യം അത്ര പ്രാധാന്യമേറി യതോ?

സ്ത്രീകളുടെ സ്വാഭാവികമായ ജിജ്ഞാസയാൽ പ്രേരിതയായ ആ സുന്ദരി, തൻെറ നേരെ ആ പ്രഭു കുമാരൻ പ്രദർശിപ്പിച്ച നിയന്ത്രണം നിമിത്തം ഏ താണ്ടു മുഷിഞ്ഞു. എന്തെന്നാൽ അവർ തമ്മിൽ യാതൊരു രഹസ്യവും പരിപാലിക്കാൻ നിവൃത്തിയി ല്ലാത്തവിധം അത്ര മൈത്രിയിലാണവരുടെ സ്ഥിതിയെ ന്ന് അവൾ നിസ്സംശയം ചിന്തിച്ചു.

കരുണാ:- "അതേ, അതു വലിയ പ്രാധാന്യമുള്ള

ത്തുതന്നെ. അതു് എൻെറ അച്ഛൻ എന്നെ ഭരമേല്പിപ്പിട്ടുള്ള ഒരു കാൎയ്യമാണു്.

മദാലസ:- അതുകൊണ്ടിപ്പോൾ അവിടുന്നു വീട്ടിലേയ്ക്കു പോകയാണു്. ഞങ്ങൾ അതിനു കാലവിളംബം വരുത്തിക്കൂടാതാനും.

"എന്നാൽ പക്ഷേ, നാളെ നമുക്കു കുമാരനെ കാണാമായിരിക്കും" എന്നിത്രയും പറഞ്ഞിട്ടു മദാലസയുടെ മാതൃസഹോദരി നമ്മുടെ യുവാവിനെ നോക്കി പുഞ്ചിരിതൂകി.

കരുണാ:-(അശ്രദ്ധയോടെ) നാളെയോ? ഓ! സംശയമില്ല. അതിനുതകുന്ന ഒരവസരത്തെ ഞാൻ എങ്ങിനെ വൃഥാകളയും?

അദ്ദേഹം പെട്ടെന്നു നിൎത്തി. അനന്തരം പ്രഭ്വിയേയും മാതൃഷ്വസാവിനേയും വന്ദിച്ചശേഷം അശ്വത്തെ ചോദനംചെയ്തു് അവിടെനിന്നും പാഞ്ഞുപോയി.

മദാലസ:- പ്രഭുകുമാരൻെറ പ്രകൃതി ഈ സായാഹ്നത്തിൽ ഒരു വിചിത്രരീതിയെ അവലംബിച്ചിരിക്കുന്നു.

"പ്രണയമാണു മദാലസേ, അതു് പലവിധത്തിൽ ദൃശ്യമാവുക പതിവാണു്. കഴിഞ്ഞ കുറേനാളുകളായി മാൎത്താണ്ഡാലയത്തിലെ യുവപ്രഭു, തൻെറ ഉജ്വലമായ ഭാവിയെ ചിന്തിച്ചു് തലതിരിഞ്ഞു നടക്കുന്നതായി ഞാൻ കണ്ടിട്ടുണ്ടു്. സ്വപ്രവൃത്തികളെ സംയമനം ചെയ്വാൻപോലും ചിലപ്പോൾ അദ്ദേഹം അശക്തനത്രേ." എന്നു മാതൃഷ്വസാവു പറഞ്ഞു.

മദാലസ:- (ഒരു ദീൎഘനിശ്വാസത്തോടെ) ചിലപ്പോൾ അദ്ദേഹം ഈ രാത്രിയിൽ കണ്ടതുപോലെ

തന്നെ ചിന്താസക്തനായിരിക്കുന്നുണ്ട്. ഞാൻ വിചാരിക്കുന്നു അതു് ആശാഭംഗത്തിൻെറ ഫലമാണെന്ന്—

"അസാധ്യം അദ്ദേഹത്തിന് ചിത്തകൌതുകത്തോടുകൂടി ജീവിക്കാനുള്ള സകല പരിതസ്ഥിതികളുമുണ്ടു്."

എന്നു മാതൃഷ്വസാവു പറഞ്ഞു.

ഇങ്ങിനെ സംഭാഷണം ചെയ്തുകൊണ്ട് അവർ ഭരതവിലാസത്തിലേക്കു പോയി.

ഇതിനിടയിൽ അവരുടെ സംഭാഷണത്തിനു വിഷയീഭൂതനായ ആ തരുണൻ വിസ്തൃതമായ സരണിയിൽ കൂടി അതിവേഗത്തിൽ യാത്ര തുടൎന്നു കൊണ്ടിരുന്നു. ഏകദേശം അരമണിക്കൂറിനുള്ളിൽ അദ്ദേഹം ഒരു ഉദ്യാനഭൂമിയുടെ പ്രവേശനദ്വാരത്തിൽ എത്തി. അശ്വത്തിൻെറ ഖുരധ്വനി കേട്ട ഒരു കിങ്കരൻ തുറന്നു വച്ചിരുന്ന വാതലിൽ കൂടി കരുണാകരൻ ഉള്ളിൽ കടന്നു. അതിവിസ്തൃതമായ ആ ഭൂപ്രദേശത്തിൽ ഇരുപുറവും മഹാതരുക്കൾ വരിക്കു നിന്നിരുന്ന നടക്കാവിൽ കൂടി കാൽനാഴിക ദൂരം ചെന്നപ്പോൾ ആ പാതയുടെ അവസാനത്തിൽ അദ്ദേഹം എത്തി. അവിടെ ചന്ദ്രികാപ്രകാശത്താൽ പ്രകടമാക്കപ്പെട്ട ഒരു മഹാസൗധം നില്ക്കുന്നുണ്ടായിരുന്നു. അതിൻെറ ഒരു ഭാഗം പുരാതനസമ്പ്രദായത്തിൽ ദൃഢമായി വിരചിതമത്രേ. വേറൊരു ഭാഗം ആധുനികശില്പസമ്പ്രദായത്തെ ആശ്രയിച്ചതായിരുന്നു. കരുണാകരൻെറ പിതാവായ മാനസിംഹപ്രഭുവിൻെറയും കരുണാകരൻെറയും വസതി ഇതു തന്നെ.

അശ്വത്തിൻെറ രശ്മിസൂത്രത്തെ ഒരു കുതിരക്കാരൻ വശം ഏല്പിച്ചിട്ട് പ്രഭുകുമാരൻ വേഗത്തിൽ പടികൾ കയറി പൂമുഖത്തിൽ എത്തി. അവിടെ നിന്നും ഒരു ബൃഹത്തായ ശാലയെ തരണം ചെയ്തു ശേഷം തൻെറ പിതാവിരുന്ന അറയിൽ അദ്ദേഹം പ്രവേശിച്ചു. പ്രഭു ഒരു വിഭാര്യനും ഏകപുത്രനായ കരുണാകരനെ മാത്രം ഈ വാർദ്ധക്യത്തിൽ അവലംബമായിക്കരുതി ജീവിക്കുന്നയാളും ആയിരുന്നു. അവക്ക് മററു ജ്ഞാതികളാരും ഉണ്ടായിരുന്നില്ല.

കരുണാകരനെ കണ്ടപ്പോൾ മാർത്താണ്ഡമന്ദിരത്തിലെ പ്രഭു ഏതാണ്ടൊരു ക്ഷമയില്ലായ്മയോടു കൂടി ചോദിച്ചു.

"ഇന്നെന്തെല്ലാമാണു വർത്തമാനങ്ങൾ?"

കരുണാ:-ഒന്നുമില്ല ച്ഛാ! അതായതു് ഉദ്ദിഷ്ട സ്ഥലത്തു് ഒരു വർത്തമാനവുമില്ലെന്നു്. എന്നാൽ ഞാൻ മഹാരാജാവുതിരുമേനിയെ സന്ദർശിച്ചു; അവിടുന്നു കല്പിച്ചതു അല്പദിവസങ്ങൾക്കുള്ളിൽ ഞാൻ കാര്യം വിജയകരമായി അവസാനിപ്പിച്ചില്ലെങ്കിൽ കടുത്ത തിരുവുള്ളക്കേടു എൻെറ നേരെ ഉണ്ടാകുമെന്നാണു്. പോരെങ്കിൽ സർപ്പദുർഗ്ഗത്തിൽ എന്നെ ബന്ധനസ്ഥനാക്കുമെന്നും കൂടി കല്പിക്കയുണ്ടായി.

"ഈശ്വരാ! അങ്ങിനെയോ ഇതിൻെറ പരിണാമം." എന്നു് വൃദ്ധനും ഗദാർത്തനും ദുർബലനുമായ പ്രഭു വിറയലോടുകൂടി പറഞ്ഞു.

കരുണാ:- അതേ ഞാൻ അറിയിച്ചതുപോലെ തന്നെ അച്ഛാ.

ഇത്രയും പറഞ്ഞിട്ട അദ്ദേഹം നിരാശനായി ഒരു കസാലയിലേക്ക വീണു.

പ്രഭു:- എന്നാൽ നീ തിരുമനസ്സിലെ കല്പനപ്രകാരം നടക്കണം. നീ ശരിയായ വഴിക്ക പോയാൽ തോൽവിപററുകയില്ല. നമ്മുടെ എന്തെല്ലാം താൽപര്യങ്ങൾ അ പകടത്തിലാകും എന്നുകൂടി ഓക്കണം മകനേ.

കരുണാ:-- അതിനെക്കാൾനല്ലത് വേഗത്തിൽ ഞാൻ ഒരു യാചകനായിത്തീരുമെന്നറിയുന്നത്—

പ്രഭു:- മിണ്ടാതിരിക്ക് കുഞ്ഞേ. ഇങ്ങനെയുള്ള വാക്കുകൾ നിൻെറ മുഖത്തുനിന്നും പുറപ്പെടേണ്ടവയല്ല. അവ ഭയങ്കരമാകുംവണ്ണം ഭാവിസൂചകങ്ങളാകുന്നു. മിക്കവാറും ആടിത്തുടങ്ങിയ മാത്താണ്ഡമന്ദിരം പ്രഭുവംശത്തിലെ ഐശ്വര്യത്തെ ഉദ്ധരിക്കാൻതക്ക ഒരു സ്ഥിതിയിൽ എത്തുവാൻവേണ്ടി നീ ഭരമേററ ഈ കാര്യത്തെ വിജയത്തിൽ കലാശിപ്പിക്കുന്നതിന് അങ്ങേഅററത്തെ ശ്രമം ചെയ്കതന്നെ വേണം. ഇതുവരേയും, ആലോചിച്ച ആ ബന്ധത്തെ സംബന്ധിച്ച സർവ്വവും നിർവ്വിഘ്നം പുരോഗമിക്കതന്നെ ചെയ്തിട്ടുണ്ട്. ഇനി അതു പരസ്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടമ്പോൾ നീ രാജസേവകന്മാരായ സകല യുവപ്രഭുക്കളുടേയും അസൂയക്ക പാത്രമായി ഭവിക്കും. ഇന്നു നീ പ്രഭ്വിയെ കണ്ടോ?

കരുണാ:- ഇപ്പോൾതന്നെ അല്പസമയത്തേയ്ക്കു മാത്രം. എന്നാൽ അച്ഛാ അവിടത്തെ സാമ്പത്തിക സ്ഥിതി വാസ്തവത്തിൽ അത്ര മോശമാണോ?

പ്രഭു:- അടുത്തുതന്നെ ഒരു തുക, നിയമത്തെപ്പ

ററി ഉദരം ഭരിക്കുന്ന ഒരു പിടിച്ചുപറിക്കാരനു കൊടുത്തില്ലെങ്കിൽ നമ്മുടെ വസ്തുക്കളൊക്കെ ജപ്തിയിലാകും. ഈ വിസ്തൃതമായ ഭൂമിയും സുന്ദരമായ സൗധവും നമ്മുടെ കയ്യിൽനിന്നു അപഹരിക്കപ്പെട്ടും. ഈ വസ്തുത ഞാൻ മുമ്പുതന്നെ നിന്നോടു പറഞ്ഞിട്ടില്ലേ? ഈ അത്യാഹിതത്തെ തടുക്കാൻ ഇനിയും സമയമുണ്ട്. പ്രസ്തുത വിപത്തു സംഭവിക്കുന്ന പക്ഷം ഞാൻ പിന്നെ ജീവിക്കുമെന്നു തോന്നുന്നില്ല. ഇത്രയും കാലത്തിനിടയിൽ എന്നെ സംബന്ധിക്കുന്ന പരിതസ്ഥിതികളുടെ യഥാർത്ഥാവസ്ഥ, ജനങ്ങളുടെ ഇടയിൽ ഒരു സംശയത്തിനുപോലും ഇടവരാതെ രഹസ്യമായി സൂക്ഷിക്കപ്പെട്ടതു് ഒരു ഭാഗ്യംതന്നെ. മഹാരാജാവിനുപോലും അതിനെപററി യാതൊരറിവുമില്ല. പ്രഭചിക്കും അവളുടെ മാതൃഷ്വസാവിനും വിദൂരമായ ഒരു ശങ്കപോലും അക്കാര്യത്തിലില്ല.

കരുണാ:- ഇല്ലയില്ല. അവൾക്കു സംശയമേയില്ല അങ്ങിനെയൊരു ശങ്ക അവൾക്കുണ്ടായെങ്കിൽ പക്ഷേ ഈ വിഷമങ്ങളെല്ലാം ഒന്നു് ഒതുങ്ങുമായിരുന്നേനേ.

പ്രഭു:- എന്താ കരുണാകരാ നീ പറയുന്നതു്? നിൻെറ പാവപ്പെട്ട അച്ഛനുവേണ്ടി നീ എന്തുചെയ്യും. ഇതല്ലായിരുന്നോ നിൻെറ അന്തർഗതം? പറയൂ കരുണാകരാ: എന്തെന്നാൽ ഞാൻ നിനക്കു് ഒരു നല്ല പിതാവായി വർത്തിച്ചവനാണെന്നു നിനക്കറിയാം—ഇനി എൻെറ ജീവിതം ഈ ലോകത്തിൽ ദീർഘമല്ല. അധഃപതിച്ച നമ്മുടെ സമ്പത്തിനെ വീണ്ടെടുക്കാൻ ഞാനുദ്യമിക്കുന്നതു് നിനക്കുവേണ്ടിയാണു്. പുരാതനമായ ഒരുപ്രഭുവംശത്തിൽപെട്ടവനാണു്

നീയെന്നോക്കണം. അനവധി തലമുറകളായി ഈ വിശാലമായ ഭൂപ്രദേശം മാർത്താണ്ഡമന്ദിരത്തിൻെറ ഭരണത്തിൽ അധിഷ്ഠിതമാകുന്നു. ആ സ്ഥിതിക്ക് ഈ പുരാതനമാളികയേ ഉപേക്ഷിക്കുന്നതിലും, ഒരന്യനെപ്പോലെ അതിൽനിന്നു പിൻതിരിയുന്നതിലും, ഈ പ്രാഭവമേറിയ ശാലകളിലും ഉന്നതതരുക്കൾ നിറഞ്ഞ നടക്കാവിലുംകൂടി സഞ്ചരിക്കുന്നതിനുള്ള അവകാശത്തേ കളയുന്നതിലും നമ്മുടെ ഹൃദയം തകന്നുപോകുമെന്നുള്ള പരമാർത്ഥം നീ അറിയുന്നില്ലേ?

കരുണാ:- മതി അഛാ! മതി, എന്തു ത്യാഗം സഹിച്ചിട്ടും ഈ ഭൂമിയേയും സൗധത്തേയും രക്ഷിക്കുകതന്നെവേണം.

പ്രഭു:- ത്യാഗമോ? മകനെ നീ പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല നിശ്ചയമായിട്ടും നീ പ്രണയബദ്ധനാണു്.

കരുണാ:- അതേ അച്ഛാ ഞാൻ പ്രേമാധീനനാണു്. ഈശ്വരനറിയാം എൻെറ രാഗപാരവശ്യം പക്ഷേ എന്തിനു പറയുന്നു, ഇതു മതി, ഞാൻ തളന്നിരിക്കയാണു്—ഇന്നു ഞാൻ അധികനേരം കുതിരപ്പുറത്തിരുന്നു ക്ഷീണംകൊണ്ടെനിക്കനങ്ങാൻ വയ്യ. പ്രിയപിതാവേ നമസ്കാരം.

ഈ വാക്കുകളോടുകൂടി ആ പ്രഭുതരുണൻ അച്ഛൻെറ പാദങ്ങളിൽ നമസ്കരിച്ചിട്ട് വേഗത്തിൽ പുറത്തേയ്ക്കിറങ്ങി.

# 5

## കണ്ണാടിക്കതകു്

നാം മുമ്പുതന്നെ വർണ്ണിച്ചിട്ടുള്ള നാട്ടുംപുറത്തെ ഒഴിഞ്ഞ ഒരു കോണിൽ സ്ഥിതിചെയ്യുന്ന ഉപഗുപ്ത സേനാനിയുടെ വസതിയിലേയ്ക്കു വീണ്ടും രംഗംമാറുന്നു. നേരം അസ്തമയത്തോടടുത്തു. കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നതിൻെറ രണ്ടാംദിവസം സായാഹ്നമാണു സമയം. മോഹിനിയായ ശോഭന വീണ്ടും ഉദ്യാനത്തിലേ ആ ചെറിയ വാതിലിനരികെ സന്നിഹിതയായി. തൻെറ കാമുകൻ വീണ്ടും അത്ര വേഗത്തിൽ വരുമെന്നവൾക്ക നിശ്ചയമില്ലായിരുന്നു! എന്നാൽ അദ്ദേഹം പ്രത്യക്ഷനാകുമെന്നു് അവൾക്കു് ആശാസമേതമായ ഒരു മുന്നറിവുണ്ടായി. എന്തെന്നാൽ കഴിഞ്ഞതവണ അദ്ദേഹത്തിനുവേണ്ടി അവൾ ചില ത്യാഗങ്ങൾ ചെയ്‌വാൻ നിശ്ചയിച്ചതിനാൽ തൻെറ പ്രണയാതിരേകത്തിനും ആസക്തിക്കും സമുചിതമായ ഒരു തെളിവു കൊടുക്കാമെന്നു് അദ്ദേഹം അവളെ അറിയിച്ചിരുന്നു.

പടിവാതലിൽ ചാരി നിന്നു കൊണ്ടു് ഇടവഴിയിലേക്ക സ്വനേത്രങ്ങളെ പ്രേക്ഷണം ചെയ്ത ശോഭന മോഹിനിയായിത്തന്നെ കാണപ്പെട്ടു. സ്വഹൃദയത്തിലെ ആശയുടെ ചലനം അവളുടെ ഗണ്ഡസ്ഥലത്തിലെ പാടലിമയെ പ്രവൃദ്ധമാക്കിച്ചെയ്തു. നിർവൃതിപ്രദനായ മന്ദമാരുതൻ അവളുടെ പുഷ്കലമായ കുന്തളത്തിലെ ഓരോ കുടിലമായ ചെറുപടലത്തേയും

മന്ദമന്ദം തലോടി ചലിപ്പിച്ചുകൊണ്ടിരുന്നു. അവളുടെ ഹൃദയത്തിൽ തിങ്ങിയ സന്നിഗ്ദ്ധമായ ആ പ്രതീക്ഷയെ സ്പുടമാക്കുമാറ് വിദ്രുമസദൃശമായ അധരോഷ്ഠങ്ങൾ ഈഷദപിവൃതമായി കാണപ്പെട്ടു. ആ പാടലരേഖകളുടെഇടയിൽക്കൂടിദന്തമുക്താഫലങ്ങളുടെ കാന്തി പുറത്തേയ്ക്കു തിളങ്ങി. ഒടുവിൽ ഒരു സൈന്ധവത്തിൻെറ ഖുരധ്വനി അവ്യക്തമായി അവളുടെ കർണ്ണപുടങ്ങളിൽ പതിച്ചു. തുടന്നു തൻെറ പ്രതീക്ഷയ്ക്കു പാത്രമായ ആ രൂപം ഇടവഴിയിൽക്കൂടി സമീപിക്കുന്നതു് അവൾ കണ്ടു. അൽപ്പം നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹം അവളുടെ അരികിലെത്തി. കുതിരപ്പുറത്തു നിന്നും താഴത്തു ചാടി അവളെ പരിരംഭണം ചെയ്തു.

“പ്രിയതമേ! ഭവതി എന്നെ പ്രതീക്ഷിച്ചു. അല്ലേ! എന്നെ കാത്തിവിടെ നിൽക്കയായിരുന്നു താനും ”

എന്നിപ്രകാരം പറഞ്ഞുകൊണ്ടു് പ്രഭുകുമാരൻ രാഗതരംഗിതമായ അവളുടെ മുഖത്തേക്കു നിലയില്ലാത്ത വികാരത്തള്ളലോടുകൂടി നോക്കി. അവൾ മെല്ലെ അദ്ദേഹത്തിൻെറ ആശ്ലേഷത്തിൽ നിന്നു മുക്തയായി നിലകൊണ്ടു.

അവൾ പറഞ്ഞു.

“അവിടുന്നു വരുമെന്നു ഞാൻ വിചാരിച്ചു. അപ്രകാരം ഞാൻ ആശിക്കയും ചെയ്തു. ഹാ അല്ലയോ പ്രേമസർവ്വസ്വമേ, ഞാൻ മനഃപൂർവ്വം എൻെറ പിതാവിൽ നിന്നൊരു രഹസ്യം മറച്ചുവയ്ക്കുയാണു്.

അവിടത്തെ സന്നിധിയിൽമാത്രമേ ഇനിയ്ക്കൊരുസുഖമുള്ളു."

കരുണാ:-പ്രിയേ ശോഭനേ, കഴിഞ്ഞ തവണ ആ സായാഹ്നത്തിൽ നടന്ന വാദങ്ങളൊന്നും ഇപ്രാവശ്യവും ആവർത്തിക്കേണ്ടതില്ല.

ആ വാക്കുകൾ അദ്ദേഹം ഉച്ചരിച്ചതു ധാർഷ്ട്യത്തിൻെറ ഒരു കലർപ്പോടു കൂടിയ സ്വരത്തിലായിരുന്നു. എന്നാൽ അതു മിക്കവാറും ലഘുവായിരുന്നതേയുള്ളു. എങ്കിലും പ്രേമബദ്ധയായ ആ പെൺകിടാവിൻെറ അത്യന്തം മൃദുലമായ ഗ്രഹണശക്തിയ്ക്കു് സത്വരവിധേയമായി തന്നെ പരിണമിച്ചു.

"കോപിക്കരുതേ" ഒരു വലിയ കണ്ണുനീർത്തുള്ളി കണ്ണിൽ നിന്നും പുറപ്പെടുവിച്ചുകൊണ്ടവൾ പറഞ്ഞു. തുടന്നു അതിലോലമായ ഹൃദയാവസ്ഥ സൂചിപ്പിക്കുമാറു അവൾ അദ്ദേഹത്തിൻെറ മുഖത്തേയ്ക്കു നോക്കി. ആ യുവാവും ഹൃദയം നൊന്തു നിലകൊണ്ടു. ഒടുവിൽ ഇങ്ങനെ പറഞ്ഞു.

"എൻെറ ഓമനെ ഭവതിയോടു കോപിക്കയോ? അയ്യോ അതൊരിക്കലും ഉണ്ടാവുകയില്ല. ഭവതി സദ്ഗുണം, ശാന്തത, സൌജന്യം എന്നിവയ്ക്കു് ഒരു വിളനിലമാണു". ഞാനാണെങ്കിൽ—എന്നാൽ ശോഭനേ ഭവതിയുടെ പിതാവു് ഈ സായാഹ്നത്തിലും സന്ദർകരുമായി കഴിച്ചുകൂട്ടുകയാണോ? വിഘ്നം കൂടാതെ ഒരു മണിക്കൂർ നേരമെങ്കിലും നമുക്കു് സൈ്വരസല്ലാപത്തിനു സമയം കിട്ടുമോ? എന്നു പെട്ടെന്നു അദ്ദേഹം വിഷയം മാററി ചോദിച്ചു.

ശോഭന:-അതെ, എൻെറ അച്ഛൻ അഞ്ചാറു സ്നേഹിതന്മാരുമൊരുമിച്ചിരിക്കയാണു്. അതാ കേട്ടോ, മുൻവശത്തെ വാതിലിലെ മണിയടിക്കുന്നു വേറൊരാൾ കൂടി ഇപ്പോൾ എത്തിയിട്ടുണ്ടു്.

പിതാവിനെ താൻ വഞ്ചിക്കുന്നുവല്ലോ എന്നോർത്തുണ്ടായ ഒരു ദീർഘനിശ്വാസത്തോടുകൂടിയാണു് അവൾ ഇത്രയും പറഞ്ഞതു്.

ഇവിടെ വായനക്കാരോടു ഒരു സംഗതിപറവാനുണ്ടു്. അതായതു് ഗൃഹത്തിൻെറ പ്രധാന പ്രവേശനദ്വാരത്തിലേക്കു ചെല്ലുവാനായി ഒരു പ്രത്യേക ഊടുവഴി തിരിഞ്ഞുപോകുന്നതു കൊണ്ടു മുൻവശത്തെ വാതിലിൽകൂടിവരുന്നഒരാളിനു നമ്മുടെ കാമിനീകാമുകന്മാർ നിൽക്കുന്ന സ്ഥാനത്തിനടുത്തുകൂടി കടന്നു പോകേണ്ടതില്ലെന്നുമാത്രമല്ല അവരെകാണ്മാനുള്ള സൗകര്യംപോലും ലഭിക്കുകയും വിഷമമാണു്. ഈ പരമാർത്ഥം മനസ്സിലാക്കിയ പ്രഭുതരുണൻ നിഷ്കളങ്കമാനസയായ ആ പെൺകിടാവിൻെറ ഏതാദൃശമായ ശ്രദ്ധസമാഗമങ്ങൾക്കു അവളെ വശപ്പെടുത്തിയതായി നമുക്കു കാണാവുന്നതത്രെ.

പ്രഭുകുമാരൻ:- (കുതിരയെ വാതിൽപടിയിൽ കെട്ടിയിട്ടു്)

ഭവതിയുടെ പിതാവു് ഇപ്പോൾ അനേകം സന്ദർശകരെ സ്വീകരിക്കുന്നുണ്ടു്. ഇല്ലേ?

ശോഭന:-അതേ എന്തൊരു കാര്യത്തിനാണവരെല്ലാം ഇവിടെ വന്നു കൂടുന്നതെന്നെനിക്കറിഞ്ഞുകൂടാ. എനിക്കവരിലാരെയും പേരുകൊണ്ടുപോലും അറി

ഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ അച്ഛൻ എന്നെ അവരിലാരോടും പരിചയപ്പെടുത്തിയിട്ടില്ല. ഈയിടെ അദ്ദേഹത്തിൻെറ സ്വഭാവം അത്ഭുതകരമാകും വണ്ണം മാറിപ്പോയിട്ടുണ്ട്.—

കരുണാ:- എന്നാൽ ശോഭനെ ഭവതിയോടുള്ള അദ്ദേഹത്തിൻെറ വാത്സല്യത്തിനു മാററമൊന്നുമില്ലല്ലോ?

ശോഭന:- ഓ! അതൊന്നുമില്ല—അതെന്നും ഒരേനിലയിൽതന്നെ നില്ക്കുന്നു. ഞാൻ പറഞ്ഞതു് അച്ഛനീയിടെ വലിയകാൎയ്യവ്യഗ്രനായിരിക്കുന്നു എന്നു മാത്രം ഉദ്ദേശിച്ചാണു്.

കരുണാ:- അദ്ദേഹം അനേകം എഴുത്തുകൾ എഴുതുന്നുണ്ടായിരിക്കാം അല്ലേ?

ശോഭന:- അതെ, അതെല്ലാം അദ്ദേഹംതന്നെയാണു തപാലാപ്പീസിൽ കൊണ്ടുചെന്നിടുന്നതും. അദ്ദേഹത്തിനും വളരെ എഴുത്തുകൾ പ്രതിദിനം കിട്ടുന്നുണ്ടു്. അവ എങ്ങിനെയാണു വരുന്നതെന്നു് ഞാനറിയുന്നില്ലതാനും: എന്തെന്നാൽ തപാൽശിപായി വളരെ ചുരുക്കമായി മാത്രമേ ഇവിടെ വരാറുള്ളു. അങ്ങിനെ വരുന്നതുതന്നെ ചെറിയമ്മമാരുടെ എഴുത്തുതരുന്നതിനായിരിക്കും. എന്നാൽ പക്ഷേ ഈ വരുന്നയാളുകളായിരിക്കാം ഇത്ര വളരെ എഴുത്തുകുത്തുകൾ ഇവിടെ എത്തിക്കുന്നതു്. എന്തെന്നാൽ ഞാൻ അച്ഛൻെറ മുറിയിൽ പ്രവേശിക്കുമ്പൊഴെല്ലാം അദ്ദേഹത്തിൻെറ മുമ്പിൽ ഒരുകെട്ടു കടലാസു കാണാം.

ഒരു പെൺകിടാവിൻെറ നിഷ്കളങ്കമായി സം

ശയരഹിതമായുള്ള വിശ്വാസത്തോടുകൂടിയത്രേ ശോഭന ഇതെല്ലാം കാമുകനെ ധരിപ്പിച്ചത്.

കരുണാ:- (അശ്രദ്ധനെന്നപോലെ) എന്നാൽ ഈ മാന്യന്മാർ, അവർ അയൽപക്കക്കാരാണെന്നു ഞാൻ ഊഹിക്കുന്നു.

ശോഭന:- അവരെവിടെ പാർക്കുന്നു എന്നുതന്നെ എനിക്കറിഞ്ഞുകൂടാ. എത്ര ദൂരത്തുനിന്നും വരുന്നു എന്നോ ഏതു വാഹനത്തിലാണു് എത്തുന്നതെന്നോ എനിക്കറിവില്ലതാനും. പക്ഷേ അവർ അച്ഛന്റെ സ്നേഹിതന്മാരായ പഴയ സൈനികരായിരിക്കാം. തന്റെ രുചിക്കുചേർന്ന പഴയ സമരകാര്യങ്ങളെപ്പററി അവരോടു സംഭാഷണം ചെയ്‌വാൻ അച്ഛനു വലിയ താല്പര്യമാണു്. അതിൽ എനിക്കു വിശേഷിച്ചൊരു ആസക്തിക്കു വകയില്ലെന്നും അദ്ദേഹം വിചാരിച്ചിരിക്കും.

കരുണാ:- അവരിൽ ചിലർ എന്റെ പരിചയക്കാരുകൂടിയാണെന്നു വരാം—ഞാൻ സഞ്ചരിക്കുന്ന ജനസമൂഹത്തിൽവച്ചു് പലപ്പോഴും അവരെ ഞാൻ കണ്ടിട്ടുമുണ്ടായിരിക്കും. അങ്ങിനെയാണെങ്കിൽ ശോഭനേ, അതു നമ്മുടെ ഹിതത്തിനു് ആപൽക്കരമാണെന്നുതന്നെ പറയണം. അവരിലാരെങ്കിലും ഈ നിലയിൽ നമ്മെ കാണുന്നതു് നമ്മുടെ പരിപാവനമായ പ്രണയത്തിനു ഹാനികരമാകുന്നു.

ശോഭന:-ഹാ! ഞാൻ ഒരിക്കലും വിചാരിക്കാത്ത ഒരാപത്തുതന്നെയാണതു്.

ഈ വാക്കുകളെത്തുടൎന്നു് താൻ ഡോലാസുഖം അനുഭവിക്കുന്ന ആ അനുരാഗത്തിനെന്തെങ്കിലുംവിഘ്നം നേരിടുമോ എന്നവൾ ഭയപ്പെട്ടു.

കരുണാ:- അതു് നിസ്സാരമായി ഗണിക്കപ്പെടാവുന്ന ഒരു വിപത്തല്ല. ഭവതിയുടെ പിതാവിൻെറ ആപ്തമിത്രങ്ങളായുള്ളവരായിരിക്കും ഭവതിയെ എനിക്കു തരാതിരിക്കുവാൻ അദ്ദേഹത്തെ ഉപദേശിക്കുന്നതു്. ഹാ! ശോഭനേ ഭവതിയുടെയും എൻേറയും പിതാക്കന്മാർ രാഷ്ട്രീയകാൎയ്യങ്ങളിൽ പരിപൂൎണ്ണമായ വിപരീതാഭിപ്രായക്കാരായിപ്പോയതെത്ര നിർഭാഗ്യം അതുമാത്രം മതി എന്നെ ഇപ്പോഴത്തെ സ്ഥിതിയിൽ നിന്നും മാററിനിൎത്താൻ. ഉപഗുപ്തസേനാനിയുടെ സ്നേഹിതന്മാർ ഇതറിഞ്ഞാൽ പിന്നെയൊന്നും വേണ്ട എന്നെ വെളിയ്ക്കേറിയാൻ.

ശോഭ:- അവിടുന്നു തന്നെ പറയണം അതു സംഭവിക്കാതിരിക്കാൻ എന്തെങ്കിലും മാൎഗ്ഗമുണ്ടോ? ഭീതികരമായ ഈ അത്യാഹിതത്തെ ഒഴിയ്ക്കാൻ വല്ല വഴിയും അവിടത്തെ ബുദ്ധിയിൽ ഉദിക്കുന്നുണ്ടോ? അവിടത്തെ അരികത്തുനിന്നും പിരിഞ്ഞാൽ ജീവൻ പിരിഞ്ഞതുപോലുള്ള അനുഭവമാണെനിയ്ക്കു് ഉണ്ടാവുക.

കരുണാ:- (ശോഭനയെ അണച്ചു് അവൾ തൻെറ വികാരപാരവശ്യത്തെ കാണാതിരിക്കത്തക്കവണ്ണം അവളുടെ മുഖത്തെ സ്വവക്ഷസ്ഥലത്തോടു ചേൎത്തുകൊണ്ടു്) പ്രിയപ്പെട്ട ശോഭനേ, അതേ ഉണ്ടു് ഒരുവഴിയുണ്ടു്. ഈ അത്യാവശ്യത്തിൽ ഉപകരിക്കുന്നതായി ആ ഒരു വഴിയേ ഉള്ളു.

ശോഭ:- ആ വഴിയെന്താണു്.?

കരുണാ:- ഭവതിയുടെ പിതാവിൻെറ സന്ദർശകന്മാരെ എനിക്കു കാട്ടിത്തരിക. അവർ എന്നെ

കാണാതെ അവരെയെല്ലാവരേയും ഞാൻ കണ്ടുകൊള്ളാം. അങ്ങിനെ അവരിൽ ആരെങ്കിലും എൻെറ പരിചയക്കാരായി ഉണ്ടോ എന്നറിയാം.

ശോഭന:- ഓ! ഇത്രമാത്രമേ ഉള്ളു എങ്കിൽ അതു് എളുപ്പത്തിൽ സാധിക്കാം. ഇതിനെക്കാൾ സുസാദ്ധ്യം മററൊന്നില്ല.

കരുണാ:- അതൊന്നു വിശദമാക്കു ഓമനേ.

ശോഭ:-അച്ഛൻെറ മുറിക്കെതിരെയായി മററൊരു മുറിയുണ്ടു്—ആ മുറിയിലേക്കു ഒരു മറയുള്ള കണ്ണാടിവാതലും. യവനിക കണ്ണാടിയെ മുഴുവനും മൂടിയിരിക്കയില്ല. അതിൻെറ വിടവിൽക്കൂടി അവിടുത്തെയും നിർബാധം അകത്തുള്ള വിശേഷങ്ങൾ കാണാം. അല്പനിമിഷങ്ങൾ കൊണ്ടു കാര്യം സാധിക്കാം. അതുകൊണ്ടു് ദോഷമൊന്നും വരാനില്ല താനും.

കരുണാ:-ദോഷമോ. യാതൊന്നുമില്ല. എന്തു ദോഷമാണു വരാനിരിക്കുന്നതു്? എന്നാൽ പ്രാണസമാനയായ ശോഭനേ! ദോഷമൊന്നുമില്ലെങ്കിൽ എന്നെ കണ്ടുപിടിക്കുന്ന കാര്യവും വിഷമം തന്നെ. എന്തെന്നാൽ ഭവതിയുടെ അച്ഛൻെറയും അതിഥികളുടെയും രഹസ്യങ്ങളിൽ തലയിടുന്നതിൽ എനിക്കു വലിയ വെറുപ്പുണ്ടു്.

ശോഭന:-അങ്ങിനെ ഒരു പരിതസ്ഥിതി ഉണ്ടാവാൻ മാർഗ്ഗം കാണുന്നില്ല. എന്തെന്നാൽ മുകുരകവാടം പെട്ടെന്നു തുറന്നാൽ അതിൻെറ പിന്നിൽ തന്നെ ഒരു ഒഴിഞ്ഞ സ്ഥാനമുണ്ടു്. ആ സ്ഥലത്തു മഹാനായ പ്രഭാകരസേനൻെറ ഒരു വലിയ പൂർവ്വകായപ്ര

തിമ നിൽപ്പുണ്ടു്. അതു അവിടുത്തെ നല്ലപോലെ മറയ്ക്കും.

തൻെറ പ്രണയപാത്രത്തെ നഷ്ടപ്പെടാതിരിക്കാനായി ആ പരിശുദ്ധയായ പെൺകിടാവു് ഇങ്ങനെ ഒരുപായം പറഞ്ഞതായിരുന്നു. കരുണാകരൻ അതിലളിതമായ ഓരോന്നു പറഞ്ഞുകൊണ്ടു് അവളെ പിൻതുടൎന്നു ചെന്നു ഗൃഹത്തിൻെറ പിൻഭാഗത്തെത്തി അവിടെ കണ്ട ഒരു വാതലിൽ കൂടി അകത്തു കടന്നു. വഴിയിൽ കാണപ്പെട്ട മറെറാരു വാതൽ മുൻപറഞ്ഞ എതിരെയുള്ള മുറിയിലേക്കു വഴി കാണിക്കുന്നതായിരുന്നു. പച്ചനിറത്തിലുള്ള ഒരു യവനികയാൽ മറയ്ക്കപ്പെട്ട ആ മുറിയെ ശോഭന ചൂണ്ടിക്കാണിച്ചുകൊടുത്തു. യാതൊരു വിധത്തിലും ശബ്ദമൊന്നും കേൾപ്പിക്കാതെ കരുണാകരൻ അകത്തു കടന്നു. ശോഭനയാകട്ടെ മെല്ലെ ഉദ്യാനത്തിലേക്കും തിരിച്ചു പോയി.

ഈ അവസരത്തിൽ കരുണാകരനെ കാൺമാൻ ആരെങ്കിലും അവിടെ സന്നിഹിതനായിരുന്നെങ്കിൽ അദ്ദേഹത്തിൻെറ മുഖവൈവൎണ്ണ്യവും ഭയം, പശ്ചാത്താപം, സങ്കടം, ആത്മവിദ്വേഷം എന്നീ രസങ്ങൾ മുഖേന പ്രത്യക്ഷപ്പെട്ട ഭാവഭേദങ്ങളും ആ പ്രേക്ഷകൻെറ ഹൃദയത്തിൽ ഒരു ശക്തിയേറിയ ലക്ഷണത്തെ വിമുക്തമാക്കുമായിരുന്നുയെന്നുള്ളതിനു യാതൊരു സംശയവുമില്ല. അദ്ദേഹം വാതുക്കൽ നിന്നപ്പോൾ ക്ഷണികമാത്രമെങ്കിലും അദ്ദേഹത്തിനു പെട്ടെന്നുണ്ടായ ഒരു ചലനം, തൻെറ ശ്രമത്തെ തുടരാതെ വിരമിപ്പിക്കാനുള്ള ഒരു മനസ്ഥിതിയെ പ്രത്യക്ഷമാക്കി. എന്നാൽ അപ്പോൾ ചില പരിഗണനകൾ അദ്ദേഹത്തിൻെറ

ഹൃദയത്തിൽ പാഞ്ഞു കയറി. ഇവ ആദ്യത്തെ ചിന്താവിഷയത്തേക്കാൾ ശക്തങ്ങളായിരുന്നതിനാൽ അദ്ദേഹം അവിടെ നിൽക്കുക തന്നെ ചെയ്തു.

ഏററവും സൂക്ഷ്മമായ മുൻകരുതലോടുകൂടി അദ്ദേഹം യവനികയുടെ ഇടയിലേക്കുനോക്കി. ഉപഗുപ്തസേനാനി ഒരു മേശയുടെ സമീപത്തിലിരിക്കുന്നതും, അദ്ദേഹത്തിൻെറ അധരത്തിൽനിന്നും പുറപ്പെടുന്ന വാക്കുകളെ ഗാഢമായ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കുന്ന ഏഴാളുകൾ അദ്ദേഹത്തിനു ചുററും സ്ഥലംപിടിച്ചിരിക്കുന്നതും കരുണാകരൻെറ കണ്ണിൽ പെട്ടു. ശോഭനയുടെ പിതാവ് വളരെ മന്ദസ്വരത്തിൽ ഭാഷണം ചെയ്കയായിരുന്നു; അദ്ദേഹം പറഞ്ഞവാക്കുകളൊന്നുംതന്നെ നമ്മുടെ യുവാവിനു കേൾക്കാൻ കഴിഞ്ഞില്ല അവിടെ കണ്ടവരിൽ നാലുപേർ തനിക്കു നല്ല പരിചയമുള്ളവരായിരുന്നു എന്നും മററുള്ളവർ അപരിചിതരെന്നും അദ്ദേഹം മനസ്സിലാക്കി. അപരിചിതരുടെ മുഖലക്ഷണങ്ങളെ അദ്ദേഹം നല്ലപോലെ പഠിച്ചു: എന്നല്ല അവയെ ഓർമ്മയിൽ സ്ഥാപിക്കയും ചെയ്തു.

അല്പനേരത്തിനുള്ളിൽ സേനാനി സംഭാഷണം നിറുത്തിയിട്ടു തൻെറ ഇരിപ്പിടത്തിൽ നിന്നെഴുനേററു. കരുണാകരനു പരിചിതനല്ലാത്ത സഭ്യന്മാരിൽ ഒരാളെ കൈകാട്ടിവിളിച്ചുകൊണ്ട് അദ്ദേഹം കണ്ണാടിക്കതകിനെ സമീപിച്ചു. അടുത്ത നിമിഷത്തിൽ കരുണാകരൻ മഹാനായ പ്രഭാകരസേനൻെറ പൂർവ്വികായ പ്രതിമയുടെ പിന്നിൽ മറഞ്ഞു. കണ്ണാടിക്കതകുതുറക്കപ്പെട്ടു: സേനാപതിയും കരുണാകരനു് അപരി

ചിതനായ ആളും അകത്തു കയറി കതകടച്ചു. ശോഭനയുടെ പിതാവിനെ അനുഗമിച്ചയാളിന് ഏകദേശം നാല്പതു വയസ്സു പ്രായംവരും. മദ്ധ്യമൌന്നത്യം—അല്പം തടി, കറുത്ത തലമുടി—മസൂരിത്തഴമ്പുകളാൽ അവിടവിടെ കുഴിഞ്ഞ മുഖം—ഇതായിരുന്നു അദ്ദേഹത്തിന്റെ ആകൃതിലക്ഷണം. സൈന്യാധിപൻ ആ മുറിയിലേയ്ക്കു ക്ഷണിച്ചുകൊണ്ടുവന്ന ആ മനുഷ്യൻ ഗൗരവമേറിയതും രഹസ്യവുമായ ഒരു സംഭാഷണത്തേ ശ്രവിക്കാൻ തുടങ്ങുന്ന ഒരാളുടെ സകല ഭാവവികാരങ്ങളോടുംകൂടിയവനായിരുന്നു.

# 6

## സംഭാഷണം

"താങ്കൾകേട്ട എതിർവാദത്തിനു വിപരീതമായി, ആ വിഷയത്തെ തുടരെത്തുടരെ നിർദ്ദേശിക്കുവാൻ എനിക്കിഷ്ടമുണ്ടായില്ല. എന്നാൽ അടുത്ത മുറിയിൽ വച്ചു താങ്കൾ അഭിപ്രായമൊന്നും പറയാഞ്ഞതിനാൽ അതു താങ്കളോടു രഹസ്യമായി ചോദിക്കാമെന്നു ഞാൻ ഉറച്ചതാണ്. താങ്കൾക്കു 'മാത്താണ്ഡമന്ദിരത്തിലെ' കഥ ഏതാണ്ടറിയാമെന്ന് മുമ്പൊരിക്കൽ പറഞ്ഞതായി ഞാൻ ഓർക്കുന്നു." എന്നു സൈന്യാധിപൻ പറഞ്ഞു.

"വൃദ്ധനായ പ്രഭുവിനെ സംബന്ധിച്ച് എനിക്കേതാണ്ടറിയാം. എന്നാൽ അതു വളരെ ദുഷമായ

ഒരറിവേ ആകുന്നുള്ളു. യുവപ്രഭുവിനെപ്പററിയാണെ ങ്കിൽ എനിക്കദ്ദേഹത്തെ കണ്ടു പരിചയം പോലുമില്ല. ഈ കാൎയ്യത്തിൽ എന്താണു ചെയ്യേണ്ടതെന്നു നിശ്ചയി ക്കേണ്ട കാൎയ്യം അവിടുത്തേയ്ക്കു തന്നെ." എന്നു കൂട്ടു കാരൻ പറഞ്ഞു.

"പിതാവിൻെറ രാഷ്ട്രീയാഭിപ്രായങ്ങൾ വലിയ കടുപ്പമാണു്. ദുഷിച്ച അഭിപ്രായങ്ങളാണദ്ദേഹത്തി ൻെറ കയ്യിലുള്ളതെല്ലാം."

പ്രഭു പറഞ്ഞു.

"അദ്ദേഹത്തിനു ആ വംശത്തിലെ പ്രൌഢിമുഴു വനുണ്ടു്. തൻെറ പൂൎവ്വന്മാരെ പോലെ അദ്ദേഹവും രാജകീയദുഷ്പ്രഭുത്വത്തെ താലോലിക്കുന്നവനാണു്. എന്നാൽ പുത്രൻ എങ്ങനെയാണെന്നാണു് അവിടു ത്തെ അഭിപ്രായം."

കൂട്ടുകാരൻ ചോദിച്ചു.

"മകൻ പല തവണ എന്നെ സന്ദർശിച്ചിട്ടുണ്ടു്. ആദ്യമായി അദ്ദേഹത്തോടു ഞാൻ പരിചയപ്പെട്ടതു് ഒരു യാദൃച്ഛികസംഭവം മൂലമാകുന്നു. ഒരു കുതിരക്കാ രൻ എൻെറ ഒരു കുതിരയെ മോഷ്ടിച്ചു. അതു മാത്ര മല്ല. അവൻ പലതും എന്നിൽ നിന്നു മോഷ്ടിച്ചിട്ടുള്ള തായി പിന്നീടു ഞാൻ അറിഞ്ഞു. ഈ സംഭവത്തെ ഞാൻ "ബ്രവിമന്ദിര"ത്തിലെ വൎത്തമാനപ്പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി. കുറച്ചു ദിവസത്തിനുള്ളിൽ മാ ൎത്താണ്ഡമന്ദിരത്തിലെ പ്രഭുകുമാരൻ എനിക്കു കളവു പോയ കുതിരയുംകൊണ്ടു ഒരു കുതിരക്കാരനോടു കൂടി ഇവിടെ വന്നു. പാൎത്ഥസദനത്തിൽനിന്നും പ്രഭുകുമാ

രൻ ആ കുതിരയെ വിലയ്ക്കു വാങ്ങി എന്നും വത്തമാന പത്രത്തിൽ നിന്നും കുതിരയുടെ ലക്ഷണങ്ങൾ മനസ്സിലാക്കിയപ്പോൾ എൻെറ കുതിരയാണതെന്നറിഞ്ഞു് ഇവിടെ കൊണ്ടു വന്നതാണെന്നുമത്രേ അദ്ദേഹം എന്നോടു പറഞ്ഞതു്. അതിനാൽ കുമാരൻ അശ്വത്തെ എന്നേത്തന്നെ ഏൽപ്പിച്ചു. അദ്ദേഹത്തിൻെറ ഈ പെരുമാററം എത്രയും സമെയ്യാദവും ഉദാരവുമായിരുന്നു. എന്തെന്നാൽ അതിനെ വിലയ്ക്കു വാങ്ങിയതിനു ഒരു വലിയ തുക അദ്ദേഹത്തിനു ചെലവായി എങ്കിലും അതിൽ ഒരു കാശുപോലും അദ്ദേഹം സ്വീകരിച്ചില്ല"

എന്നു സൈന്യാധിപൻ പറഞ്ഞു.

കൂട്ടുകാരൻ.– എന്നിട്ടു് പിന്നീടും അദ്ദേഹം ഇവിടെ വരികയുണ്ടായോ?

പ്രഭു:– അനേകം തവണ. ആദ്യം ഞാൻ വലിയ മമതയൊന്നും ഭാവിച്ചില്ല; എന്തെന്നാൽ പുത്രനും പിതാവിൻെറ പ്രകൃതക്കാരനായിരിക്കുമെന്നു ഞാൻ ശങ്കിച്ചുപോയി. എന്നാൽ കരുണാകരകുമാരൻ ഉദാരമായ ചില ഭാവനകളെ രഹസ്യത്തിൽ പുലത്തുന്നവനാണെന്നറിഞ്ഞപ്പോൾ എനിക്കുണ്ടായ അത്ഭുതവും സന്തോഷവും എത്രയെന്നു് ഊഹിച്ചുകൊള്ളുകയേ വേണ്ടു.

കൂട്ടുകാരൻ:– അവിടുന്നു് ഈയിടെയ്ക്കദ്ദേഹത്തെ കാണുകയുണ്ടായോ?

പ്രഭു:– ഇല്ല. ഞാൻ അദ്ദേഹത്തെ കണ്ടിട്ടു് ആഴ്ചകൾ കുറെ ഏറെക്കഴിഞ്ഞു. ഒരവസരത്തിൽ അ

ദ്ദേഹത്തെ ഇതിന്ന സമീപത്തുവച്ചുകണ്ടതായി ആരോ പറഞ്ഞ ഒരോൎമ്മ എനിക്കുണ്ട്. എന്നാൽ അതു പരമാൎത്ഥമാണെങ്കിൽ അദ്ദേഹത്തിൻെറ വരവ് മറെറന്തോ കാൎയ്യത്തെ സംബന്ധിച്ചായിരിക്കും. എന്തെന്നാൽ അദ്ദേഹം ഇവിടെ വരികയുണ്ടായില്ല. അദ്ദേഹത്തിന്ന മുഷിച്ചിലുണ്ടാകുന്ന വല്ല കൎമ്മവും എന്നിൽനിന്ന വന്നിട്ടുണ്ടോ എന്ന ഞാൻ ഭയപ്പെടുന്നു. പക്ഷെ അങ്ങിനെ ഒന്നും ഉണ്ടായിട്ടുള്ളതായി ഞാൻ ഓൎക്കുന്നതുമില്ല.

ക്രൂട്ടുകാരൻ:- ശരി, ഞാൻ മുമ്പുപറഞ്ഞതുപോലെ അദ്ദേഹത്തെ നമ്മുടെ ക്രൂട്ടത്തിൽ ചേൎത്ത് നമ്മുടെ രഹസ്യത്തിൽ ഭാഗഭാക്കായിവരിക്കണമോ വേണ്ടയോ എന്നുള്ളകാൎയ്യം തീൎച്ചപ്പെടുത്തേണ്ടതു് അവിടുന്നാണ്. അച്ഛൻ ഔദാൎയ്യഹീനമായ അഭിപ്രായത്തെ അനുക്രൂലിക്കുന്നവനാണെന്നുള്ള കാരണത്താൽ മാത്രം ഒരാളെ ഒഴിച്ചുനിൎത്തുന്നക്രൂട്ടത്തിൽ പെട്ടവനല്ല ഞാൻ. എന്നാൽ നേരെമറിച്ച്, അടുത്തമുറിയിൽ സന്നിഹിതരായിരിക്കുന്ന നമ്മുടെ ക്രൂട്ടത്തിൽ ഭൂരിഭാഗത്തിൻെറ തീൎച്ചക്കു വിപരീതമായി പ്രവൎത്തിക്കുന്നതു് ബുദ്ധിപൂൎവ്വമോ ഉദാരമോ ആയിരിക്കുമെന്നു ഞാൻ കരുതുന്നതുമില്ല.

പ്രഭു:- എന്നാൽ ഈ സംഗതി ഇപ്പോഴത്തെ നിലയിൽതന്നെ നില്ക്കട്ടെ. നമുക്കു നമ്മുടെ ചങ്ങാതിമാരുടെ സമീപത്തേയ്ക്കുപോകാം.

കരുണാകരൻ ഒരക്ഷരംവിടാതെ കേട്ടുകൊണ്ടിരുന്ന ഈ സംഭാഷണം ഇങ്ങിനെ അവസാനിച്ചു.

ആ സംഭാഷണത്തിൽ ഗാഢമായ ശ്രദ്ധയേ പതിപ്പി ച്ചുവെങ്കിലും, പ്രഭുവും കൂട്ടുകാരനും അടുത്ത മുറിയിലേയ്ക്കു കടന്നപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിനു ലഭിച്ച ഒരാശ്വാസം നിസ്സീമമായിരുന്നു. പ്രഭുകുമാരൻ തന്റെ ഗൂഢസങ്കേതത്തിൽനിന്നിറങ്ങി ആരുംകാണാതെ ഉദ്യാനത്തിൽ കടന്നു ശോഭനയുടെ അരികത്തണഞ്ഞു.

സ്വപിതാവിന്റേയും സ്നേഹിതന്മാരുടെയും രഹസ്യത്തിൽ തലയിടുവാനായി കാമുകനെ നിഗ്രഢം ഗൃഹത്തിൽ പ്രവേശിപ്പിച്ചതിൽ താൻ അനുഷ്ഠിച്ച കർമ്മത്തിന്റെ ഔചിത്യത്തെ സംബന്ധിച്ച്, ആ പെൺകിടാവ് ഏകാകിനിയായപ്പോൾ, ഗൌരവസമേതമായ ആലോചനയിൽ നിമഗ്നയായി. പ്രകൃത്യാ ബുദ്ധിയും ധർമ്മനിരതയും ആയിരുന്നു എങ്കിലും, സ്വകാമുകന്റെ നേരെയുള്ള പ്രേമം, തന്നെ അനവധി നിസ്സാരമായ വഞ്ചനകളിലേയ്ക്കു നയിച്ചിട്ടുള്ളതിനെ ഓർത്ത് അവൾ പശ്ചാത്താപമർദ്ദിതയായിത്തീർന്നു. അവൾ കരഞ്ഞു—അനുചിതവും ഉദാസീനവുമായി അവളുടെ ഹൃദയത്തിൽ തോന്നിയ ആ കർമ്മങ്ങളെ അവൾ ആവർത്തിച്ചു സ്മൃതിപഥത്തിൽ പ്രവേശിപ്പിച്ചു. ചുരുക്കിപറഞ്ഞാൽ അവൾ ഹൃദയവേദന നിമിത്തം വിറച്ചു; വിചാരം കൂടാതെയുള്ള തന്റെ ഈ പ്രവൃത്തികൾക്കു സമുചിതമായ ദണ്ഡനം ഉണ്ടാകുമെന്നുള്ള ചിന്തയാൽ ചകിതയായി ശോഭന ഇങ്ങിനെ വിളിച്ചുപറഞ്ഞു. "ഇതുകൊണ്ടു യാതൊരു ദോഷവും ഉണ്ടാകരുതേ ഈശ്വരാ."

എന്നാൽ കരുണാകരൻ തിരിച്ചുവന്നപ്പോൾ— ആരും കണ്ടുപിടിക്കാതെ തന്റെ ഇംഗിതം അദ്ദേഹം സാധിച്ചു എന്നു കണ്ടപ്പോൾ—അദ്ദേഹത്തിന്റെ പ്രണയപേശലമായ ഭാഷണത്തെ ശ്രവിച്ചപ്പോൾ— അവളുടെ കരപല്ലവം ആ തരുണന്റെ ഹസ്തതലത്തോടു ചേൎത്തമൎത്തപ്പെട്ടപ്പോൾ, അല്പം മുമ്പ് അവളുടെ ഹൃദയത്തെ ചഞ്ചലമാക്കി പീഡിപ്പിച്ച വികാരങ്ങളെല്ലാം വിസ്മൃതങ്ങളായി. താൻ അദ്ദേഹത്തോടൊന്നിച്ചുചേൎന്നു എന്നുള്ള ഏകവിചാരത്തിൽ അവളുടെ സകല സങ്കടങ്ങളും മജ്ജനംചെയ്തു. എന്നാൽ പിന്നെ, അധികനേരം അദ്ദേഹം അവളോടൊന്നിച്ചു നിന്നില്ല; തന്റെ പിതാവ് ഒരു മണിക്കൂറിനകം തന്റെ സമാഗമത്തെ പ്രതീക്ഷിക്കുന്നുണ്ടാവും എന്നദ്ദേഹം അവളെ ധരിപ്പിച്ചു. നേരം അസ്തമയത്തോടടുത്തിരുന്നു: അദ്ദേഹത്തിനു കടന്നുപോകേണ്ട മാൎഗ്ഗം ദീൎഘവുമായിരുന്നു. എങ്കിലും ശോഭനയുമായി പിരിയുന്നതിൽ അപ്പോഴത്തേപ്പോലുള്ള വേദന കരുണാകരൻ മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ല. ഇത്രയുംകഠിനമായ സന്താപം തന്റെ കാമുകനിൽ പ്രത്യക്ഷപ്പെട്ടുകാണുകയാൽ അതു തങ്ങളുടെ അവസാന സന്ദൎശനമായിരിക്കുമെന്നു ശങ്കിച്ച ആ പെൺകിടാവിന്റെ പ്രസന്നത മങ്ങി. അവൾ രാഗാവിഷ്ടയായി അദ്ദേഹത്തെ പരിരംഭണംചെയ്തുകൊണ്ടു തേങ്ങിതേങ്ങി കരഞ്ഞു. അദ്ദേഹം പെട്ടെന്നു തന്റെ കാതരഭാവത്തെ ത്യജിച്ചു; ആനന്ദസൂചകമായ മൃദുലവചസ്സുകളെ അദ്ദേഹം അവളുടെ ചെവിയിൽ പകൎന്നു. അടുത്തുതന്നെ അവർ തമ്മിൽ വീണ്ടും ഒരു സമാഗമം

ഉണ്ടാകുമെന്നും അപ്പോഠം അവരുടെ ആശകഠളെല്ലാം സഫലമായി ഭവിക്കുമെന്നും അത്ഥമാകുന്നവിധത്തിൽ അദ്ദേഹം പിന്നെയും അവളെ ധൈര്യപ്പെടുത്തി. നിരാശയുടെ കാഠിന്യത്തെ ദ്യോതിപ്പിക്കുമാറുള്ള ശക്തിയോടുകൂടി അദ്ദേഹം അവളെ ആലിംഗനംചെയ്തു. കാമുകനെ അവഠം പ്രാണനിർവിശേഷം പ്രണയിച്ചു എങ്കിലും ആലിംഗനത്തിൻെറ കാക്കശ്യം ആ പെൺകിടാവിനെ ഭയപ്പെടുത്തുകയാൽ അവഠം മെല്ലെ അതിൽനിന്നും വിമുക്തയായി നിലകൊണ്ടു. അദ്ദേഹമാകട്ടെ വേഗത്തിൽ കുതിരപ്പുറത്തു ചാടിക്കയറി അവിടെനിന്നും പാഞ്ഞുപോകയും ചെയ്തു.

ആ സായാഹ്നവേളയിൽ ഒന്നരമണിക്കൂർ കഴിഞ്ഞപ്പോഠം പാർത്ഥസദനത്തിലേ വീഥികളിൽക്കൂടി അതിവേഗത്തിൽ പാഞ്ഞുപോകുന്ന ഒരശ്വത്തിൻെറ ഖുരധ്വനിയേ തുടന്ന് മാത്താണ്ഡമന്ദിരത്തിലെ യുവപ്രഭു രാജമന്ദിരത്തിൻെറ പടിക്കൽ എത്തി. അദ്ദേഹം കുതിരപ്പുറത്തുനിന്നും താഴത്തുചാടി, രശ്മിസൂത്രത്തെ ഒരശ്വപാലകൻവശം ഏഠപ്പിച്ചശേഷം ശീഘ്രഗതിയിൽ സന്ദർശകരുടെ മുറിയിൽ കടന്നുചെന്ന് താൻവന്നു കാത്തുനില്ക്കുന്ന വിവരം മഹാരാജാവിനെ അറിയിക്കാൻ ഒരംഗരക്ഷകനോടാവശ്യപ്പെട്ടു. അദ്ദേഹം ഉദ്ദീപ്തമായ ഒരവസ്ഥയിലാണെന്നുകണ്ട അംഗരക്ഷകൻ, അതിനെന്തെങ്കിലും പ്രത്യേക കാരണമുണ്ടായിരിക്കും എന്നുദ്ദേശിച്ച് ശാന്തനായിരിക്കാൻ കുമാരനോടഭ്യർത്ഥിച്ചു.

"ശാന്തനോ, ഞാൻ ക്ഷോഭിച്ചിരിക്കയാണോ?" എന്നു കരുണാകരൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

അനന്തരം തൻെറ താൽക്കാലിക സ്ഥിതിയേ ഓത്തപ്പോഠം അംഗരക്ഷകൻെറ ചോദ്യം അനുചിതമല്ലെന്നു തോന്നുകയാൽ ഇങ്ങിനെ പറഞ്ഞു. "അതേ, ഞാൻ ശാന്തനായിരിക്കുന്നു."

അഞ്ചു നിമിഷങ്ങഠംക്കുള്ളിൽ കുമാരൻ മഹാരാജാവിൻെറ സന്നിധിയിൽ നയിക്കപ്പെട്ടു.

"നിങ്ങഠം കായ്യം സാധിച്ചുകൊണ്ടു വന്നിരിക്കുകയാണു്, അതേ ഞാൻ അതുകാണുന്നു." എന്നു് തമ്പുരാൻ അരുളിച്ചെയ്തു.

കരുണാ:- അടിയൻ, കായ്യം സാധിച്ചു

രാജാ:- ഇരിക്കുക അവരുടെ പേരുകളും വേറെ അവരെ സംബന്ധിച്ചു് നിങ്ങഠം കണ്ടുപിടിച്ചു വിശേഷങ്ങളും പറയൂ കേഠക്കട്ടേ. ഞാൻ കുറിച്ചെടുത്തുകൊള്ളാം.

ഈ വാക്കുകളോടുകൂടി തിരുമേനി പേന കയ്യിലെടുത്തു.

കരുണാ:- ആദ്യമായി "ഉപഗുപ്തസേനാനി" രണ്ടാമത്തേതു് "ജീവലൻ" മൂന്നാമത്തേതു് "ഹസ്തലേഖ"ത്തിലെ പ്രഭു നാലാമത്തേതു് "രുദ്രഭണ"പ്രഭു അഞ്ചാമതായി "ദമഘോഷ"പ്രഭു വേറെ മൂന്നുപേരുകൂടി ഉണ്ടായിരുന്നു—അവരുടെ പേരെനിക്കറിവില്ല.

രാജാ:- എന്നാൽ അവരുടെ ആകൃതി ഒന്നു വണ്ണിക്കുക.

ഈ മൂവരുടെയും ആകൃതി കരുണാകരൻ വിശദമായി വണ്ണിച്ചുകേഠപ്പിച്ചു.

രാജാ:- ഇനിവേറെ എന്തെല്ലാം വിശേഷങ്ങഠം പറയാനുണ്ടു്?

കരുണാ:- ഉപഗുപ്തസേനാനി ഒരു വലിയ എഴുത്തുകുത്തു രഹസ്യമായി നടത്തുന്നുണ്ടു്. ഇതല്ലാതെ മററൊന്നും കൂട്ടത്തലായി തിരുമനസ്സറിയിക്കാനില്ല.

രാജാ:- ഇത്രയും മതിയല്ലോ. രാജദ്രോഹികൾ, അവക്കു നല്ല ശിക്ഷ കൊടുക്കും. ഹാ ധവളകുമാരി മുമ്പൊരു ദിവസം രാത്രിയിൽ പ്രത്യക്ഷപ്പെട്ടതു വെറുതേയല്ല. എന്നാൽ ഞാൻ കരുതലോടുകൂടി പ്രവത്തിക്കും. ആ പഴയ ഗൂഢാലോചനക്കാരന്റെ എഴുത്തുകുത്തുകളെല്ലാം ആദ്യമായി കയ്യിലാക്കണം.

കരുണാ:-ഇനി അവിടത്തേയ്ക്കു് അടിയനെക്കൊണ്ടു യാതൊന്നും തൽക്കാലം സാധിക്കേണ്ടതില്ലല്ലോ?

രാജാ:- ഇല്ല, ഇല്ല—ഞാൻ കരാർ അനുസരിക്കുന്നുണ്ടു്. ഇനി സമ്മാനം. എന്നോടൊന്നിച്ചു ഇരിക്കത്തക്ക സൌകര്യത്തിനു് ഞാൻ നിങ്ങളെ എന്റെ അംഗരക്ഷകസേനയിലെ ഒരു ഉപനായകനായി നിയമിച്ചിരിക്കുന്നു. വാഗ്ദാനപ്രകാരമുള്ള രണ്ടാംസമ്മാനം ഇതാ വാങ്ങിക്കൊൾക.

ഇങ്ങിനെ അരുളിച്ചെയ്തുകൊണ്ടു് തിരുമേനി ഒരു പുസ്തകം കരുണാകരന്റെ കയ്യിൽ നിക്ഷേപിച്ചു. യുവപ്രഭു തിരുമുമ്പിൽനിന്നു പിരിഞ്ഞുപോയി നോക്കിയപ്പോൾ ഇരുപതിനായിരം രൂപയ്ക്കുള്ള ബാങ്ക് നോട്ടുകൾ അതിൽ അടങ്ങിയിരിക്കുന്നതായി കണ്ടു. എന്നാൽ തനിക്കു ലഭിച്ച സൈനികമായ പദവികൊണ്ടദ്ദേഹത്തിനു മനഃസുഖമുണ്ടായോ?—വീട്ടിലേയ്ക്കോടിപ്പോയി കല്പിച്ചുകൊടുത്ത ആ ഇരുപതിനായിരം രൂപാ അച്ഛനെ ഏല്പിച്ചപ്പോൾ അദ്ദേഹത്തിന്റെ

ഹൃദയം ദുഃഖഹീനമായിരുന്നുവോ? മനസ്സാക്ഷി അനുഭവിച്ച പശ്ചാത്താപത്തെ അദ്ദേഹം അമൎത്തുകയുണ്ടായോ? കൊട്ടാരത്തിലെ വിനോദങ്ങളിലും അളകാനിലയത്തിലെ പ്രഭ്വിയുമായുള്ള ഭാവിവിവാഹത്തിലും നിന്നുദ്ഭൂതമാകുന്ന ആനന്ദത്തിനിടയിൽ അദ്ദേഹം തന്റെ വഞ്ചനയേയും സുന്ദരിയായ ശോഭനയോടുള്ള പ്രണയത്തേയും വിസ്മരിക്കുവാൻ തയ്യാറാവുകയായിരുന്നോ? നമുക്കു കാണാം.

മൂന്നുദിവസം കഴിഞ്ഞു് രാജമന്ദിരത്തിൽ ഒരു ആഡംബരപൂർവമായ ഉത്സവം ആഘോഷിക്കപ്പെട്ടു. ഒരു സൈന്യപരിശോധനവും അതേത്തുടൎന്നു് അരമനയിൽവച്ചു് ഒരു വിരുന്നുസൽക്കാരവും. കരുണാകരൻ അരമനയിലേ ഒരുദ്യോഗസ്ഥൻ എന്ന നിലയിൽ, ഈ ആഘോഷത്തിനു ക്ഷണിക്കപ്പെട്ടു. ഉച്ചതിരിഞ്ഞു മൂന്നുമണിയോടുകൂടി വിരുന്നുതുടങ്ങി. നമ്മുടെ യുവപ്രഭു അളകാനിലയത്തിലെ സുന്ദരിയായ പ്രഭുകുമാരിയുടെ സമീപത്തു സ്ഥലംപിടിച്ചു. അദ്ദേഹം ഈയവസരത്തിൽ നിരാശനായിരുന്നു എന്നു പറവാൻ യാതൊരു കാരണവും കാണപ്പെട്ടില്ല. എന്തെന്നാൽ അദ്ദേഹത്തിന്റെ അപ്പോഴത്തെ പ്രവൃത്തം, രാജകീയസാന്നിധ്യത്താൽ വിധിക്കപ്പെട്ട ആചാരത്തിനു മാത്രം വിധേയമായ ഒരു സരണിയെ ആശ്രയിച്ചു പ്രവഹിച്ചുകൊണ്ടിരിക്കയായിരുന്നു. എങ്കിലും, ആ പ്രഭുകുമാരന്റെ ഈ ആനന്ദത്തിൽ അസ്വാഭാവികവും കൃത്രിമവുമായ എന്തോ ഒന്നു് ഉൾക്കൊണ്ടിരിക്കുന്നതായി നമ്മുടെ മോഹിനിയുടെ അന്തരംഗത്തിൽ അസ്പഷ്ടമായ ഒരു ശങ്ക അങ്കുരിച്ചു. ഈ ദുശ്ശങ്ക ക്രമപ്ര

വൃദ്ധമായിത്തുടങ്ങിയപ്പോഠം അവളുടെ ആശ്വാസത്തി നൊരു ഹേതു അപ്രതീക്ഷിതമായി അവിടെ സംഭ വിച്ചു. വിരുന്ന് വിരതമായി. രാജാവിൻെറ അനു വാദത്തോടുകൂടി ആ കൊട്ടാരത്തിലെ സകല വിശേ ഷങ്ങളും നടന്നുകണ്ടുകൊഠംവാൻ എല്ലാവരും എഴു ന്നേററു.

ക്ഷണനേരത്തിൽത്തന്നെ മാത്താണ്ഡമന്ദിരത്തിലെ യുവപ്രഭുവും മദാലസയുംകൂടി ഒരു ഗാനാട്ടകത്തിൽ അകപ്പെട്ടുപോയി. കരുണാകരൻ ഉത്സാഹഭരിതനാ യി കാണപ്പെട്ടു. വികാരഭരിതമായ ഭാഷയിൽ അ ദ്ദേഹം അവളെ പ്രശംസിച്ചു. അവളുടെ ഗണ്ഡമ ണ്ഡലം ശോണിമയാൽ സമാവൃതമായി. തൻെറ അ ടുത്തിരിക്കാൻ അവഠം അദ്ദേഹത്തോടഭ്യർത്ഥിച്ചു. അദ്ദേഹത്തിൻെറ ഭാവത്തിൽ ആദ്യമേതന്നെ താൻ ദർശിച്ച ആശങ്കയെ സംബന്ധിച്ചവഠം കുമാരനോടു ചോദ്യംചെയ്തു.

എന്നാൽ മണിനാദത്തിനുതുല്യമായ സ്വരത്തിൽ ആ മോഹനാംഗി ചില സാന്ത്വനവാക്കുകഠം അദ്ദേഹ ത്തോടു പറഞ്ഞപ്പോഠം, ഇടയ്ക്കു് അവഠം വിരമിച്ചു അവരുടെ രണ്ടുപേരുടെയും നേത്രങ്ങഠം അജ്ഞേയമായ ഒരു രൂപത്തിൽ പെട്ടെന്നു ലഗ്നമായി. ആ മുറിയുടെ ഒരററത്തു് തറയിൽനിന്നും ഘനംകുറഞ്ഞ ഒരു നീരാ വി മേലോട്ടേയ്ക്കുയരുന്നതു കാണപ്പെട്ടു. ആ യുവമി ഥുനം അങ്ങനെ അതു നോക്കി നിൽക്കവേതന്നെ അതു ക്രമേണ ഒരു സ്ത്രീരൂപമായി പരിണമിച്ചു.

"ധവളകുമാരി" എന്നു അടക്കാൻ കഴിയാത്ത ഭീ തിയോടുകൂടി കരുണാകരൻ നിലവിളിച്ചു. പ്രഭുതരു

ണിയാകട്ടെ ആ രൂപംഅതിവിശദമായിത്തീൎന്നപ്പോൾ വിറയ്ക്കുന്ന അവയവങ്ങളെസംയമനം ചെയ്‌വാൻ ശേഷിയില്ലാതെ പ്രഭുകുമാരനെ മുറുകെ പിടിച്ചുകൊണ്ടു നിലയായി.

# 7

## അച്ഛനും മകളും

**വെള്ള**ത്ത വസ്ത്രം ധരിച്ച്, അതിൻെറ ഒരു ഭാഗം ശിരസ്സിനെ ആവരണം ചെയ്ത ശേഷം ചാരുതകലൎന്നു കീഴോട്ടിറങ്ങി മററുവസ്ത്രങ്ങളുടെ മടക്കുകളിൽ അദൃശ്യമാകും വണ്ണം വിലയിച്ച രീതിയിൽ പ്രത്യക്ഷപ്പെട്ട ധവളകുമാരിയുടെ അപ്പോഴത്തെ മുഖഭാവം അത്യന്തം ദയനീയമായിരുന്നു. അവളുടെ ശിരസ്സ് പുരോഭാഗത്തേക്കു നതമായിരുന്നു.—എന്നാൽ അതു മ്ലാനമായ ഒരവസ്ഥയിലല്ല കാണപ്പെട്ടതു്. നേരെ മറിച്ച് ഒരു ശവകുടീരത്തെ വീക്ഷണം ചെയ്യുന്ന മട്ടിൽ വിരചിതമായ പ്രതിമയെപ്പോലെയായിരുന്നു. അവളുടെ മുഖം അതിമാത്രം ലാവണ്യതരംഗിതമായിരുന്നു—എന്നാൽ ശ്ലക്ഷ്ണശിലാതുല്യം വിളറിയതുമായിരുന്നു. അവളുടെ രൂപം വെറും മായാസദൃശവും ഛായാപ്രതിമവും ആയിരുന്നു എങ്കിലും കാണികൾക്കു മാംസരക്തങ്ങളുടെ ഒരു സങ്കരത്താൽ നിൎമ്മിക്കപ്പെട്ടതെന്നു തോന്നുമാറു് അതിലെ അവയവങ്ങൾ അത്രമാത്രം പരിഛി

ന്നങ്ങളായി സ്ഥിതിചെയ്തു. കബരീഭാരമാകട്ടേ വിളറി കാണപ്പെട്ടു. അതു പരന്നു നേർമ്മയില്ലാതെ ചെന്നിയിന്മേൽ വീണുകിടന്നിരുന്നു. വെള്ളപ്പട്ടിൻെറ അതിൎത്തിക്കപ്പുറം അതദൃശ്യമായും വൎത്തിച്ചു. കണ്ണുകൾ നീലിമകലൎന്നതും, മൃത്യുസദൃശമായ വീക്ഷണത്തോടുകൂടാത്തതുമായിരുന്നു. ആ വിശാലമായ കരിമിഴികളിൽ ശിലാപ്രകൃതിയായ പ്രേതനോട്ടങ്ങളൊന്നും കാണപ്പെട്ടില്ല. സജീവമായ ഒരു പ്രഭയാൽ തരംഗിതങ്ങളെന്നപോലെ അവ ദൃശ്യങ്ങളായി. എന്നാൽ ആ പ്രഭ മൃദുലവും നിയമിതവുമായിരുന്നതിനാൽ അതിൽ കളിയാടിക്കൊണ്ടിരുന്ന രസം ദയനീയമെന്നുതന്നെ പറയണം. അവളുടെ അധരോഷ്ഠങ്ങൾ വിവൎണ്ണമായ ഒരു പാടലച്ഛായയെ വഹിച്ചിരുന്നു—അവ ഛലനംകുറഞ്ഞു മനോഹരമാകുംവണ്ണം രൂപംപ്രാപിച്ച നിലയിൽ കാണപ്പെട്ടു. മുഖം അനവദ്യമായ രചനാസൌഷ്ഠവത്തോടെ വിളങ്ങി—അതിൻെറ പരിധിരേഖകൾ അതിലോലങ്ങളായിരുന്നു ഗണ്ഡമണ്ഡലങ്ങൾ അപുഷ്ടങ്ങളോ കണ്ണുകൾ പ്രേതസമാനം നിമ്നങ്ങളോ ആയിരുന്നില്ല. അതു ധവളകുമാരിതന്നെ എന്നുള്ള വസ്തുത മുമ്പുതന്നെ കേട്ട് അറിവുള്ള ആ യുവമിഥുനം അവൎണ്ണനീയമായ ഭീതിസംഭ്രമങ്ങൾക്കു വശംവദരായിത്തീൎന്നു. അല്പം മുമ്പ് പരിമളപേശലമായിരുന്ന അവിടത്തെ വായുമണ്ഡലം അസുഖകരമാകുംവണ്ണം ശൈത്യത്തെ കൈക്കൊണ്ടു. മദാലസ സംഭ്രമശിഥിലമായ അവയവങ്ങളോടുകൂടി പ്രഭുകുമാരനെ ഗാഢമായി അവലംബിച്ചുനിന്നതിൽ അത്ഭുതത്തിനവകാശമില്ലതന്നെ.

വാമഹസ്തത്തെ വക്ഷസ്ഥലത്തിൽ ചേൎത്തുകൊണ്ടു്, ധവളകുമാരി ദീനരസം തുളുമ്പുന്ന തന്റെ നേത്രങ്ങളെ ആ പ്രഭുമിഥുനത്തിൽ അൎപ്പിച്ചു. അവരുടെ ഹൃദയത്തെ ബാധിച്ച സംത്രാസം അഭൌമമായ ആ പ്രജയിൽനിന്നും തങ്ങളുടെ നേത്രങ്ങളെ പിൻവലിക്കാൻ പ്രേരിപ്പിച്ചു എങ്കിലും അവൎക്കതിനു ശക്തിയുണ്ടായില്ല. ആ അഭൌമാത്മാവു് ഇങ്ങനെ എത്രനേരത്തേയ്ക്കു തങ്ങളുടെ മുമ്പിൽനിന്നു എന്നു പറവാൻ പിന്നീടവൎക്കു കഴിഞ്ഞില്ല—ഭാവനയ്ക്കു് ചില നിമിഷങ്ങളെ യുഗങ്ങളായി പരിണമിപ്പിയ്ക്കുവാൻ കഴിഞ്ഞു. എന്നാൽ പരമാൎത്ഥത്തിൽ ആ അഭൌമമായ രംഗം ഒരു നിമിഷത്തിൽക്കൂടുതൽ നേരത്തേയ്ക്കു നിലനില്ക്കുകയുണ്ടായില്ല. ഒരു നിമിഷം—ഹാ! ഇത്രയും ക്ഷണികമായ ഒരു സമയം, ഈദൃശദർശനം മസ്തിഷ്കത്തെ തുരക്കുകയും ഹൃദയത്തെ വിറപ്പിക്കുകയും ചെയ്യുമ്പോൾ, അനേകന്തൂററാണ്ടുകളുടെ വ്യാപ്തിയേ ഉൾക്കൊള്ളുന്നു. ക്രമേണ ഈ പ്രേതഗൃഹത്തിലേ രൂപം വായുവിൽ ലയിച്ചു. അതു പരിപൂൎണ്ണമായി അന്തൎദ്ധാനം ചെയ്തപ്പോൾ ആ പ്രഭുതരുണി ഒരു മന്ദമായ നിശ്വാസത്തെ മോചിച്ചുകൊണ്ടു്—ബോധരഹിതയായി പ്രഭുകുമാരന്റെ കരങ്ങളിൽ പതിച്ചു.

ആ മുറിയിൽ വെള്ളമുണ്ടായിരുന്നു. അല്പസമയത്തിനുള്ളിൽ അദ്ദേഹം അവളെ പ്രജ്ഞാവതിയാക്കി. മദാലസയുടെ വിളറിയ മുഖത്തിൽ ഹിമസദൃശമായുള്ള ആ ബിന്ദുക്കളെ പ്രേക്ഷണം ചെയ്തുകൊണ്ടിരുന്നായവസരത്തിൽ ആരുംതന്നെ ആ മുറിയിൽ പ്രവേശിച്ചില്ല. അവൾ കണ്ണുതുറന്നപ്പോൾ, തന്റെ

പ്രഥമദർശനത്തേ സംബന്ധിച്ച ചിന്തതന്നെ അവ ളുടെ അന്തരംഗത്തേ അപഹരിച്ചിരിക്കയാൽ അവൾ ഒരു വിറയലോടുകൂടി ആ പ്രേതാത്മാവിനെ കണ്ട സ്ഥലത്തേയ്ക്കു നോക്കി. എന്നാൽ അതെത്രയോ മു മ്പവിടെനിന്നും മറഞ്ഞുപോയിരുന്നു. അവൾ അ പ്പോൾ ആ സ്ഥാനത്തൊന്നും കണ്ടില്ലെന്നുള്ളതു് അ വളുടെ ഹൃദയത്തിനു നിതരാം ആശ്വാസപ്രദമായിരു ന്നു. കരുണാകരൻ ചില സാന്ത്വനവചസ്സുകളേകൊ ണ്ടു് അവളെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അദ്ദേഹം അതിനു ശക്തനായില്ല. ആ വാക്കുകൾ അ ദ്ദേഹത്തിൻെറ കണ്ഠത്തിൽ തടഞ്ഞുവരണ്ടുപോയി.

"ദൈവമേ, അതു സത്യംതന്നെയോ? അതല്ല എൻെറ ഒരു വെറും സ്വപ്നമായിരുന്നോ. പ്ര ഭോ ഒന്നു പറയണേ." എന്നു് അപ്പോഴും വിറച്ചു കൊണ്ടിരുന്ന അംഗങ്ങളോടുകൂടി മദാലസ ചോദിച്ചു.

"അതു പരമാൎത്ഥംതന്നെയായിരുന്നു—ഒരു ഭയ ങ്കരമായ യാഥാൎത്ഥ്യം." എന്നു പ്രഭുകുമാരൻ മന്ദസ്വ രത്തിൽ മറുപടിപറഞ്ഞു.

മദാലസ:- ഓ! അതു് നമുക്കെന്തെങ്കിലും അമം ഗളത്തെ സൂചിപ്പിക്കുന്നതാണോ?

ഈ വാക്കുകളോടുകൂടി ആ സുന്ദരി തൻെറ മോ ഹനമായ ഭുജത്തെ കുമാരൻെറ ഹസ്തത്തിൽ അൎപ്പി ച്ചുകൊണ്ടു് സന്ത്രസ്തഗാത്രിയായി അദ്ദേഹത്തിൻെറ മുഖത്തേയ്ക്കു നോക്കി.

"ഇല്ല, ഇല്ല, അതു നമുക്കു യാതൊരമംഗളത്തെ യും സൂചിപ്പിക്കുന്നില്ല. അതു ഹേഹയവംശത്തിൽപെ

ട്ട രാജാക്കന്മാരുടെയും പ്രഭുക്കളുടെയും ഭാവിയായയഎന്തെങ്കിലും അഹിതത്തെ സൂചിപ്പിക്കുന്ന ഒന്നാത്രേ!—

"എന്നാലും നമ്മുടെ തന്നെ സൗഭാഗ്യത്തിനും എന്തോ മൗനം നേരിടുമെന്നുംകൂടി ഒരു ദുശ്ശങ്ക എന്റെ ഹൃദയത്തെ പീഡിപ്പിക്കുന്നു. അഹോ! പ്രഭോ അവിടുന്ന് പരിപൂർണ്ണമായ മനസ്സുഖം അനുഭവിക്കുന്നുണ്ടോ? ഭക്ഷണശാലയിൽവച്ച് അവിടുന്ന പ്രദർശിപ്പിച്ച ആ സന്തോഷം അത് യഥാർത്ഥമാണോ—അത് അവിടുത്തെ ഹൃദയമാകുന്ന ഉറവയിൽനിന്നു തുടവിച്ചതുതന്നെയായിരുന്നോ? അയ്യോ! എന്നോടു സത്യംപറയണേ—എന്തെന്നാൽ എനിക്കതിൽ അല്പം സംശയം തോന്നിയിട്ടുണ്ട്" എന്നു മദാലസ പറഞ്ഞു.

പ്രഭുകുമാരിയുടെ പ്രണയം, തന്റെ ഹൃദയരഹസ്യത്തെ അളക്കുവാൻ തക്കവണ്ണം അത്രമാത്രം ഗാഢമാണെന്ന് കരുണാകരൻ നിശ്ചയിച്ചു. അവളുടെ സംശയത്തെ അകററുവാൻ വേണ്ടി പ്രഭുകുമാരൻ പറഞ്ഞു.

"ഹാ! ഓമനേ, ഞാൻ ഭവതിയോടു പറയാം—എന്നാൽ അതൊരു വലിയ രഹസ്യമാണ്. കഴിഞ്ഞ ഒരു ദിവസം ധവളകുമാരി കൊട്ടാരത്തിനുള്ളിൽതന്നെ പ്രത്യക്ഷപ്പെട്ടു. അതൊ അവൾ തിരുമുമ്പിൽതന്നെ ദർശിക്കപ്പെട്ടു— തിരുമേനി ആ വിവരം എന്നോടുതന്നെ പറയുകയും ഉണ്ടായി. എന്നാൽ എന്റെ ഹൃദയത്തിൽ അതിനെപ്പററി ഒരു അസാധാരണ അഭിപ്രായമാണുണ്ടായത്—"

പ്രഭ്ലകുമാരി ഈ വിവരണത്താൽ സംതൃപ്തയായി പറഞ്ഞു.

"ഹാ. എന്നാൽ അത്ഭുതത്തിനവകാശമൊന്നും ഇല്ല. പക്ഷേ അതു ഭയങ്കരമാണെങ്കിലും അവിടുന്നൊന്നോടു സത്യംപറഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്. എന്തെന്നാൽ നമ്മുടെ സൌഭാഗ്യത്തിൽ അതിനെന്തെങ്കിലും ബന്ധമുണ്ടെന്നു് അവിടുത്തെ ഹൃദയത്തിൽ യാതൊരു ശങ്കയും ഉദിച്ചിട്ടില്ലെന്നുതന്നെ ഞാൻ കരുതുന്നു."

"ഓ! അതൊന്നുമില്ല." എന്നു പറഞ്ഞുകൊണ്ടു കരുണാകരൻ അവളെ പിടിച്ചു മാറോടണച്ചു.

ധവളകുമാരി· രാജാവിൻെറ മുമ്പിൽ പ്രത്യക്ഷമായ ആ സംഭവം ഒരു രഹസ്യമായി വച്ചുകൊള്ളണമെന്നു് അന്നു കല്പിച്ചതിനാൽ ഈ വിവരവും രഹസ്യമായിത്തന്നെ സൂക്ഷിച്ചുകൊള്ളുവാൻ അവർ അന്യോന്യം ആലോചനകഴിഞ്ഞു തീർച്ചപ്പെടുത്തി. വാസ്തവത്തിൽ ആ വിഷയത്തെക്കുറിച്ചു യാതൊന്നും വെളിക്കു മിണ്ടുവാൻ അവരം ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടതിനെ സംബന്ധിച്ച് മൌനം അവലംബിക്കാൻ അവളെ പ്രേരിപ്പിക്കുന്നതിനു അദ്ദേഹം പണിപ്പെടേണ്ടയാവശ്യമേയുണ്ടായില്ല.

ഉപഗുപ്തസേനാനിയുടെ വസതിയ്ക്കരികെ എവിടെയെങ്കിലും കരുണാകരൻ സന്നിഹിതനായിട്ട് രണ്ടാഴ്ചവട്ടം കഴിഞ്ഞു. ഈ വിധം തുടർച്ചയായുള്ള അഭാവത്താൽ ശോഭന സീമാതീതമായ കദനജലധിയിൽ മുഴകി. അദ്ദേഹം അവളുടെ നേരെ വിശ്വാ

സത്തെ പരിപാലിക്കുന്നവനല്ലെന്ന് ഒരു നിമിഷനേരം പോലും അവൾ ശങ്കിക്കയുണ്ടായില്ല. തന്റെ നിഷ്കളങ്കമനസ്ഥിതിയെ വച്ചു നോക്കിയപ്പോൾ അദ്ദേഹം സ്ഥിരചിത്തനും വ്യാജഹീനനുമാണെന്നു തന്നെ അവൾക്കു തോന്നി. എന്നാൽ അദ്ദേഹത്തിനു വല്ല സുഖക്കേടുമാണോ എന്ന് ആ പെൺകിടാവു ഭയപ്പെട്ടു. അതു നിശ്ചയപ്പെടുത്തുവാൻ അവൾ ഉപായമൊന്നും കണ്ടില്ല അദ്ദേഹത്തിനൊരെഴുത്തയയ്ക്കാമെന്നു ചിന്തിച്ചപ്പോൾ അത് അദ്ദേഹത്തിന്റെ പിതാവായ പ്രഭുവിന്റെ കൈയ്യിൽ അകപ്പെട്ടുപോയെങ്കിലോ എന്ന് ആ കുമാരി ഭയപ്പെട്ടു. നിത്യവും അവൾ നിശ്ചിതസമയത്ത് ഉദ്യാനത്തിലുള്ള ആ പ്രവേശനദ്വാരത്തിൽ കാത്തുനിന്നിട്ടു ഒടുവിൽ നിരാശയായി മടങ്ങിപ്പോകും. കരുണാകരൻ വരികയുണ്ടായില്ല. അവളുടെ ഗണ്ഡമണ്ഡലം നാൾ ചെല്ലുന്തോറും വിളർത്തു തുടങ്ങി, അവളുടെ രൂപമാകട്ടെ ആശാഭംഗത്താൽ മെലിഞ്ഞു കാണപ്പെട്ടു. അവളുടെ ദേവാംഗനാസദൃശമായുള്ള ആ മോഹനാകാരം ഉദ്യാനകവാടത്തിലേക്കു നീങ്ങുമ്പോൾ എത്രമാത്രം സശ്രദ്ധമായിട്ടാണ് ആ മാൻകണ്ണുകൾ ഇടവഴിയിലേക്കു ലഗ്നമായിത്തീരുന്നതു് ആ പ്രതീക്ഷകളെല്ലാം ഭഗ്നങ്ങളാകുമ്പോൾ "അദ്ദേഹം ഇന്നുവരികയില്ല" എന്നു മന്ദമായി പറഞ്ഞുകൊണ്ടു എത്രമാത്രം ഹൃദയവേദനയോടു കൂടിയായിരുന്നു അവൾ ഓരോ തവണയും പിൻതിരിഞ്ഞുപോകുന്നതു്.

സ്വപുത്രിയിൽ ഉളവായ ഈ വ്യത്യാസത്തെ സേനാനി അത്ര ശ്രദ്ധിച്ചില്ല. എന്തെന്നാൽ അദ്ദേ

ഹം തൻെറ രഹസ്യകർമ്മത്തിൽ അത്രമാത്രം മുഴുകി പോയിരുന്നു. അതല്ല അവളിൽ ഒരു ഭേദം ഉളവായിട്ടുണ്ടെന്ന് വല്ലപ്പോഴും ഒരു സംശയം അദ്ദേഹത്തിൻെറ ഹൃദയത്തിൽ അങ്കുരിച്ചിട്ടുണ്ടെങ്കിൽ അതു് തൻെറ കർമ്മപദ്ധതിയിൽ അവൾക്കു തോന്നിയിട്ടുള്ള ശങ്കയുടെ ഫലമെന്ന് ആ യോദ്ധാവ് വ്യാഖ്യാനിച്ചു. അതിനെ സംബന്ധിച്ചവളിൽ നിന്നും ഒരു ചോദ്യത്തിനിടകൊടുക്കരുതെന്നുദ്ദേശിച്ച് ആ വിഷയത്തെസ്പർശിക്കുന്നതിനുപോലും അദ്ദേഹം ധൈര്യപ്പെട്ടില്ല.

ഒടുവിൽ ഒരാഴ്ചവട്ടം കഴിഞ്ഞൊരുദിവസം കാലത്തു തൻെറ കൂട്ടുകാരുമായുള്ള കൂടിക്കാഴ്ചകഴിഞ്ഞശേഷം കാലത്തെ ഭക്ഷണത്തിനിരുന്നപ്പോൾ ഉപഗുപ്ത സേനാനി ആകസ്മികമായി ഇങ്ങിനെ പറഞ്ഞു, "മകളേ ശോഭനേ, മോഷ്ടിക്കപ്പെട്ട എൻെറ കുതിരയുടെ സംഗതിയിൽ ഇത്രമാത്രം നിഷ്കളങ്കമായി എന്നോടു പെരുമാറിയ ആ യുവപ്രഭുവിനെ നീ മറന്നിരിക്കയില്ലല്ലോ: അദ്ദേഹം പിന്നീടു വളരെതവണ നമ്മെ സന്ദർശിക്കുകയുംചെയ്തു"

ശോഭന, അദ്ദേഹത്തെ മറക്കുകയോ? മാർത്താണ്ഡമന്ദിരത്തിലെ പ്രഭുകുമാരൻെറ കാര്യത്തിൽ ശോഭനയുടെ സ്മൃതി അഭംഗുരമായി ഉറച്ചിരുന്നു. അദ്ദേഹത്തെ വിസ്മരിക്കുക അസാദ്ധ്യം! അദ്ദേഹത്തിൻെറ വിഗ്രഹം പകൽസമയത്ത് അവളുടെ ഹൃദയത്തിൽ നൃത്തംചെയ്തുകൊണ്ടിരുന്നു. രാത്രിയിലാകട്ടെ നിദ്രപോലും അവളെ ഉപേക്ഷിച്ചുപോകുമ്പോൾ ആ പ്രതിമ അവളുടെ അരികിലെത്തും—അവളുടെ ഹൃസ്വവും ചപലവുമായ മയക്കങ്ങളെ ആക്രമിച്ച സ്വപ്ന

ങ്ങളിൽ അതു് തന്റെ സത്തയെ പ്രകാശിപ്പിക്കും. ആ പെൺകിടാവിന്റെ സ്വന്തം ആത്മാവിനെ ബന്ധിച്ച ബീജങ്ങളോടുകൂടിത്തന്നെ അതു് ഇഴചേൎത്തു നെയ്യപ്പെട്ടിരുന്നു.

ശോഭനയുടെ ഭാഗ്യംകൊണ്ടു്, അവളുടെ പിതാവു് ഈ ചോദ്യംചെയ്തപ്പോൾ, അദ്ദേഹം അവളിൽ ദത്തദൃഷ്ടിയായിരുന്നില്ല. അദ്ദേഹത്തിന്റെ കണ്ണുകളാകട്ടേ അപ്പോൾ അദ്ദേഹം വായിക്കാൻ എടുത്ത ഒരുവൎത്തമാനപ്പത്രത്തിൽ പതിഞ്ഞുപോയിരുന്നു. ഒരു നിമിഷനേരത്തേക്കു് ശോഭനയുടെ ഗണ്ഡസ്ഥലത്തിൽ ശോണിതം തള്ളിക്കയറി: അനന്തരം അതിനെ മൃത്യുസമാനം വിവൎണ്ണമാക്കിയിട്ടു് ആ ശോണിതഛായ മറകയുംചെയ്തു. അതിനെത്തുടൎന്നു് തന്റെ കാമുകനേസംബന്ധിച്ചു് എന്തോ താൻ കേൾപ്പാൻ പോകുന്നുഎന്നുള്ള വിചാരത്താൽ അവൾ കടുതായി ഒന്നു വിറച്ചു. പക്ഷേ അദ്ദേഹത്തിന്റെ മരണത്തെ സംബന്ധിച്ചായിരിക്കാം അതു്. ഈശ്വരാ! അങ്ങിനെയാണെങ്കിൽ, അവളുടെ അധരത്തെ ഭേദിച്ചു പുറപ്പെടുവാൻ തുടങ്ങിയ അത്യുച്ചമായ ആക്രന്ദനത്തേ പിൻവലിയ്ക്കാൻ യാതൊന്നും തന്നെ ശക്തമായില്ല. അങ്ങിനെ പാദംമുതൽ മേലോട്ടുള്ള സൎവ അവയവങ്ങളും താന്തങ്ങളായി ഭവിച്ചുവെങ്കിലും, അസ്വാഭാവികമായ സ്വരശാന്തതയോടുകൂടി അവൾ ഇങ്ങിനെ പറഞ്ഞു.

"ഇല്ലച്ഛാ, ഞാൻ അദ്ദേഹത്തെ മറന്നിട്ടില്ല."

വൎത്തമാനപ്പത്രത്തിൽനിന്നു കണ്ണെടുക്കാതെ തന്നെ ഉപഗുപ്തൻ വീണ്ടും ഇങ്ങനെ ചോദിച്ചു.

"ആ തരുണൻ ഒന്നുകിൽ കൈക്കൂലിക്കു വശംവദനാവുകയോ അല്ലെങ്കിൽ നമ്മുടെ മുമ്പിൽവച്ച് അയാൾ പ്രദർശിപ്പിച്ച ആ ഉദാരമായ മനോഭാവം വ്യാജമോ ആയിരിക്കണം എന്നുള്ള വസ്തുതയിൽ നീ വിശ്വസിക്കുന്നുണ്ടോ മകളേ.

ആ പെൺകിടാവ് അവർണ്ണനീയമാകുംവണ്ണം ആശ്വാസത്തെ പ്രാപിച്ചു. കരുണാകരൻ ഏതായാലും മരിച്ചിട്ടില്ലെന്നവൾക്കുറപ്പുവന്നു. എന്നാൽ അടുത്തക്ഷണത്തിൽതന്നെ പെട്ടെന്നുണ്ടായ ഒരു ഹിമപാതംപോലെ ഒരു തോന്നൽ അവളുടെ ഹൃദയത്തെ ദണ്ഡിപ്പിച്ചു. എന്തെന്നാൽ അവളുടെ അച്ഛൻെറ വാക്കുകൾ പ്രഭുകുമാരൻെറ എന്തൊ ഒരു വഞ്ചനയെ സൂചിപ്പിക്കുന്നതായി ശോഭനയുടെ മനസ്സു പറഞ്ഞു. രാഷ്ട്രീയമായ അഭിപ്രായത്തിൽ അദ്ദേഹം ഒരു വിശ്വാസഘാതകനായിത്തീർന്നിരുന്നുവെങ്കിൽ ആ യുവാവിനെ അവളിൽനിന്നകലെയാക്കുന്ന ആ ജലപരപ്പിൻെറ വിസ്താരം എത്രമാത്രം ഭീമമായി ഭവിച്ചിരിക്കണം

സേനാനി തുടൎന്നു പറഞ്ഞു.

"അതേ, മാർത്താണ്ഡമന്ദിരത്തിലെ യുവപ്രഭു ഇക്കാലമെല്ലാം നെറിയില്ലാത്ത ഒരു ജീവിതത്തെ നയിച്ചവനാണെന്നത്രേ എൻെറ ഭയം. അദ്ദേഹം രാജകീയാംഗരക്ഷകസേനയിൽ ഉദ്യോഗം സ്വീകരിച്ചു. അദ്ദേഹം എപ്പോഴും കൊട്ടാരത്തിലെ കാര്യങ്ങളന്വേഷിച്ചു രാജസേവകനായി കൂടിയിരിക്കയാണു്."

ശോഭനയുടെ ഹൃദയത്തിൽ ആശയങ്കുരിച്ചു.—അവൾ അധികതാല്പയ്യത്തോടെ അതിനെപ്പററി പറവാനും ചിന്തിച്ചു.—എന്നാൽ ഈ ആവേഗത്തെ മിക്കവാറും അത്ഭുതകരമായ ഒരു ശക്തിയോടുകൂടി സംയമനംചെയ്തുകൊണ്ട് അവൾ മുമ്പത്തെപ്പോലെ പ്രശാന്തമായ സ്വരത്തിൽ പറഞ്ഞു.

"അച്ഛാ, തൻെറ രാഷ്ട്രീയാഭിപ്രായത്തെ വിററുതിന്നാതെതന്നെ ഒരു യുവാവിന്ന് അഭിമാനകരമായ ഒരു സേവനത്തെ സ്വീകരിക്കാം."

"മകളെ മനുഷ്യസ്വഭാവത്തിൻെറ നിബന്ധനത്തിൽ എത്രയും സുലഭമായി കലൻചേരുന്ന അഹംകാരം, സ്വാർത്ഥരതി, ആത്മപ്രചോദിതമായ ധനതൃഷ്ണ എന്നീ ദുർഗ്ഗുണങ്ങളെ പററി നീ തുലോം അജ്ഞയാകുന്നു. തൻെറ നയത്തോടു സക്തികലൎന്നവരും അതിനെ മുറുകെപിടിക്കുവാൻ സന്നദ്ധന്മാരുമായവരാൽ മാത്രമാണു രാജാവു് സേവിക്കപ്പെട്ടിരിക്കുന്നതു്. അതിനാൽ രാജകീയാഭിരുചിയ്ക്കു വിപരീതമായി നില്ക്കുന്ന ഒരുവനും രാജകരത്തിൽനിന്നും ഒരനുഗ്രഹത്തെ അഭിലഷിക്കയുമില്ല. ഇതുകൂടാതെ അളകാനിലയത്തിലെ പ്രഭ്വി പാരസികരാജാക്കന്മാരുടെ സ്വേഛാപ്രഭുത്വത്തെ ഏറിയകാലമായി താലോലിക്കുന്ന ഒരു കുടുംബത്തിലേ സന്താനമാകുന്നു. ഒരു സേനാനായകനായിരുന്ന അവളുടെ പിതാവു് കുറെ വർഷങ്ങൾക്കുമുമ്പു് ജനങ്ങൾക്കെതിരായി നിന്നു യുദ്ധം ചെയ്തു കാലധമ്മത്തെ പ്രാപിച്ചവനുമാണു്. ആ യുദ്ധത്തിൽ എൻെറ ഖഡ്ഗം

പ്രയോഗിക്കുക നിന്ദ്യമെന്നു കരുതി ഞാൻ അടങ്ങിപ്പാർത്തു." എന്നു് ഉപഗുപ്തസേനാനി പറഞ്ഞു.

ശോഭന:- അച്ഛാ, അളകാനിലയത്തിലെ പ്രഭ്വിക്കു് മാർത്താണ്ഡമന്ദിരത്തിലെ യുവപ്രഭുവുമായി ബന്ധം എന്തു്?

ഈ ചോദ്യം ചെയ്തപ്പോൾ ദുശ്ശങ്കാവിഷ്ടമായ ശോഭനയുടെ ഹൃദയം ത്രസിച്ചു. അവളുടെ കോമളകളേബരം സ്വിന്നമായി.

"ഓ ഞാൻ അതു നിന്നോടു പറഞ്ഞു എന്നാണു വിചാരിച്ചതു്. കരുണാകരൻ അളകാനിലയത്തിലെ പ്രഭ്വിയെ വിവാഹംചെയ്വാൻ നിശ്ചയിച്ചിരിക്കുന്നു എന്നൊരു കിംവദന്തിയുണ്ടു്." എന്നു പിതാവു പറഞ്ഞു.

## 8

### പശ്ചാത്താപം

ശോഭനയുടെ അധരത്തിൽനിന്നും ഒരക്ഷരം പുറത്തുവന്നില്ല ഒരു രോദനമോ അദ്ഭുതസൂചകമായ വ്യാക്ഷേപകസ്വരമോ പുറപ്പെട്ടില്ല, അവളുടെ മുലത്തടംപോലും ഒരു ദീർഘനിശ്വാസത്താൽ ഇളകിയതുമില്ല. അവൾക്കു ബോധക്കേടുണ്ടായില്ല. യാതൊരു സംഭ്രമവും അവളെ ബാധിച്ചതുമില്ല. അവളുടെ

പിതാവ് അവളെ നോക്കാഞ്ഞതിനാൽ വിഷലിപ്തങ്ങളായ അനവധി ശരങ്ങളെ അദ്ദേഹം തന്നത്താൻ അറിയാതെ അവളുടെ ഹൃദയത്തിൽ കുത്തിയിറക്കുന്നു എന്നുള്ള വസ്തുത അദ്ദേഹം അറിഞ്ഞതുമില്ല. എന്നാൻ അദ്ദേഹം അവളെ ഒന്നു നോക്കിയിരുന്നുവെങ്കിൽ അവൾ ശ്ളക്ഷ്ണശിലപോലെ വിളറിയിരിക്കുന്നതു കാണുമായിരുന്നു. അവളുടെ അംഗങ്ങളും മുഖഭാവവും കർക്കശമായി പരിണമിച്ചു-ചുരുക്കിപ്പറഞ്ഞാൽ അവളുടെ ആകെയുള്ള പ്രകൃതിതന്നെ ശൂന്യമായി ചൈതന്യഹീനമായി സ്തംഭംപ്രാപിച്ചതായ ഒരവസ്ഥയിൽ എത്തിയിരുന്നു

സ്വപുത്രിയുടെ സമക്ഷം അദ്ദേഹം അതുവരെ ശുഷ്കാന്തിയോടെ മറച്ചുവച്ച ഒരു വിഷയത്തെ അധികരിച്ച് ഉപഗുപ്തൻ തുടൎന്നു പറഞ്ഞു. "ആ യുവപ്രഭു നമ്മുടെ ഗൃഹത്തെ സന്ദർശിച്ചുകൊണ്ടിരുന്ന ആ കാലത്ത് അയാളുടെ ഹൃദയത്തിൽ ശങ്ക ജനിപ്പിക്കത്തക്ക ഒരു കാൎയ്യത്തിൽ ഞാൻ നിമഗ്നനാകാഞ്ഞതു ഭാഗ്യമായിപ്പോയി. ഞാൻ ആളുകളേ കർക്കശമായി വിമർശിക്കുന്നതിൽ വിമുഖനാണ്. എന്നാൽ കരുണാകരനെക്കുറിച്ച് ഇപ്പോൾ ഞാൻ പറഞ്ഞതെല്ലാം ഇന്നലെരാത്രിയിൽ ഞാൻ കേട്ടതാകയാൽ അയാളുടെ ഇവിടത്തെ സന്ദർശനത്തെ സംബന്ധിച്ച് എൻെറ ഹൃദയത്തിൽ ചില ദുശ്ശങ്കകൾ അങ്കുരിച്ചിരിക്കുന്നു. എങ്ങിനെയായാലും അയാൾ ഒരു ചാരനായിട്ടാണു വന്നതെങ്കിൽ—"

ശോഭന:- ചാരനോ, അച്ഛാ. (ഒരു ഭയങ്കരമായ മുറവിളിയോടുകൂടി തൻെറ ഇരിപ്പിടത്തിൽനിന്നും

ചാടിയെഴുന്നേററിട്ട്) അല്ലല്ലാ, അതുണ്ടാവുന്നതല്ല. ആ ഭീകരമായ വാക്കിനെ ഇനി ഉച്ചരിക്കരുതേ,—നീചമായ ആശങ്കയേ ഉപേക്ഷിക്കേണമേ.

ഉപഗു:- ഈശ്വരാ! എന്താണീ ക്ഷോഭത്തിന്റെ അൎത്ഥം? എന്നു പെട്ടെന്നു തന്റെ മകളുടെനേരെ തിരിഞ്ഞുനോക്കികൊണ്ടു് ഉപഗുപ്തൻ ചോദിച്ചു.

"അച്ഛാ! അച്ഛാ!—ഞാൻ അവിടത്തെ വഞ്ചിച്ചു —ഞാൻ ഒരു രഹസ്യത്തേ അച്ഛനിൽനിന്നും മറച്ചുവച്ചിരിക്കയാണു്. ഈശ്വരാ, ഇനി ആ രഹസ്യത്തെ മറയ്ക്കേണ്ടയാവശ്യമില്ല." എന്നിത്രയും പറഞ്ഞിട്ടു് ആ പെൺകിടാവു തന്റെ കരങ്ങളെകൊണ്ടു നെററിത്തടത്തെ അമൎത്തിയശേഷം ബോധരഹിതയായി കസാലയിൽത്തന്നെ പതിച്ചു.

"ഹതഭാഗ്യയായ പെൺകിടാവേ, നീയെന്താണു പറയുന്നതു്?"

ഭീകരമായ ഒരു ശങ്ക ഹൃദയത്തിലങ്കുരിക്കയാൽ ആ സേനാനി ഈവിധം ചോദിച്ചു: എന്നിട്ടു് അടുത്തുചെന്നു് അവളുടെ അരക്കെട്ടിനു പിടികൂടി അവളെ പൊക്കിയെടുത്തുകൊണ്ടു് ദുസ്സഹമായ ക്രോധത്തോടുകൂടി മകളെ തുറിച്ചുനോക്കി.

"അച്ഛാ, ഞാൻ, പ്രഭുകുമാരനായ കരുണാകരനിൽ എന്റെ പ്രണയത്തേ അൎപ്പിച്ചു. അദ്ദേഹവും എന്നിൽ പ്രേമബദ്ധനാണെന്നു സത്യംചെയ്തു." എന്നു് ശോഭന പറഞ്ഞു.

രോഷത്താൽ മുഖം ചുവത്തികൊണ്ടു് ഉപഗുപ്തൻ പ്രതിവചിച്ചു.

"എന്നോടതു പറയാതെ, എൻെറ പുത്രിയുടെ കാരണത്താൽ ഞാൻ അപമാനിതനായി എന്ന് എൻെറ നേരെ നോക്കി പറയാതെ നിന്നെ ഞാൻ കൊല്ലുന്നുണ്ട്."

അത്ഭുതം, ശങ്ക എന്നീ രസങ്ങൾ ഇടകലൎന്ന ഒരു ഭാവത്തിൽ ഒരു നിമിഷനേരത്തേയ്ക്കു് ആ പെൺകിടാവു് സ്വപിതാവിൻെറ നേരെനോക്കി. അവളുടെ ആത്മാവിൻെറ സ്വാഭാവികമായ ശുദ്ധത, അദ്ദേഹത്തിൻെറ വാക്കുകളുടെ സാരത്തെ ഉടൻ മനസ്സിലാക്കാൻ അവളെ അസമൎത്ഥയാക്കിത്തീൎക്കുവാൻ തക്കവണ്ണം ഒരു പ്രതിബന്ധം ഉണ്ടാക്കി. എന്നാൽ അടുത്ത നിമിഷത്തിൽ അതവളുടെ ബുദ്ധിയിൽ പ്രകാശിച്ചു; ഗണ്ഡസ്ഥലത്തിൽ പ്രസരിച്ച ശോണിമയോടുകൂടി അവൾ പറഞ്ഞു.

"ഇല്ലച്ഛാ ഇല്ല. അവിടത്തെ പുത്രിയേപ്പററി അവിടുന്നു ലജ്ജിക്കേണ്ടതില്ല."

"ഈശ്വരാ! വലിയ ആശ്വാസം! എന്നാൽ മകളെ ഈയിടക്കു നീ അയാളെ കാണുകയുണ്ടായോ? അയാൾ അയൽപക്കത്തെവിടെയോ വന്നിരുന്നതായി ഞാൻ കേട്ടു." എന്നു സേനാനി പറഞ്ഞു.

"അതെ, അച്ഛാ—ഞാനെല്ലാം സമ്മതിക്കാം. ഞങ്ങൾ ഒളിവിൽ സന്ദൎശിക്കുകയുണ്ടായി. ഞങ്ങൾ ഈ വിധത്തിൽ കൂടക്കൂടെ കണ്ടുമുട്ടാറുമുണ്ട്." എന്നു ശോഭന പറഞ്ഞു.

സേനാനി:- ശോഭനേ! ഇങ്ങനെയെല്ലാം നടന്നോ? എന്നാൽ പറയൂ—

"ഞാൻ ഒന്നും മറയ്ക്കുകയില്ലപ്പാ. ദയവുചെയ്തു എനിക്കു മാപ്പുതരണേ." ഈ വാക്കുകളുച്ചരിച്ചുകൊണ്ടവൾ തൊഴുകയ്യോടുകൂടി പിതാവിൻെറ പാദങ്ങളിൽ പതിച്ചു.

"പറയൂ, എന്നോടു പറയൂ. എന്നെ സന്ദർശിക്കാറുള്ള ആ സ്നേഹിതന്മാരെയും ഞാൻ അയക്കാറുള്ളതും കയ്യററാറുള്ളതുമായ എഴുത്തുകളേയും പററി നീ എപ്പോഴെങ്കിലും അയാളോടു പറഞ്ഞിട്ടുണ്ടോ?" എന്നദ്ദേഹം കഠിനസ്വരത്തിൽ ചോദ്യം ചെയ്തു.

സർവവിധ്വംസകമായി ഭയങ്കരമായുള്ള ഒരു ചുഴലിക്കാററിൻെറ ശക്തിയോടുകൂടിയ സംത്രാസത്തെ ഉളവാക്കുന്ന ഒരു ശങ്ക ശോഭനയുടെ മസ്തിഷ്ക്കത്തിൽകൂടി കടന്നുപോയി. വീണ്ടും ഒരു മഹാരോദനം അവളുടെ അധരോഷ്ഠങ്ങളെ ഭേദിച്ചു പുറപ്പെട്ടു. സ്വപിതാവിൻെറ പാദങ്ങളിൽ പതിച്ചുകൊണ്ടവൾ നിലയില്ലാത്ത യാതനയോടുകൂടി പറഞ്ഞു.

"അതേ, അപ്പാ—കൊല്ലുക എന്നെ കൊല്ലുക. എന്തെന്നാൽ അവിടത്തേക്കു് എന്തെങ്കിലും ആപത്തു നേരിടുന്നപക്ഷം അതു് അവിടത്തെ മന്ദഭാഗ്യയായ പുത്രി മൂലമായിരിക്കും."

"എന്നാൽ ഞാൻ നശിച്ചു!" എന്നു് ആ സേനാനി വിളിച്ചുപറഞ്ഞു: അനന്തരം അദ്ദേഹം ശാന്തനായി ധീരനായി വിധിക്കു കീഴടങ്ങുന്ന ഒരുവൻെറ ഭാവത്തിൽ കരങ്ങളെ മാറോടുചേർത്തു ബന്ധിച്ചു. എന്നിട്ടു് ഇങ്ങനെ വീണ്ടും പറഞ്ഞു.

"എഴുന്നേല്ക്കു ശോഭനേ, ഞാൻ നിന്നോടാജ്ഞാപിക്കുന്നു. എഴുന്നേല്ക്കു! പാവം! എൻെറ മകളെ നീ

എന്തുതന്നെ ചെയ്തിരുന്നാലും ഞാൻ നിനക്കു മാപ്പു തരുന്നു."

"അയ്യോ! അച്ഛാ ഞാൻ അവിടത്തെ മഷ്ണത്തിനു ഞാൻ ഒരിക്കലും അർഹതയുള്ളവളല്ല. എന്റെ തലതിരിയുന്നു—എന്നാൽ ഞാൻ പൂർണ്ണമായി ബോധത്തെ ഉപേക്ഷിയ്ക്കുംമുമ്പേ എനിക്കു പറവാനുള്ളതു കേൾക്കണേ; അതുകഴിഞ്ഞു സമയമുണ്ടെങ്കിൽ അവിടത്തേയ്ക്കു രക്ഷനേടാമല്ലോ." എന്നു ശോഭന പറഞ്ഞു.

"പറയൂ, പറയൂ ശോഭനേ!—ഈശ്വരനെ വിചാരിച്ചു നീ ശാന്തയായിരിയ്ക്കു. എന്റെ ഓമനേ നീ ഇത്രമാത്രം ഭഗ്നാശയായി സംസാരിക്കാതെ" ഈ വാക്കുകളോടുകൂടി മകളെ പിടിച്ചണച്ചപ്പോൾ വൃദ്ധന്റെ കണ്ണുകളിൽനിന്നും അശ്രുകണങ്ങൾ തെരുതെരെ പൊഴിഞ്ഞു.

"ഹാ അച്ഛന്റെ ഈ വാത്സല്യത്തിനു ഞാൻ അർഹതയുള്ളവളല്ല! ഇപ്പോൾ എനിക്കെല്ലാം മനസ്സിലാകുന്നു, അതെ-അതെ- അയാൾ ഒരു വഞ്ചകനത്രെ—അയാൾ ഇവിടെവന്നതു് ഒരു ചാരനായിത്തന്നെയാണെന്നുള്ളതിനും സംശയമില്ല. അഹോ! ഇതു മഹാഭയാനകംതന്നെ." എന്നു് ആ കന്യക പറഞ്ഞു.

"അല്പംമുമ്പു നീ വളരെ ശാന്തയായി സംഭാഷണം ചെയ്തുവല്ലോ മകളേ. അതുപോലെ ഇനിയുംമനസ്സിനെ ശാന്തമാക്കുവാൻ അച്ഛൻ അർത്ഥിക്കുന്നു. നമുക്കിപ്പോൾ പററിയ അപകടത്തിന്റെ പരിധി എത്രയെന്നു ഞാ

നറിയട്ടേ—അതു നേരെയാക്കുവാൻ ഇനിയും സമയം വൈകിയിട്ടില്ല." എന്നു സേനാനി പറഞ്ഞു.

"ഹാ അങ്ങിനെ ഒരാശ! ഈശ്വരൻ അതിനു വഴി തരട്ടെ. അതേ അതെ, ഞാൻ ശാന്തയായിരിക്കാം. പ്രിയ പിതാവേ, ഞാൻ പറയുന്നതു കേൾക്കുക. ഞാൻ ഒരു വലിയ വഞ്ചനയ്ക്കിരയായിത്തീന്നിരിക്കയാണ്.—അതിഭീമമായ ഒരു വിശ്വാസഘാതകത്തിനു ഞാൻ അറിയാതെ വഴിപ്പെട്ടുപോയി. ഞാൻ അയാളെ ആ കണ്ണാടിക്കതകുള്ള മുറിയ്ക്കുള്ളിൽ കടത്തിവിട്ടു.—അച്ഛൻ സ്നേഹിതന്മാരുമായിരിക്കുന്നതയാൾ കണ്ണാടിയിൽക്കൂടി കണ്ടു.—അയ്യോ! ഇങ്ങിനെ ഞെട്ടരുതേ" എന്നു ശോഭന പാരവശ്യത്തോടെ പറഞ്ഞു.

സേനാനി:—തുടന്നുകേൾക്കട്ടേ. എന്റെ ഓമനക്കുഞ്ഞേ പറയൂ. നീയറിയാതെ ചെയ്തുപോയതാണ്—അതിനു ഞാൻ നിനക്കു മാപ്പുതരികയുമുണ്ടായി—എത്രമാത്രം ഹൃദയാശ്വാസത്തോടു കൂടിയാണ് ഞാൻ നിനക്കു മാപ്പുതന്നതെന്ന് ഈശ്വരനറിയാം! ഇനി എല്ലാം എന്നോടു പറയൂ—

ശോഭന:- പറയാം, അച്ഛാ ഞാൻ എല്ലാം പറയാം. രണ്ടാഴ്ചവട്ടത്തിനു മുമ്പാണീ സംഭവം നടന്നതു് അച്ഛൻ ആ സന്ദർശകന്മാരെ സ്വീകരിച്ചതെങ്ങനെയെന്ന് തന്ത്രത്തിൽ എന്നെക്കൊണ്ടു പറയിച്ചു—അവിടുന്ന് ഇത്രയും വിപുലമായ ഒരെഴുത്തുകുത്തു നടത്തുന്നതെന്തിനെന്നും ആ എഴുത്തുകളെ തപാലാപ്പീസിൽ കൊണ്ടുചെന്നു നിക്ഷേപിക്കുന്ന പണി

അവിടുന്ന തന്നത്താൻ ചെയ്യുന്നതെന്തിനെന്നും ഉള്ള ചോദ്യങ്ങളുമുണ്ടായി.

സേനാനി:- പിന്നെയെന്തെല്ലാം ശോഭനേ?

ശോഭ:- ഇത്രമാത്രമേ ഉള്ളൂ അച്ഛാ—എന്തെന്നാൽ മററൊന്നും എനിക്കറിവാൻ മാർഗ്ഗമുണ്ടായില്ലല്ലോ, എന്നാൽ അച്ഛാ അവിടുന്നെങ്ങിനെ ഇതിലകപ്പെട്ടു, എന്തായിരുന്നു അവിടുന്നു ചെയ്തുകൊണ്ടിരുന്നതു്.

സേനാനി:- ഇന്നു പ്രഭാതത്തിൽതന്നെ ഞാൻ അനവധി കത്തുകളെ തപാലാഫീസിൽ കൊണ്ടുചെന്നിട്ടു കാലത്താഹാരം കഴിക്കുന്നതിനു മുമ്പായി ഞാൻ ഗ്രാമത്തിലേക്കു നടന്നു—പക്ഷേ ഇപ്പോഴും സമയം കഴിഞ്ഞിട്ടില്ല! ദൈവത്തെ വിചാരിച്ചു് സമാധാനപ്പെട്ടിരിയ്ക്കൂ ശോഭനേ, ഞാൻ അധികം താമസിക്കയില്ല— കഷ്ടിച്ചു കാൽ മണിക്കൂർ, ഞാൻ ഗ്രാമത്തിലേക്കു പോയിവരാം. എൻെറ രക്ഷ, എൻെറ ജീവൻ അതിനെ അവലംബിച്ചിരിക്കുന്നു.

ശോഭന—അച്ഛൻെറ ജീവനോ?

ഈ വാക്കുകളോടുകൂടി അവൾ അച്ഛൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു കരഞ്ഞുതുടങ്ങി.

"ഇല്ല, ഇല്ല- എൻെറ ജീവനപായം നേരിടുമെന്നർത്ഥമാക്കിയല്ല ഞാൻ പറഞ്ഞതു മകളേ. നീ ശാന്തയായിരിക്കു്— പരിഭ്രമിക്കാതെ ഞാൻ വേഗത്തിൽ തിരിച്ചുവരാം. എന്നാൽ ഹാ! വേറൊരു വിചാരം എന്നെ പീഡിപ്പിക്കുന്നു."

"അതെന്താണച്ഛാ—എനിക്കു ചെയ്യാവുന്നതാ

യി വല്ലതുമുണ്ടോ?" എന്നു് ശോഭന താല്പര്യത്തോടുകൂടി ചോദിച്ചു.

"ഉണ്ടു്, ഉണ്ടു്—ഒരു ചെറിയകാര്യമുണ്ടു്. ഏതാപത്തിനെ നേരിടാനും നാം സന്നദ്ധരായിരിക്കണം ആപത്തുകൾ ഏതു നിമിഷത്തിലും വരാം. എന്തായാലും എന്നോടൊന്നിച്ചു പ്രവർത്തിച്ചവരുടെ രക്ഷയെ ഞാൻ നോക്കണം. കേൾക്കു മകളേ. പതിനഞ്ചു ദിവസത്തിനുമേലായി ഞാൻ തപാലിൽ എഴുത്തുകൾ ഒന്നും അയയ്ക്കാതെയാണിരിക്കുന്നതു്. എന്നിട്ടു ഇന്നു കാലത്താണു വീണ്ടും കത്തുകൾ അയക്കാൻ തുടങ്ങിയതു്. അതുകൊണ്ടു് സർക്കാരിൽനിന്നും വല്ല അന്വേഷണങ്ങൾ നടത്തുകയാണെങ്കിൽ ഇന്നലെ സായാഹ്നംവരെ അവരുടെ കയ്യിൽ എഴുത്തുകളൊന്നും കിട്ടാൻ മാർഗ്ഗമില്ലതന്നെ. ചാരന്മാരിൽനിന്നു കിട്ടിയ അറിവിനെ സ്ഥിരീകരിക്കാൻ കൂടുതൽ തെളിവുകൾ ആവശ്യമാണെന്നു് ഭരണകൂടപ്രവർത്തകന്മാർക്കുതന്നെ തോന്നിയിരിക്കും. എന്നാൽ ആ തെളിവുകൾ അവ ഇന്നു കാലത്തു ഞാൻ തപാലാഫീസിൽ കൊണ്ടുചെന്നിട്ട കത്തുകളിലുണ്ടു്. അവ തിരിച്ചുവാങ്ങാൻ സാധിച്ചാൽ നാം രക്ഷപ്പെട്ടതുതന്നെ അല്ലെങ്കിൽ"— എന്നു സേനാനി പറഞ്ഞു.

"അയ്യോ, അച്ഛാ. എന്നാൽ എനിക്കിതിൽ എന്തുചെയ്‌വാൻ സാധിക്കും?" എന്നു ശോഭന സജ്വരയായി ചോദിച്ചു.

സേനാ:- എന്റെ സ്നേഹിതന്മാരെ വിവരം തെര്യപ്പെടുത്തണം. എന്നാൽ—വിറയ്ക്കരുതു്—ഏതുക്ഷണത്തിലും ഞാൻ ബന്ധിക്കപ്പെടാം. നാം തമ്മിൽ

പറഞ്ഞുറപ്പിച്ച ഒരടയാളം ഇതിലേയ്ക്കാവശ്യം വേണം. മകളേ ഒരു കൈത്തോക്കുകൊണ്ടു വെടിവയ്ക്കാനുള്ള ധൈര്യം നിനക്കുണ്ടോ?

ശോഭന:- (മുഖത്തിൽ സ്ഫുരിച്ച ധീരതയോടുകൂടി) അച്ഛാ എനിയ്ക്കതിനും ധൈര്യമുണ്ട്.

സേനാനി:- അതുകൊള്ളാം. എന്നു പറഞ്ഞുകൊണ്ട് ഒരു മേശയുടെ സമീപത്തുചെന്ന് അതിൽനിന്ന് രണ്ടു കൈത്തോക്കെടുത്തുകൊണ്ടുവന്നു പറഞ്ഞു.

"ഇതുരണ്ടും നിറച്ച കൈത്തോക്കുകളാണ്. ഇതിൽ ഒന്നു നീ വച്ചുകൊള്ളണം, മറേറത് എൻെറ കയ്യിലും ഇരിക്കട്ടെ. നീ ഈ ഗൃഹത്തിൻെറ മുകളിൽ കയറി ചുററുമുള്ള സ്ഥലങ്ങളെയെല്ലാം നോക്കിനില്ക്കണം. ഭടന്മാരോ, ന്യായാധിപന്മാരോ മൂന്നുനാലാളുകൾ സംഘമായിട്ടു നമ്മുടെ ഗൃഹത്തിലേയ്ക്കു വരുന്നതുകണ്ടാൽ ഈ കൈത്തോക്കിനെ വായുമണ്ഡലത്തിലേയ്ക്കു ചൂണ്ടി വെടിവയ്ക്കണം. വെടിയുടെ ശബ്ദം എൻെറചെവിയിൽ എത്തുമ്പോഴോ അല്ലെങ്കിൽ പുകയുടെ ചുരുൾ ഞാൻ കാണുമ്പോഴോ അത് ഒരടയാളമായി കരുതും. അപ്പോൾ ഞാൻ വേഷംമാറി രക്ഷപ്പെട്ടുപോയി എൻെറ സ്നേഹിതന്മാൎക്കു കാലേക്കൂട്ടി അറിവുകൊടുക്കും. നീ വീട്ടിൽതന്നെയിരിക്കണം— നിന്നെ ആരുംതന്നെ ഉപദ്രവിക്കയില്ല, എൻെറ പൊന്നുമകളേ, പിന്നീടു നിൻെറ ക്ഷേമാന്വേഷണത്തിനു ഞാൻ ആവശ്യമായ ശ്രദ്ധമാൎഗ്ഗങ്ങൾ തേടിക്കൊള്ളാം.

ശോഭ:-അച്ഛാ അവിടത്തെ ആജ്ഞയെ ഞാൻ അനുസരിച്ചുകൊള്ളാം. എന്നാൽ നാം ഈ

വിധംവേർപെടേണ്ടിവരുമെന്നാണോ അച്ഛൻ വിചാരിക്കുന്നതു്.

ഈ ചോദ്യം ഒരു ഗദ്ഗദത്തോടുകൂടിയായിരുന്നു അവൾ ചെയ്തതു്.

"ധൈര്യമായിരിക്കു ഓമനേ, ഈശ്വരൻ നമ്മേ തുണയ്ക്കും എന്നാൽ ഒരുകാര്യം നമുക്കു പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. അതായതു് ഇപ്പോഴത്തെ അവസ്ഥയ്ക്കു് നാം എന്തിനും തയ്യാറായിരിക്കണം. അതിനാൽ നമ്മുടെ ഈ ഗ്രാമത്തിലോ അതിനു സമീപത്തു് എവിടെയെങ്കിലും വച്ചോ ഞാൻ ബന്ധിക്കപ്പെട്ടു എന്നു വിചാരിക്കുക—ഇതൊരൂഹം മാത്രമാണു്—എങ്കിലും അങ്ങിനെ സംഭവിച്ചാൽ, ആ നിമിഷത്തിൽ തന്നെ ഞാൻ വെടിവയ്ക്കും. അതു് ഒരടയാളമായി കരുതി നീ ഉടനെ അതനുസരിച്ചു പ്രവർത്തിക്കണം. അതായതു് അപ്പോൾതന്നെ നീ വീടുവിട്ടു് വേഗത്തിൽ എന്റെ ചങ്ങാതിമാരെ സമീപിച്ചു നമുക്കു നേരിട്ടിരിക്കുന്ന ആപത്തിനെപ്പററി അവൎക്കറിവുണ്ടാക്കണം. ഇവിടെതന്നെയിരിയ്ക്കുക—പണം വേണ്ടതുണ്ടു്. നീ ചെന്നു കാണേണ്ടയാളുകളുടെ മേൽവിലാസത്തോടുകൂടിയ ഒരു പട്ടികയും എന്റെ കൈയ്യിലുണ്ടു്. നമ്മെ ആരു് ഏതുവിധം ചതിച്ചു എന്നു നീ അവരെ ധരിപ്പിക്കണം. അതെ, എന്റെ ഓമനക്കുഞ്ഞേ, നിനക്കു ഹൃദയവേദനയുണ്ടാക്കുന്നതാണെങ്കിലും ആ വഞ്ചകന്റെ പേരു് നീ അവരെ അറിയിക്കതന്നെവേണം. ആ വിധത്തിൽ ആപത്തിന്റെ പ്രഭവസ്ഥാനം ഏതെന്നറിഞ്ഞു് അവർ തങ്ങളുടെ രക്ഷ

യ്ക്കവേണ്ടതു ചെയ്തുകൊള്ളും. ഇതെല്ലാം നീ ചെയ്യുമോ ശോഭനേ?" എന്നു സേനാനി പറഞ്ഞു.

"നിശ്ചയമായി ഞാൻ അതു ചെയ്യാം അച്ഛാ. ആത്മരക്ഷയ്ക്കുതകുന്നതല്ലേ എൻെറ ആ പ്രവൃത്തി. അങ്ങിനെ പ്രവത്തിയ്ക്കാൻ പരിതസ്ഥിതികൾ എന്നെ ഞെരുക്കുന്നപക്ഷം, ഇതിനെല്ലാം ഹേതുഭൂതനായ ആ വഞ്ചകൻെറ നാമത്തെ ഞാൻ ഏതും സംശയംവിനാ പ്രഖ്യാപനം ചെയ്കയും ഉണ്ടാകും. അതു് അയാളുടെനേരെ ഞാൻ പ്രദർശിപ്പിച്ച വിശ്വാസത്തിനും അച്ഛൻെറ നേരേ പ്രകടിപ്പിച്ച ചതിയ്ക്കും തക്കതായ ശിക്ഷയായിരിക്കും." എന്നു ശോഭന പറഞ്ഞു.

"എന്നാൽ ഓമനേ നിനക്കു മംഗളം ഭവിക്കട്ടേ" എന്നിത്രയും പറഞ്ഞു് മകളേ വാത്സല്യപൂർവം ആലിംഗനം ചെയ്തശേഷം ഉപഗുപ്തൻ ഗൃഹംവിട്ടു വെളിയിലിറങ്ങി.

# 9

## കൈത്തോക്കടയാളം

ശോഭന അൽപ്രജ്ഞയായി ഒരു കസാലയിലേയ്ക്കു മറിഞ്ഞു. അല്പനേരത്തേയ്ക്കു താൻ പ്രമാദബാധിതയെന്നും, ആവശ്യം നേരിടുന്നപക്ഷം ഒരടയാളമായി ഉപയോഗിക്കാൻ പിതാവിനാൽ ദത്തമായ കൈത്തോക്കിനെ സ്വസംഹാരത്തിനായി ഉപയോ

ഗിക്കേണ്ടതാണെന്നും അവൾക്ക് ഒരു തോന്നലുണ്ടായി. അവളുടെ പ്രണയമെല്ലാം വെറുപ്പായി പരിണമിച്ചു എന്നു നമുക്കു പറവാൻ നിവൃത്തിയില്ല. എന്തെന്നാൽ അവൾ പ്രകൃത്യാ പരമശാന്തയും കരുണാമസൃണയും, വൈരനിര്യാതനത്തെപ്പററി ചിന്തിയ്ക്കാൻ പോലും അശക്തയുമായിരുന്നു. എന്നാൽ സ്വപിതാവിൻെറനേരെ തനിക്ക് ഒരു കത്തവ്യം നിറവേററുവാനുണ്ടെന്നവൾക്കു തോന്നി. അതു് എല്ലാററിലും പ്രധാനമായി അവൾ കരുതുകയും ചെയ്തു. അതിനാൽ പിതാവു് അവളെ നിമഗ്നയാക്കിയ ആ ദുഃഖസമുദ്രത്തിൽ നിന്നവൾ കരയ്ക്കുകൂട്ടാൻ തുടങ്ങിയപ്പോൾ, അതുവരെ തൻെറ പ്രേമത്തിനു പാത്രമായിരുന്ന ആ വിശ്വാസവഞ്ചകൻെറമേലുള്ള സവ്വാദരത്തേയും ഉപേക്ഷിച്ചിട്ടു് അയാളെ വേണ്ടിവന്നാൽ ഒരു ചതിയനായ ചാരനായിത്തന്നെ പ്രഖ്യാപനംചെയ്യുവാൻ ആ പെൺകിടാവു തീച്ചപ്പെടുത്തി.

ഉപഗുപ്തൻ ഗൃഹംവിട്ടു പുറത്തുപോയി അല്പനേരം കഴിഞ്ഞപ്പോൾ ശോഭന മുറിയിൽനിന്നു വെളിയിൽ കടന്നു. സ്വഭൃത്യനെ വിളിച്ചു് സമീപത്തുള്ള ഒരു കർഷകൻെറ വകയായ വണ്ടി വാങ്ങിക്കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. കാലവിളംബം ഉണ്ടാവാതിരിക്കാൻവേണ്ടി അച്ഛൻെറ കുതിരപ്പുറത്തുകയറിപ്പൊയ്ക്കൊൾവാനും അയാൾക്കനുവാദം ലഭിച്ചു. തിരിയെ വന്നാലുടൻതന്നെ കുതിരയെ വണ്ടിയിൽ കെട്ടത്തക്കവണ്ണം കോപ്പണിയിച്ചു സന്നദ്ധമാക്കുവാനും ഒടുവിൽ അവൾ അയാളോടേർപ്പാടുചെയ്തു. പറഞ്ഞതുപോലെല്ലാം ഉടൻതന്നെ ചെയ്തുതീക്കാമെ

ന്നും ഭൃത്യൻ വാക്കുകൊടുത്തു. എന്നാൽ മന്ദബുദ്ധിയായ അവൻ ഇതെല്ലാം എന്തിനാണെന്ന് അറിവാൻ യത്നിച്ചില്ല.

താൻ ആജ്ഞ പുറപ്പെടുവിച്ച സമയത്തെല്ലാ അസാധാരണമായ സംയമനശക്തിയോടുകൂടി വർത്തിച്ച ശോഭന കൈത്തോക്കുമെടുത്തുകൊണ്ട് ഉടൻതന്നെ ഗൃഹത്തിൻെറ ഉപരിഭാഗത്തേയ്ക്കു ആരോഹണം ചെയ്തു. മേൽക്കൂരമുഴുവൻതന്നെ പരന്നതായിരുന്നതിനാലും നാലുപുറവുമുള്ള വിശേഷങ്ങൾ വിശദമായി കാണ്മാൻ ഒരു പ്രേക്ഷകനു നല്ല സൗകര്യത്തെ പ്രദാനംചെയ്തു. ആദ്യത്തെ സോത്ക്കണ്ഠമായ ദർശനത്തിൽതന്നെ ഭയപ്പെടാനൊന്നുമില്ലെന്നുകണ്ട് അവൾ സമാശ്വസിച്ചു. എല്ലായിടത്തേക്കും അവൾ തുടരെത്തുടരെ നോക്കിക്കൊണ്ടുതന്നെനിന്നു. എങ്കിലുംപ്രധാനമായി, അവളുടെ അച്ഛൻപോയ ആ ഗ്രാമപന്ഥാവിലേയ്ക്കായിരുന്നു അവളുടെ നേത്രങ്ങൾ ഇടവിടാതെ പതിച്ചുകൊണ്ടിരുന്നതു്. എന്തിനെന്നാൽ, വെടിയുടെ ശബ്ദം ഒരുപക്ഷേ തൻെറ ചെവിയിൽനിന്നു തെററിപ്പോയാലും പുകച്ചുരുൾ മേലോട്ടേയ്ക്കുപോകുന്നതു കാണാമല്ലോ എന്നുദ്ദേശിച്ചായിരുന്നു.

ഏകദേശം ഇരുപതു നിമിഷങ്ങൾ ഇങ്ങിനെകഴിഞ്ഞു. ആ പെൺകിടാവിൻെറ ഹൃദയത്തെ അസ്ഥിരമായ ഒരു ചിന്താസരണിയിൽ നിറുത്തി വിഷമിപ്പിച്ച ഇരുപതു നിമിഷങ്ങൾ! ഭടന്മാരോ—പോലീസ് ഉദ്യോഗസ്ഥന്മാരോ. മനഃസന്ദേഹത്തെ അങ്കുരിപ്പിക്കുന്ന മററാരെങ്കിലും തന്നെയോ അവിടെയെങ്ങും

കാണപ്പെട്ടില്ല. ഗ്രാമാഭിമുഖമായ സ്ഥലമെല്ലാം പ്രശാന്തമായിത്തന്നെ വത്തിച്ചു. തൻെറ ഭൃത്യൻ വണ്ടിയുംകൊണ്ടു തിരിച്ചുവരുന്നതു് അതാ അവൾ കാണുന്നു. അവൾ മെല്ലെ തന്നത്താൻ പറഞ്ഞു. "അത്യാവശ്യമെന്നു തോന്നിയാൽ വിഷമിക്കാതിരിക്കാനാണു ഞാൻ ഈ ഏർപ്പാടു ചെയ്തതു്."

ഇതിനിടയിൽ ഉപഗുപ്തസേനാനി ഗ്രാമംനോക്കി അതിവേഗത്തിൽ പോകയായിരുന്നു. അതിനെ സമീപിച്ചപ്പോൾ അദ്ദേഹം കരുതലോടുകൂടി നാലുപുറവുംനോക്കി. എന്നാൽ ആ ചെറിയ തെരുവിൽ ആരും ഒളിച്ചിരിയ്ക്കുന്നതായി കണ്ടില്ല. എങ്കിലും എങ്ങിനെയോ ആ സ്ഥലത്തിൻെറ ഭാവം അദ്ദേഹത്തിൻെറ കണ്ണിൽ ഒന്നുമാറിയാണു കണ്ടതു്. അവിടത്തെ ഉത്സാഹഹീനത ഒരു ഗാഢമായ അന്ധകാരംപോലെ അദ്ദേഹത്തിനു തോന്നി—അതിൻെറ നിശ്ശബ്ദതതന്നെ അമംഗളസൂചകമായി അദ്ദേഹത്തിൻെറ ഹൃദയത്തിൽ പതിഞ്ഞു. തൻെറ കാല്ക്കടിയിൽ ഒരു ഭയങ്കരഗത്തം ഗൂഢമായി സ്ഥിതിചെയ്യുന്ന പോലെയും നാലുപാടുമുള്ള ഗൃഹങ്ങൾ പോലീസ്ഭടന്മാരാൽ നിറയപ്പെട്ടതു പോലെയും ഉള്ള ഒരു പ്രതീതിയും അദ്ദേഹത്തിനുണ്ടായി. അദ്ദേഹം പുറകോട്ടു നോക്കി ദൂരത്തായി സ്വഗൃഹത്തിനു മുകളിൽ വെളുത്ത എന്തോ ഒരു വസ്തുവിനെ അദ്ദേഹം ദർശിച്ചു. തൻെറ ആജ്ഞ അനുസരിച്ചു് ശോഭന ഗൃഹത്തിൻെറ മേൽപ്പുരയിൽ നിന്നു പരിതഃപ്രദേശങ്ങളെ സൂക്ഷിച്ചു നോക്കുകയാണെന്നും സേനാനിക്കു മനസ്സിലായി.

Date

ഒരു ജാലകത്തിൻെറ വിടവിൽക്കൂടി അന്ധകാരമയമായ ഒരു മുറിയിലേയ്ക്കു പ്രവേശിക്കുന്ന കിരണംപോലെ ആശ സുവർണ്ണസൂത്രത്തേ വിന്യസിക്കുന്ന നിരവധി ദുശ്ശങ്കകളാൽ മർദ്ദിക്കപ്പെട്ട ഹൃദയത്തോടുകൂടി ഉപഗുപ്തസേനാനി സ്വഗതിയേ തപാലാഫീസിലേക്കു തിരിച്ചു. അതൊരു ചെറിയ കെട്ടിടമായിരുന്നു. അതിൻെറ ഒഴിഞ്ഞ ഒരുവശത്തു് ആയിരുന്നു എഴുത്തുപെട്ടി. ഉപഗുപ്തസേനാനി അവിടെ കടന്നപ്പോൾ ആരുംതന്നെ ആ സ്ഥലത്തുണ്ടായിരുന്നില്ല. അദ്ദേഹം അന്വേഷണജാലകത്തിലെ പലകമേൽ തട്ടി. അതു തൽക്ഷണംതന്നെ തുറക്കപ്പെട്ടു. തൻെറ തലയിലെഴുത്തിൻെറ ഉച്ചകോടിയാണാസമയമെന്നു് സേനാനി വിചാരിച്ചു. എന്നാൽ മദ്ധ്യവയസ്കനും ശാന്തനുമായ തപാൽമാസ്റ്ററുടെ മുഖം ജന്നലിൽ പ്രത്യക്ഷമായപ്പോൾ ആ മുഖത്തിൽ വ്യത്യസ്ഥവും അത്ഭുതകരവുമായ എന്തോ ഒന്നു സ്ഫുരിക്കുന്നതായി അദ്ദേഹത്തിനു തോന്നി. ആ സേനാനായകൻ മൃഗേന്ദ്രനു സമം ധീരനായിരുന്നു:—എങ്കിലും നാം മേൽപ്പറഞ്ഞ വികാരങ്ങൾക്കു താനറിയാതെ വശഗനായിതീൎന്നു.

"ഒരു മണിക്കൂറിനുമുമ്പു് ഞാൻ ചില എഴുത്തുകളെ ഇൗയാഫീസിൽ കൊണ്ടുവന്നിട്ടു. അവ ഒരു നിശ്ചിതദിവസം എൻെറ ഗൃഹത്തിൽ വന്നുചേരുവാൻ എൻെറ ചില സ്നേഹിതന്മാരോടപേക്ഷിച്ചുകൊണ്ടുള്ള ക്ഷണനക്കത്തുകളാണു്. എന്നാൽ ആ ദിവസം ഒന്നുമാറേറണ്ടിയിരിക്കുന്നതിനാൽ താങ്കൾ ദ

യവുണ്ടായി ആ എഴുത്തുകൾ തിരിച്ചുതരുമോ? അവരുടെ മേൽവിലാസം ഞാൻ പറയാം." എന്നു് ഉപഗുപ്തൻ പറഞ്ഞു.

തപാൽമാസ്റ്റർ:- സൈന്യാധിപരേ, തപാൽ പെട്ടിയിൽ ഒരിക്കൽ എഴുത്തിട്ടുപോയാൽ അതു പിന്നീട് എഴുതിയവൻെറ വകയല്ല എന്നറിവില്ലേ?

ഉപഗു:- അതു് എനിക്കറിയാം; എന്നാൽ സ്നേഹത്തെ ആധാരമാക്കിമാത്രം ഞാൻ ചോദിച്ചതാണു്.

ഈ സന്ദർഭത്തിൽ തപാലാപ്പീസിൽ രണ്ടാളുകൾ വന്നുചേൎന്നു. അവർ പോലീസുദ്യോഗസ്ഥന്മാരായിരുന്നു. അവരിൽ ഒരാൾ പറഞ്ഞു.

"ഹേ സൈന്യാധിപരേ, താങ്കൾ ഞങ്ങളുടെ തടവുകാരനാകുന്നു."

"അതിനെന്താ ഞാൻ ഇതാ താങ്കൾക്കധീനനായിതന്നേ നില്ക്കുന്നു." ഈ വാക്കുകളോടുകൂടി അദ്ദേഹം സ്വസ്ഥാനംവിട്ടു പുറത്തുവന്നപ്പോൾ അദ്ദേഹത്തിൻെറ പഴയ പദവിയെ ഓൎത്തു പോലീസ്ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തെ തൊട്ടില്ല

സൈന്യാധിപൻ കൈത്തോക്കെടുത്തു് വായുമണ്ഡലത്തെ ലക്ഷ്യമാക്കി വെടിവച്ചു. എന്നിട്ടു തോക്കിനേ തറയിൽ എറിഞ്ഞുശേഷം ഇങ്ങിനെ പറഞ്ഞു.

"മാന്യരേ, താങ്കൾ കാണുന്നില്ലേ ഞാനിതാ സന്നദ്ധനായി നില്ക്കുന്നു."

ഗൃഹത്തിൻെറ മേൽക്കുരപ്പുറത്തുനിന്നു ശോഭന ഈ അടയാളത്തേ കേൾക്കയും കാണുകയും ചെയ്തു.

ഒരു ക്ഷണനേരത്തേയ്ക്കവൾ കൈ കൂപ്പിക്കൊണ്ടു ഇങ്ങനെ മന്ത്രിച്ചു.

"ഈശ്വരാ, എന്റെ പാവപ്പെട്ട അച്ഛൻ!"

അനന്തരം തന്റെ മനസ്സാന്നിദ്ധ്യം വീണ്ടെടുത്തുകൊണ്ട് ആ കന്യക വേഗത്തിൽ താഴത്തേയ്ക്കിറങ്ങി. കുതിരാലയത്തിന്റെ സമീപത്തുചെന്നു വണ്ടിയിൽ കയറി പാർത്ഥസദനത്തിലേയ്ക്കു വാഹനം നയിയ്ക്കുവാൻ ഭൃത്യനോടാജ്ഞാപിച്ചു.

നമ്മുടെ കഥാരംഗം ഇനി പാർത്ഥസദനത്തിലേക്കു മാറുന്നു. മേല്പറഞ്ഞസംഭവങ്ങൾ നടന്നദിവസം മദ്ധ്യാഹ്നത്തിൽ ആയിരുന്നു ഗൃഹനാഥന്റെ ജീവിതസൗകര്യത്തെ സൂചിപ്പിക്കുന്ന ലക്ഷണങ്ങളോടുകൂടിയ ഒരു ഗൃഹത്തിന്റെ മുമ്പിൽ ഒരു വണ്ടി ചെന്നു നിലകൊണ്ടതു്. മുൻവശത്തായി പടിയുടെ മുകളിൽ "മിഹിരസേനൻ" അഭിഭാഷകൻ എന്ന് ലേഖനം ചെയ്യപ്പെട്ട ഒരു പിത്തളത്തകിട് ഉണ്ടായിരുന്നു. വണ്ടിയിൽനിന്നും മാർത്താണ്ഡമന്ദിരത്തിലെ വൃദ്ധപ്രഭുവും പുത്രനായ കരുണാകരനും പുറത്തേയ്ക്കിറങ്ങി. ഉടൻതന്നെ വാതുക്കൽ പ്രത്യക്ഷനായ ഒരു ഗുമസ്തനോട് മിഹിരസേനനെ പററി അന്വേഷിച്ചപ്പോൾ അദ്ദേഹം അകത്തുണ്ടെന്ന് പ്രഭുക്കൾക്കു മനസ്സിലായി. പിതാവും പുത്രനും വിളംബംവിനാ ഒരു രഹസ്യമുറിയിലേയ്ക്കു നയിക്കപ്പെട്ടു. അവിടെയിരിക്കയായിരുന്നു സുപ്രസിദ്ധനായ അഭിഭാഷകൻ മിഹിരസേനൻ. എന്നാൽ പണ്ടൊരിക്കലും കണ്ടിട്ടില്ലാത്ത ആ വ്യക്തിയിൽ താൻ ഉപഗുപ്തഗൃഹത്തിൽ

വച്ചു കണ്ടയാളേ തിരിച്ചറിഞ്ഞപ്പോ‌ൾ കരുണാകര നുണ്ടായ അത്ഭുതം എത്രമാത്രം വിപുലമായിരുന്നു.

അദ്ദേ- ആ സംഗതിയിൽ യാതൊരു സംശയ ത്തിനും ഇടയില്ലായിരുന്നു: ശോഭനയുടെ പിതാവു് അദ്ധ്യയനശാലയിൽനിന്നും വിളിച്ചുകൊണ്ടുപോയി സംഭാഷണംചെയ്ത ആയാൾതന്നെയാണതെന്നു്, അ വരുടെ ഭാഷണം മറഞ്ഞുനിന്നുകേട്ട ആ പ്രഭുകുമാ രൻ നിശ്ശങ്കം നിശ്ചയിച്ചു. അയാൾ ഒരിക്കൽ ക ണ്ടാൽ വിസ്മരിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു മ നുഷ്യനായിരുന്നു. എന്തെന്നാൽ, മീശയില്ലാത്ത അ യാളുടെ മുഖം മസൂരിക്കുഴികൾകൊണ്ടു നിറഞ്ഞിരു ന്നു. മുൻപു നാം അയാളെ കണ്ടയവസരത്തിൽ താൻ മാത്താണ്ഡമന്ദിരത്തിലെ പ്രഭുവിനെ അറിയു മെന്നും എന്നാൽ അദ്ദേഹത്തിന്റെ പുത്രനേ തനി ക്കു കണ്ടു പരിചയംപോലുമില്ലെന്നും ഉപഗുപ്തസേ നാനിയോടു പറഞ്ഞതും വായനക്കാർ ഓക്കുമല്ലോ. എന്നാൽ നാം ഭാഷണവിഷയമാക്കുന്ന ആ രാത്രി യിൽ കരുണാകരൻ സേനാനിയുടെ ഗൃഹത്തിൽ പ്ര വേശിച്ചിരുന്നു എന്നുള്ള വസ്തുത മിഹിരസേനൻ അറിഞ്ഞിരുന്നില്ലെന്നും, ഈയവസരത്തിലാകട്ടേ കരു ണാകരൻ അഭിഭാഷകന്റെ മുമ്പിൽ പ്രവേശിച്ച പ്പോൾ നല്ല മനസ്സാന്നിദ്ധ്യത്തോ പരിപാലിച്ചതി നാൽ കാര്യമാത്രപ്രസക്തനായ ആ വക്കീൽ പ്രഭുകു മാരനിൽ എന്തെങ്കിലും ഭാവഭേദമുണ്ടായെങ്കിൽ അ തു മനസ്സിലാക്കയില്ലെന്നുംകൂടി വായനക്കാർ ധരി ക്കണം.

പ്രഭു തൻെറ പുത്രനെ അഭിഭാഷകനുമായി പരിചയപ്പെടുത്തുവാൻ ഇങ്ങിനെ പറഞ്ഞു:—

"എൻെറ അടുത്ത അവകാശിയെന്നനിലയ്ക്കു്, പ്രഭുകുമാരൻ, കടം മുഴുവൻ കൊടുത്തുതീക്കുന്നതു കാണട്ടെയെന്നു വിചാരിച്ചാണു ഞാൻ അയാളെക്കൂടി കൊണ്ടുപോന്നതു്."

"അവിടുന്നുമായി പരിചയപ്പെടുന്നതിൽ എനിക്കത്യന്തം സന്തോഷമുണ്ടു്." എന്നു മിഹിരസേനൻ പറഞ്ഞു.

ഉള്ളുകൊണ്ടു, വാസ്തവത്തിൽ, പിതാവിനെയും പുത്രനേയും നമ്മുടെ അഭിഭാഷകൻ അല്പംപോലും സ്നേഹിച്ചില്ലെങ്കിലും, ആ മനസ്ഥിതിയേ തൽക്കാലത്തേയ്ക്കു പുറംതള്ളിയിട്ടു സ്വാത്ഥത്തേ മാത്രം ഗണിച്ചു് ഇങ്ങിനെ പറഞ്ഞതാണു്.

പ്രഭു ഇങ്ങിനെ പറഞ്ഞു:—"ഇതാ ഇപ്പോൾ ഞാൻ തരുവാൻ പോകുന്ന സംഖ്യ ഒരാഴ്ചയ്ക്കുമുമ്പു തന്നതീക്കേണ്ടതായിരുന്നു. അപ്പോൾ എൻെറ കയ്യിൽ പണം തയ്യാറായിരുന്നുതാനും. അതുതരുവാനായി ഞാൻ ഇവിടെ വരികയുംചെയ്തു.—എന്നാൽ താങ്കൾ ഇവിടെയില്ലായിരുന്നു."

മിഹിരസേനൻ:- (ഒരു പുഞ്ചിരിയോടെ) പ്രഭോ, ഞാൻ അവിടത്തേയ്ക്കു പണംതന്നപ്പോൾ ചെയ്തുവ്യവസ്ഥയേ മുറുകെ പിടിക്കണമെന്നു വിചാരിക്കുന്നില്ല. അങ്ങിനെ വേണമെന്നെനിക്കുദ്ദേശമുണ്ടായിരുന്നുവെങ്കിൽ, ഇപ്പോൾതന്നെ ഈ തുക സ്വീകരിക്കാതെ

സൗധത്തേയും വസ്തുക്കളേയും എനിക്കു കൈവശപ്പെടുത്താമായിരുന്നു.

"ഇല്ലയില്ല താങ്കൾ ഒരിക്കലും അങ്ങിനെ ചെയ്കയില്ല." എന്നു വൃദ്ധപ്രഭു പറഞ്ഞു.

മിഹിര:– തീർച്ചയായി ഒരിക്കലും ഞാൻ അങ്ങിനെ ചെയ്കയില്ല പ്രഭോ. പ്രവൃത്തിപദ്ധതിയിൽ ഞാൻ അത്ര കക്ശനല്ല. എന്നാൽ ഞാൻ പറയാൻ പോകുന്നതു സ്നേഹപൂർവ്വമായ ഒരുപദേശരൂപത്തിൽ മാത്രമാണു്. എന്തെന്നാൽ പ്രഭോ അവിടുന്നു ഒന്നോക്കണം. അതായതു് ന്യായത്തിനു ഞാൻ ഈ തുക സ്വീകരിക്കേണ്ടതില്ല. നേരെ മറിച്ചു് ഞാനില്ലാതിരുന്നപ്പോൾ നിങ്ങൾ വന്നതിനു്, പണം എന്റെ ഗുമസ്തൻവശം ഏൾപ്പിച്ചിട്ടു് പ്രമാണങ്ങൾ മടക്കിവാങ്ങിക്കൊണ്ടുനിങ്ങൾക്കു പോകാമായിരുന്നു. എന്റെ ഉറപ്പുപെട്ടിയുടെ താക്കോൽ അയാളുടെ കയ്യിലുണ്ടായിരുന്നു. എനിക്കുവേണ്ടി അയാൾ ഇക്കാര്യം അപ്പോൾതന്നെ നടത്തിയേനെ. അതു ചെയ്യാത്തതുകൊണ്ടിപ്പോൾ ദോഷമൊന്നും വന്നില്ല. എന്നാൽ ഇതിൽനിന്നും വ്യത്യസ്ഥമായി അവിടത്തോടു പെരുമാറുന്ന ഒരുവന്റെ കയ്യിൽ അവിടുന്നു് അകപ്പെടേണ്ടിയിരുന്നു. അതുകൊണ്ടു് ഇനിമേൽ ഒരു നിയമപ്രവർത്തകനുമായി ഇടപെടുമ്പോൾ അവിടുന്നു് പരിപൂർണ്ണമായി അയാൾക്കധീനനാവുന്നതു സൂക്ഷിച്ചു വേണം.

പ്രഭു:– താങ്കളുടെ ശുഭാശംസിയായ ഉപദേശത്തിനു വന്ദനം: എന്നാൽ താങ്കളുടെ സഹോദരസം

ഘത്തിൽപെടുന്ന ഒരുവൻെറയും ഹസ്തത്തിൽനിന്നി പ്രകാരമുള്ള ഒരു സഹായം ഇനിമേൽ എനിക്കുണ്ടാവാൻ സന്ദർഭം നേരിടാതെ ഈശ്വരൻ രക്ഷിക്കട്ടേ അതേസമയത്തിൽതന്നെ ഇതു താങ്കൾക്കൊരവജ്ഞയായി കരുതരുതു്, എന്തെന്നാൽ താങ്കളുടെ പെരുമാററം ഏററവും കരുണാമസൃണവും ആദരണീയവുമാണെന്നുള്ളതിനു സംശയമില്ല.

മിഹിരസേനൻ തലവണങ്ങി; പ്രഭു തുടൎന്നു പറഞ്ഞു:—

"പണമടയ്ക്കുന്നതിനുള്ള നിയമം താങ്കൾ ഇപ്പോൾ പറഞ്ഞതുപോലെയാണെന്നു് എനിക്കറിവില്ലായിരുന്നു. താങ്കളുമായി നേരിട്ടുതന്നെ വേണം ഈ ഇടപാടുതീൎക്കേണ്ടതെന്നായിരുന്നു, പരമാൎത്ഥത്തിൽ, എൻെറ വിചാരം; ഗുമസ്തൻെറ കയ്യിൽ പണംകൊടുക്കാമെന്നു് എനിക്കൊരിക്കലും തോന്നിയില്ല."

മിഹിര:— പ്രഭോ, ഇപ്പോൾ യാതൊരു ഹാനിയും നേരിട്ടില്ലല്ലോ എന്നു ഞാൻ വീണ്ടും പറയുന്നു. ഇതാ പ്രമാണങ്ങളെല്ലാം ഇവിടെത്തന്നെയുണ്ടു്.

ഈ വാക്കുകളോടുകൂടി അഭിഭാഷകൻ പെട്ടിതുറന്നു് ഒരു കെട്ടുപ്രമാണം കയ്യിലെടുത്തു മേശപ്പുറത്തു വച്ചു.

"പണവും ഇതാ ഇരിക്കുന്നു." എന്നു പറഞ്ഞുകൊണ്ടു പ്രഭു കീശയിൽനിന്നു് മഹാരാജാവുകൊടുത്ത ബാങ്കുനോട്ടുകളെടുത്തു് അഭിഭാഷകൻെറ മുമ്പിൽ വച്ചു.

"ആ തുക ശരിതന്നെയെന്നെനിക്കു നിശ്ചയമുണ്ട് എങ്കിലും ആചാരത്തിനുവേണ്ടി അതൊന്ന് എണ്ണിക്കളയാം." എന്ന് അഭിഭാഷകൻ പറഞ്ഞു.

എന്നിട്ട് അയാൾ ആ നോട്ടുകെട്ടെടുത്തു; വൃദ്ധപ്രഭ്വാകട്ടെ ഇതുകണ്ട് ആനന്ദഭരിതനായി പുത്രനോടു മെല്ലെ പറഞ്ഞു. "പ്രിയപ്പെട്ട കുട്ടീ നീ ഇപ്പോൾ സന്തോഷിക്കുന്നില്ലേ? വസ്തുക്കളെല്ലാം വീണ്ടും നമ്മുടെ വകയായി—നിനക്കാകട്ടെ ഇനി അളകാനിലയത്തിലേ പ്രഭ്വിയെ കല്യാണവും കഴിക്കാം. അവളുടെ അച്ഛൻഅദ്ദേഹത്തിൻെറ മരണപത്രത്തിൽ തിരുകിക്കയററിയ ഒരു പ്രത്യേക വ്യവസ്ഥയായിരുന്നു അത്—"

പതുക്കെ പതുക്കെ, "ഇങ്ങിനെയുള്ള കാൎയ്യങ്ങളെപ്പററി ചർച്ചചെയ്യേണ്ട സ്ഥാനം ഇതല്ല." എന്നു കരുണാകരൻ പറഞ്ഞു.

"പ്രഭോ, ഈ തുക ശരിതന്നെ, ഞാൻ രസീതെഴുതാം." എന്ന് അഭിഭാഷകൻ പറഞ്ഞു.

ഈ സമയത്തിൽ വാതൽ തുറന്ന് ഒരു ഗൃമസ്ഥൻ പ്രവേശിച്ച് ഇങ്ങനെ പറഞ്ഞു.

"വിഭോ, ഒരു സ്ത്രീ അവിടത്തെ കാണ്മാനായി വന്നുനില്ക്കുന്നു. ഒരു ക്ഷണനേരംപോലും അവിടത്തേയ്ക്കു കാലവിളംബം വരുത്തുകയില്ലെന്നു തത്ര ഭവതി പറയുന്നു."

മിഹിര:- ഞാൻ ഇപ്പോൾ ഒരു ജോലിയായിരിക്കയാണ്. അല്പനേരം ക്ഷമിച്ചിരിക്കാൻ ആ മാന്യയോടു പറയൂ.

Date...
PUTHIYARA

ഈ മറുപടി പുറത്തുനിന്നുകേട്ട സ്ത്രീ പറഞ്ഞു. "ഇല്ല, അതൊരിക്കലും സാധ്യമല്ല, എനിക്കിപ്പോൾ തന്നെ താങ്കളോടു ചിലതു പറയേണ്ടതുണ്ട്." ഈ വാക്കുകളോടുകൂടി അവൾ മുറിക്കുള്ളിൽ കടന്നു.

കരുണാകരനാമകനായ യുവപ്രഭു, ഇതിനിടയിൽ തൻെറ ഇരിപ്പിടത്തിൽ നിന്നെഴുനേററുകഴിഞ്ഞു; എന്തെന്നാൽ തൻെറ പ്രേമപാത്രമായ ശോഭനയുടെ സ്വരം അദ്ദേഹത്തിനു മനസ്സിലായി.

സൈന്യാധിപൻെറ മകളെ കണ്ടുപരിചയമുണ്ടായിരുന്ന മിഹിരസേനൻ "ഹാ." എന്നൊരു വ്യാക്ഷേപകസ്വരം ഉച്ചരിച്ചുപോയി.

കരുണാകരൻെറ നേത്രങ്ങളുമായി തൻെറ കണ്ണുകൾ ഇടഞ്ഞപ്പോൾ ശോഭന വിവർണ്ണവദനയായി. അവൾ കാലിടറി വാതിൽപടിയിലേക്കു ചാഞ്ഞു; അവളുടെ ഹൃദയത്തിൽ സംഭരിച്ചിരുന്ന സകല നിശ്ചയങ്ങളും ഒരു നിമിഷത്തിനുള്ളിൽ അസ്തമിച്ചു. എന്നാൽ യുവപ്രഭു ഇതികർത്തവ്യതാമൂഢനായി നിലകൊണ്ടതേയുള്ളു. താൻ ചെയ്തുപോയ അപരാധത്തെ ചിന്തിച്ച് അദ്ദേഹത്തിന് ഒരു പ്രകമ്പനം ഉണ്ടായി. എന്നാൽ അത് അദ്ദേഹവും ശോഭനയും മാത്രമേ അറിഞ്ഞുള്ളു.

ഒരു ക്ഷണത്തിനുള്ളിൽ, അവളുടെ പിതാവിൻെറ ബന്ധനവും, അദ്ദേഹത്തോടുള്ള സ്വകർത്തവ്യവും താൻ അദ്ദേഹത്തോടു ചെയ്ത ആ ശപഥവും, സംബന്ധിച്ച ചിന്ത അവളുടെ ഹൃദയത്തിൽ തള്ളിക്കയറുകയാൽ ആ പെൺകിടാവ് ധീരതയുടെ പര

മപദത്തെ പ്രാപിച്ചു. ഗൃഹസ്ഥൻ അവിടെനിന്നു പോകുവാൻ അവൾ അംഗവിക്ഷേപംകൊണ്ട് ആവശ്യപ്പെട്ടു. അയാൾ പോയ ക്ഷണത്തിൽ അവൾ കതകടച്ചു. അനന്തരം മേശയുടെ സമീപത്തേയ്ക്കു നീങ്ങി വൃദ്ധപ്രഭുവിന്റെ നേരേ വിരൽചൂണ്ടികൊണ്ട് "ഇതാരാണെന്നു"വൾ അഭിഭാഷകനോടു ചോദിച്ചു.

"മാർത്താണ്ഡമന്ദിരത്തിലെ പ്രഭു" എന്നായിരുന്നു അത്ഭുതസ്തിമിതനായ അദ്ദേഹത്തിന്റെ ഉത്തരം

ശോഭന:- ഞാൻ അത്രയും ഊഹിച്ചു. എന്നാൽ മാന്യരേ, എനിക്കു താങ്കളോടു പറവാനുള്ളതു് അദ്ദേഹത്തിന്റെ മുമ്പിൽ വച്ചുതന്നേ പറഞ്ഞു തീർത്തേയ്ക്കാം. എന്റെ അച്ഛൻ താങ്കളേ അറിയിക്കാൻ എന്നോടു കല്പിച്ചയച്ചതു് നാം വഞ്ചിതരായി എന്നുള്ള വൃത്താന്തമാകുന്നു. നമ്മേ വഞ്ചിച്ചയാൾ—

"ശോഭനേ" എന്നു് കരുണാകരൻ ദീനനായി വിളിച്ചുപോയി.

ആ പെൺകിടാവിന്റെ പൂമെയ്യിൽക്കൂടി കടന്നുപോയ സിരാപ്രകമ്പം അത്യന്തം വേദനാജനകമായിരുന്നു. അവളുടെ മസ്തിഷ്കം പ്രജ്ഞാഹീനമാകുംവണ്ണം ചലിച്ചു. ഒരു ചിത്തഭ്രമക്കാരിയേപോലെ ക്രന്ദനം ചെയ്യാൻ അവൾക്കു തോന്നി. എന്നാൽ അപ്പോൾതന്റെ പിതൃവിഗ്രഹം മുമ്പിൽ വന്നതുപോലെ അവൾക്കൊരു ബോധമുണ്ടായി. തുടൎന്നു് ഒരു നിമിഷനേരത്തേക്കു വീർപ്പുമുട്ടി, കുചകലശം

പൊട്ടുവാൻ തുടങ്ങുന്നതുപോലെ സ്ഥാനത്തുനിന്നും മേല്പോട്ടുചലിച്ച ഒരു അവസ്ഥയേ പ്രാപിച്ചിട്ട് അവൾ പറഞ്ഞു.

"വഞ്ചകൻ അതാ നില്ക്കുന്നു! മാർത്താണ്ഡമന്ദിരത്തിലേ യുവപ്രഭു കരുണാകരൻ!"

പ്രഭുകുമാരൻ ഒരു നീണ്ട വിലാപസ്വരത്തെ മോചിപ്പിച്ചുകൊണ്ട് കസാലയിൽതന്നെ വീണു: അദ്ദേഹം അപരാധിയെന്ന് മിഹിരസേനനു ബോദ്ധ്യവുമായി.

"ഹാ! അങ്ങിനെയോ കാൎയ്യം. എന്നാൽ ഞാൻ വധപീഠത്തിൽ ജീവനെ ഉപേക്ഷിക്കണമല്ലോ. പക്ഷെ മാർത്താണ്ഡമന്ദിരത്തിലേ സൗധവും ഭൂമികളും എന്റെ പുത്രനു ലഭിക്കും. പ്രഭോ, അവിടത്തെ പണം എടുത്തുകൊള്ളുക — പ്രമാണങ്ങൾ ഇതാ ഞാൻ എടുത്തിരിക്കുന്നു."

ഇപ്രകാരം പറഞ്ഞുകൊണ്ട് മിഹിരസേനൻ ഒരു കയ്യാൽ ബാങ്കുനോട്ടുകളെ പ്രഭുവിന്റെ നേരെ നീക്കിയെറിഞ്ഞിട്ട് മറെറക്കയ്യാൽ പ്രമാണങ്ങളെ പിടിച്ചുവാങ്ങി പെട്ടിയിലാക്കി പൂട്ടി താക്കോലിനെ തന്റെ കീശയിൽ നിക്ഷേപിച്ചു. ഇതെല്ലാം ഒരു നിമിഷംകൊണ്ടു കഴിഞ്ഞു. എങ്കിലും ആ സമയം കരുണാകരന് പെട്ടെന്നുണ്ടായ ഒരു നിശ്ചയത്തെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ പൎയ്യാപ്തമായിരുന്നു.

കസാലയിൽ നിന്നും ചാടിയെഴുനേററ് അഭിഭാഷകനെ പിടികൂടിക്കൊണ്ട് അദ്ദേഹം ഇങ്ങിനെ ഉറക്കെ പറഞ്ഞു.

"മഹാരാജാവു തിരുമേനിയുടെ തിരുനാമത്തിന്മേൽ ഞാൻ നിങ്ങളെ ബന്ധിക്കുന്നു. പ്രമാണങ്ങൾ തിരിച്ചുതരിക. എന്നാൽ നിങ്ങൾക്കു രക്ഷപ്പെടാം അതിനെ കയ്യിൽവച്ചുതൊള്ളുകയാണെങ്കിൽ വധപീഠത്തിന്മേൽ നിങ്ങൾക്കു ജീവനെ ഉപേക്ഷിക്കേണ്ടിവരും"

"അദ്ദേഹത്തെ വിടുക പ്രഭോ, എന്നിട്ടു മാറി നില്ക്കുക" എന്നു് തൻെറ കൈത്തോക്കു് കരുണാകരൻെറ വക്ഷസ്സിനെ ലക്ഷ്യമാക്കി ചൂണ്ടിക്കൊണ്ടു് ശോഭന പറഞ്ഞു.

ആ കല്പന തൽക്ഷണംതന്നെ ആദരിക്കപ്പെട്ടു; എന്തെന്നാൽ ആ പ്രഭുതരുണൻ ഭീതനായിപിന്നോട്ടുമാറി.

അടുത്തക്ഷണത്തിൽ മിഹിരപ്രസന്നൻ ആ മുറിവിട്ടു വെളിയിൽ കടന്നു. ശോഭനയാകട്ടെ വേഗത്തിൽ ചെന്നു കതകടച്ചു് അതിൽ ചാരിനിന്നുകൊണ്ടു പറഞ്ഞു.

"എൻെറ അനുവാദംകൂടാതെ നിങ്ങൾ രണ്ടുപേരും അവിടെനിന്നനങ്ങരുതു്. അനങ്ങിയാൽ ആ ക്ഷണം നിങ്ങളുടെ അവസാനത്തേതായിരിക്കും."

# 10

## ഉത്തമർണ്ണൻെറ പുത്രൻ

**സു**ന്ദരിയായ മദാലസയുടെ പിതാവും അളകാനിലയത്തിലെ പ്രഭുവും സൈന്യാധിപനും ആയ "അളകേന്ദ്രൻ," ഈ കഥാഗതിക്കിടയിൽ നാം മുമ്പു

പറഞ്ഞ ബലിമന്ദിരത്തിലേ കലാപകാലത്തു് പ്രജകളു ടെനേരെ സൈന്യത്തേ നയിച്ചു പോർചെയ്യവേ പട നിലത്തിൽ മൃതിയടഞ്ഞതായിരുന്നു. അദ്ദേഹത്തിൻെറ മരണശേഷം മരണപത്രം എഴുത്തുമേശയ്ക്കുള്ളിൽകാ ണപ്പെട്ടു. അതിൽ അപൂവ്മായുള്ള ഒരു അധികരണ വും അടങ്ങിയിരുന്നു അദ്ദേഹത്തിൻെറ അവധിയി ല്ലാത്ത ധനം മുഴുവൻ ഏകപുത്രിയായ മദാലസയ്ക്കു് അവകാശപ്പെടുത്തികൊടുത്ത പ്രമാണത്തിൽ അവളു ടെ സ്ത്രീപ്രായം ഇരുപത്തഞ്ചു വയസ്സെന്നു ക്ലിപ്തപ്പെ ടുത്തിയിരുന്നു. ആ പ്രായം കഴിയുന്നതുവരെ മുതലിൽ തൊടാതെ അതിൻെറ പലിശമാത്രംവാങ്ങുവാനെ വ്യ വസ്ഥചെയ്തിരുന്നുള്ളു. ആ പ്രായം തികയുന്നതിനുമു മ്പായി അവൾക്കു് ഒരു വിവാഹം വേണമെന്നുതോ ന്നിയാൽ അതു് അവളുടെ തുല്യനിലയുള്ളവനോ അ ല്ലെങ്കിൽ ഭാവികാലത്തിൽ ആ നില വരുവാൻ വശമു ള്ളവനോ ആയിരിക്കണം. കൂടാതെയും അയാൾ, ത ൻെറ സ്വത്തു പണമാണെങ്കിൽ ഇത്രയെന്നു കാണി ച്ചും, വസ്തുക്കളാണെങ്കിൽ അവ ബാധ്യതയില്ലാത്തവ യായിരിക്കണമെന്നു തെളിയിച്ചും വിവാഹാൎത്ഥനചെ യ്യണമെന്നുകൂടി പ്രത്ര വ്യവസ്ഥചെയ്തിരുന്നു. എന്നാൽ ഉദ്ദിഷ്ടനായ വരൻ അപ്രകാരമുള്ള പണത്തിൻേറയോ വസ്തുവകകളുടേയോ അവകാശി മാത്രമായാലും മദാ ലസയുടെ പാണിഗ്രഹണത്തിനർഹനാണെന്നുംകൂടി ഒ സ്യത്തു് വെളിപ്പെടുത്തി. ഈ വ്യവസ്ഥപ്രകാരവും വസ്തുക്കളിൽ ഒററിബാധ്യതയോ ഋണബാധ്യതയോ ഇല്ലെന്നുംകൂടി തെളിയിക്കേണമെന്നും പ്രത്യേകം മര ണപത്രത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നു. നേരെമറിച്ചു്

മദാലസ സ്വപിതാവിൻെറ മരണശാസനത്തിനു വ ഴങ്ങാതെ അയോഗ്യനായ ഒരാളുമായി വിവാഹത്തിൽ ഏർപ്പെട്ടുന്നപക്ഷം സ്വത്തിൻെറ ഏറിയഭാഗവും ഒ രകന്ന ബന്ധുവിനു പോകയും, അവൾക്കു ഉപജീവ നത്തിനുമാത്രം വരുന്ന ഒരു സംഖ്യ ശേഷിക്കപ്പെടുക യും ചെയ്യുമെന്നും മരണശാസനം പ്രത്യേകിച്ചു പറ ഞ്ഞിരുന്നു.

പ്രഥമദൃഷ്ടിയിൽ അസാധാരണമെന്നു തോന്നുന്ന ഒരു ഒസ്യത്തിനെ നിർമ്മിക്കാൻ അളകേന്ദ്രപ്രഭുവിനെ പ്രേരിപ്പിച്ച ആ ഉദ്ദേശത്തെ ഊഹിക്കാൻ ഏതും വിഷമമില്ലാ. മദാലസയുടെ അമ്മ മരിച്ചിട്ടു വള രെ കാലമായിരുന്നു: അതിനാൽ പിതാവിൻെറ നി ര്യാണത്തോടേ അവളുടെ അനാഥത്വം പൂർണ്ണമാകും. അതുകൊണ്ടു് ഒരു ചെലവാളിയുടെ ബന്ധത്തിൽപെ ട്ടു നട്ടംതിരിയാതെ തൻെറ മകളെ തടുക്കുന്നതിനു വേണ്ടിയായിരുന്നു സമർത്ഥനായ ഒരഭിഭാഷകനോടാ ലോചിച്ചു് പ്രഭു ഈവിധം ചെയ്തതു്. ഇതുമെന്യേ തൻെറ ഉന്നതമായ പ്രഭുപാരമ്പര്യത്തിൽ ഉറച്ച വി ശ്വാസമുണ്ടായിരുന്ന അളകേന്ദ്രപ്രഭു, അതിനെ ഊ നമെന്യേ നിലനിർത്തുവാൻ വേണ്ട മാർഗ്ഗങ്ങളെപ്പററി നല്ലപോലെ അഭ്യസിക്കയും ചെയ്തിരുന്നു. മദാലസയു ടെ വസ്തു സൂക്ഷിപ്പുകാരും രക്ഷാകർത്താക്കളും തങ്ങളു ടെ കഴിഞ്ഞുപോയ സ്നേഹിതൻെറ മരണപത്രത്തി ലെ വ്യവസ്ഥകളെ ഈഷദ്ഭേദംകൂടാതെ നടത്താൻ നിശ്ചയംചെയ്തവരായിരുന്നു. അങ്ങിനെ ആ പെൺ കിടാവു് സ്വാതന്ത്ര്യത്തിൽനിന്നെത്രയോ അകലെ നിന്നതേയുള്ളു.

അനേകകാരണങ്ങളാൽ മാർത്താണ്ഡമന്ദിരത്തിലെ പ്രഭുവിൻെറ വസ്തുക്കൾ വളരെ വിലയിടിഞ്ഞും ഋണത്തിൽ നിമഗ്നമായും കിടന്നിരുന്നു. അതിനാൽ ഒടുവിൽ മിഹിരസേനനോട് ഒരു വലിയ തുക കടംവാങ്ങാൻ അദ്ദേഹം നിർബ്ബന്ധിതനായി. പണം തിരിച്ചുകൊടുക്കേണ്ട കാലംവന്നപ്പോൾ വൃദ്ധനായ പ്രഭു മനംനൊന്തു വളരെ വിഷമിച്ചു. ഒടുവിൽ തൻെറ പുത്രൻ അളകാനിലയത്തിലേ യുവപ്രഭ്വിയിൽ അനുരക്തനാണെന്നും ഈ അനുരാഗം ഏതായാലും ഭാവിശ്രേയഃപിശുനമാണെന്നും കണ്ട് അദ്ദേഹം നിതരാം ആശ്വസിച്ചു. വൃദ്ധനായ പ്രഭു അപ്പോൾ തൻെറ യഥാർത്ഥാവസ്ഥയെ സ്വപുത്രനെ അറിയിച്ചു. കഴിഞ്ഞുപോയ അളകേന്ദ്രപ്രഭുവിൻെറ മരണപത്രത്തിലെ വ്യവസ്ഥകൾ രഹസ്യമല്ലാതിരുന്നതിനാൽ തൻെറയും തൻെറ ആശാനിർവ്വഹണത്തിൻെറയും ഇടയിലായി ഒരു വലിയ പ്രതിബന്ധം വന്നുകൂടിയിരിക്കുന്നതു കരുണാകരൻ കണ്ടു. ഒരു പ്രഭുവിൻെറ അവകാശിയെന്നനിലയിൽ അദ്ദേഹം പ്രഭുപദവിക്കർഹനായിരുന്നു. എന്നാൽ മദാലസയുമായുള്ള വിവാഹത്തിന് അവളുടെ രക്ഷാകർത്താക്കളുടെ സമ്മതി ലഭിക്കാൻ, തനിക്കവകാശപ്പെട്ട വസ്തുക്കൾ ഋണബാധിതമല്ലെന്നു തെളിയിക്കേണ്ട ഭാരം അദ്ദേഹത്തിൻെറ സ്കന്ധങ്ങളിൽതന്നെ അവതരിച്ചു. ഇതു ചെയ്യാൻ നിവൃത്തിയില്ലാതെ വന്നു; എന്തെന്നാൽ പ്രമാണങ്ങളെല്ലാം ഉത്തമർണ്ണനായ മിഹിരസേനൻെറ കയ്യിലായിപ്പോയി.

സ്വപിതാവിൻെറ ഗുണബദ്ധമായ പരിതസ്ഥിതികളെ ഓർത്തു് കരുണാകരൻ നിരാശനായിത്തീന്നു. സുന്ദരിയും യുവതിയുമായ ആ പ്രഭുകുമാരിയിൽ താൻ തൻെറ പ്രണയത്തേ അർപ്പിച്ചുകഴിഞ്ഞു എന്നദ്ദേഹം സങ്കല്പിച്ചു. അവളുടെ പാണിഗ്രഹണത്തിന് അനേകം പ്രഭുകുമാരന്മാർ സന്നദ്ധരായിരുന്നു. അവരെല്ലാവരുംതന്നെ അവളുടെ പിതാവിൻെറ മരണശാസനപ്രകാരമുള്ള യോഗ്യത തികഞ്ഞവരുമായിരുന്നു. അതിനാൽ ആ കന്യകാരത്നത്തെ തട്ടിക്കൊണ്ടുപോകുന്നതു് നമ്മുടെ പ്രഭുതരുണൻെറ പൊണ്ണക്കാൎയ്യത്തിന്ന് സമുചിതമായ ഒരു ദോഹദമായിത്തന്നെ പരിണമിക്കയും ചെയ്‌വാൻ തക്ക നിലയിൽ വന്നിച്ചു. ഇതു കൂടാതെ പ്രഭുകുമാരിയുടെ ധനം ഗുണഹീനമായ അയാളുടെ പിതൃസ്വത്തിനേപോലും അപേക്ഷിച്ചു് എത്രയും ബൃഹത്തായിരുന്നു. അവളുമായുള്ള വിവാഹംമൂലം, അദ്ദേഹം, തനിക്ക് ഒരു ഐശ്വൎയ്യപൂൎണ്ണമായ പദവിയെ പ്രാപിക്കാമെന്നുതന്നെ സംശയമില്ലാതെ നിശ്ചയിച്ചു. പ്രഭുതരുണി അദ്ദേഹത്തിൻെറ നേരെ അനുരക്തയായിരുന്നു—അദ്ദേഹം അവളുടെ പാണിഗ്രഹത്തേ അൎത്ഥിക്കയും അതു സ്വീകരിക്കപ്പെടുകയും ചെയ്തുകഴിഞ്ഞു—അവളുടെ പിതൃസഹോദരിക്കും ഈ ബന്ധം ആനന്ദകരമായി പരിണമിച്ചു. ഇനി മരിച്ചുപോയ പ്രഭുവിൻെറ ഒസ്യത്തനുസരിച്ചു നിയമിക്കപ്പെട്ട വിശ്വസ്തന്മാരെ തൃപ്തിപ്പെടുത്തേണ്ട ഭാരം മാത്രമേ ശേഷിച്ചിരുന്നുള്ളു. എന്നാൽ അവിടെയായിരുന്നു പ്രതിബന്ധം—വസ്തുക്കളിലെ ഒററിബാധ്യത—മിഹിരസേനൻ കൊടുത്തിരുന്ന പണം.

വൃദ്ധപ്രഭുവും അദ്ദേഹത്തിൻെറ പുത്രനും ഈ അവസ്ഥയിൽപെട്ടു കുഴങ്ങുമ്പോഴായിരുന്നു രാജാവിന്ന് ഒരു രഹസ്യകാൎയ്യം സാധിയ്ക്കാൻ വിശ്വാസയോഗ്യനായ ഒരാളെ കിട്ടിയാൽകൊള്ളാമെന്നു കല്പിച്ചതായി കൊട്ടാരത്തിലേ പ്രധാനപ്പെട്ട ഒരു സേവകനിൽനിന്നും വൃദ്ധനറിവുകിട്ടിയതു്. വളരെ രഹസ്യമായി ആ കാൎയ്യം സാധിച്ചുകൊടുക്കുന്നയാൾക്കു് നല്ല പ്രതിഫലം കൊടുക്കുന്നതാണെന്നും പ്രത്യേക കല്പനയും ഉണ്ടായി. ഈ സേവനത്തിൻെറ സ്വഭാവമെന്തെന്നു് വൃദ്ധപ്രഭു അന്വേഷിച്ചുമനസ്സിലാക്കി. അപ്പോഴത്തെ ആശയററയവസ്ഥയിൽ കരുണാകരൻ ആ ഭാരം കയ്യേററുസാധിക്കണമെന്നദ്ദേഹം തീൎച്ചയാക്കി. വയോധികനായ ആ പ്രഭുവിൻെറ ആചാരപദ്ധതി ഒരിക്കലും ധൎമ്മാനുസൃതമായിരുന്നില്ല. സ്വപുത്രൻ ഒരു ചാരനായി പ്രവൎത്തിക്കണമെന്നദ്ദേഹത്തെ പ്രേരിപ്പിക്കാൻ വൃദ്ധൻെറ മനസ്സാക്ഷി അനുവദിച്ചു എങ്കിൽ സിംഹാസനത്തേയും രാജഹിതത്തേയും താങ്ങുന്നതിന്നു് അനുഷ്ഠിക്കുന്ന ഏതു പ്രവൎത്തിയും മാന്യമാണെന്നദ്ദേഹം സമാധാനപ്പെടുകയും ചെയ്തു. കരുണാകരൻ അതേ വ്യാജന്യായത്തിനു വഴിപ്പെടുകയുമുണ്ടായി. അങ്ങിനെ രാജസന്നിധാനത്തിൽ പ്രവേശിച്ചപ്പോൾ, വായനക്കാൎക്കറിവുള്ളതുപോലെ, അദ്ദേഹം ഒരു ചാരവൃത്തി സ്വീകരിക്കാമെന്നും സമ്മതിച്ചു.

സ്വേച്ഛാപ്രഭുത്വത്തിൽ വൎത്തിക്കുന്ന ഭരണക്രൂടങ്ങൾ കാൎയ്യസാധ്യത്തിനായി കൈക്കൊള്ളാറുള്ള നിരവധി മാൎഗ്ഗങ്ങളിൽ ഒന്നനുസരിച്ചു്, പാരസീകത്തി

ലെ ആന്തരകാൎയ്യാധികാരിയായ സചിവന്, ഉപ ഗുപ്തസേനാനിയുടെ രാജദ്രോഹപരമായ ചില ഗ്രൂഢ കർമ്മങ്ങളെ സംബന്ധിച്ച് ഏതാണ്ടൊരറിവുലഭി ച്ചു. എന്നാൽ സേനാനിയെ പെട്ടെന്നു ബന്ധിക്ക ത്തക്കവണ്ണം അത്ര ശങ്കാഹീനമല്ലായിരുന്നു ആ വാ ൎത്ത. ഇതു കൂടാതെ ഗ്രൂഢാലോചനക്കാരുടെ ഉദ്ദേശ മെന്തെന്നു കണ്ടുപിടിക്കേണ്ടതും—അതിലെ നായക ന്മാർ ആരെല്ലാമാണെന്നറിയേണ്ടതും—ആ ദുരാലോ ചന എത്രമാത്രം ശാഖോപശാഖകളായി വളൎന്നിട്ടു ണ്ടെന്നു നിശ്ചയം വരുത്തേണ്ടതും അത്യന്താപേക്ഷി തമായി കാണപ്പെട്ടു. ഈ കാൎയ്യങ്ങളെല്ലാം സാധി പ്പാൻ ഒരു ചാരന്റെ ആവശ്യം നേരിട്ടു. ഇ പ്രകാരമുള്ള ഒരു പണിയായിരുന്നു.—ഇപ്രകാരം ല ജ്ജാകരമായി നിന്ദ്യമായുള്ള ഒരു പണിയായിരുന്നു— കരുണാകരൻ ഭരമേററതു്.

ദൈവഗതി എപ്പോഴുംതന്നെ പാപകരമായ കാ ൎയ്യങ്ങളെ അനുകൂലിക്കുന്നു. അങ്ങനെയായിരുന്നു ആ പ്രഭുതരുണൻ, ഉപഗുപ്തന്റെ ഗൃഹത്തിൽ പ്രവേശി ക്കാൻ പഴുതുനോക്കിയിരിക്കവേ മോഷ്ടിക്കപ്പെട്ട കു തിരയുടെ വരവ് അദ്ദേഹത്തിനൊരവസരം നൽകി യതു്. കരുണാകരൻ ആ ഏകാന്തവസതിയിലെത്തി, ഉപജാപകന്മാരുടെ സംഘത്തിൽ തന്നെക്കൂടി ചേ ൎക്കുമെന്നു നിനച്ച്, ഉദാരമായ അഭിപ്രായങ്ങളെ തുറന്നു പ്രസംഗിച്ചു. ഉപഗുപ്തസേനാനിയുടെ ഗൃഹത്തിൽ ഒരു വിശ്വമോഹിനിയെ താൻ കണ്ടുമുട്ടുമെന്നും അ ദ്ദേഹം ലേശവും പ്രതീക്ഷിച്ചില്ല. താൻ വഞ്ചിക്കുന്ന തിനുദ്ദേശിച്ച ആ മനുഷ്യന്റെ തന്നെ പുത്രിയിൽ താൻ

അനുരക്തനായിത്തീരുമെന്നു് അദ്ദേഹം സ്വപ്നേപി ചിന്തിച്ചതുമില്ല. എങ്കിലും അങ്ങിനെയായിരുന്നു സംഭവിച്ചതു്. തുടന്നു് അല്പകാലത്തിനുള്ളിൽ, താൻ അളകാനിലയത്തിലെ പ്രഭുതരുണിയെ പ്രണയിച്ചില്ലെന്നുള്ള ഒരു ബോധം അദ്ദേഹത്തിൻെറ മനസ്സാക്ഷിയിൽ കടന്നുകൂടി. വായനക്കാക്കറിവുള്ളതുപോലെ അദ്ദേഹത്തിനു ശ്രദ്ധാലോചനക്കാരുടെ ഇടയിൽ പ്രവേശനം ലഭിച്ചില്ല. ശോഭനയെ സംബന്ധിച്ച പ്രേമം വൎദ്ധിച്ചുവന്നപ്പോൾ, ചാരനായി പരിണമിക്കുന്നതിനുള്ള അദ്ദേഹത്തിൻെറ ആഗ്രഹം ക്രമേണ തണുത്തുതുടങ്ങി. രാജാവു ക്ഷമാഹീനനായിത്തീൎന്നു. കുമാരനെ സർപ്പദംഷ്ട്രത്തിൽ പാർപ്പിച്ചുകളയുമെന്നദ്ദേഹം ഭീഷണിപ്പെടുത്തി. വൃദ്ധപ്രഭു സ്വപുത്രനെ ദുഃഖസമേതമായ പ്രാൎത്ഥനകൊണ്ടു വീണ്ടുംവീണ്ടും ആ കാൎയ്യനിർവ്വഹണത്തിനു പ്രേരിപ്പിച്ചു. അതവരുടെ രണ്ടുപേരുടെയും ഗുണത്തിനാണെന്നുംകൂടി ആ പിതാവു് ചൂണ്ടിക്കാണിച്ചു. കരുണാകരൻെറ ഹൃദയവും അളകാനിലയത്തിലെ പ്രഭുപുത്രിയുമായുള്ള ബന്ധത്തിൽ നിന്നുണ്ടാകാവുന്ന ആ മഹാഭാഗ്യത്തെ ചിന്തിച്ചു വശീകൃതമായി. അങ്ങനെ തന്നെ വലയം ചെയ്ത പരിതസ്ഥിതികളാൽ മിക്കവാറും ഉന്മത്തനാക്കപ്പെട്ട ആ പ്രഭുതരുണൻ അവസാനമായി ശോഭനയെ ഒന്നു സന്ദർശിച്ചു. അവളുടെ ശങ്കാഹീനമായ കർത്തൃത്വം ഹേതുവായിട്ടു ആ മഹാവഞ്ചനത്തെ സാധിക്കയും ചെയ്തു. ശോഭനയെ എന്നെന്നേയ്ക്കുമായി ഉപേക്ഷിക്കാനും അവളുടെ അച്ഛനെ വധപീഠത്തിൽ ബലികൊടുപ്പാനും പോരുന്ന ഒരു പരിതസ്ഥിതിയെ സം

ജാതമാക്കുവാൻ കരുണാകരനു സ്വഹൃദയത്തെ നിഷ്കരുണം മഥിക്കേണ്ടതായി തന്നെ വന്നു.

എന്നാൽ ഒരു ക്ഷണം കൊണ്ടു് അപ്പോൾ, അതിനീചമായ വിശ്വാസവഞ്ചനയിലും ഗാഢമായദുർവൃത്തിയിലും കെട്ടിപ്പടുത്ത ആ ഏടുപ്പു് തകന്നു നിലംപതിച്ചു. പ്രസ്തുത വിപത്തിൻെറ രംഗം ആ അഭിഭാഷകഗൃഹവുമായിരുന്നു. മിഹിരസേനൻ തൻെറ ന്യായമായ അവകാശത്തെ ഉപേക്ഷിച്ചില്ല. അവധി കഴിഞ്ഞുപോയതിനാൽ ഇനി പണം സ്വീകരിക്കുന്ന കാൎയ്യം വിഷമമാണെന്നു പറഞ്ഞു പ്രമാണങ്ങളെല്ലാം പെട്ടിയിലാക്കി പൂട്ടി മാത്താണ്ഡമന്ദിരത്തേയും വസ്തുക്കളേയും തൻെറ വകയാക്കി പ്രഖ്യാപനം ചെയ്യുകയുമുണ്ടായി. അദ്ദേഹം ഉടൻ തന്നെ ഓടിപ്പോയതിനാൽ അദ്ദേഹത്തോടു ഒന്നു കൂടി അപേക്ഷിച്ചു് ഒരു നിവൃത്തി ഉണ്ടാക്കാനും വഴി കണ്ടില്ല. വൃദ്ധപ്രഭു വസ്തുക്കളെയും കളഞ്ഞു് മിണ്ടാതെ അവിടെ നിരാശനായിരുന്നു. ആ പെൺകിടാവിൻെറ അസാധാരണസാമർത്ഥ്യത്തെ കണ്ടു് ചകിതനായി മേശയുടെ മറുവശത്തായി മാറത്തു കൈകൾ ചേർത്തുകെട്ടി കീഴോട്ടു നോക്കി വിളറിയ കപോലത്തോടും നിശ്ചലമായ ആകൃതിയോടും ചുരുക്കത്തിൽ ശൂന്യമായ മുഖഭാവത്തോടും കൂടി കരുണാകരകുമാരനും നിൽക്കയായിരുന്നു.

തൻെറ പിതാവിനോടും അദ്ദേഹത്തിൻെറ സ്നേഹിതനായ മിഹിരസേനനോടും താൻ ചെയ്യേണ്ട കർത്തവ്യത്തെ ഏതു കണ്ടു് സംപൂർണ്ണമായി ചെയ്തു തീർത്തു ഏന്നോർത്തപ്പോൾ ആ പെൺകിടാവിൻെറ

ഹൃദയത്തിൽ അങ്കുരിച്ച രോമാഞ്ചം, എന്നല്ലനിലയില്ലാത്ത പരമാനന്ദം വാചാമഗോചരമായിരുന്നു. അതുമല്ല അവളുടെ ആത്മസംയമനംതന്നെ എത്രമാത്രം ഇളക്കമില്ലാത്തതായിരുന്നു. താൻ തന്റെ കത്തവ്യത്തെ അനുഷ്ഠിച്ചു എന്നുള്ള ബോധത്താൽ അവളുടെ ഹൃദയം പ്രൗഢമായി തീൻ. അറിയാതെയെങ്കിലും മുമ്പു താൻ അച്ഛന്റെ നേരെ പ്രവത്തിച്ച അപരാധങ്ങൾക്കു ശക്തിക്കെത്തിയിടത്തോളം നിഷ്കൃതി ചെയ്തിട്ടുണ്ടെന്ന് ശോഭന ആശ്വസിച്ചു. കരുണാകരന്റെ നേരെ അവൾക്കു മുമ്പുണ്ടായിരുന്ന പ്രണയത്തിനും ഒരു വലിയ ഉടവു തട്ടി. എന്തെന്നാൽ അവളിൽ ഇതിനിടയ്ക്കു ഒരു വലിയ മാററം സംഭവിച്ചിരുന്നു. അതിനാൽ യാതൊരു വികാരവും കൂടാതെ അവളുടെ മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ട ആ രംഗത്തെ കാണ്മാൻ അപ്പോൾ അവൾ ശക്തയായി കാണപ്പെട്ടു.

മിഹിരസേനൻ ആ രംഗത്തു നിന്നും പിരിഞ്ഞിട്ട് അഞ്ചു നിമിഷങ്ങൾ കഴിഞ്ഞതേയുള്ളൂ. ഇതിനിടയിൽ "നിങ്ങൾ രണ്ടുപേരും എന്റെ അനുവാദം കൂടാതെ അവിടെനിന്നും അനങ്ങിപ്പോയാൽ അതായിരിക്കും നിങ്ങളുടെ അവസാനസമയം." എന്നുള്ള അവളുടെ ഭീഷണിയല്ലാതെ ഒരു വാക്കുപോലും അവിടെ ഉച്ചരിക്കപ്പെട്ടില്ല.

ആ നിമിഷങ്ങളഞ്ചും കഴിഞ്ഞപ്പോൾ ആരോ വാതലിന്റെ കൈപിടിയിൽ ബലം പ്രയോഗിക്കുന്നതു കേൾക്കപ്പെട്ടു. ശോഭന വാതിൽ പകുതി തുറന്നു. എന്നാൽ പ്രഭുക്കന്മാരുടെ നേരെ തോക്കു ചൂ

ണ്ടികൊണ്ടുതന്നെ അപ്പോഴും അവൾ സന്നദ്ധയാ യിനിന്നു. വന്നയാൾ അവളോട് മന്ദസ്വരത്തിൽ പറഞ്ഞു "എൻെറ പിതാവു രക്ഷനേടി. ഉപഗു പ്തസേനാനിയുടെ ധീരയായപുത്രിക്ക് അദ്ദേഹം അ നേകം വന്ദനങ്ങൾ തരുവാൻ എന്നോടാവശ്യ പ്പെട്ടു."

തന്നെ സംബോധനം ചെയ്തയാൾ മിഹിരസേ നൻെറ പുത്രനാണെന്ന് ശോഭന മനസ്സിലാക്കി. അ വൾ അദ്ദേഹത്തെ അകത്തു പ്രവേശിപ്പിച്ചു. അദ്ദേ ഹം പത്തൊൻപതു വയസ്സുള്ള ഒരു തരുണനായി രുന്നു. അയാൾ കാഴ്ചയിൽ സുഭഗനല്ലെങ്കിലും കാ ര്യശേഷിയും ദൃഢനിശ്ചയവുമുള്ള ഒരു ചെറുപ്പക്കാര നാണെന്നു തോന്നിച്ചു അകത്തു പ്രവേശിച്ച ക്ഷ ണത്തിൽതന്നെ യുവപ്രഭുവിനേനോക്കി നീരസത്തെ പ്രദർശിപ്പിച്ചുകൊണ്ട് തരുണൻ ഇങ്ങിനെ പറഞ്ഞു. പ്രഭോ അവിടുന്ന് ഒരു നീചനായ ചാരൻെറ ആ ചാരത്തെ കൈക്കൊണ്ടു എന്നു ഞാനറിഞ്ഞു. അ തിന് അവിടത്തേയ്ക്കു കിട്ടിയ സമ്മാനമായ ഒരു വലിയ തുകയുർകൊണ്ട് വസ്തുക്കളെ വീണ്ടെടുക്കുവാൻ അവിടത്തെ പിതാവ് ഇവിടെ സന്നിഹിതനായി. എന്നാൽ ആ വസ്തുക്കൾ എന്നെന്നേയ്ക്കുമായി മാ ത്താണ്ഡമന്ദിരം പ്രഭുകുടുംബത്തിൽനിന്നും അന്യാധീ നപ്പെട്ടുപോയി. (വൃദ്ധപ്രഭുവിനെ നോക്കിക്കൊണ്ട്) പ്രഭോ, അവിടത്തെ പൌഢത്തേയും ഭൂസ്വത്തുക്ക ളേയും കൈവശപ്പെടുത്തുന്നതിനു നിയമജ്ഞന്മാരുടെ പിൻതുണയോടുകൂടി എൻെറ അച്ഛൻെറ പ്രതിനി ധി എന്നനിലയിൽ ഞാൻ നടപടിനടത്താൻ തുട

ങ്ങുകയാണ്. അങ്ങിനെ ചെയ്യാൻ എന്റെ അച്ഛൻ ഒപ്പിട്ട അധികാരപത്രവും എനിക്കു കിട്ടിയിട്ടുണ്ട്. എന്നെ ഭരമേല്പിച്ചിട്ടുള്ള കാര്യങ്ങളിൽ ഇതു തന്നെയാണു ഞാൻ ഏററവും തൃപ്തികരമായി നിറവേററുന്നത്.

വൃദ്ധപ്രഭു തന്റെ കൈത്തലത്തെ പിടിച്ചു ഞെരിക്കുവാൻ തുടങ്ങി. കരുണാകരൻ ശോഭനയുടെ നേരെ പരിഭ്രാന്തനായി ഒന്നു നോക്കി. എന്നാൽ അവളുടെ വിളറിയ മുഖത്തിൽ കരുണയുടേയോ സഹതാപത്തിന്റേയോ യാതൊരു ലക്ഷണവും അദ്ദേഹം കണ്ടില്ല.

"എന്റെ അച്ഛൻ രക്ഷപ്പെട്ടു, ഇനി അതുകൊണ്ട്, വീരതരുണീ, ഭവതിക്ക് ഇവിടെനിന്നും ഇവരെ പോകാൻ അനുവദിക്കാം. ഹാ! ഇനിയും ചില വാക്കുകൾകൂടി എനിക്കു പറവാനുണ്ട് (പ്രഭുവിനെനോക്കി) പ്രഭോ, അവിടുന്നു വീണ്ടും സൌധത്തിലേയ്ക്കു വരുവാനാണു ഭാവമെങ്കിൽ· കരുണ കൂടാതെ ആ സ്ഥലത്തുനിന്നും അവിടത്തെ ഇറക്കി വിടുന്നതാണ്. അങ്ങയുടെ ആനുകൂല്യംകൊണ്ടോ അല്ലെങ്കിൽ പ്രേരണമൂലമോ ആണ് പുത്രൻ ചാരനായി പരിണമിച്ചതെന്നുള്ളതിന് യാതൊരു സംശയവുമില്ല. എന്തെന്നാൽ അതിലുണ്ടായ ലാഭത്തെകൊണ്ട് തേറിക്കൊള്ളാമെന്ന് അവിടുന്നു വിചാരിച്ചു. ഭർത്താക്കന്മാരെയും പിതാക്കളേയും വധപീഠത്തിലേക്കയച്ചിട്ട് അങ്ങ് ഗൃഹങ്ങളെ ശൂന്യങ്ങളാക്കുമായിരുന്നു. അതുമൂലം അവിടത്തെ പൈതൃകമായ സ്വ

ത്തിൽനിന്നും അവിടത്തേ പിരിച്ചുവിടുന്നതിൽ എനിക്കല്പമെങ്കിലും സങ്കടമുണ്ടാകുമെന്ന് അങ്ങു വിചാരിക്കുന്നുണ്ടോ?"

വയോധികനായ പ്രഭു ഒരു ശിശുവിനെപോലെ വിമ്മിക്കരയുവാനും ദീർഘനിശ്വാസം പുറപ്പെടുവിക്കാനും തുടങ്ങി. തങ്ങളെ രണ്ടുപേരെയും അനുഗമിച്ച അപമാനത്തിൻെറയും നാശത്തിൻെറയു കത്താവെന്നനിലയിൽ സ്വപിതാവിൻെറനേരെ കരുണാകരൻ വെറുപ്പോടുകൂടി ഒന്നുനോക്കി.

പ്രഭുകുമാരനേ നോക്കിക്കൊണ്ടു് മിഹിരസേനൻെറ പുത്രൻ പറഞ്ഞു.

"ഹാ പ്രഭോ അങ്ങാണോ അളകാനിലയത്തിലേ പ്രഭ്വിയുടെ പാണിഗ്രഹണത്തേ കൊതിക്കുന്നതു്. തത്ര ഭവതിയുടെ മുമ്പിൽ ഇപ്പോൾ ചെല്ലുക അവിടത്തേ കൈവശത്തിൽ ഇരുന്ന സ്വത്തെല്ലാം ഇപ്പോൾ അന്യാധീനത്തിലാണെന്നു് പ്രഭുകുമാരിയോടു പറയുക. അങ്ങിനെ കുമാരിയുടെ രക്ഷാകത്താക്കൾ ഈ വിവാഹത്തിനനുമതി നൾകുമോ! എന്നൊന്നു പരീക്ഷിക്കുക. ഒരു മണിക്കൂർ കഴിയുന്നതിനുമുമ്പായി പരമാത്ഥം മുഴുവൻ കുമാരിയെ ധരിപ്പിച്ചുകഴിയും. പ്രഭുകുമാരിയുടെ പാണിഗ്രഹണത്തിനുവേണ്ടി അങ്ങു് ഒരു ചാരനെന്ന അവസ്ഥയിലേയ്ക്കു് അവരോഹണം ചെയ്തു എന്നും അതിൽവച്ചുണ്ടായ ആദായംകൊണ്ടു് പിതൃസ്വത്തിനെ തിരിച്ചെടുക്കുവാൻ തുടങ്ങുകയായിരുന്നു എന്നും മദലാസയെ ധരിപ്പിക്കുന്നുണ്ടു്. അതേ, അപ്പോൾ ആ മനസ്വിനി

യായ പ്രഭ്വി അവിടത്തേ കണ്ടാൽ എങ്ങിനെ പെരുമാറും എന്നു നോക്കുക."

മിഹിരസേനൻെറ യുവാവായ പുത്രനിൽനിന്നും കരുണാകരൻെറ ദുർവൃത്തിയുടെ വൈപുല്യം എത്രയുണ്ടെന്ന് ശോഭന മനസ്സിലാക്കി. അതിനാൽ അവളുടെ ആയിടയ്ക്കുള്ള പ്രണയത്തിൻെറ ഒരു ലേശമെങ്കിലും ഹൃദയത്തിൽ ഉണ്ടായിരുന്നെങ്കിൽ അതും അപ്പോൾ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. അദ്ദേഹം വീണ്ടും അവളുടെ നേരെ ഒരു കള്ളനോട്ടം നോക്കി. അതു് അവളുടെ വീക്ഷണങ്ങളോടിടഞ്ഞു—അവ പൂർണ്ണമായ നിന്ദയും രോഷവും ഉൾക്കൊണ്ടവയായിരുന്നു ശാന്തയും, സുശീലയും മൃദുലയും നിഷ്കപടയുമായ ശോഭനയ്ക്കു് പ്രദർശിപ്പിക്കാൻ കഴിയുമെന്നദ്ദേഹം പ്രതീക്ഷിക്കാത്ത ഒരു വെറുപ്പുംജുഗുപ്സയും കൂടി അവയിൽ കലൎന്നു കാണപ്പെട്ടു. അദ്ദേഹം ആ വീക്ഷണങ്ങളുടെ മുമ്പിൽ ത്രസ്തവിഗ്രഹനായിത്തീൎന്നു. അദ്ദേഹത്തേ ഗ്രസിപ്പാൻ ഭൂഭാഗം പെട്ടെന്നു തുറന്നിരുന്നുവെങ്കിൽ അതൊരു കാരുണ്യമായിരുന്നേനെ; —എന്തെന്നാൽ ആ തരുണൻ അനുഭവിച്ച മഹാദുരിതത്തെ വർണ്ണിക്കാൻ ശക്തിയുള്ള വാക്കുകൾ ദുർല്ലഭമായിരുന്നു.

"എന്നാൽ ഇനി പോകാം, രണ്ടുപേരും പോയി തുലയിൻ." എന്നു് അഭിഭാഷകൻെറ പുത്രൻ പറഞ്ഞു.

"അച്ഛാ, അവിടുന്നാണിതെല്ലാം ചെയ്തതു്, അങ്ങെന്നെ ദുഷ്കീൎത്തിക്കു പാത്രമാക്കി. ഇനി വരൂ,

ഭാഗ്യംകെട്ട വൃദ്ധാ, നമുക്കെവിടെയെങ്കിലും പോയി ആരുടെയും കണ്ണിൽപ്പെടാതെ ദിവസങ്ങൾ കഴിച്ചു കൂട്ടാം." എന്നു കരുണാകരൻ പറഞ്ഞു.

പ്രഭു ഒരു യന്ത്രംപോലെ പുത്രനെ ആദരിച്ചു. അലങ്കാരഭാഷയിൽ പറകയാണെങ്കിൽ അദ്ദേഹം നിലംവരെ താണു. കരുണാകരൻ അക്ഷമനായി പിതാവിൻെറ കയ്യിൽ കടന്നുപിടിച്ചുകൊണ്ടു് ആ മുറിയിൽനിന്നും പുറത്തേയ്ക്കു കടക്കാൻ ഭാവിച്ചപ്പോൾ സേനാനിയുടെ പുത്രിയേ സംബോധനംചെയ്യാൻ അദ്ദേഹം ധൈര്യപ്പെട്ടു. അദ്ദേഹം ഇങ്ങിനെ പറഞ്ഞു.

"ശോഭനേ, നമുക്കുപരിയായി ഒരു സ്വർഗ്ഗം സ്ഥിതിചെയ്യുന്നതിനെ സാക്ഷിയാക്കി ഞാൻ പറകയാണു്, ഭവതിയേ ഞാൻ പ്രാണനിർവിശേഷം സ്നേഹിച്ചു. എൻെറ ഈശ്വരാ ഞാനിതെല്ലാം ചെയ്തല്ലോ! അതിനെ നേരെയാക്കാൻ ഞാനെന്തുവേണമെങ്കിലും ചെയ്യാം. ഞാൻ തന്നെ എന്നെ വെറുക്കുന്നതിൽ അധികമായി ഭവതിക്കു് എന്നെ വെറുക്കുവാൻ കഴിയുമോ? അതെ—എൻെറ കണ്ണിൽതന്നെ ഞാൻ പാപിയായ ഒരു രാക്ഷസനാണു്. എന്നാൽ ഭവതി എനിക്കു മാപ്പു തരുമോ?"

ശോഭനയുടെ വീക്ഷണം ആ തരുണനിൽ ലഗ്നമായി. അതിനിശിതവും ദുസ്സഹവും. ആ നോട്ടത്തിൽ എന്തെല്ലാം അവജ്ഞാസമ്മിശ്രങ്ങളായ രസങ്ങളാണു പ്രത്യക്ഷപ്പെട്ടതു്. ഒടുവിൽ അവൾ ഇങ്ങിനെ പറഞ്ഞു.

"നിങ്ങളാണ്, എൻെറ അച്ഛനെ കൊന്നവൻ."

കരുണാകരൻ മുഖത്തിൽ സ്ഫുരിച്ച പാരവശ്യത്തോടുകൂടി ദീർഘമായി ഒന്നു നിശ്വസിച്ചു. അനന്തരം പിതാവിനെയും നയിച്ചുകൊണ്ട് അദ്ദേഹം മുറിവിട്ടു വെളിയിൽ കടന്നു.

അതുകഴിഞ്ഞത് അടുത്തക്ഷണത്തിൽതന്നെ പൊടികൊണ്ടു ശരീരം മുഴുവൻ മൂടിയ ഒരാൾ കുതിരപ്പുറത്തുനിന്നും അഭിഭാഷകഗൃഹത്തിൻെറ മുൻവശത്തു ചാടി ഉള്ളിലേക്കു പാഞ്ഞുകയറി. അയാളുടെ വസ്ത്രാദികൾ കണ്ടതിൽ അയാൾ സമുദായത്തിൽ താണ ഒരു പടിയിൽ ജീവിക്കുന്നവനാണെന്ന് ആ പെൺകിടാവു മനസ്സിലാക്കി. അയാൾ ശോഭനയെ കൈകാട്ടിവിളിച്ച് ഇങ്ങിനെ ചോദിച്ചു. "ഭവതി ഉപഗുപ്തസേനാനിയുടെ മകളാണോ?"

"അതേ, അച്ഛൻെറ പക്കൽനിന്നും വല്ല വാൎത്തകളും നിങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ?" എന്നവൾ സജ്വരയായി ചോദിച്ചു.

അയാൾ മുദ്രവച്ച ഒരു കുറിപ്പ് അവളെ ഏല്പിച്ചു. അതു തുറന്നു നോക്കിയപ്പോൾ ശോഭനയുടെ അധരത്തിൽനിന്നും അത്യാനന്ദസൂചകമായ ഒരു സ്വരം പുറപ്പെട്ടു.

അവളുടെ അച്ഛൻ ബന്ധിക്കപ്പെട്ട് അരമണിക്കൂർ കഴിഞ്ഞപ്പോൾ പോലീസ് ഭടന്മാരുടെ കയ്യിൽനിന്നു രക്ഷപ്രാപിച്ചു എന്നായിരുന്നു വൎത്തമാനം മകൾ വേഗത്തിൽ "ഭ്രംഗദുർഗ്ഗ"ത്തേയ്ക്കു ചെല്ലണമെ

ന്നും അതിൽ ആവശ്യപ്പെട്ടിരുന്നു. ഭൃംഗദുർഗ്ഗത്തിലെ പ്രധാനിയായ ഒരു ധനികൻ ഉപഗുപ്തന്റെ മിത്രമാകയാൽ അവിടെ തൽക്കാലം പാർക്കാനുള്ള സൗകര്യം ഉണ്ടാക്കാമെന്നും അദ്ദേഹം മകളെ ധരിപ്പിച്ചു

## 11

## ധവളകുമാരിയുടെ മൂന്നാമത്തെ ദർശനം

മഹാരാജാവ് കൊട്ടാരത്തിലുള്ള തന്റെ മണിയറയിൽ ഇരിക്കയായിരുന്നു. തിരുമുമ്പാകെ ഒരു കെട്ട് കടലാസുകൾ കാണപ്പെട്ടു. എല്ലാം സർക്കാർ കാര്യത്തെ സംബന്ധിച്ച എഴുത്തുകുത്തുകളായിരുന്നു. ഇക്കൂട്ടത്തിൽ ഉപഗുപ്തസേനാനി തപാലാഫീസിൽ നിക്ഷേപിച്ച എഴുത്തുകൾ മന്ത്രിയുടെ ആജ്ഞപ്രകാരം ആനയിക്കപ്പെട്ടവയും ഉൾപ്പെടുന്നു.

ഈ ലേഖനങ്ങളുടെ ഉള്ളടക്കത്തിൽനിന്നും ഉപഗുപ്തൻ തലവനായിരുന്ന . ആ ഗൂഢാലോചനയുടെ സർവ്വവിവരങ്ങളും രാജാവു ഗ്രഹിച്ചു. ഭരണക്കൂടത്തിന്റെ മദ്ധ്യസ്ഥമെന്ന ആ ഭീരുത നിറഞ്ഞ നയത്തിനു വിരോധികളായ പ്രധാന നായകന്മാരെ ശേഖരിക്കുന്നതിനും പാരസീകത്തിലെ മുഖ്യനഗരങ്ങളിൽ ഈ ഗൂഢാലോചനയെ ശാഖോപശാഖകളായി വളർത്തുന്നതിനും ആയിരുന്നു ഈ നയം സംപ്രവൃത്തമായത്. എല്ലാം സജ്ജമാകുമ്പോൾ, ഭരണക്കൂടത്തിനെതിരായ

ഒരു വലിയ പ്രകടനത്തിന് ബലിമന്ദിരത്തിലെ പ്രജകളെ ഇളക്കിവിടുകയും, അതേസമയത്തിൽതന്നെ മറു നഗരങ്ങളിലും ക്ഷോഭം ആരംഭിക്കയും ചെയ്യുണമെന്നായിരുന്നു ഉപജാപകന്മാരുടെ ഉദ്ദേശം. ഗൂഢാലോചനക്കാരുടെ ആശയം ഒരു പരിവത്തനത്തെതന്നെ ലാക്കാക്കിയിരുന്നു. എന്നാൽ ഇതിനിടയിൽ രാജാവ്, രാജ്യതന്ത്രജ്ഞന്മാരുടെ സഭയിൽനിന്നും തന്റെ സചിവന്മാരെ ഉടൻതന്നെ പിരിച്ചയച്ച് അഹമ്മദാബാദിനു സഹായികളായ പ്രവത്തകന്മാരെ ചേത്ത് ഒരു മന്ത്രിസഭ രൂപീകരിക്കുന്ന പക്ഷം ഈ കലാപം നിറുത്തിവയ്ക്കാനും അവർ തീർച്ചപ്പെട്ടത്തിയിരുന്നു. ഒരു വാക്കിൽ പറകയാണെങ്കിൽ സംയോജനമെല്ലാം ഭംഗിയായി നിവത്തിക്കപ്പെട്ടുകയും സംവിധാനം സുഷ്ഠുവാകുംവണ്ണം രചിക്കപ്പെട്ടുകയും ഉണ്ടായി. ഇപ്രകാരമുള്ള ഗൂഢാലോചനയെ ഒരു പ്രഹരംകൊണ്ടു, തകൎത്തുകവണ്ണമുള്ള ഒരു സ്ഥിതിയിൽ എത്തുവാൻ ചാരൻമുഖേന താൻ വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നില്ലെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നോത്തപ്പോൾ രാജാവു വിറച്ചു.

തിരുമുമ്പിൽ കൂട്ടിയിരുന്ന കടലാസുകളെല്ലാം നോക്കിത്തീൎന്ന ക്ഷണത്തിൽതന്നെ രാജകീയാംഗരക്ഷകസേനയിലെ ഒരു ഉദ്യോഗസ്ഥൻ പെട്ടെന്നവിടെ കടന്നുചെന്നു.

"എന്തുവിശേഷം ഹരദത്തൻ! ഗൂഢാലോചനക്കാർ ഇതിനകം സർപ്പദ്വാരത്തിൽ എത്തിയിരിക്കുമല്ലോ." എന്നു കല്പിച്ചു ചോദിച്ചു.

"തിരുമേനി, അവക്കാരോ മുൻകൂട്ടി അറിവുകൊടുത്തിരിക്കണം, അവർ രക്ഷപ്പെട്ടുപോയി. ഒരുത്തനെങ്കിലും അവൻെറ വീട്ടിൽ കാണപ്പെട്ടില്ല"

എന്നു് മുഖത്തിൽ പ്രത്യക്ഷമായ അസുഖത്തോടെ ഉദ്യോഗസ്ഥൻ ഉത്തരംപറഞ്ഞു.

"അങ്ങിനേയോ?" എന്നു് ഇരിപ്പിടത്തിൽനിന്നും ചാടിയെഴുന്നേററുകൊണ്ടു് രാജാവു് ചോദിച്ചു.

"കഷ്ടം അങ്ങിനെയാണ തിരുമേനി, കലാശിച്ചതു്! എന്നാൽ അത്ഭുതകരമായ ചില വാത്തകളും ഇതിനിടയ്ക്കു പരന്നിട്ടുണ്ടു്. കരുണാകരൻ ഉപഗുപ്തസേനാനിയുടെ പുത്രിയിൽ അധികം അനുരക്തനാണെന്നു കേൾക്കുന്നു അളകാനിലയത്തിലെ പ്രഭചിയോടു അദ്ദേഹത്തിനുഅത്ര അനുരാഗമില്ലപോലും—" എന്നു ഹരദത്തൻ പറഞ്ഞു.

"അപ്പോൾ, ഉപഗുപ്തൻെറ മകളുടെ പ്രീതി സമ്പാദിപ്പാൻവേണ്ടി കരുണാകരൻ ഈ ചതിചെയ്തു് ഗൂഢാലോചനക്കാരെ രക്ഷപ്പെടുത്തിയതാണെന്നു നിങ്ങൾ കരുതുന്നുണ്ടോ?" എന്നു രാജാവു ചോദിച്ചു.

"തിരുവുള്ളത്തിൽ തോന്നിയതുതന്നെയാണു് അടിയനും വിടകൊൾവാൻ ഭാവിച്ചതു്."

എന്നു് പ്രഭുവംശജനായ ആ ഉദ്യോഗസ്ഥൻ ഉത്തരം നൾകി—എന്തെന്നാൽ ഹരദത്തസേനാനി ഒരിക്കലും കരുണാകരൻെറ സ്നേഹിതനായിരുന്നില്ല. അയാൾതന്നെ സുന്ദരിയായ മദാലസയുടെ പാണിഗ്രഹണത്തിനു് ഒരഭിലാഷിയായിരുന്നു. അതുകൊണ്ടു്

രാജാവിൻെറ കണ്ണിൽ കരുണാകരനെ അപരാധിയാക്കാൻ സന്ദേഹാർത്ഥങ്ങളായ കിംവദന്തികളെ അയാൾ നല്ല തക്കം നോക്കി പ്രയോഗിച്ചിരുന്നു.

"ഹാ! പലതരത്തിലുള്ള ആനുകൂല്യങ്ങൾക്കു നാം ലാക്കായി വിചാരിച്ചിരുന്ന ആ ചെറുപ്പക്കാരനെ നാം കഠിനമായി ശിക്ഷിക്കുന്നുണ്ട്. എന്നാൽ ആ ഉപജാപകന്മാരുടെ കൂട്ടത്തിൽ പ്രധാനപ്രവർത്തകനായിരുന്ന—മിഹിരസേനൻ"—"എന്നു രാജാവു പറഞ്ഞു.

"അടിയൻ, അയാളും ഓടിഒളിച്ചുപോയിരിക്കയാണ്. പോരെങ്കിൽ അയാളുടെ പലായനത്തിനല്പംമുമ്പായി മാർത്താണ്ഡമന്ദിരത്തിലെ പ്രഭുവും പുത്രനും അഭിഭാഷകൻെറ ഗൃഹത്തിൽ ഉണ്ടായിരുന്നുതാനും—" ഹരദത്തൻ പറഞ്ഞു.

"ഇതു് വെറും സംശയമല്ല, തീർച്ചതന്നെ. ഈ മാർത്താണ്ഡമന്ദിരക്കാർ എന്തുകാര്യത്തിനോവേണ്ടി ഇൗയിടയ്ക്കു് വഞ്ചനകൊണ്ടു കളിക്കുകയാണ്. എങ്കിലും ഞാൻ വിചാരിച്ചതു് കരുണാകരൻ അളകാനിലയത്തിലെ പ്രഭ്വിയെ കല്യാണം കഴിപ്പാൻതന്നെ തീർച്ചപ്പെടുത്തി എന്നാണ്." എന്നു രാജാവരുളിച്ചെയ്തു.

സൈന്യാധിപൻ ഉത്തരമൊന്നുംതന്നെ പറഞ്ഞില്ല; രാജാവാകട്ടെ മാർത്താണ്ഡമന്ദിരത്തിലെ പ്രഭുക്കളുടെ നേരെ എന്തു നടപടിയാണു താൻ തുടരേണ്ടതെന്നു് ആലോചിച്ചുനിന്നുപോയി. ഒടുവിൽ അദ്ദേഹം പറഞ്ഞു.

"പ്രഭോ, പോയി കരുണാകരനെ ഉടൻതന്നെ നമ്മുടെ സന്നിധാനത്തിൽ വരുവാൻ നാം കല്പിച്ചിരി

ക്കുന്നതായി പറക; പിന്നെ നമ്മുടെ ആജ്ഞ ലഭിക്കുമ്പോൾ അയാളെ ബന്ധിക്കത്തക്കവിധത്തിൽ കുറേ ഭടന്മാരോടുകൂടി തയ്യാറായി നില്ക്കുക."

തനിക്കപ്പോൾ ലഭിച്ച കല്പനയെ നടത്താനായി ഹരലത്തപ്രഭു രാജാവിന്റെ സന്നിധാനത്തിൽനിന്നും വെളിയിൽ കടന്നു; പോകുംവഴിയിൽ, തന്റെ പ്രതിയോഗിയുടെ പതനത്തെ ഓൎത്തു് അദ്ദേഹം ഉള്ളുകൊണ്ടൊന്നു ചിരിച്ചു. അദ്ദേഹം രാജസന്നിധിയിൽനിന്നും പുറത്തേയ്ക്കു പോയക്ഷണത്തിൽതന്നെ കിരീടപതിയുടെ നിയമസചിവൻ കല്പനപ്രകാരം തിരുമുമ്പിൽ സന്നിഹിതനായി. അദ്ദേഹം കാലേക്കൂട്ടിത്തന്നെ ഈ ഉപജാപത്തെ സംബന്ധിച്ചു രാജാവു നടത്തിയ നടപടിയെല്ലാം മനസ്സിലാക്കിയിരുന്നു. തിരുമുമ്പിൽ പ്രവേശിച്ച ഉടൻതന്നെ അതിനെസംബന്ധിച്ച സകല എഴുത്തുകുത്തുകളും ആ നിയമജ്ഞന്റെ മുമ്പിൽ വയ്ക്കപ്പെട്ടു.

എന്നാൽ നമുക്കു് ഇനി മാൎത്താണ്ഡമന്ദിരത്തിലെ പ്രഭുവിന്റെയും പുത്രന്റെയും സമീപത്തേക്കു് ഒന്നു ചെല്ലാം. അഭിഭാഷകന്റെ ഗൃഹത്തിനു പുരോഭാഗത്തായി അവരുടെ വണ്ടി അവൎക്കുവേണ്ടി കാത്തുനില്ക്കയായിരുന്നു. അവർ പുറത്തിറങ്ങി മിണ്ടാതെ വണ്ടിക്കുള്ളിൽ കടന്നിരുന്നു. സാരഥി അവരുടെ ആജ്ഞയെ പ്രതീക്ഷിച്ചു് വാതിലുമടച്ചിരിപ്പായി. എവിടേയ്ക്കാണയാൾ വണ്ടി വിടേണ്ടതു്? അല്പംമുമ്പവിടെ നടന്ന സംഭവങ്ങൾക്കുശേഷം വണ്ടിവിടാൻ ആജ്ഞ കൊടുക്കേണ്ടയാവശ്യംതന്നെ വൃദ്ധപ്രഭു മറന്നുപോയി.

Date

"അച്ഛാ! അവിടുന്ന് എങ്ങോട്ടാണ് ഇനിപ്പോകുന്നത്?" എന്നു കരുണാകരൻ ചോദിച്ചു.

"വീട്ടിലേയ്ക്ക്! വീട്ടിലേയ്ക്ക്! നമുക്കു ആരെയും വീട്ടിൽ കടക്കാൻ അനുവദിക്കാതെ തടുക്കണം—നാം എതിർത്തുനില്ക്കണം—നിയമജ്ഞന്മാക്കെതിരായി നാം നമ്മുടെ വീടിനെ സംരക്ഷിക്കതന്നെവേണം." എന്നു വൃദ്ധൻ തൻെറ തന്ത്രിയിൽനിന്നുണൻചാടി എഴുന്നേററുകൊണ്ടു പറഞ്ഞു.

കിങ്കരൻ ഈ അർത്ഥമില്ലാത്ത ജല്പനങ്ങളൊന്നും കേട്ടില്ല. എന്തെന്നാൽ അയാാം വണ്ടിയുടെ വാതിലടച്ചശേഷം വണ്ടിക്കാരൻെറ സമീപത്തു കയറിയിരുന്ന്, ആജ്ഞയനുസരിച്ചു ഗൃഹത്തിലേക്കു വാഹനത്തെ നയിക്കാൻ ആവശ്യപ്പെട്ടു. വാഹനം ക്ഷണേന മിഹിരസേനൻെറ ഗൃഹംവിട്ടു ചലിച്ചുതുടങ്ങി.

പ്രഭുകുമാരൻ പറഞ്ഞു. "അച്ഛൻെറ ഈ തന്ത്രം അത്യന്തം ജുഗുപ്സാവഹമാണ്. അതിനു ഞാൻ കൂട്ടുനില്ക്കയുമില്ല. അവസാനമായി നമ്മുടെ സൌധത്തേ നമുക്കൊന്നു സന്ദർശിക്കാം, പിന്നെ എന്നെന്നേക്കുമായി അതിനോടു യാത്രപറകയും ചെയ്യാം. കേട്ടോ അച്ഛാ, അവിടത്തെ ഉപായങ്ങളെല്ലാം എത്രകണ്ട് ഭംഗിയായി പര്യവസാനിച്ചിരിക്കുന്നു! നാം മുടിഞ്ഞു!

"ഇല്ല. ഇല്ല—മുടിഞ്ഞിട്ടില്ല! ഹാ! മിഹിരസേനൻ സ്വീകരിക്കാൻ വിസമ്മതിച്ച പണത്തെ അയാളുടെ ഗൃഹത്തിൽതന്നെ ഇട്ടിട്ടു എടുക്കാൻ മറന്നുപോയി." എന്നു വൃദ്ധൻ പറഞ്ഞു.

"ശരി ഞാൻ പോയി ആ തുക എടുത്തുകൊണ്ടുവരാം. അച്ഛൻ സൌധത്തിലേക്കുപോയി നമുക്ക

വിടെനിന്ന കൊണ്ടുപോകേണ്ടതായ പ്രമാണങ്ങളോ വിലപിടിച്ച സാധനങ്ങളോ എല്ലാം കയ്യിലാക്കുക ഞാൻ വേഗം വരാം." എന്ന കരുണാകരൻ പറഞ്ഞു.

"പ്രിയപുത്രാ അങ്ങിനെചെയ്യൂ. ഇത്രയും പറഞ്ഞപ്പോഠം വൃദ്ധന്റെ കണ്ണുകളിൽനിന്നും പെട്ടെന്ന് അശ്രുക്കഠം പൊഴിഞ്ഞു. അദ്ദേഹം തുടന്ന പറഞ്ഞു. "എന്നാൽ മകനെ നീ എന്നോട്ട കോപിക്കാതെ, നീ ഇപ്പോഠം പറഞ്ഞതുപോലെ ക്രൂരവും കക്കശവും ആയ വാക്കുകഠം പറയാതെ. ഞാൻ ചെയ്യതെല്ലാം നിനക്കുവേണ്ടി മാത്രമാണ്."—എന്ന വൃദ്ധൻ പറഞ്ഞു.

"പതുക്കെ അച്ഛാ, ഈ വേലക്കാർ കേഠക്കും. ഞാൻ വേഗത്തിൽ അവിടത്തെ കൂടെ എത്തികൊള്ളാം."

ഇത്രയും പറഞ്ഞിട്ട പ്രഭു പുത്രൻ വണ്ടിയിൽനിന്ന താഴത്തു ചാടി മിഹിരസേനന്റെ ഗൃഹത്തിലേയ്ക്കു നടന്നു. ഇപ്പോഴും അദ്ദേഹത്തിന്റെ മുഖത്തിൽ മൃത്യുസമാനമായ ഒരു വൈവർണ്ണ്യം ദൃശ്യമായിരുന്നു. ഉള്ളുകൊണ്ട് എന്തുംചെയ്‌വാനുറച്ചതുപോലെ ഒരു കാക്ശ്യം അദ്ദേഹത്തിന്റെ മുഖത്തിൽ പ്രത്യക്ഷപ്പെട്ടു. അൽപനിമിഷങ്ങഠക്കുള്ളിൽ അദ്ദേഹം ഉദ്ദിഷ്ടഗൃഹത്തിലെത്തി: എന്നാൽ വീണ്ടും താൻ ശോഭനയെ കണ്ടുമുട്ടിയെങ്കിലോ എന്നൊരു ഭയം ഉള്ളിൽ ഉദിക്കയാൽ അദ്ദേഹം സംശയിച്ച് പടിക്കൽനിന്നു. വേഗത്തിൽതന്നെ ധൈയ്യമവലംബിച്ചുകൊണ്ട്, ഏതായാലും അദ്ദേഹം അകത്തുകടന്നു. അവിടെ ഉപ

ഗുപ്തസേനാനിയുടെ പുത്രി, മിഹിരസേനൻെറ പുത്രനുമായി സോത്സാഹം സംഭാഷണം ചെയ്തുകൊണ്ടിരിക്കയായിരുന്നു. കരുണാകരൻ അകത്തു പ്രവേശിച്ചതുകണ്ടു കുപിതനെന്നപ്പോലെ അഭിഭാഷകൻെറ മകൻ ഇരിപ്പിടത്തിൽനിന്നു ചാടിയെഴുന്നേററു ചോദിച്ചു.

"ഹാ! എന്തു് അങ്ങു വീണ്ടും ഇവിടെവന്നോ?"

ആ പണംകൊണ്ടു പോകാനാണു ഞാൻ വന്നതു്, എൻെറ ദുഷ്കീർത്തികൊണ്ടു. ഞാൻ സമ്പാദിച്ചതും നിങ്ങളുടെ പിതാവു് സാർഹമായ നിന്ദയോടുകൂടി എൻെറ അച്ഛൻെറ നേരെ എടുത്തെറിഞ്ഞതുമായ ആ പണം." എന്നു കരുണാകരൻ പറഞ്ഞു.

"അതേ, ആ പണത്തേ എടുത്തുകൊള്ളുക അതു് തുല്യമില്ലാത്ത കീർത്തിദോഷത്തിൻെറ മൂല്യമാകുന്നു." എന്നു് നിന്ദയോടെ യുവാവു പറഞ്ഞു.

"അതു് എനിക്കറിയാം. എന്നാൽ അധികനേരം കഴിയുന്നതിനു മുമ്പു്, എൻെറ പെരുമാററത്തെ കുറിച്ചു് ഞാൻ എത്രമാത്രം പശ്ചാത്താപം അനുഭവിക്കുന്നു എന്നു തെളിയിക്കുന്ന ഒരു പ്രവൃത്തി ഞാൻ ചെയ്തതായി നിങ്ങൾക്കറിയാറാകും. ശോഭനേ ഞാൻ വീണ്ടും ഭവതിയോടു ക്ഷമായാചനം ചെയ്യുന്നില്ല, എന്തെന്നാൽ എൻെറ അപരാധം അക്ഷന്തവ്യമാകുന്നു. എന്നാൽ ഭവതി—ഹേ ഒന്നുമില്ല—"എന്നദ്ദേഹം പെട്ടെന്നുനിർത്തി. പിന്നീടു് മേശയുടെ അടുത്തുചെന്നു് അദ്ദേഹത്തിൻെറ അച്ഛൻ മറന്നിട്ടിട്ടുപോയ നോട്ടുകളെല്ലാം കയ്യിലെടുത്തു.

"പ്രഭോ, അവിടത്തെ പ്രധാനശത്രു രക്ഷപെട്ടു എന്നുള്ള വിവരം അവിടുന്നു മനസ്സിലാക്കണം. ഉപഗുപ്തസേനാനി ഇതിനു വളരെ മുമ്പുതന്നെ ഒരു രക്ഷാസ്ഥാനത്തെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു." എന്ന് മിഹിരസേനൻെറ മകൻ പറഞ്ഞു.

"അങ്ങിനെയാണോ?" എന്ന് ഒരു ഞെട്ടലോടും മുഖത്തിൽ പ്രസരിച്ച ആനന്ദത്തോടുംകൂടി യുവപ്രഭു ചോദിച്ചു.

"ഞാൻ പറയുന്നതു പരമാൎത്ഥം ആണ്, ഇനി ഇപ്പോൾ അവിടത്തെ രാജകീയമുതലാളിയായ രാജാവിൻെറ സമീപത്തുചെന്ന് ഈ വൎത്തമാനത്തെ അറിയിക്കുക." എന്ന് യുവാവായ മിഹിരസേനപുത്രൻ പറഞ്ഞു.

"അതെ, ഞാൻ രാജസമീപത്തേയ്ക്കു പോകയാണ്. ശോഭനേ, ഞാൻ എത്രമാത്രം പശ്ചാത്താപ വേപഥുമാനാണെന്നു ഭവതി അറികമാത്രം ചെയ്തിരുന്നുവെങ്കിൽ.—"

ശോഭന:—മതി പ്രഭോ, ഞാൻ എത്രകണ്ടു മാറിപ്പോയി എന്നുള്ള പരമാൎത്ഥം അങ്ങറിഞ്ഞു എങ്കിൽ എന്നോടിങ്ങിനെ പറകയില്ലായിരുന്നു.

വാചാമഗോചരമായ സങ്കടത്തെ പ്രദൎശിപ്പിക്കുന്ന ഒരു വീക്ഷണം ഒരു ക്ഷണനേരത്തേയ്ക്ക് ആ പ്രഭുകുമാരൻ ശോഭനയുടെനേരെ പ്രക്ഷേപണം ചെയ്തു. പിന്നെ സഹൃദയം പിളൎക്കുന്ന പോലുള്ള ഒരനുഭവത്തോടുകൂടി ആ തരുണൻ അവളുടെ മുമ്പിൽനിന്നു മറഞ്ഞു. ഈ തിരോധാനത്തെത്തുടൎന്ന്

ക്ഷണത്തിൽതന്നെ ഒരു കുതിരവണ്ടി അഭിഭാഷക ൻെറ ഗൃഹത്തിന്റെ പുരോഭാഗത്തിൽ വന്നു. മിഹിര സേനൻെറ പുത്രൻ ശോഭനയെ കൈയ്ക്കുപിടിച്ചു വണ്ടിയിൽ കയററി. ആ വാഹനമാകട്ടേ "ഭ്രംഗട്ട ൻ"ത്തെ ലക്ഷ്യമാക്കി പ്രയാണംചെയ്തു. അഭിഭാ ഷകപുത്രൻ വാഹനത്തേനോക്കികൊണ്ടു പടിക്കൽ തന്നെ നിൽക്കവേ, പുറത്തേയ്ക്കയക്കപ്പെട്ട ഒരു വ ക്കീൽ ഗുമസ്തൻ രണ്ടു മൂന്നാളുകളുമായി തിരി ച്ചെത്തി.

"നിങ്ങൾ ആ കത്തിനെ അളകാനിലയത്തിലെ പ്രഭ-ിയുടെ കയ്യിൽ എത്തിച്ചോ?" എന്നു് മിഹി രസേനൻെറ പുത്രൻ ചോദിച്ചു.

"കൊടുത്തു, അടുത്തതെരുവിൽ ഒരു വ്യാപാര ശാലയുടെ മുമ്പിൽ പ്രഭ-ി ഇറങ്ങിയപ്പോഴായിരു ന്നു ഞാൻ എഴുത്തു് കയ്യിൽകൊടുത്തതു്." എ ന്നു ഗുമസ്തൻ പറഞ്ഞു.

"മറേറവണ്ടി?" എന്നു് അഭിഭാഷകൻെറ മ കൻ അന്വേഷിച്ചു.

"അതു് ഇതാ വരുന്നു" എന്നായിരുന്നു ഉ ത്തരം "ഹാ! അതു കൊള്ളാം. നമുക്കിപ്പോൾ ത ന്നെ പോയി മാർത്താണ്ഡമന്ദിരം വക ദ്രസ-ത്തെ ല്ലാം കരസ്ഥമാക്കാം." എന്നു് അഭിഭാഷകൻെറ പുത്രൻ പറഞ്ഞു.

എന്തെന്നാൽ ഗുമസ്തനോടൊന്നിച്ചു വന്ന ആ വിരൂപന്മാരായ മനുഷ്യർ മേൽപ്പറഞ്ഞകാര്യത്തിലേ ക്കു് ക്ഷണിക്കപ്പെട്ട • അമീന്മാരായിരുന്നു.

ഇതിനിടയിൽ കരുണാകരൻ ബാങ്കുനോട്ടുകളും കീശയിലാക്കിക്കൊണ്ടു് കൊട്ടാരത്തിലേക്ക പോകയായിരുന്ന അടുത്തുള്ള ഒരു വീഥിയിലേക്കു് തിരിഞ്ഞപ്പോൾ അളകാനിലയംവകയായ അതിമനോഹരവാഹനം പരിഷ്ക്കാരപൂൎണ്ണമായ ഒരു വ്യാപാരശാലയുടെ മുമ്പിൽ നില്ക്കുന്നതായി കാണപ്പെട്ടു. അതേ ക്ഷണത്തിൽ തന്നെ പ്രഭാവതിയുടെ പിതൃസഹോദരിയുടെ ഹസ്തത്തെ അവലംബമാക്കി വ്യാപാരനിലയത്തിൽ നിന്നിറങ്ങിവരികയായിരുന്നു. ഒരു ഭയങ്കരപ്രകമ്പനം ഏററവളെപ്പോലെ ആ യുവതി അധികം വിളൎത്തും സന്തപ്തചിത്തയായുമിരുന്നു. പരമാൎത്ഥം അപ്പോൾതന്നെ കരുണാകരന്നു ബോദ്ധ്യമായി. അദ്ദേഹത്തിന്റെ ഭീകരമായ രഹസ്യത്തെ അവൾ അറിഞ്ഞിരുന്നു. അഭിഭാഷകന്റെ നിഷ്ഠുരനായ പുത്രൻ തന്റെ വൈരനിൎയ്യാതനം നിറവേററാൻ ഒരു നിമിഷനേരംപോലും താമസിച്ചില്ല. അപരാധിയായ പ്രഭുതരുണൻ ഒരു ക്ഷണനേരത്തേയ്ക്കു ഭൂമിയിൽ തറയ്ക്കപ്പെട്ടപോലെ നിലകൊണ്ടു. മദാലസയുടെ വിഷണ്ണമായ ആകൃതി അദ്ദേഹത്തിന്റെ ഹൃദയത്തെ പശ്ചാത്താപമഥിതമാക്കി. അപ്പോൾ അദ്ദേഹം പെട്ടെന്നു തിരിഞ്ഞോടുവാൻ ഭാവിച്ചു—എന്നാൽ പെട്ടെന്നു് ആ പ്രഭു യുവതി സമാഹൃതമായ മനസ്സാന്നിദ്ധ്യത്തോടുകൂടി പിതൃസോദരിയുടെ കൈവിട്ടിട്ടു കരുണാകരന്റെ സമീപത്തണഞ്ഞു് അദ്ദേഹത്തിന്റെ മുഖത്തേയ്ക്കു് തീരാത്തുള്ള വെറുപ്പോടുകൂടി നോക്കിക്കൊണ്ടിങ്ങനെ പറഞ്ഞു.

"നിങ്ങൾ വെറുക്കപ്പെടുവാൻപോലും അർഹതയില്ലാത്തവിധം അത്രമാത്രം നിന്ദ്യനാകുന്നു; ഞാൻ നിങ്ങളെ എത്രകണ്ടു് പ്രേമിച്ചുവോ അതിൽനിന്നും എത്രയോ മടങ്ങു് അധികമായി ഇപ്പോൾ അവമാനിക്കുന്നു."

ഇത്രയും പറഞ്ഞിട്ടവൾ തിരിഞ്ഞു് അതിരമ്യമായ അവളുടെ വാഹനത്തിനുള്ളിൽ കടന്നു താൻ നിലംവരെ താഴ്ത്തപ്പെട്ട ഒരനുഭൂതിയോടുകൂടി കരുണാകരൻ ഊഹഗോചരമല്ലാത്ത യാതനയെ പേറിക്കൊണ്ടു് പരിതസ്ഥിതികളും മറന്നു മുമ്പോട്ടുനടന്നു.

പെട്ടെന്നു് ഒരു കയ്യു് അദ്ദേഹത്തിൻെറ സ്കന്ധത്തിൽ അർപ്പിക്കപ്പെട്ടു. അടുത്ത ക്ഷണത്തിൽ അദ്ദേഹം ഹരദത്തനുമായി മുഖത്തോടുമുഖം നോക്കിനില്ക്കുന്നതായി കാണപ്പെട്ടു.

"മഹാരാജാവുതിരുമേനി താങ്കളെ തിരുമുമ്പിൽ ചെല്ലുവാൻ കല്പിച്ചിരിക്കുന്നു." എന്നു് മുഖത്തിൽപ്രകടമായ ഒരു വിജയമദത്തോടുകൂടി ആ സേനാനി പറഞ്ഞു.

"ഞാൻ കൊട്ടാരത്തിലേക്കുതന്നെ പോകയാണു തിരുമേനിയെ മുഖംകാണിക്കണമെന്നുദ്ദേശിച്ചാണു ഞാൻ ഇങ്ങോട്ടു വന്നതു്." എന്നു മാർത്താണ്ഡമന്ദിരത്തിലെ യുവപ്രഭു പറഞ്ഞു.

ഹരദത്ത:- (ദൌഷ്ട്യസൂചകമായ രസത്തിൽ ജിജ്ഞാസയോടെ) അല്പംമുമ്പു് അളകാനിലയത്തിലെ പ്രഭ്വിയുമായി അവിടത്തേയ്ക്കു് ഒരസാധാരണ സന്ദർശനമുണ്ടായി എന്നു ഞാൻ കരുതുന്നു. തമ്മിൽ സൗ

ഹാർദ്ദസൂചകമായ പെരുമാററങ്ങളൊന്നും അപ്പോൾ ഉണ്ടായില്ല. തത്ര ഭവതി നിന്ദയോടുകൂടി പിരിച്ചു യച്ച പരാജിതനായ ഒരു പ്രേമയാചകനെ പോലെ അവിടുന്ന് അതിവേഗത്തിൽ തിരിച്ചു പോരികയും ചെയ്തുവല്ലോ.

ആ വിവാഹാലോചനയിൽ സൈന്യാധിപൻ തൻെറ പ്രതിയോഗിയായി നില്ക്കയാണെന്നു കരുണാകരൻ മനസ്സിലാക്കി. അല്പംമുമ്പ് പ്രഭപിയുമായി കണ്ടുമുട്ടിയ ആ രംഗത്തിലെ വിശേഷം മുഴവൻ ഹരദത്തൻ പ്രത്യക്ഷത്തിൽ ദർശിച്ചു എന്നുള്ളവസ്തുത ആ പ്രഭുതരുണനെ നിതരാം ദുനനാക്കിയ മറെറാരു മാനക്ഷയമായിരുന്നു. അദ്ദേഹം ഉത്തരമൊന്നും പറഞ്ഞില്ല: എന്നാൽ ചിന്താവിഷ്ടനായി ഒരു ദൃഢനിശ്ചയത്തോടെ എന്നപോലെ രാജമന്ദിരംനോക്കി നടന്നതേയുള്ളു.

അതിവേഗത്തിൽ രാജസൌധം പ്രാപിക്കപ്പെട്ട ഹരദത്തൻ ഉടൻ ഇങ്ങിനെ പറഞ്ഞു.

"പ്രഭോ, അവിടത്തേയ്ക്കിനി രാജസന്നിധിയിൽ പ്രവേശിക്കാം."

പ്രഭുതരുണൻ തലവണങ്ങിയശേഷം കോണിപ്പടികയറുവാൻ തുടങ്ങി. ഹരദത്തനാകട്ടേ രാജകല്പനയനുസരിച്ചുള്ള മററു കാര്യങ്ങൾ നടത്തുവാൻ പാറാവുകാരുടെ മുറിയിലേയ്ക്കും പോയി.

കരുണാകരൻ രാജാവിൻെറ പള്ളിയറയുടെ നടയിൽ എത്തിയപ്പോൾ അടുത്തു മുറിയിൽ കാത്തുനിന്നിരുന്ന ഒരു തരുണൻ ഓടിവന്നു വാതിൽതുറന്നു;

Date....

എന്തെന്നാൽ പ്രഭൃതരുണ്ണൻ വന്നാലുടൻ രാജസന്നിധാനത്തിൽ പ്രവേശിപ്പിയ്ക്കാൻ ആ ചെറുപ്പക്കാരനു നേരത്തെതന്നെ കല്പന ലഭിച്ചിരുന്നു. കരുണാകരൻ മുറിക്കുള്ളിൽകടന്ന ഉടൻതന്നെ പ്രധാന നിയമസചിവൻ തിരുമേനിയോടു് താഴെപറയുംപ്രകാരം ഉണർത്തിക്കയായിരുന്നു.

"അതെ; തമ്പുരാനെ ഈ എഴുത്തുകുത്താണു് ഏററവും പ്രധാനമായിട്ടുള്ളതു്—"

കരുണാകരൻ പ്രത്യക്ഷനായപ്പോൾ അദ്ദേഹം പെട്ടെന്നു നിറുത്തി.

"വേണ്ടാ, നിറുത്തണ്ടാ തുടൻകൊള്ളു (കരുണാകരനെനോക്കി) പ്രഭുവിൻെറ സന്നിധിയിൽവച്ചു കാര്യങ്ങൾ തുറന്നു പറവാൻ നിങ്ങൾ മടിക്കേണ്ട. എന്തെന്നാൽ ഈ എഴുത്തുകുത്തിനെ കൈക്കലാക്കിയതിനു നാം അദ്ദേഹത്തോടത്രേ കടപ്പെട്ടിരിക്കുന്നതു്" എന്നു രാജാവു കല്പിച്ചു.

കരുണാകരൻ തൻെറ അധരത്തെ കടിച്ചമർത്തി. നിയമസചിവൻ ഇങ്ങിനെ തുടൻപറഞ്ഞു.

"ഈ എഴുത്തുകുത്തു് അതിപ്രാധാന്യമേറിയതാണെന്നു തിരുവുള്ളത്തിലേറണം. എന്തെന്നാൽ അതിനെക്രൂടാതെ, ഈ രാജദ്രോഹികളുടെമേൽ അപരാധമാരോപിക്കാൻ യാതൊരു പഴുതും കാണുന്നില്ല. മാർത്താണ്ഡമന്ദിരത്തിലെ യുവപ്രഭുവിൻെറ വാക്കുകളൊന്നും യഥാർത്ഥതെളിവായി സ്വീകരിക്കാൻ നിവൃത്തിയില്ല. അതു നിയമത്തിനു വിരുദ്ധവുമത്രേ."

രാജാ:- രാജദ്രോഹികളിൽ ഒരാളൊഴിച്ചു മററെല്ലാരും നിയമത്തിൻെറ പിടിയിൽനിന്നു തെററിപ്പോയി. എന്നാൽ ആ ഒന്ന്—അവരിൽ പ്രധാനി—മാത്രം പോലീസുകാരുടെ കയ്യിലുമാണ്. അയാളുടെ എഴുത്തുകളെ .പിടികൂടിയ ക്ഷണത്തിൽതന്നെ അയാൾ ബന്ധിക്കപ്പെടുകയും ഉണ്ടായി—

"ഇല്ല തിരുമേനി, ഉപഗുപ്തസേനാനിയും രക്ഷപ്രാപിച്ചു." എന്നു കരുണാകരൻ പറഞ്ഞു.

രാജാ:- (അതിരൂക്ഷമായ ഒരു നോട്ടത്തോടെ) രക്ഷപ്പെട്ടോ! അപ്പോൾ അവരെല്ലാവരും രക്ഷപ്രാപിച്ച് നീതി വഞ്ചിക്കപ്പെടുകയും ചെയ്തു. എന്നാൽ ഈശ്വരാധീനംകൊണ്ട് ന്യായാസനത്തിന് അതിൻെറ വിധി കല്പിക്കാമല്ലോ—അവരെല്ലാവരും വധശിക്ഷയ്ക്കു വിധിക്കപ്പെടും. അങ്ങിനെ അവർ എന്നെന്നേക്കുമായി അവരുടെ രാജ്യത്തുനിന്നും ഭ്രഷ്ടരായി ഭവിക്കട്ടെ. ആ എഴുത്തുകുത്തുകളെല്ലാം കെട്ടി മുദ്രവച്ചു സൂക്ഷിച്ചുകൊൾക, പ്രഭോ ന്യായസഭ കൂടുന്നതുവരെ അതങ്ങിനെയിരിക്കട്ടെ.

രാജാവു, മേശപ്പുറത്തിരുന്ന ഒരു വെള്ളമണി ധ്വനിപ്പിച്ചു. യുവാവായ ഒരു പരിചാരകൻ പ്രത്യക്ഷപ്പെട്ടു: അവനോടു ആ പ്രമാണങ്ങളെല്ലാം ഒരു കൂട്ടിനകത്താക്കി മുദ്രവയ്ക്കാൻ തിരുമേനി കല്പിച്ചു അപ്രകാരം ചെയ്തശേഷം കിങ്കരൻ മറഞ്ഞു. എന്നാൽ അതുകഴിഞ്ഞു കതകടച്ചപ്പോൾ കരുണാകരൻ "ഒരിക്കലും പാടില്ല" എന്നു പറഞ്ഞുകൊണ്ട് ആ മുദ്രവച്ച കൂടിനെ തീവച്ചു ചുട്ടുകളഞ്ഞു.

ഇതെല്ലാം അല്പ നിമിഷങ്ങൾക്കുള്ളിൽ കഴിഞ്ഞു. രാജാവ് ഇടിവെട്ടേററവനേപ്പോലെ നോക്കിയിരിപ്പായി. നിയമസചിവൻ അത്ഭുതഭീതികളാൽ ബാധിതനായി മരവിച്ചിരുന്നുപോയി.

"ദ്രോഹീ" എന്നുച്ചത്തിൽ വിളിച്ചുകൊണ്ടു രാജാവു തന്ത്രിവിട്ടെഴുന്നേററു് ശക്തിയോടെ മണിയടിച്ചു.

"ഹാ! ഞാൻ ഇതിൻെറ പരിണാമത്തിനു സന്നദ്ധനായിത്തന്നെയാണു വന്നിരിക്കുന്നതു്. എന്നാൽ എനിക്കു പറവാനുള്ളതു മുഴുവൻ പറഞ്ഞുതീൎന്നില്ല. ഇതാ തിരുമേനി ഒരു വഞ്ചകനായി ഭവിക്കുന്നതിന് അവിടുന്ന് അടിയനു സമ്മാനിച്ച ആ തുക അങ്ങോട്ടു തിരിയേ എടുത്തുകൊള്ളുക." എന്നു പറഞ്ഞുകൊണ്ടു് ബാങ്ക്നോട്ടുകളുടെ ചുരുൾ അദ്ദേഹം മേശപ്പുറത്തേയ്ക്കിട്ടു.

പ്രഭാകരസേനൻെറ മുഖം ഉൾക്കടരോഷത്താൽ വിളറി: അദ്ദേഹം എന്തോ... ഒരു കല്പന കൊടുക്കാൻ ഭാവിക്കയായിരുന്നു; എന്നാൽ വികാരം അദ്ദേഹത്തിൻെറ ഭാഷണശക്തിയേ പ്രതിരോധിച്ചു—ശ്വാസംമുട്ടുന്നതുപോലെ അദ്ദേഹം കിതച്ചു—ഒരുച്ചമായ ആൎത്തനാദത്തോടുകൂടി തിരുമേനി കസാലയിലേക്കു മറിഞ്ഞു.

നാലു ഭടന്മാരാൽ അനുഗതനായ ഹരദത്തൻ ആ മുറിയിൽ പ്രവേശിച്ചു. കരുണാകരൻെറ തോളത്തു കൈ വച്ചുകൊണ്ടദ്ദേഹം ഇങ്ങിനെ പറഞ്ഞു.

"നിങ്ങൾ എൻെറ ബന്ദിയാണു്"

."തമ്പുരാൻ! തമ്പുരാൻ! ഈശ്വരാ തിരുമന
സ്സിലേക്കു ആലസ്യമാണു്."

എന്നു് നിയമസചിവൻ വിളിച്ചുപറഞ്ഞു.

ഉടൻതന്നെ തിരുമേനിയേ ശുശ്രൂഷിപ്പാൻ ആളുകൾ എത്തി: അദ്ദേഹത്തിൻെറ കഴുത്തിലെ തുണി മാററപ്പെട്ടു—തുടന്നു വെള്ളം നിറച്ച പാത്രം അവിടത്തെ അധരത്തോടണയ്ക്കപ്പെട്ടു. അപ്പോഴേയ്ക്കും മാത്താണ്ഡമന്ദിരത്തിലെ പ്രബല ആ മുറിയിൽനിന്നും പുറത്തേയ്ക്കു നീതനായി. കൊട്ടാരം വൈദ്യൻ ഉടനെതന്നെ വന്നു. തിരുമേനിയേ അവിടത്തെ പള്ളിയറയിലേയ്ക്കു കൊണ്ടുപോയി. അവിടെ അദ്ദേഹത്തിൻെറ കുടുംബാംഗങ്ങൾ പള്ളിമെത്തയ്ക്കു ചുററും വന്നുകൂടി. ഏകദേശം ഒരു മണിക്കൂർ നേരത്തോളം പ്രഭാകരസേനൻ ജീവിതമരണങ്ങളുടെ ഇടയിൽ പെട്ടു് ആപന്നനായി കിടന്നു—എന്നാൽ ഒടുവിൽ അതിൻെറ ഉച്ചനില ഒന്നുമാറി—പെട്ടെന്നുള്ള ആപത്തു നീങ്ങി. എങ്കിലും ആ രോഗാവേശം അദ്ദേഹത്തെ നിതാന്ത ക്ഷീണനാക്കിയിരുന്നു.

ആ സ്മരണീയമായ ദിനത്തിൽ അല്പം കൂടി ചെന്നപ്പോൾ രോഗിയുടെ പള്ളിമെത്തയ്ക്കു സമീപം കൊട്ടാരം വൈദ്യന്മാർ രണ്ടുപേരും മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ അദ്ദേഹത്തിൻെറ ഹൃദയപരിശോധന നടത്തുകയായിരുന്നു. തിരുമേനി അപ്പോൾ ശാന്തനായി അടങ്ങിക്കിടക്കുകയായിരുന്നു.

പരിശോധന കഴിഞ്ഞപ്പോൾ രാജാവു ചോദിച്ചു.

"ഞാൻ നിങ്ങളോടപേക്ഷിക്കുന്നു—അല്ല നിങ്ങളുടെ സ്വാമിഭക്തിയെ സാക്ഷിയാക്കി കല്പിക്കുന്നു—എന്നോടു സത്യം പറക. എന്നെ വല്ല അപൽക്കരമായ രോഗവും ബാധിച്ചിരിക്കയാണോ—അതല്ല ആന്തരമായ വല്ല വ്യാധിയും എൻെറ പ്രാണശക്തിയെ ഭക്ഷിക്കയാണോ. ഒന്നും മറയ്ക്കാതെ എന്നോടു പറയണം."

വൈദ്യന്മാർ അന്യോന്യം നോക്കി എന്നിട്ട് അവരിൽ ഒരാൾ പറഞ്ഞു.

"കല്പിച്ച് അടിയങ്ങളോടു ചോദിച്ചതനുസരിച്ച് തിരുമനസ്സറിയിക്കാൻ അടിയങ്ങൾക്കു ചുമതലയുള്ളതുകൊണ്ട് പറകയാണ്—"

"ഹാ! അതെന്തോന്ന്?" എന്ന് ഞെട്ടി വിറച്ചുകൊണ്ട് തിരുമേനി ചോദിച്ചു. തുടൎന്ന് അദ്ദേഹത്തിൻെറ നേത്രങ്ങൾ കിടക്കയുടെ കാൽക്കലായി എന്തോ ഒരു വസ്തുവിൽ ഉറപ്പിക്കപ്പെട്ടു.

അതേ ക്ഷണത്തിൽ വളരെ നേൎത്ത ഒരാവിയുടെ മദ്ധ്യത്തിൽ അഴകേറിയ ഒരു സ്ത്രീരൂപം അതിൻെറ ക്രമപ്രവൃദ്ധമായ വികാസത്തെ പ്രാപിച്ചു തുടങ്ങി. വൈദ്യന്മാരാകട്ടെ ഭയത്രസ്തന്മാരായി ആ രൂപത്തിൽതന്നെ നോക്കിയിരുന്നുപോയി. ആ സ്വരൂപം അതിൻെറ പ്രേതവീക്ഷണത്തെ തീവ്രസന്താപത്തോടുകൂടി കിരീടപതിയുടെ മേൽ പതിപ്പിച്ചു.

അനന്തരം അതു ക്രമേണ അദൃഷ്ടമായ വായുവിൽ ലയിച്ചു.

"ധവളകുമാരി!" എന്നു കണ്ണടച്ചു കൈകൂപ്പി കൊണ്ടു് രാജാവു സന്തപ്തനായി വിളിച്ചുപറഞ്ഞു

അതേ ക്ഷണത്തിൽതന്നേ, തിരുമേനിക്കു മൂത്രം ഒഴിവിൻെറ സുഖക്കേടൊന്നെന്നും അതുകൊണ്ടു് ഹേഹയവംശാധിപതിക്കു് ജീവിതാവസാനമായിഎന്നും ഒരു വാൎത്ത കൊട്ടാരം മുഴവൻ പരന്നു.

# 12

## പിതാവു്

മാൎത്താണ്ഡമന്ദിരത്തിലേ വൃദ്ധനായ പ്രഭുവിൻെറ ശിരസ്സിൽ പതിച്ച വിപത്സഞ്ചയം മിക്കവാറും അദ്ദേഹത്തേ നിമജ്ജനം ചെയ്യിക്കുന്നവയായിരുന്നു. മുൻപു പറഞ്ഞതുപോലെ സ്വപുത്രനെ പിരിഞ്ഞശേഷം അദ്ദേഹം തൻെറ പൈതൃകമായ സൌധത്തെ പ്രാപിച്ചു് അവിടത്തെ അതിമനോഹരമായ ഒരു ശാലയിൽ പ്രവേശിച്ചു് ആസനസ്ഥനായി. വളരെനേരം അദ്ദേഹം ഒരു ശിശുവിനെപോലെ തേങ്ങിതേങ്ങി കരഞ്ഞു. ഏറിയകാലമായി താൻ പാൎത്തിരുന്നതും തൻെറ അന്ത്യകാലം ആശ്വാസകരമായി കഴിച്ചുകൂട്ടുവാൻ പററിയതെന്നു താൻ ആശിച്ചിരുന്നതുമായ ആ ഗൃഹത്തോടു് എന്നെന്നേക്കു

മായി യാത്രപറയണമെല്ലോ എന്നോൎത്തപ്പോഴുണ്ടായ സന്താപം വൃദ്ധനെ സീമാതീതമായി വലച്ചു. ഒടുവിൽ മന്ദഭാഗ്യനായ ആ മനുഷ്യൻ തൻെറ ഗൃഹദ്വാരത്തെ സമീപിക്കുന്ന ഒരു വാഹനത്തിൻെറ ധ്വനിയാൽ അദ്ദേഹത്തിൻെറ അഗാധ ചിന്താതാന്തതയിൽനിന്നുണൎത്തപ്പെട്ടു

"ഇതാ കരുണാകരൻ വരുന്നു. അവനു പണം കിട്ടിയിരിക്കണം—ഏതായാലും ഞങ്ങൾ യാചിക്കേണ്ട നില വന്നിട്ടില്ല."

മകനേ കാണ്മാനുള്ള ആശയോടെ അദ്ദേഹം പടിക്കലേയ്ക്കു് ഓടി. എന്നാൽ അവിടെ കണ്ടതു് അമീന്മാരാൽ അനുഗതനായ യുവമിഹിരസേനനെയായിരുന്നു.

"ഹാ! നിങ്ങൾ നിങ്ങളുടെ ഭീഷണിയെ പ്രവൎത്തിപഥത്തിൽ കൊണ്ടുവരുവാൻതന്നെയാണോ തുടങ്ങുന്നതു്. നിങ്ങൾ എൻെറ ഗൃഹത്തേയും വസ്തുക്കളേയും അപഹരിക്കാൻ വന്നതാണു് അല്ലേ! എന്നാൽ എൻെറ മകനെവിടെ? എന്നെ ആശ്വസിപ്പിക്കാൻ അവനെങ്കിലുമുണ്ടു്. അവനുവേണ്ടിയാണു് ഞാൻ ഇതെല്ലാം ചെയ്തതു്. അതേ അവനുവേണ്ടിമാത്രം:" എന്നു വൃദ്ധപ്രഭു വാവിട്ടു കരഞ്ഞുകൊണ്ടു പറഞ്ഞു.

"പ്രഭോ, അവിടത്തെ പുത്രൻ തിരിച്ചു് എൻെറ ഗൃഹത്തിൽവന്നു് അവിടെ മറന്നിട്ടുപോയ പണത്തെ വാങ്ങികൊണ്ടു എന്തോചില ഭീഷണികൾ പറഞ്ഞശേഷം അവിടെനിന്നു പോയി. അതെന്താണെന്നു് എനിക്കുതന്നെ മനസ്സിലായില്ല. ഹാ! അ

ദ്ദേഹം രാജസന്നിധിയിലേക്കു പോകുന്നുഎന്നു പറഞ്ഞതായി ഞാൻ ഇപ്പോഠം ഓക്കുന്നു." എന്നു് അഭിഭാഷകപുത്രൻ പറഞ്ഞു.

"രാജസമീപത്തിലേയ്ക്കോ? എന്നാൽ സംശയമില്ല അവനെന്തോ ഒരു പ്രതീക്ഷയുണ്ടായിരിക്കും. എന്നാൽ അവൻ വേഗത്തിൽ ഇവിടെ എത്തും...സകലകാര്യങ്ങളും എന്നെ അറിയിക്കയും ചെയ്യും." എന്നു പ്രഭു പറഞ്ഞു.

"ഇതിനിടയ്ക്കു്, പ്രഭോ. ഞാൻ ഈ സൌധവും വസ്തുക്കളും ആചാരാനുസൃതമായി ആയത്തമാക്കുവാൻ പോകയാണു്. അവിടത്തെ വകയായ രഹസ്യ എഴുത്തുകത്തുകളും ആഭരണങ്ങളും വസ്ത്രാദികളും ഇഷ്ടംപോലെ മാററികൊള്ളുവാൻ ഒട്ടും മടിക്കേണ്ട. അവിടത്തെനേരെ കഠിനമായി ഒന്നും ആചരിക്കണമെന്നു് എനിക്കാശയില്ലാത്തതുകൊണ്ടു് വണ്ടിയും കുതിരകളും എല്ലാം കൊണ്ടുപോകുന്നതിനു ഞാൻ അനുവദിച്ചിരിക്കുന്നു. അതിൽക്കൂടുതലായി എൻെറ ഔദാര്യം വിപുലമാക്കുക വിഷമമാണു്." എന്നു് മിഹിരഭസനതനയൻ പറഞ്ഞു.

മാത്താണ്ഡമന്ദിരം കുടുംബത്തിൽനിന്നും ആ സൌധവും ഭൂസ്വത്തുക്കളും എന്നെന്നേക്കുമായി അന്യാധീനപ്പെടുവാൻ പോകുന്നു എന്നുള്ളവാത്ത ക്ഷണത്തിൽ ഗൃഹത്തിലെല്ലാടവും വിദിതമായി. അവിടത്തെ പരിചാരകന്മാരുടെ കൂട്ടത്തിൽ വളരെക്കാലമായി പ്രഭുവിനെ സേവിച്ചു് അദ്ദേഹത്തോടു് അഭേദ്യമായ ബന്ധം സ്ഥാപിച്ചിട്ടുള്ള ചിലർ തങ്ങളുടെ സഹതാപത്തേ അറിയിക്കാനായി അദ്ദേഹത്തിൻെറ

ചുററുംകൂടി; മററുചിലർ അവരുടെ ശമ്പളബാക്കി ആരോടാണു ചോദിക്കേണ്ടതെന്നു് അന്വേഷിച്ചുതുട ങ്ങി. ഈ കുഴപ്പത്തിനിടയിൽ ഒരു സന്ദേശഹരൻ സൗധത്തിലെത്തി. അയാറം പ്രഭുവിനെ കാണണമെ ന്നാവശ്യപ്പെട്ടു. ആ സന്ദർശനം അനുവദിക്കപ്പെട്ട പ്പോറം അയാറം പ്രഭുവിൻെറ സന്നിധിയിൽചെന്നു് താൻ കരുണാകരൻെറ അംഗരക്ഷകനായി നിയമി ക്കപ്പെട്ട ആളാണെന്നറിയിച്ചു. വ്യസനകരമായ ചി ല സംഭവങ്ങറം കൊട്ടാരത്തിൽ നടന്നതായും അംഗ രക്ഷകൻ പ്രഭുവിനോടുണർത്തിച്ചു. യുവപ്രഭു, മഹാ രാജാവിനാൽ സമ്മാനിക്കപ്പെട്ട ആ വലിയ തുക തി രിയെ തിരുമുമ്പിൽ ഇട്ടുകൊടുത്തു എന്നും, ഗൂഢാലോ ചനക്കാരുടെപേരിൽ കുററമാരോപിക്കാൻ സഹായി ക്കുന്ന ആ എഴുത്തുകളെല്ലാം അദ്ദേഹം നശിപ്പിച്ചു എന്നും അതുകൊണ്ടദ്ദേഹം ബദ്ധനായി സർപ്പദർഗ്ഗ ത്തിലേക്കു നയിക്കപ്പെട്ടു എന്നുംകൂടി സന്ദേശഹരൻ വൃദ്ധപ്രഭുവിനെ മനസ്സിലാക്കി. രാജവിരോധികളെ ബന്ധനത്തിൽ നിന്നൊഴിക്കാൻ വേണ്ടി കരുണാകരൻ രാജനിശ്ചയത്തെ മുൻകൂട്ടി അവരെ അറിയിച്ചു് ഒളി ച്ചോടി പോകാൻ അവരെ സഹായിച്ചു എന്നു ഹര ദത്തപ്രഭു തരുണനായ മാർത്താണ്ഡനിലയത്തിലെ പ്ര ഭുവിൻെറ പേരിൽ ഒരപരാധം ആരോപിച്ചു എന്നും, ഇതിൻെറയെല്ലാം ഫലമായി തിരുമേനി അതിദാരു ണമായ ഗദത്തിൽ അകപ്പെട്ടു കിടക്കയാണെന്നും ഉള്ള വാർത്തയും കൂടി അയാളുടെ മുഖത്തിൽനിന്നും പ്രഭുവി നു് അറിവാൻ ഇടയായി.

ഭാഗ്യഹീനനായ വയോധികനു് ഈ വൃത്താന്ത മെല്ലാംകൂടി കേട്ടപ്പോറം ബുദ്ധിഭ്രമം ഭവിച്ചതുപോ

ലെ ഒരു പ്രതീതി ഉളവായി. യുവാവായ മിഹിരസേനൻ അനുവദിക്കുന്നതുപോലെയുള്ള സാമാനങ്ങളെല്ലാം കെട്ടി ഭദ്രമാക്കി സൂക്ഷിച്ചുകൊൾവാൻ വിശ്വാസിയായ ഒരു പരിചാരകനോടാജ്ഞാപിച്ച ശേഷം വൃദ്ധൻ വണ്ടിക്കുള്ളിൽ കടന്നിരുന്ന് പാർത്ഥസദനം നോക്കി യാത്രതിരിച്ചു. അവിടെ നിയമസചിവനെ കണ്ട് സ്വപുത്രനുവേണ്ടി പലവിധ സമാധാനങ്ങളും പറഞ്ഞു. കരുണാകരൻ ദുരാലോചനക്കാർക്ക് മുന്നറിവുകൊടുത്തു എന്നൂഹിക്കുന്നത് വെറും അബദ്ധമാണെന്നും അദ്ദേഹം നിയമസചിവന് ഉറപ്പുകൊടുത്തു. താനും പുത്രനുമായി മിഹിരസേനൻെറ ഗൃഹത്തിൽ പോയതും അവിടെ നടന്ന സംഭവങ്ങളും വൃദ്ധപ്രഭു വിശദമായി ആ നിയമസചിവനെ ധരിപ്പിച്ചു. അങ്ങിനെ, കരുണാകരൻ ഉപജാപകന്മാരുടെ കൂട്ടത്തിൽ ചേർന്ന് അവർക്ക് മുന്നറിവു കൊടുത്തതല്ലെന്നും നേരേമറിച്ച ശോഭനയാണിതിനെല്ലാററിനും കാരണക്കാരിയെന്നും വിശദമായി. അഭിഭാഷകനായ മിഹിരസേനൻെറ പലായനത്തിനും കാരണം അവൾതന്നെയെന്നും തെളിഞ്ഞു.

"പ്രഭോ് ഇത് അവിടത്തെ പുത്രൻെറ പേരിലുള്ള അപരാധാരോപണത്തെ മിഥ്യയാക്കി പ്രദർശിപ്പിക്കയാണല്ലോ ചെയ്യുന്നത്. എന്നാലും അയാൾ ചെയ്ത മററപരാധങ്ങൾ അതായത് ധിക്കാരത്തോടുകൂടി പണം തിരുമനസ്സിലേനേരെ വലിച്ചെറിഞ്ഞതു്—അതിലും ഗൗരവമേറിയ എഴുത്തുകുത്തുനശീകരണം—എന്നിവ അക്ഷന്തവ്യങ്ങളാണ്." എന്ന് നിയമ സചിവൻ പറഞ്ഞു.

ഭാഗ്യഹീനനായ കരുണാകരൻ സാഹസകൃത്യത്തിലേയ്ക്കു പലായനം ചെയ്യിക്കപ്പെട്ടു എന്നുള്ളതു നിശ്ചയംതന്നെ. ഈശ്വരനെവിചാരിച്ച് എന്റെ മകനെ തിരിയെത്തരിക. തിരുമനസ്സിലേ സേവിച്ചതുകൊണ്ട് എനിക്ക് എല്ലാം നഷ്ടമായി. ഞാൻ ദാരിദ്ര്യത്തിലും അകപ്പെട്ടു എന്റെ മകനെ തിരിച്ചുതരിക, അല്ലെങ്കിൽ എന്നെയുംകൂടി അവനോടൊന്നിച്ചയക്കുക." എന്ന് വൃദ്ധനായ പ്രഭു പറഞ്ഞു.

നിയമസചിവൻ വൃദ്ധന്റെ സങ്കടംകണ്ട് ആർദ്രചിത്തനായി. ഇതുമെന്യേ ചില നീതി ചതുരങ്ങളായ പരിഗണനകളും ഇക്കാര്യത്തിൽ തുലനം ചെയ്യപ്പെടേണ്ടവയായി വർത്തിച്ചു. ഉപജാപത്തെസംബന്ധിച്ച സകല തെളിവുകളും നശിപ്പിക്കപ്പെട്ട അവസ്ഥയ്ക്ക് നീതിന്യായക്കോടതി അതിൽ ഒരു കുററമാരോപിക്കാൻ അശക്തമായിതീർന്നതിനാൽ ആ സംഗതി മുഴുവൻ തന്നെ അമർത്തിക്കളയുന്നതു നല്ലതെന്ന് ആ വിദഗ്ധനായ നിയമവേദി നിശ്ചയിച്ചു. ഒരു സ്വേച്ഛാധികാര ഭരണക്രുടം. സ്വയമേവ പ്രബലമെന്ന് അഭിമാനിക്കുന്നതു്, അതിനാൽ മഥിതമായ ഒരു ഗൂഢാലോചനയുടെ കർത്താക്കന്മാരേ പിടികൂടി മർദ്ദിക്കാൻ കഴിയുന്ന അവസരത്തിലാകുന്നു. അങ്ങിനെയുള്ള സന്ദർഭം സംജാതമാകുമ്പോഴം ആ ദുരാലോചനയെ കണ്ടുപിടിയ്ക്കാൻ പ്രയുക്തങ്ങളായ ഭീരുതാദ്യോതകങ്ങളും നീചങ്ങളും ആയുള്ള മാർഗ്ഗങ്ങളെ പരസ്യമാക്കുവാൻ അതു ധൈര്യപ്പെടുന്നില്ല. എന്നാൽ അപ്രകാരമുള്ള പ്രതികാരങ്ങളൊന്നുംതന്നെ ദുഷ്കരങ്ങളെന്നുവരുമ്പോഴം—ഉദ്ദിഷ്ടന്മാരായ

ആ വദ്ധ്യന്മാർ രക്ഷ പ്രാപിക്കുമ്പോഠം—ഭരണക്രമം പരിപൂൎണ്ണമാകുംവണ്ണം പരാജിതമാകുമ്പോഠം അതു് തൻെറ തോൽവിയെ പരസ്യപ്പെടുത്തി വിഡ്ഢിയാകാൻ ഇഷ്ടപ്പെടുന്നില്ല. ഇതു കൂടാതെ സുസമ്മാനിതരായ ചാരന്മാരെക്കൊണ്ടാണു് സ്വകാൎയ്യങ്ങഠം നിൎവ്വഹിക്കുന്നതെന്നു തെളിയിച്ചിട്ടു് തന്നത്താൻ കുത്സിതമായ അവസ്ഥയിൽ പതിപ്പിക്കുന്നതും അതിനു നീരസജനകമായിരുന്നു. ഇപ്രകാരമുള്ള പരിതസ്ഥിതിയിൽ കരുണാകരനെ കുററക്കാരനാക്കി ആ കുററത്തെ ജനസാമാന്യത്തിനു ചർച്ചാവിഷയമാക്കിത്തീക്കുന്നതിനേക്കാഠം അതിനെ ഒന്നാകെ അടക്കുകയാണു് അധികം നിപുണമായ പദ്ധതിയെന്നു് നിയമസചിവൻ ചിന്തിച്ചു.

"പ്രഭോ അവിടത്തെ പുത്രൻ അടുത്ത ഭാവിയിൽത്തന്നെ വിമുക്തനാകുമെന്നുള്ള ഒരാശ അവിടത്തേയ്ക്കു തരുവാൻ എനിക്കു കഴിവുണ്ടെന്നാണു് തോന്നുന്നതു്. എന്നാൽ തമ്പുരാൻെറ കല്പന കൂടാതെ എന്തെങ്കിലും ചെയ്വാൻ എനിക്കു ധൈൎയ്യമില്ല തിരുമനസ്സിലേയ്ക്കിപ്പോഠം കടുത്ത ആലസ്യമാണു്. അല്പദിവസങ്ങഠംക്കുള്ളിൽ അദ്ദേഹത്തിൻെറ അസുഖം നീങ്ങാനിടയുണ്ടു്. അപ്പോഠം അവിടത്തേ ഹിതത്തെ ആദരിക്കത്തക്കവണ്ണം ഒരു പ്രവൃത്തിപദ്ധതി അവലംബിക്കുന്നതിനു ഞാൻ വേണ്ട ശുപാർശ ചെയ്യുന്നുണ്ടു്." എന്നാദ്ദേഹം പറഞ്ഞു.

ഈ ഉറപ്പായ വാഗ്ദാനത്തെ ആശ്രയിപ്പാൻ വൃദ്ധപ്രഭു നിശ്ചയം ചെയ്തു. തുടൎന്നു് അതിലേക്കുള്ള കൃതജ്ഞതയെ പ്രകടമാക്കുന്ന അനേക നന്ദിവാക്കുകളോടു

കൂടി അദ്ദേഹം നിയമസചിവൻെറ സന്നിധിയിൽ നിന്നും പിരിഞ്ഞു. അദ്ദേഹം "സർപ്പദർഗ്ഗ"ത്തിൽ എത്തി മകനെ സന്ദർശിച്ചു. ഈ സന്ദർശനം നിതരാം സങ്കടകരമായിരുന്നു. പിതാവിൻെറ സീമാതീതമായ യാതനയെ കണ്ടിട്ട് കരുണാകരൻ ആദ്യം വികാരഹീനനും നിഷ്കൃപനുമായിരുന്നുവെങ്കിലും ഒടുവിൽ അദ്ദേഹത്തിൻെറ മനമുരുകി. എന്തെന്നാൽ വിലയേറിയ സൌധവും വസ്തുക്കളും അന്യാധീനപ്പെട്ടുപോയ ആയവസരത്തിൽ വൃദ്ധൻെറ ഏക ചിന്ത സ്വപുത്രൻെറ മോചനം മാത്രമാണെന്ന് ആ തരുണനു മനസ്സിലായി. അതിനാൽ കൃപാമസൃണമായ സംഭാഷണംകൊണ്ട് പിതാവിനെ പ്രീണിപ്പിക്കാൻ ആ യുവാവു ബദ്ധശ്രദ്ധനായി. എങ്കിലും പിതാവിൻെറ നേരെ മുമ്പു തനിക്കു തോന്നിയിരുന്ന ആ നിഷ്കളങ്ക പ്രതിപത്തി ഇപ്പോൾ പ്രദർശിതമായില്ല. എന്തെന്നാൽ തങ്ങൾക്കു നേരിട്ട ആ അപകർഷത്തിൻെറയും, നാശത്തിൻേറയും അപമാനത്തിൻെറയും കർത്താവ് ആ വൃദ്ധനാണെന്നുള്ള ബോധം വിസ്മരിക്കാൻ കരുണാകരൻ ശക്തനായില്ല. എന്നാലും തൻെറ മോചനത്തെ അദ്ദേഹം അത്യന്തം അഭിലഷിച്ചു സ്വാതന്ത്ര്യലബ്ധിക്കു ശേഷം എന്തോ ഒരു പ്രത്യേക നൂതനജീവിതചര്യയേ അദ്ദേഹം മനസ്സിൽ രൂപീകരിച്ചിരുന്നതു തന്നെയാണ്. പ്രസ്തുതാഭിലാഷത്തിനുള്ള കാരണം.

വൃദ്ധപ്രഭു പാന്ഥസദനത്തിൽ ചെന്ന് ഒരു ഗൃഹം വാടകയ്ക്കു വാങ്ങി പാർപ്പു തുടങ്ങി. എന്നാൽ നിത്യവും അദ്ദേഹം നിയമസചിവനേയും സ്വപുത്രനേയും

സന്ദർശിച്ചുകൊണ്ടിരുന്നു ഇതിനിടയിൽ രാജാവിന്നു തൻെറ ആഫീസുമുറിയിൽ വച്ചുണ്ടായ ആ രോഗബാധ ക്രമേണ നീങ്ങിത്തുടങ്ങി. ആന്തരമായി അദ്ദേഹത്തെ പിടികൂടിയിരുന്ന ഒരു അചികിത്സ്യമായ മഹാരോഗത്തിൻെറ വിജൃംഭണമായിരുന്നു അദ്ദേഹത്തെ ശയ്യാവലംബിയാക്കിച്ചെയ്തതു്. അതിനോടുകൂടിത്തന്നെ ഹേഹയവംശവുമായി ബന്ധമുള്ള ആ പരേതാത്മാവിൻെറ ആഗമനവും തിരുമനസ്സിലെ പാരവശ്യത്തെ പരിപോഷിപ്പിക്കാൻ കാരണമായിത്തീൎന്നത്രെ. മൂന്നാഴ്ചവട്ടം കഴിഞ്ഞപ്പോൾ ഭരണകൂടത്തിലെ പ്രധാന ഉദ്യോഗസ്ഥന്മാരുമൊന്നിച്ചു് ഭരണകാൎയ്യചൎച്ചകൾ ചെയ്യത്തക്കവണ്ണം എഴുന്നേററിരിക്കാൻ തിരുമേനി ശക്തനായി. അതുകൊണ്ടു് ഇരുപത്തിരണ്ടാം ദിവസത്തിൽ വൃദ്ധപ്രഭു പതിവുപോലെ നിയമസചിവനെ സന്ദർശിക്കാനായി അദ്ദേഹത്തിൻെറ ഗൃഹത്തിൽ എത്തിയപ്പോൾ, ആ ഉയൎന്ന ഉദ്യോഗസ്ഥനു് നിൎണ്ണായകമായ ഒരു വാൎത്ത വയോധികനെ ഗ്രഹിപ്പിക്കേണ്ടതുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു.

"ഞാൻ തിരുമനസ്സറിയിച്ച കാൎയ്യങ്ങളെ തിരുവുള്ളമുണ്ടായി കേൾക്കുകയും കരുണാകരപ്രഭു സോപാധികമായി മുക്തനാവാൻ കൽപ്പിക്കയും ചെയ്തിരിക്കുന്നു."

"സോപാധികമായിട്ടോ? എന്താണാ ഉപാധി. അതു കരുണാകരൻ അംഗീകരിക്കുന്ന ഒന്നായിരിക്കണേ ഈശ്വരാ—എന്തെന്നാൽ അവനിൽ ഈയിടെ

ഒരു വലിയ മാററം സംഭവിച്ചിട്ടുണ്ട്." എന്നു പ്രഭു പറഞ്ഞു.

"പ്രഭോ. ഉപാധി മറെറാന്നുമല്ല. സ്വാതന്ത്ര്യം കിട്ടിയാലുടൻ കരുണാകരൻ പാരസികത്തെ വെടിഞ്ഞുപോകയും പിന്നെ ഒരിക്കലും ഇവിടെ കടക്കാതിരിക്കയും ചെയ്ക എന്നുള്ളതാണ്. തിരുമുമ്പിൽ വച്ചുകാട്ടിയ ആധിക്കാരം ക്ഷമിക്കാൻ തിരുവുള്ളമുണ്ടാകുന്നില്ല." എന്നു നിയമസചിവൻ പറഞ്ഞു.

"അതെ, അവൻ ഈ വ്യവസ്ഥ അംഗീകരിക്കും അതു് ഏതായാലും ഇങ്ങിനെ വന്നതു നന്നായി. പാരസീകസംസ്ഥാനത്തു് ഇനി ഞങ്ങൾക്കെന്താണു ചെയ്വാനുള്ളതു്? ഞങ്ങളുടെ വസ്തുക്കളെല്ലാം അപഹരിക്കപ്പെട്ടു് യാചകാവസ്ഥയിലേക്കു താഴ്ന്നു് നിരാശരായിത്തീർന്ന ഞങ്ങൾക്കിനി സ്വരാജ്യത്തിൽ പാക്കണമെന്നാഗ്രഹമില്ല. ഞങ്ങളിവിടുന്നു പൊയ്ക്കൊള്ളാം"

ഇത്രയും പറഞ്ഞിട്ടു വൃദ്ധപ്രഭു നിയമസചിവനോടു യാത്ര ചോദിച്ചശേഷം സർപ്പദുർഗ്ഗത്തിലെത്തി മോചനവിവരം പുത്രനെ അറിയിച്ചു.

കരുണാ:- ഞാനതു സ്വീകരിക്കുന്നു, അച്ഛാ, മോചനത്തിനുള്ള വ്യവസ്ഥകളാണെങ്കിൽ അവ എനിക്കു് ഏററവും യോജിക്കുന്നു. ഈ വ്യവസ്ഥകൾ ഞാൻതന്നെ ചോദിക്കുമായിരുന്നു. എന്റെ രാജ്യം എനിക്കു വെറുപ്പുണ്ടാക്കുന്നതായി പരിണമിച്ചിരിക്കുന്നു. അവിടേക്കു തിരിച്ചുവരുവാൻ എനിക്കിഷ്ടമില്ലതാനും

അച്ഛനും മകനും ദുർഗ്ഗത്തിൽനിന്നു പുറത്തുകടന്നു. അവർ വണ്ടിയിൽ കയറിയപ്പോൾ പ്രഭു ചോദിച്ചു.

"നമുക്ക് ഏതു വഴിയേ പോകണം?"

കരുണാ:- അവിടത്തേയ്ക്കു് ഇഷ്ടമുള്ള വഴിയേ ഈ വണ്ടി ഇപ്പോൾ പോകട്ടെ. എന്തെന്നാൽ പോകുന്ന വഴിയിൽ എനിക്കൽപ്പം പറവാനുണ്ടു്. എന്റെ ഉദ്ദിഷ്ടസ്ഥലമാണെങ്കിൽ അതു ഭൃംഗദുർഗ്ഗമാണു്.

"എന്നാൽ നമുക്കു ഭൃംഗദുർഗ്ഗത്തിലേയ്ക്കുതന്നെ പോകാം. പക്ഷേ ഭൃംഗദുർഗ്ഗത്തിലേക്കു പോകുന്നതെന്തിനാണു് മകനേ" എന്നു വൃദ്ധപ്രഭു ചോദിച്ചു.

"അതു ഞാൻ വിസ്തരിച്ചു പറയാം അച്ഛാ. ഈ ചതിയനായ രാജാവിന്റെ നയത്തോടു് എനിക്കുള്ള വെറുപ്പു് പറഞ്ഞറിയിക്കാവതല്ല. നീചമായ അനവധി കൃത്രിമങ്ങൾ അദ്ദേഹം ചെയ്തിട്ടുള്ളതു് എനിക്കറിവുണ്ടു്. അദ്ദേഹത്തെ സേവിച്ചതിനാൽ നിരാശനായി മന്ദഭാഗ്യനായിത്തീൎന്ന എനിക്കു് ഇനിയൊരു പുതിയ ജീവിതചൎയ്യയെ സ്വീകരിക്കണമെന്നത്രേ എന്റെ അഭിലാഷം. ഞാൻ അനുഭവിച്ച മൂന്നാഴ്ചവട്ടത്തെ ബന്ധനത്തിനിടയിൽ ചെയ്ത ഗാഢ ചിന്തയുടെ ഫലമായി എന്നിൽ ഒരു വലിയ മാററം അങ്കുരിച്ചിരിക്കുന്നു. പാരസീകത്തിന്റെ വീൎയ്യവിജൃംഭണത്തിനു പററിയ ഒരു സമരാങ്കണത്തിൽ വെറും ഭീരുവിനൊപ്പം കളിക്കുന്ന ഇക്കളി നമ്മുടെ കിരീടപതിക്കു ഒട്ടും ചേൎന്നതല്ല. ഞാനേതായാലും പാരസീക ഖഡ്ഗത്തെ അഹമ്മദുപുരത്തിന്റെയും സഖികളുടേയും പരിപാവനമായ പക്ഷത്തെ സംരക്ഷിക്കുന്നതിനു വേണ്ടി പ്രയോഗിക്കാൻ നിശ്ചയിച്ചുകഴിഞ്ഞു."

എന്നു കരുണാകരൻ പറഞ്ഞു.

"നീ പറയുന്നതിന്റെ അർത്ഥമെന്തു മകനേ?" എന്നു പിതാവു ചോദിച്ചു.

"ഞാൻ "കൃമ്മനഗര"ത്തിൽ ചെന്ന് അഹമ്മദ് പുരസൈന്യത്തിൽ ചേരുവാനാണു തീർച്ചയാക്കിയിരിക്കുന്നത്. വെറും ഒരു ഭടനായിട്ടാണവർ എന്നെ സ്വീകരിക്കുന്നതെങ്കിൽ അതിനും ഞാൻ ഒരുക്കമാണു്. എന്റെ നിശ്ചയത്തിനിനി ഇളക്കമില്ല. ഭൃംഗദുർഗ്ഗത്തിലേക്കു ഞാൻ ആദ്യമായി പോകുന്നതെന്തിനെന്ന് അവിടുന്നല്പം മുമ്പെന്നോടു ചോദിച്ചല്ലോ. എന്തിനെന്നാൽ ഗൂഢാലോചനക്കാരെന്ന് ആളുകൾ പേർപറഞ്ഞു വിളിക്കുന്ന അക്രൂട്ടർ അവിടെ കൂടിയിട്ടുണ്ടെന്നു ഞാൻ കേട്ടു. ഞാൻ പിരിയുന്നതിനു മുമ്പായി അവരെ കണ്ടു് രണ്ടു വാക്കു പറയേണ്ടതായിട്ടുണ്ടു്. അതിലേക്കുവേണ്ടി മാത്രമാണു് ഭൃംഗദുർഗ്ഗത്തിലേക്കു ഞാൻ പോകുന്നതു്"

പുത്രന്റെ വാക്കു കേട്ടു് വൃദ്ധപ്രഭു ഭയത്രസ്തനായി. അദ്ദേഹം കരഞ്ഞു യാചിച്ചു—ഇത്രയും കഠിനമായ ഒരു കർമ്മപദ്ധതി സ്വീകരിക്കരുതെന്നു പ്രാർത്ഥിച്ചുകൊണ്ടു് പ്രഭു ദയനീയമായി വിലപിച്ചു. അതു് അവരുടെ വേർപാടിനു കാരണമാണെന്നും വാർദ്ധക്യത്തിൽ പാവപ്പെട്ട പിതാവിനെ ഉപേക്ഷിക്കരുതെന്നും വിശദമാക്കിക്കൊണ്ടു് വയോധികൻ ആവോളം താണപേക്ഷിച്ചു. എന്നാൽ കരുണാകരൻ അതിനു വഴങ്ങിയില്ല. പിന്നെ അദ്ദേഹത്തിനു ലഭിച്ചതു ഭൃംഗദുർഗ്ഗംവരെ പുത്രനെ അനുഗമിക്കുവാനുള്ള അനുവാദം മാത്രമായിരുന്നു.

യാത്ര തുടൎന്നു. അതിനിടയിൽ വൃദ്ധൻ സ്വപു ത്രന്റെ മനസ്സുമാററുവാനും മാന്യമായുള്ള ജീവിത ത്തിന്നു മറേറതെങ്കിലുമൊരു മാൎഗ്ഗം ആരായ്വാനും അപേക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ പിതാവി ന്റെനേരെ കൃപദയാട്ടുകൂടി പെരുമാറിയെങ്കിലും ക രുണാകരൻ തന്റെ നിശ്ചയത്തിനിളക്കം വരുത്തു കയുണ്ടായില്ല. സൎപ്പദുൎഗ്ഗത്തിൽനിന്നും ഭൃംഗദുൎഗ്ഗ ത്തിലേയ്ക്കുള്ള ഇരുന്തൂററമ്പതു നാഴിക ദൂരം വേഗ ത്തിൽതന്നെ തരണംചെയ്യപ്പെട്ടുകയും അവർ ഉദ്ദി ഷ്ടസ്ഥലത്തു ചെന്നു ചേരുകയും ചെയ്തു.

ഭൃംഗദുൎഗ്ഗത്തിൽ എത്തിയശേഷം പിതാവും പു ത്രനും കൂടി സാമാന്യം നല്ല നിലയിലുള്ള ഭക്ഷണശാ ലയോടുകൂടിയ ഒരു ഗൃഹത്തിൽ പാൎപ്പുറപ്പിച്ചു. എന്തെന്നാൽ അവരുടെ ധനസ്ഥിതി വലുതായിരു ന്നില്ല. വൃദ്ധപ്രഭു താൻ അനുഭവിച്ച ദുരിതങ്ങളുടെ ദുസ്സഹതയാൽ മനസ്സിന്നും ശരീരത്തിന്നും സംഭവിച്ച വൈവശ്യഭാരം നിമിത്തം അതിവേഗത്തിൽ രോഗ ശയ്യയേ പ്രാപിച്ചു. അദ്ദേഹത്തേ ചികിത്സിക്കുവാ നായി ക്ഷണിക്കപ്പെട്ട വൈദ്യന്മാർ രോഗത്തേസം ബന്ധിച്ച് ആശാജനകമല്ലാത്ത ഒരഭിപ്രായമാണു പറപ്പെട്ടുവിച്ചതു്. അതിനാൽ പ്രഭുതരുണൻ താൻ ഭൃംഗദുൎഗ്ഗത്തിലേയ്ക്കു വന്ന കാൎയ്യത്തെ ഗണിക്കാതെ രാപകൽ പിതാവിന്റെ സമീപത്തു സശ്രദ്ധനായി രുന്നു് അദ്ദേഹത്തെ ശുശ്രൂഷിച്ചു.

വൃദ്ധൻ രോഗശയ്യയേ പ്രാപിച്ചതിന്റെ രണ്ടാം ദിവസത്തിൽ ആ ഹോട്ടലിലേ ഒരു പരിചാരകൻ ഒരുകൊട്ട മേനിപ്പഴം രോഗിയുടെ ഉപയോഗത്തി

നായി അവിടെ കൊണ്ടുചെന്നു. അത്ര ആ പാന്ഥമന്ദിരത്തിലെ ഉടമസ്ഥൻെറയും പത്നിയുടെയും സന്മനസ്സിഫലമായി വ്യാഖ്യാനിച്ച കരുണാകരൻ അതിനെപ്പററി യാതൊരു ചോദ്യവും ചെയ്തില്ല. ഏകദേശം രണ്ടാഴ്ചവട്ടക്കാലത്തേക്കു വൃദ്ധപ്രഭു ഇപ്രകാരം വിപന്നമായ അവസ്ഥയിൽ കിടന്നു. അക്കാലത്ത് ഓരോ ദിവസവും രോഗിക്കാഹാരത്തിനുചിതമായ കനികൾ നിറഞ്ഞ ഓരോ കൊട്ടയും അവിടെ ആനയിക്കപ്പെട്ടുകയുണ്ടായി. എന്നിട്ടും കരുണാകരൻ യാതൊരു ചോദ്യവും ചെയ്തില്ല. അദ്ദേഹം അപ്പോഴും വിചാരിച്ചതു് ആ മന്ദിരത്തിൻെറ ഉടമസ്ഥരുടെ മനോഗുണം മാത്രംകൊണ്ടു് ഈ വിധ ദാനങ്ങൾ ചെയ്യപ്പെടുന്നു എന്നാണു്. പതിന്നാലാം ദിവസം രാത്രി പതിനഞ്ചു നാഴിക ചെന്നപ്പോൾ വൃദ്ധപ്രഭു നിര്യാതനായി. മരിക്കുന്നതിനു നാലു ദിവസം മുമ്പു് മുതൽ അദ്ദേഹം ബോധരഹിതനായിതീൎന്നിരുന്നു. കരുണാകരൻ ഈ സംഭവത്തിനു സന്നദ്ധനായിത്തന്നെയിരുന്നു. എന്നാൽ അദ്ദേഹത്തിന്നുണ്ടായ സങ്കടം സീമയെ ലംഘിച്ചു. എന്തെന്നാൽ വൃദ്ധൻെറ ദുഷ്കൃതം എന്തോ ആയിരിക്കട്ടെ. അതിൻെറ അനന്തരഫലം എത്രമാത്രം ഗുരുതരമായിരിക്കട്ടെ, എന്നാലും ഇതെല്ലാം ചെയ്‌വാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു് പുത്രവാത്സല്യം ഒന്നുമാത്രമാണെന്നുള്ള വസ്തുത കരുണാകരൻെറ ഹൃദയത്തിൽ ദൃഢമൂലമായി വൎത്തിച്ചിരുന്നു.

വൃദ്ധൻെറ മരണം കഴിഞ്ഞതു് അടുത്തദിവസം മുദ്രവച്ച ഒരു ചെറിയ കെട്ടു് കരുണാകരൻെറ ക

യ്യിൽ കിട്ടി. അതു് "മാർത്താണ്ഡമന്ദിരത്തിലെ പ്രഭുവിന്നു്" എന്നു വിലാസം കുറിക്കപ്പെട്ടതായിരുന്നു. എന്തെന്നാൽ ഈ ഉന്നതസ്ഥാനം ഇപ്പോൾ അദ്ദേഹത്തിനുള്ളതായിരുന്നു. അതിലെ കയ്യക്ഷരം വ്യാജലിഖിതമായിരുന്നു. അതിനെ അദ്ദേഹം പൊട്ടിച്ചു നോക്കിയപ്പോൾ അതിൽ ഏഴായിരത്തി അഞ്ഞൂറു രൂപയുടെ ബാങ്കുനോട്ടുകൾ അടങ്ങിയിരിക്കുന്നതായി കണ്ടു. കെട്ടിൽ കണ്ട കയ്യക്ഷരത്തിൽതന്നെ ഒരു കുറിപ്പോടുകൂടിയ ചെറിയ കടലാസുതുണ്ടു് നോട്ടുകളോടൊന്നിച്ചു കാണപ്പെട്ടു. കുറിപ്പു് താഴെ പറയുംപ്രകാരമായിരുന്നു.

"മാർത്താണ്ഡമന്ദിരത്തിലെ പ്രഭുവിൻെറ ധനസ്ഥിതി, ഇപ്പോഴത്തെപരിതസ്ഥിതിയിൽ അത്രതൃപ്തികരമല്ലെന്നു് തോന്നുന്നതിനാൽ ഈ രൂപാ എടുത്തു് ഇഷ്ടംപോലെ ചെലവാക്കിക്കൊള്ളണം."

"ഇതു് ആരുടെ കയ്യിൽനിന്നു കിട്ടിയതാണു്?" എന്നു് കരുണാകരൻ അദ്ഭുതത്തോടെ ചോദിച്ചു.

"നിത്യവും ഇവിടേയ്ക്കു സമ്മാനങ്ങൾ അയച്ചുകൊണ്ടിരുന്ന ആളുടെ കയ്യിൽനിന്നുതന്നെ പ്രഭോ," എന്നു് ആ മന്ദിരത്തിലെ പരിചാരകൻ പറഞ്ഞു.

"സമ്മാനങ്ങളോ; ഈശ്വരാ അപ്പോൾ അതു നിങ്ങളുടെ യജമാനൻെറയും പത്നിയുടെയും വകയല്ലേ? ആരാണതു കൊണ്ടുവന്നതു്?"

എന്നു് യുവാവായ പ്രഭു ചോദിച്ചു. ഈ ചോദ്യത്തോടു കൂടിത്തന്നെ അദ്ദേഹം ശോഭനയെ സംശയിച്ചു.

"അടുത്ത തെരുവിലെ ആ വലിയ പഥികമന്ദിരത്തിലേ പരിചാരകനാണു നിത്യവും ആ പകുങ്ങളെ ഇവിടെ എത്തിച്ചുകൊണ്ടിരുന്നതു്." എന്നായിരുന്നു ഉത്തരം.

"എന്നാൽ അതിനെ കൊടുത്തയച്ചതാരാണു്? നിങ്ങൾ തീർച്ചയായിട്ടു് അതറിഞ്ഞിരിക്കണം. അതെ എൻെറ ഊഹം ശരിയാണെന്നു നിങ്ങളുടെ ഭാവം സ്ഫുരിപ്പിക്കുന്നു." എന്നു് ആ തരുണൻ പറഞ്ഞു.

"ശരി പ്രഭോ സത്യം പറകയാണെങ്കിൽ അതു കൊടുത്തയച്ചതു് ഒരു മാന്യസ്ത്രീയാണു്. എന്നാൽ അവരുടെ പേരെന്തെന്നു് എനിക്കറിവില്ല." എന്നു പരിചാരകൻ പറഞ്ഞു.

"ഒരു സ്ത്രീയോ? അഹൊ! ദൈവമേ! അതു ശോഭനതന്നെ ആയിരിക്കണം—ഒടുവിൽ എൻെറ അപരാധം ക്ഷമിക്കപ്പെട്ടു എന്നാണു് തോന്നുന്നതു്."

ഇത്രയും പറഞ്ഞിട്ടു് ഹൃദയത്തിൽ തിങ്ങിയ വികാരപരമ്പരയാൽ പ്രേരിതമായ അത്യാഹ്ലാദത്തോടെ കരുണാകരൻ ഒരു കുതിയോടുകൂടി പുറത്തു ചാടി. കിങ്കരൻ പറഞ്ഞ ആ പാന്ഥമന്ദിരത്തിലേയ്ക്കു് അദ്ദേഹം പാഞ്ഞെത്തി. നിത്യവും പകുസഞ്ചയം വഹിച്ചുകൊണ്ടുവരുന്ന ആ ഭൃത്യനെ അദ്ദേഹം അന്വേഷിച്ചു. അദ്ദേഹം കാണാൻ ആഗ്രഹിച്ചയാളിനോടു തന്നെയായിരുന്നു അന്വേഷണം നടത്തിയതു്. ഈ വസ്തുതയറിഞ്ഞപ്പോൾ അദ്ദേഹം ഉറക്കെപ്പറഞ്ഞു.

"ആ മാന്യസ്ത്രീയുടെ സന്നിധിയിലേക്ക് എന്നെ പ്രവേശിപ്പിക്കുക. അവരുടെ ഉദാരമായ കാരുണ്യത്തിന്നു ഞാൻ നന്ദി പറയട്ടെ."

കിങ്കരൻ കരുണാകരന്റെ ഇംഗിതംപോലെ അദ്ദേഹത്തെ ആ മാന്യസ്ത്രീയുടെ മുറിയിലേയ്ക്കു നയിച്ചു. വാതൽ തുറന്നപ്പോൾ ശോഭനയുടെ മുമ്പിൽ താൻ പ്രവേശിക്കാൻ പോകുന്നു എന്നുള്ള സന്തോഷകരമായ ചിന്തയാൽ അദ്ദേഹം വേഗത്തിൽ അകത്തു കടന്നു. എന്നാൽ തന്നെ സ്വീകരിക്കാൻ എഴുന്നേററു വന്ന മഹിള "അളകാനിലയത്തിലെ" പ്രഭ്വിയാണെന്നുകണ്ടപ്പോൾ അദ്ദേഹത്തിന്നുണ്ടായ അത്ഭുതവും നിരാശയും എത്രമാത്രമെന്ന് വർണ്ണിക്കുക വിഷമം.

# 13

## അളകാനിലയത്തിലെ പ്രഭ്വി

അളകാനിലയത്തിലെ മദാലസയുടെ ആന്തരമായ വികാരങ്ങൾ എന്തുതന്നെ ആയിരുന്നാലും ബാഹ്യമായ ദർശനത്തിൽ ആ പ്രഭ്വി ശാന്തയും ഉദ്വേഗരഹിതയും സംയമനശീലയുമായിരുന്നു. ആ യുവപ്രഭ്വിയുടെ ഭാവത്തിൽ ആജ്ഞാശക്തിയെ സൂചിപ്പിക്കുന്ന ഒരു ആഭിജാത്യം പ്രകടമായി പ്രത്യക്ഷപ്പെട്ടു. എന്നാൽ അവളുടെ അനുപമമായ ലാവണ്യത്തിന് അതു യാതൊരു കുറവും വരുത്തിയില്ല. ഈ വിധ

മായിരുന്നു എങ്കിലും കരുണാകരൻ അവളെ അപ്ര കാരം മോഹിനിയായിട്ടല്ല കണ്ടത്ു്. അദ്ദേഹത്തി ൻെറ ആദ്യവികാരങ്ങൾ അത്ഭുതാശാഭംഗങ്ങളായിരു ന്നു; അനന്തരം, താനും പിതാവും അവളുടെ ഹസ്ത ങ്ങളിൽനിന്നും യാതൊരുവിധമായ ഔദാൎയ്യത്തേയും അർഹിക്കുന്നവരല്ലെങ്കിലും, മരണശയ്യയെ അഭയംപ്രാ പിച്ച വൃദ്ധപ്രഭുവിൻെറനേരെ അവൾ പ്രദർശിപ്പി ച്ച മൃദുമധുരമായ ശുശ്രൂഷാകൎമ്മങ്ങളെ ഓൎത്തപ്പോൾ കൃതജ്ഞതാപ്രേരിതമായ ഒരു പ്രബലസങ്കല്പം അദ്ദേഹത്തിൻെറ ഹൃദയത്തിൽ തരംഗിതമായി, അ വളോടുള്ള തൻെറ കടപ്പാടിനെ അനുസ്മരിപ്പിച്ചു.

അദ്ദേഹത്തിൻെറ ചിന്തയിൽ അങ്കുരിച്ചതെന്തെ ന്നു മദാലസ മനസ്സിലാക്കികൊണ്ടു് ഘനസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു.

"അവിടുന്നു പരമാൎത്ഥത്തിൽ എന്നെ ഇവിടെ കാണുമെന്നു പ്രതീക്ഷിച്ചില്ല?"

"മാന്യേ അതു പരമാൎത്ഥമെന്നു ഞാൻ സമ്മ തിക്കുന്നു. എൻെറ കൃതജ്ഞതയെ പ്രകടിപ്പിക്കണ മെന്നു കരുതി ഞാൻ ഇങ്ങോട്ടേയ്ക്കു പുറപ്പെട്ടപ്പോൾ ഇവിടെ മറെറാരാളെ കാണുമെന്നാത്രേ വിചാരിച്ച തു്." എന്നു് ആ പ്രഭുയുവാവു പറഞ്ഞു.

ആ മുറിയിൽകൂടി ദീർഘശ്വാസത്തിൻെറ ഒരു ചെറുശബ്ദം കടന്നുപോയതുപോലെ ശ്രോതാക്കൾക്കു തോന്നി. ഒരു ക്ഷണനേരത്തേയ്ക്കു് കരുണാകരനു് അതു സംഭവിച്ചതായിതന്നെ അനുഭവപ്പെട്ടു. എന്നാൽ അദ്ദേഹം വീണ്ടും മദാലസയെനോക്കിയപ്പോൾ അ

വളുടെ മുഖം നിർവികാരമായി കാണപ്പെട്ടുകയാൽ തൻെറ തോന്നൽ അബദ്ധമാണെന്ന് അദ്ദേഹത്തിനു ബോധ്യമായി.

"പ്രഭോ, ഇരിക്കുക. അല്പനേരത്തേയ്ക്കു് അവിടുന്ന് എൻെറ വാക്കുകളെ ശ്രദ്ധിക്കണമെന്ന് എനിക്കപേക്ഷയുണ്ട്. ആദ്യമായി, അവിടത്തേയ്ക്കു നേരിട്ട നഷ്ടത്തെസംബന്ധിച്ച് എനിക്കുള്ള സഹതാപത്തെ സ്വീകരിക്കണമെന്നാണു എൻെറ പ്രാർത്ഥന." എന്നവൾ പറഞ്ഞു.

"മദാലസേ, എൻെറഇപ്പോഴത്തെ ഈ അവസ്ഥ പിതാവിൻെറ ചെയ്തിയാണ്. എന്നാൽ ഞാൻ അദ്ദേഹത്തിനു മാപ്പുകൊടുക്കുന്നു. അഹോ! ഹൃദയപൂർവ്വം മാപ്പുകൊടുക്കുന്നു. മൃത്യുവിൻെറ സ്പർശത്തെ സൂചിപ്പിക്കുന്ന ബോധക്ഷയം അദ്ദേഹത്തെ ബാധിക്കുന്നതിനു മുമ്പായി ഒരു നൂറുതവണ ഞാൻ അദ്ദേഹത്തിൻെറ ചെവികളിൽ ഈ നിശ്ചയത്തെ മന്ത്രിച്ചിട്ടുണ്ട്." എന്നു കരുണാകരൻ പറഞ്ഞു.

സുന്ദരിയായ ആ പ്രഭുകുമാരി തൻെറ കൈലേസെടുത്തു കണ്ണുകളിൽ ചേർത്തശേഷം കുറേനേരത്തേക്കു് മിണ്ടാൻപോലും ശക്തിയില്ലെന്നു തോന്നുംവിധത്തിൽ അന്തരുദിതമായ വികാരങ്ങളുൽകൊണ്ടു് നിഷ്പന്ദയായിരുന്നുപോയി. ഒടുവിൽ അവൾ മന്ദസ്വരത്തിൽ പറഞ്ഞു. ആ സ്വരമാന്ദ്യത്തിൽ ഒരു ദൈന്യരസം അന്തർലീനമായിരുന്നുതാനും.

മദാലസ:- പ്രഭോ, നാം തമ്മിലുള്ള സർവ്വ ബന്ധങ്ങളും അസ്തമിച്ചിരുന്നില്ലെങ്കിൽ ഈ സന്ദർശന

ത്തിന് ഞാൻ അനുമതി നൽകയില്ലായിരുന്നു. എന്തെന്നാൽ യഥാൎത്ഥത്തിൽ ഞാൻ അതു പ്രതീക്ഷിച്ചിരുന്നു—അതു സംഭവിക്കണമെന്നാഗ്രഹിക്കയും ചെയ്തു. അവിടത്തെ ചരിത്രം മുഴുവനും എനിക്കറിയാം. മനഃപ്പൂർവം തെററു ചെയ്യുന്നവനോടൊപ്പം അവിടുന്നു പരിതസ്ഥിതികൾക്കു വശപ്പെട്ടതായിട്ടാണ് എനിക്കു തോന്നുന്നതു്. എന്നാൽ അവിടുത്തേക്കു ലഭിച്ച ശിക്ഷയോ അപരിമേയമാണുതാനും. നമ്മുടെ ശക്തിഹീനമായ മനുഷ്യഗുണം നമ്മിൽ ചുമത്തുന്ന ആകൃത്യങ്ങൾക്ക് സമുചിതമായ ശിക്ഷയാൽ പരിഹാരം നേടാമെന്നുദ്ഘോഷിക്കുന്നതു് സാധുമർത്ത്യന്മാരായ ഈ നമ്മുടെ കത്തവ്യമല്ല.

കരുണാ:- അഹോ! ഈ അഭിപ്രായം അത്യുദാരമായ ഒന്നാണെന്നുള്ളതിൽ സംശയമില്ല. ഞാൻ ആരുടെ നേരെയെല്ലാം പാപം ആചരിച്ചിട്ടുണ്ടോ അവരൊക്കെയും ഈ വിധത്തിൽ എന്നോടൊരു കാരുണ്യം പ്രദർശിപ്പിച്ചെങ്കിലോ ഈശ്വരാ!

മദാല:- അതെ, അവിടത്തേക്കു നേരിട്ടിട്ടുള്ള പരിതസ്ഥിതികളെല്ലാം എനിക്കു പരിപൂൎണ്ണമായി അറിവുണ്ട്. അവിടത്തെ ഹൃദയം എനിക്കായി പ്രദാനം ചെയ്വാൻ കഴിവില്ലാത്ത ഒരു ഘട്ടത്തിൽ എൻെറ പാണിപീഡനത്തിനു മുതിൎന്ന അപരാധത്തിന് കോപാക്രാന്തയായി അവിടത്തേ അധിക്ഷേപിക്കാൻ എനിക്കവകാശമുണ്ട്. എന്നാൽ എൻെറ വാക്കുകളെ ഞാൻ കഴിവുള്ളടത്തോളം അധിക്ഷേപം കൂടാതെ ഉപയോഗിക്കാൻ ശ്രമിക്കാം. എന്തെന്നാൽ നിങ്ങൾ പിതാവിൻെറ മരണശയ്യയിൽ നിന്നും വരികയാണെ

ന്നും ആ ശയ്യയിൽ പിതൃഭക്തനായ നിങ്ങൾ വളരെ ദിവസം ഇരവുപകൽ കഴിച്ചുകൂട്ടിയതാണെന്നും ഉള്ള പരമാൎത്ഥം എനിക്കു മറക്കാവതല്ല.

കരുണാ:- (കണ്ണുനീർ വാൎത്തുകൊണ്ടു്) അതു പരമാൎത്ഥംതന്നെ! പരമാൎത്ഥംതന്നെ! എൻെറ അച്ഛൻ എന്നെ അത്രമാത്രം സ്നേഹിച്ചു. എന്നാൽ ആ സ്നേഹം വെറും പ്രാപഞ്ചികമായിരുന്നു. അതു പരിശുദ്ധമായ മനുഷ്യസുഖത്തെ അവഗണിച്ച ഒന്നത്രേ. ഞാനാകട്ടെ അതിനിരയായിത്തീരുകയും ചെയ്തു. സുഖക്കേടു തുടങ്ങുന്നതിനു മുമ്പായി ചിലപ്പോൾ എൻെറ ഹൃദയം അദ്ദേഹത്തോടു കോപത്തെ കൈക്കൊണ്ട ഘട്ടങ്ങളുണ്ടായിരുന്നു. എന്നാൽ കഷ്ടം! അദ്ദേഹം മരണശയ്യയിൽ വീണപ്പോൾ ഈ വികാരങ്ങളെല്ലാം അസ്തമിച്ചു.

മദാലസ:- അവിടത്തെ പിതാവിൻെറ നേരെയുള്ള ഈ പെരുമാററം ഇപ്പോഴും പഴയ പദ്ധതിയിൽതന്നെ ഉന്മുഖമായിരിക്കുന്നപക്ഷം കഴിഞ്ഞുപോയ അവിടുത്തെ അവിവേകത്തിന് അതൊരു പരിഹാരമായി ഭവിക്കും. ഇനി എനിക്ക് അവിടുത്തെ ഉപദേശിക്കാനുള്ളതെന്തെന്നു കേൾക്കുക. രാജപ്രീതിയെ പുരസ്കരിച്ചാണവിടുന്നു ചെയ്തിട്ടുള്ള പ്രവൃത്തികളെല്ലാം എന്നു ഞാൻ നിയമസചിവനിൽനിന്നും മനസ്സിലാക്കി. പക്ഷെ കഴിഞ്ഞതിനെല്ലാം ഞാൻ അവിടത്തേക്കു മാപ്പുതന്നിരിക്കുന്നു. എങ്കിലും എൻെറ പാണിഗ്രഹണത്തെ ലക്ഷ്യമാക്കിയുള്ള അവിടത്തെ സ്വാൎത്ഥത്തെ എനിക്കു നിശ്ശേഷം വിസ്മരിക്കുക സാദ്ധ്യമല്ല. എന്നാൽ അവിടത്തെ പേരിൽ എനിക്കു സഹതാപം ഉണ്ടായി. അതു കൂടാതെ അഹോ! അ

തിസുന്ദരിയും സുശീലയും സാധ്വിയുമെന്ന് എന്നെ പറഞ്ഞുധരിപ്പിച്ച ആ പാവനസ്വരൂപിണിയുടെ പേരിൽ—അവിടത്തെ അതിനിഷ്ഠുരമായ വഞ്ചനയ്ക്കു പാത്രമായി ഭവിച്ച ആ ദേവിയുടെ പേരിൽ— എന്റെ ഹൃദയം ശാശ്വതമായ സഹതാപത്തെ ഉപഹാരമായി നൽകിക്കഴിഞ്ഞു. അവിടത്തെ പിതാവ് ഭവാന്റെ സ്വാതന്ത്ര്യലബ്ധിക്കായി പണ്ണി ചെയ്യവേ മറെറാരുദ്ദേശത്തെ ലക്ഷ്യമാക്കി ഞാൻ എന്റെ കഴിവു മുഴുവൻ വിനിയോഗിച്ചുകൊണ്ടിരിക്കയായിരുന്നു. ഇതു് ഉപഗുപ്തസേനാനിയുടെ പേരിലുള്ള അപരാധത്തിനു പരിപൂർണ്ണമായ ക്ഷാന്തിയേ സമ്പാദിച്ചുകൊടുത്തു് അദ്ദേഹത്തിന്റെ പുത്രിയോടൊന്നിച്ചു് അദ്ദേഹത്തെ ഗൃഹത്തിൽ എത്തിച്ചു് ഭാവിജീവിതം സുഖമായി നയിക്കാനുള്ള ഒരു പരിതസ്ഥിതിയേ സൃഷ്ടിക്കുക എന്നുള്ളതായിരുന്നു. ഒരു രാജാവിനുചിതമായ ആഭിജാത്യവും ദീനവാത്സല്യവും പൂർണ്ണമായി പ്രസരിക്കുന്ന ആ സ്വഭാവഗുണത്തിനു് അല്പംപോലും യോജിക്കാത്ത വൈരനിര്യാതനൌത്സുക്യം, സങ്കുചിതമനസ്ഥിതി, നീചമായ വിദ്വേഷം എന്നിവ ഇണങ്ങിയ ഒരു വ്യക്തിയാണു് നമ്മുടെ കിരീടപതിയെന്നു് ഞാൻ മനസ്സിലാക്കി. അതുപോലെതന്നെ അദ്ദേഹത്തെ ചുററിനിൽക്കുന്നവരിൽ, ഒന്നുരണ്ടു വ്യക്തികളെ ഒഴിച്ചാൽ, മററുള്ള രാജ്യതന്ത്രജ്ഞന്മാരെല്ലാം ഒരു നെറിയുമില്ലാത്തവരാണു്. എങ്കിലും എന്റെ ഉദ്ദിഷ്ട കാര്യങ്ങളുടെ ഭാഗ്യംകൊണ്ടെന്നപോലെ ആ വ്യക്തികൾ അവിടെ സന്നിഹിതരായിരുന്നു. അവരിൽ നിയമസചിവൻ ദൈവവിലാസത്താൽ ഒരാളായിപ

രിണമിച്ചു. ഗ്രന്ധാലോചനയിൽ ഉൾപ്പെട്ട മററുള്ള വക്ക കൊടുക്കാതെ അതിൽ പ്രധാനിക്ക് മാപ്പുകൊടുക്കുക ഒരു ഭരണക്രമത്തിനു സാദ്ധ്യമല്ല. ആ കാൎ‌യ്യം സാധിക്കാൻ എനിക്കു വലിയ വിഷമം നേരിട്ടു എങ്കിലും അതു ഞാൻ സാധിക്കതന്നെ ചെയ്തു.

കരുണാ:- അയ്യോ! അതെങ്ങിനെപററി. എന്റെ ദുർവൃത്തിയാൽ നേരിട്ട അനർത്ഥങ്ങളുടെ ഒരു വലിയഭാരം ഭവതിയുടെ ഈ ഉദാരമായ കൎമ്മംകൊണ്ടു ശമിപ്പിക്കാമല്ലോ.

മദാല:- കേൾക്കുക, ഞാൻ മുഴുവനും പറഞ്ഞുതീൎന്നില്ല. എല്ലാററിലും പ്രഥമമായി, അവിടത്തേപേരിൽ എനിക്കുതോന്നിയിരുന്ന ഭാവത്തിന്റെ പെട്ടെന്നുള്ള ഒരു മാററത്തേപററി പറകയാണെങ്കിൽ— വൈപരീത്യവും വെറുപ്പും കാരുണ്യസഹതാപങ്ങളായി പരിണമിച്ച ആ രസവിശേഷത്തേപററി വ്യവഹരിക്കയാണെങ്കിൽ—ഹരദത്തപ്രഭു അവിടത്തേസംബന്ധിച്ചു രാജാവിനെ തെററിധരിപ്പിച്ച വിവരം ഞാൻ മനസ്സിലാക്കിയെന്ന് ഇപ്പോൾ പറയേണ്ടിയിരിക്കുന്നു. അയാൾ എന്റെ പാണിഗ്രഹണത്തേംക്കാംക്ഷിച്ചു. ഞാൻ അതിനെ അവജ്ഞയോടുകൂടി നിഷേധിക്കയുംചെയ്തു. അവിടന്ന് ഗ്രന്ധാലോചനയെ സംബന്ധിച്ച രേഖകളെല്ലാം നശിപ്പിച്ചു. ഒരു കോഴയെന്നനിലയിൽ അവിടുന്നു വാങ്ങിയധനത്തേ അവിടുന്നു തിരിച്ചുകൊടുത്തു മുമ്പ് അവിടുന്നാചരിച്ച ആ വിശ്വാസവഞ്ചനയ്ക്കു് പ്രായശ്ചിത്തമായി അവിടുന്ന് രാജകോപത്തെ സധൈൎ‌യ്യം നേരിടുകയുംചെയ്തു.

ഇതെല്ലാം അവിടത്തേയ്ക്കനുകൂലമായ തെളിവുകളാണ്. അതു് എന്നിൽ ഏതുവിധം പ്രവൎത്തിച്ചു എന്നു് ഞാൻ കാണിക്കാം. ശ്രദ്ധാലോചനകാൾ മാപ്പുകൊടുത്ത രാജകല്പന ലഭിച്ചയുടൻതന്നെ ഞാൻ അതിനെ ശോഭനയുടെ കയ്യിൽ ഏല്പിക്കാനായി "ഭ്രമര" ദുൎഗ്ഗത്തിലേയ്ക്കു തിരിച്ചു. ഞാൻ അവളെ കാണ്മാൻ ഉത്ക്കണ്ഠാകുലയായിരുന്നു—എനിക്കു് എൻെറ ആന്തരവീക്ഷണത്തിൽ ഒരുപായം സന്നിഹിതമായിരുന്നു. അവളുടെ സുഖം, പക്ഷേ ഇനിയും നിശ്ചിതമാണെന്നു് എനിക്കു തോന്നി. അവളുടെ പിതാവു് അവിടത്തെ അപരാധം ക്ഷമിക്കുമെന്നും—അവൾ തന്നെ കഴിഞ്ഞ കഥയെല്ലാം മറക്കുമെന്നും ഞാൻ ചിന്തിച്ചു. ചുരുക്കത്തിൽ എൻെറ ഹൃദയപൂൎവ്വമായ വാത്സല്യത്തിനു പാത്രീഭവിച്ച ആ ഓമനപ്പെൺകിടാവിൻെറ പരമസുഖത്തെ നിശ്ചിതമാക്കുന്ന ആശയെ ഞാൻ പരിപാലിച്ചു. ഞാൻ ഭ്രമരദുൎഗ്ഗത്തെ പ്രാപിച്ചതെന്തിനെന്നു് അവിടത്തേയ്ക്കു് ഇപ്പോൾ മനസ്സിലായിരിക്കും. എന്നാൽ ഞാൻ ഇവിടെ എത്തിയ ക്ഷണത്തിൽതന്നെ അവിടുന്നും പിതാവും തലേ ദിവസം ഈ പട്ടണത്തിൽ വന്നുചേൎന്നിട്ടുണ്ടെന്നറിഞ്ഞു. പിന്നീടു് അവിടത്തെ അച്ഛൻ രോഗശയ്യയിൽവീണു. അദ്ദേഹത്തോടു് അവിടത്തെ പെരുമാററം എങ്ങിനെയെന്നു് ഞാൻ അന്വേഷിച്ചു. പിതാവിനെപ്പററിയുള്ള ഭക്തി അവിടത്തെ ഹൃദയത്തിൽ ഊനമല്ലെന്നു് എനിക്കു ദൃഢബോധം ഉദിച്ചു. എൻെറ പ്രഥമോദ്ദേശത്തിനു് അല്പം ഒരു മാററം സംഭവിച്ചു. ശോഭനയുടെ പിതാവിനേയും കൂട്ടുകാരേയും അവരു

ടെ ഗൃഹങ്ങളിൽ തിരിയെ പ്രവേശിക്കാൻ അധികാരപ്പെടുത്തുന്ന ആ കല്പനയെ അവളുടെ കയ്യിൽ ഏല്പിക്കുന്നതുവരെയുള്ള അല്പസമയത്തേയ്ക്കു ക്ഷമിച്ചിരിക്കാൻ ഞാൻ തീർച്ചപ്പെടുത്തി. ഇനി എനിക്ക് ഒരു വാക്കുമാത്രമേ പറവാനുള്ളു. ആ രേഖ ഇതാ ഇരിക്കുന്നു. ഒരിക്കൽ അവിടത്തെ പേരിൽ അനുരക്തയായിരുന്നവളും ആയനുരാഗംതന്നെ വീണ്ടും അങ്കുരിച്ചു പരിപുഷ്ടിയേ പ്രാപിക്കത്തക്ക ഹൃദയമാർദ്ദവം ഉള്ളവളുമായ ശോഭനയുടെ സമീപത്തേയ്ക്കു് ഇതു കൊണ്ടുചെന്നു കൊടുക്കുന്നതു് അവിടുന്നുതന്നെ ആയിരിക്കട്ടെ."

ഇത്രയും പറഞ്ഞിട്ടു് മദാലസ ആ പ്രമാണത്തെ മാർത്താണ്ഡമന്ദിരത്തിലെ പ്രഭുവിന്റെ കയ്യിൽ കൊടുത്തു. അദ്ദേഹം ഒരു കാൽമുട്ടു ഭൂമിയിൽ ഊന്നിക്കൊണ്ടു് അതു വാങ്ങി. ആ രേഖയേ അദ്ദേഹത്തിനു കൊടുപ്പാനായി നീട്ടിയ കയ്യിന്മേൽ അദ്ദേഹം ഒന്നു ചുംബിക്കുകൂടി ചെയ്തു. കൃതജ്ഞതയേ സൂചിപ്പിക്കുന്ന ചില വാക്കുകൾ അദ്ദേഹത്തിന്റെ അധരപുടത്തിൽനിന്നും പുറപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്റെ സ്വരം ഹൃദയവികാരത്തള്ളൽകൊണ്ടു് നിരുദ്ധമായി.

"എന്നാൽ, ഇനി പ്രഭോ അവിടത്തേയ്ക്കു നല്ലതുഭവിക്കട്ടെ. അവിടുന്നന്വേഷിക്കുന്നവരെ അവിടത്തേയ്ക്കു വേഗത്തിൽ കാണ്മാൻ സാധിക്കും. ഉപഗുപ്തസേനാനിയും മകളും അവരുടെ സ്നേഹിതന്മാരും ഈ നഗരത്തിൽതന്നെ പാർക്കുന്നുണ്ടു്. ഞാൻ അവിടത്തേയ്ക്കുവേണ്ടി ചെയ്തതിനു് പ്രത്യുപകാരമായി ശോ

ഭന സ്വയമേവ എന്നെ സമീപിക്കാൻ ആഗ്രഹിക്കു ന്നമട്ടിൽ എന്നെ സംബന്ധിച്ച് അവിടുന്നവളോടു സംസാരിക്കണമെന്നത്രേ എൻെറ അഭിലാഷം. എ ന്നാൽ ഇനി, നമസ്കാരം."

ഇങ്ങിനെ പറഞ്ഞിട്ട് മനസ്വിനിയായ ആ പ്ര ഭ്വി വേഗത്തിൽ ആ മുറിവിട്ടു വെളിയിൽ കടന്നു. അവളുടെ ഔന്നത്യസൂചകമായ വാക്പ്രസരത്തെ ഓ ർത്ത് കരുണാകരപ്രഭു ഒരു കുട്ടിയേപ്പോലെ തേങ്ങി തേങ്ങികരഞ്ഞു. ഒടുവിൽ അദ്ദേഹം മദാലസയിൽ നിന്നും ലഭിച്ച ആ വിലയേറിയ രാജകല്പനയുംകൊ ണ്ടു് അവിടെനിന്നും നിർഗ്ഗമിച്ചു.

അദ്ദേഹം അധിവസിച്ചിരുന്ന പാന്ഥമന്ദിര ത്തിൽ തിരിച്ചെത്തിയശേഷം ആ പ്രഭു, കഴിഞ്ഞു സംഭവങ്ങളെപ്പററി ഗാഢമായ ചിന്തതുടങ്ങി. ശോ ഭനയെ കാണ്മാനായി അപ്പോൾതന്നെ പുറപ്പെടുക യോ, പിതാവിൻെറ സംസ്ക്കാരകർമ്മം കഴിഞ്ഞു മൂ ന്നുനാലു ദിവസത്തിനകം അങ്ങോട്ടു തിരിക്കയോ ഏ താണു വേണ്ടതെന്നു് ആ തരുണൻ ആലോചിച്ചു. എ ന്നാൽ തൻെറ വക്രബുദ്ധി വിജയപൂർവമായി സാ ധിച്ച ആ അനർത്ഥത്തെ പരിഹരിക്കാൻ ഇനി അര നിമിഷംപോലും കാലവിളംബം പാടില്ലെന്നു് അദ്ദേ ഹം നിശ്ചയിച്ചു. ഉപഗുപ്തസേനാനിയുടെ വാസസ്ഥ ലം ഏതെന്നന്വേഷിച്ചറിഞ്ഞു് കരുണാകരൻ അവി ടേയ്ക്കു പുറപ്പെട്ടു.

ഭ്രമരദുർഗ്ഗത്തിൽ പാർത്തിരുന്ന ധനികനായ ത ൻെറ ഒരു ബന്ധുവോടൊന്നിച്ചു തനിക്കും പുത്രിക്കും കഴിച്ചുകൂട്ടാമെന്നു് ഉപഗുപ്തൻ പ്രതീക്ഷിച്ചു. എ

ന്നാൽ പോലീസുകാരുടെ കയ്യിൽനിന്നും രക്ഷപ്പെട്ടു ഭ്രമരദുർഗ്ഗത്തിൽ എത്തിയപ്പോഠം തൻെറ ബന്ധു കുറച്ചു ദിവസങ്ങഠംക്കു മുമ്പ് മരണം പ്രാപിക്കയാൽ അദ്ദേഹത്തിൻെറ സ്വത്തെല്ലാം അവകാശികഠം വീതിച്ചെടുത്തു എന്നറിഞ്ഞു. ഇതു് സങ്കടകരമായ ഒരു പ്രഹരമായിരുന്നു. എന്തെന്നാൽ അദ്ദേഹം ആവശ്യത്തിനു വേണ്ടുന്ന പണമൊന്നുംകൊണ്ടു വന്നിട്ടില്ലായിരുന്നു. അതുകൊണ്ടദ്ദേഹം ഒരു ചെറിയ വീടെടുത്തു തൻെറ മകളെ കൊണ്ടുവന്നു പാപ്പൂറപ്പിച്ചു. മററുള്ള ഗൂഢാലോചനക്കാരും ഉപഗുപ്തൻ അധിവസിച്ച വീഥിയിൽതന്നെ ഒരു ഗൃഹം വാടകയ്ക്കു വാങ്ങി അതിൽ പാത്തു.

ഗൂഢാലോചനയേ സംബന്ധിച്ച രേഖകളെല്ലാം കരുണാകരൻ നശിപ്പിച്ചതായും രാജകരത്തിൽ നിന്നും ലഭിച്ച ആ വൻപിച്ച തുകയേ അദ്ദേഹം അമർഷത്തോടുകൂടി തിരിച്ചു രാജാവിനെ ഏഠംപ്പിച്ചതായും ഉള്ള വാത്തയെ വിശദീകരിച്ചു് മിഹിരസേനൻെറ പുത്രൻ പാർത്ഥസദനത്തിൽ നിന്നും അയച്ച ഒരു കത്തുമൂലം ഉപഗുപ്താദികഠം മനസ്സിലാക്കിയിരുന്നു. സർപ്പദുർഗ്ഗത്തിൽ കരുണാകരൻ ബന്ധനസ്ഥനാക്കപ്പെട്ട കഥയും പ്രസ്തുത ലേഖനത്തിൽ അടങ്ങിയിരുന്നു. എന്തെന്നാൽ മാത്താണ്ഡമന്ദിരത്തിലെ യുവപ്രഭുവിൻെറ ബന്ധനവൃത്താന്തം രഹസ്യമായി സൂക്ഷിക്കണമെന്നു രാജാധികാരത്തിലേക്കു നിർബന്ധമുണ്ടായിരുന്നുവെങ്കിലും അതെങ്ങിനെയോ പരസ്യമായിപ്പോയി. വൃദ്ധപ്രഭുവും പുത്രനും ഭ്രമരദുഗ്ഗത്തിൽ പാർപ്പായ കഥ പ്രഭുവിൻെറ മരണവാത്ത വെ

ളിയിലാകുന്നതു വരെ ഗൂഢാലോചനക്കാർ അറിഞ്ഞില്ല.

പ്രഭു മൃതിയെ പ്രാപിച്ച രാത്രിയെ തുടൎന്നുള്ള അഹസ്സിൻെറ അർദ്ധം അതീതമായപ്പോഴായിരുന്നു ഭ്രമരദുൎഗ്ഗനഗരത്തിൽ; ശോഭനയും പിതാവും അധിവസിച്ചിരുന്ന ഗൃഹത്തിലെ ഒരു ചെറിയ മുറിയിൽ ആ പെൺകിടാവ് ചിന്താതാന്തയായി .തൻെറ പഴയ ജീവിതകഥയെ ഓത്തിരുന്നുപോയതു്. അഭിമാനത്തോടുകൂടി തങ്ങളുടെ നാട്ടിലേക്കു തിരിച്ചുപോകാനുള്ള മാർഗ്ഗത്തെപററി ചിന്തിക്കുന്നതിന്ന് ഉപഗുപ്തസേനാനി ചങ്ങാതിമാരെ അന്വേഷിച്ച് അവരുടെ വസതികളിലേക്കു പോയിരിക്കയായിരുന്നു. അതിനാൽ ശോഭന ഈ അവസരത്തിൽ ഏകാകിനിയായിത്തന്നെ വത്തിച്ചു. അവൾ തയ്യൽജോലിയിൽ നിരതയായിരുന്നു. എങ്കിലും അതു് നിർവിഘ്നം പുരോഗമിക്കുന്ന ലക്ഷണങ്ങളൊന്നും അപ്പോൾ കാണപ്പെട്ടില്ല. എന്തെന്നാൽ അവൾ സങ്കടകരമായ ചിന്തയ്ക്കധീനയായിരുന്നു. അഹഹാ! ഹതഭാഗ്യയായ ഒരു പെൺകിടാവിന്നു മറിച്ചൊരനുഭവം എങ്ങനെയുണ്ടാകും? തൻെറ പ്രണയത്തിന്ന് ഇത്രയും കഠിനമായ ഒരു ഉലച്ചിൽ സംഭവിച്ച ആ മോഹിനിക്കു് അന്തരംഗത്തിലുള്ള ആശയുടെ അങ്കുരം പോലും ഭഗ്നമാക്കപ്പെട്ടു. ആ പേശലാംഗിക്കു്. അവൾക്കു സംഭവിച്ചതെല്ലാം മനുഷ്യസ്വഭാവത്തിൻെറ വിശ്വാസയോഗ്യതയിന്മേൽ ആ സാദ്ധ്വിക്കുള്ള നിസ്സംശയമായ പ്രത്യയത്തെ നശിപ്പിക്കുന്നതിന്നു പൎയ്യാപ്തമായിരുന്നു. ലോകം കാപട്യവും വഞ്ചനയും നിറഞ്ഞതെന്നു് അ

വളെ ഉദ്ബോധിപ്പിക്കുന്നതായി അവൾ ധരിച്ചു. മരതകവർണ്ണമോഹനമായ വർണ്ണസമൂഹത്തിലെ പുഷ്പനികരത്തിനിടയിൽ മറഞ്ഞിരിക്കുന്ന വിഷവാഹികളായ ഘോരസർപ്പങ്ങളോടുകൂടിയ ഒരു പൂച്ചെടിത്തട്ടിനെ അവലോകനംചെയ്യുംവണ്ണം ശങ്കാസ്പൃഷ്ടയായി ഭൂമണ്ഡലത്തിലെ അതിസുന്ദരങ്ങളായ രംഗങ്ങളെ കരുതുവാനും അവൾ പ്രേരിപ്പിക്കപ്പെട്ടു.

അവൾ കരുണാകരനെപ്പററി ചിന്തിക്കുകയായിരുന്നു—അവളുടെ കണ്ണുകളിൽ അദ്ദേഹം പകരുക പതിവായിരുന്ന സുധാമധുരമായ വാക്പ്രസരത്തെ സംബന്ധിച്ച് ആ വിശ്വമോഹിനി വിചാരിക്കയായിരുന്നു—തൻെറ ഹൃദയപൂർവ്വമായ ആരാധനക്ക് സർവ്വഥാ പാത്രമായ ഒരു മഹാനുഭാവനെന്ന് പരിശുദ്ധമായ മനോമുകുരത്തിൽ താൻ കരുതിപ്പോന്ന കാലത്ത് അദ്ദേഹത്തിൻെറ സാഹചര്യത്തിൽ സ്വയം അനുഭവിച്ച ആ പരമസുഖത്തെ ഇപ്പോൾ ആ ഓമനപ്പെൺകിടാവ് അന്തരംഗചർവ്വിതചർവണം ചെയ്കയായിരുന്നു. എന്നാൽ അദ്ദേഹത്തെപററി എത്രമാത്രം വ്യത്യസ്തമായി ചിന്തിപ്പാനാണ് അവൾ ഈ അവസരത്തിൽ നിർബന്ധിതയായിത്തീൎന്നത്. അവളുടെ കണ്ണുകളിൽ നിന്നും ഒരുതുള്ളി കണ്ണുനീർ പോലും ഉദ്ഭവിച്ചില്ല. അവൾ അപ്പോഴും ഒരാശയെ വഹിച്ചിരുന്നുവെങ്കിൽ അതു സാധിക്കുമോ എന്നു ശങ്കിച്ച് കരയുമായിരുന്നു. എന്നാൽ ആശ അവളിൽ മൃതമായിരുന്നു. അങ്ങനെ അവളുടെ അന്തരംഗം അശ്രുപ്രവാഹത്തെ പ്രതിരോധിക്കുന്ന ത്യാഗസന്താപങ്ങളുടെ സമ്മേളനഫലമായ ഒരു അവസ്ഥയെ വഹി

ച്ചു അദ്ദേഹം ആ നഗരത്തിൽതന്നെയുണ്ടെന്നവരം അറിഞ്ഞിരുന്നു. എന്നാൽ അദ്ദേഹവുമായി സന്ധി ക്കാൻ ആഗ്രഹിക്കാതെ കഴിവുള്ളിടത്തോളം അദ്ദേഹ ത്തെ വർജ്ജിക്കാൻ മാത്രമാണു് അവരം ശ്രമിച്ചതു്. തന്നോടു ക്ഷമായാചനം ചെയ്യാൻ അദ്ദേഹം വരു മെന്നുള്ള ഒരഭിപ്രായം അവരംക്കുണ്ടായി. എന്നാൽ അതു് അവളിൽ യാതൊരാശയേയും അങ്കുരിപ്പിച്ചില്ല.

ഇങ്ങിനെ അവരം അഗാധചിന്താധീനയായിരു ന്നു—അത്യധികം വിളറിമെലിഞ്ഞു് പാടേ പരിവ ർത്തനം നേരിട്ട ഒരു സ്വരൂപം. എങ്കിലും എത്രകണ്ടു മനോഹരം! അപ്രകാരം ആ മുറിയിൽ അവരം ത നിച്ചിരുന്നു. അപ്പോഴേയ്ക്കും കതകു തുറന്നു കരുണാ കരൻ മെല്ലെ അവളുടെ മുമ്പിൽ പ്രത്യക്ഷനായി.

# 14

## പെൺകിടാവിൻെറ നിശ്ചയം

കരുണാകരപ്രഭുവുമായുള്ള ഒരു സന്ദർശനത്തിനു് ശോഭന അപ്രതീക്ഷിതയായിരുന്നില്ലെന്നു നാം മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അവളുടെ സങ്കടം ചിത്തോദ്വേ ഗസംഭവമല്ലായിരുന്നതിനാൽ അദ്ദേഹത്തിൻെറ ആ ഗമനത്താൽ അവരംക്കു ഞെട്ടൽ ഉണ്ടായില്ല: എ ന്നാൽ തൻെറ നിരാശാജനകമായ വിധിക്കു് കീഴ

ടങ്ങിക്കൊണ്ട് അവൾ അദ്ദേഹത്തെ സ്വീകരിപ്പാനായി ഒരു ശീതമായ സ്ഥൈര്യത്തോടുകൂടി എഴുനേററു. ആ വിവൎണ്ണമായ ഗണ്ഡമണ്ഡലത്തിൽ ഒരു ക്ഷണനേരമെങ്കിലും അരുണിമ സംക്രമിച്ചില്ല: അവളുടെ വിശാലമായ നേത്രങ്ങളിൽ അപൂർവമായ ഒരു പ്രകാശം മിന്നിയതുമില്ല. അവളുടെ നോട്ടത്തിലും ഭാവത്തിലും ഏതാണ്ടൊരു ആഭിജാത്യം പ്രത്യക്ഷപ്പെട്ടു. തൻെറ നേരേ കഠിനമായ അപരാധം ആചരിക്കപ്പെട്ടു എന്നും അങ്ങിനെ ആചരിച്ചവൻ സമുചിതമായ ദണ്ഡനത്തെ അനുഭവിച്ചു എന്നും അതിനാൽ വെറുപ്പിനും പ്രതികാരത്തിനുമുള്ള കാലംകഴിഞ്ഞുപോയി എന്നും ഉള്ള ചിന്തയാൽ സമുന്നതമായി പ്രശോഭിച്ച ഒരു ആഭിജാത്യമായിരുന്നു അതു്. എങ്കിലും കരുണാകരനെ കണ്ടപ്പോൾ അവൾക്കു ദുസ്സഹമായ ഒരവജ്ഞതന്നെ സംജാതമായി; അതു് അവളുടെ മുഖത്തിൽ പ്രതിഫലിച്ചപ്പോൾ ലജ്ജയും താപവും ആ പ്രൌഢയുവാവിനെ ബാധിക്കയാൽ അദ്ദേഹം ഇതികൎത്തവ്യതാമൂഢനായി.

"പ്രഭോ! അവിടുന്ന് എൻെറ സമീപത്തേയ്ക്കു വന്നാതെന്തിനോ? അല്ലെങ്കിൽ അച്ഛനെ അന്വേഷിച്ചായിരിക്കും അവിടുന്നു വന്നതു്." എന്നു് അദ്ദേഹത്തിൻെറ വൈക്ലബ്യംകണ്ടു് ശോഭന ചോദ്യംചെയ്തു.

"അല്ല, ശോഭനേ, ഭവതിയെ കാണ്മാൻതന്നെയാണു ഞാൻ പോന്നതു്. ദയവുണ്ടായി ശ്രവിക്കുവേണ്ടി അല്പസമയം അനുവദിക്കുമോ." ഭവതിയുടെ അച്ഛൻെറയും സ്നേഹിതന്മാരുടെയും താൽപൎയ്യത്തെ

സ്പശിക്കുന്ന ഒരു സംഗതി അറിയിക്കാനാണു ഞാൻ വന്നതു്. അതുകൊണ്ടു ദയവുണ്ടാകണമെന്നു ഞാൻ പ്രാത്ഥിക്കുന്നു." എന്നു കരുണാകരൻ പറഞ്ഞു.

"അവിടുന്നു ചെയ്ത മഹാപരാധത്തിനു പരിഹാരമായി ആചരിച്ച നിഷ്കൃതിയിൽ ഉപരിയായി ഇനിയും എന്തെങ്കിലും ചെയ്‌വാൻ അവിടത്തേയ്ക്കു ശക്തിയുണ്ടെങ്കിൽ പറക, ഞാൻ കേൾക്കാം. എന്നാൽ പ്രഭോ, കാൎയ്യം എളുപ്പത്തിൽ പറഞ്ഞുതീക്കാൻ ദയവുണ്ടാകണം; എന്തെന്നാൽ നേരത്തേ അറിവുതന്നിരുന്നുവെങ്കിൽ ഈ സന്ദർശനത്തിനു ഞാൻ അനുവദിക്കയില്ലായിരുന്നു." എന്നു ശോഭന പറഞ്ഞു.

"അപ്പോൾ, ഭവതി എന്നെ വെറുക്കുകയാണോ? പരിതസ്ഥിതികൾ മുഴുവൻ മറിച്ചുവരികയും ഭവതി ഒരു പിശാചിയേപ്പോലെ പകയോടുകൂടിയ ശത്രുവായി ഭവിക്കയും ചെയ്താലും ഭവതിയുടെനേരെയുള്ള എന്റെ പ്രണയത്തിന് കടുകിടപോലും കുറവുവരികയില്ലെന്നാത്രേ എന്റെ അനുഭവം." എന്നു പ്രഭു പറഞ്ഞു.

"പ്രണയമെന്നുള്ള ശബ്ദം ഇനി ഉച്ചരിക്കരുതു്. അതുമൃതമെന്നപോലെയാണു എന്റെ ശ്രവണങ്ങളിൽ പതിക്കുന്നതു്; എന്തെന്നാൽ പരമാത്ഥത്തിൽ ആ വികാരം എന്റെ ഹൃദയമാകുന്ന ശവക്കുഴിയിൽ അന്തത്തേ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. പ്രണയം വിശ്വാസത്തിലും പരസ്പരബഹുമാനത്തിലും ആദരത്തിലും സ്ഥാപിക്കപ്പെടുന്ന ഒരു ചേതശ്ചലനമാകുന്നു. അതിന്റെ അടിസ്ഥാനത്തിനു ഹേതുവായ ഈ അംശങ്ങൾ നശിയ്ക്കുമ്പോൾ എടുപ്പു മുഴുവൻ തകർന്നു പോ

കുന്നു. കൂടാതെയും, പ്രഭോ, പ്രണയം ഒരു ഭക്തിമുറയല്ലേ? അതിൻെറ ആരാധനം ഒരു വ്യാജവിഗ്രഹത്തിൽ അർപ്പിക്കപ്പെട്ടു എന്നു ഹൃദയം ഗ്രഹിക്കുമ്പോൾ ആ മതത്തിൻെറ ഗതിയെന്തു്! സംസ്കാരഹീനനായ കിരാതൻ, അംബരമണ്ഡലത്തിൽക്കൂടി അതിപ്രഭയോടെ പാഞ്ഞുപോകുന്ന കൊള്ളിമീനേ വാഴ്ത്തുവാൻ, ഭക്തിയോടും വിശ്വാസത്തോടും ഭൂമിയിൽവീണു നമസ്കരിച്ചു എന്നു വരാം. എന്നാൽ അതിൻെറ പ്രകാശം അവസാനിക്കുമ്പോൾ അതു താഴെവീണു് വെറും ഒരു കറുത്ത കല്ലായി പരിണമിക്കുന്നവേളയിൽ, അതിൻെറ മാഹാത്മ്യകാലത്തുചെയ്ത ആരാധനത്തിൻെറ അവസ്ഥയെന്തു്? അവിടുന്നു് എൻെറ സന്നിധിയിൽ പ്രവേശിച്ചപ്പോൾ ഏതാദൃശമായ ഒരു വിഷയത്തേ അധികരിച്ചു് എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിച്ചില്ല. എന്നാൽ അവിടുന്നാണു് ആ വാക്കിനെ ഉച്ചരിച്ചതു്. അതിനാലത്രേ എൻെറ ഹൃദയത്തിൽ പ്രേമം എന്ന വികാരം മൂർത്തമായിപ്പോയി എന്നു് ഞാൻ പറഞ്ഞതു്. അല്പം മുമ്പു് ഞാൻ അവിടത്തേ പേരിൽ പ്രണയബദ്ധയാണെന്നു്. എന്നെക്കൊണ്ടു പറയിച്ചതു് പ്രത്യഗ്രമായി താരുണ്യതരളമായിരുന്ന എൻെറ അപക്വമായ ഹൃദയമാകുന്നു. എന്നാൽ പ്രഭോ, അവിടുന്നു് എൻെറ ആ ഹൃദയത്തേ മർദ്ദിച്ചു് നശിപ്പിക്കയാണു ചെയ്തതു്. അതിനാൽ അതു് ഇപ്പോൾ ഇനി പ്രണയമെന്ന വചനത്തേ ഉച്ചരിക്കുന്നില്ലെങ്കിൽ എന്നെ അപഹസിക്കാതെ അവിടത്തേതന്നെ അധിക്ഷേപിക്കുക.

തനിക്കും അന്യമായ ഒരു വ്യക്തിക്കും യാതൊരാശയും നൽകുവാൻ ശക്തിയില്ലാത്ത ഒരാളുടെ രസശൂന്യമായി വികാരഹീനമായുള്ള സ്വരത്തിൽ ശോഭന ഭാഷണം ചെയ്തുവെങ്കിലും—അവളുടെ ഹിമസദൃശമായ വദനബിംബത്തിൽ യാതൊരുവിധമായ ചലനമോ തരളതയോ കൂടാതെ അവൾ വർത്തിച്ചു എങ്കിലും—അവളുടെ വാക്കിലും ഭാവത്തിലും ഒരു അപാരമായ ശോകരസം ലീനമായിരുന്നു. എന്തെന്നാൽ പരുഷമായ ശില്പപ്രതിമപോലും വികാരത്താൽ സംസ്കൃതവും സ്വയം അജ്ഞാതവും ആയ ഭാവത്താൽ ചലനക്ഷമമായിഭവിക്കാം."

"എൻെറ ഈശ്വരാ! ഈ വാക്കുകളേകേട്ട് അവയിൽനിന്നു നിരാശയേ മാത്രം ഗ്രഹിക്കാനോ? ശോഭനേ, ഭവതിയേസംബന്ധിച്ച ദുരാശയെങ്കിലും, എനിക്കായികൊണ്ടു് അവശേഷിക്കാൻ ഈശ്വരൻ അനുഗ്രഹിച്ചെങ്കിലോ? ഭവതി ഈ അവസരത്തിൽ ഒരു പ്രകോപകലുഷമായ ക്ഷോഭത്തെ പ്രകടിപ്പിക്കയോ അല്ലെങ്കിൽ പരമനികൃഷ്ടമായ ഭർത്സനവർഷത്താൽ എന്നെ അഭിഷേകം ചെയ്കയോ ചെയ്തിരുന്നു എങ്കിൽ അതു എത്രയോ തൃപ്തികരമായിരുന്നേനേ. ഭവതിയുടെ വെറുപ്പിനെ സംബന്ധിച്ചും ഒരു സ്ഥിരബോധം എനിക്കുണ്ടാകുമായിരുന്നു. ഭവതിയുടെ ഭർത്സനശരങ്ങൾ ഏററു പിടയുമ്പോഴും എൻെറ പ്രണയത്തിൻെറ സ്ഥാനത്തെ സ്വീകരിച്ച ഒരു മാത്സര്യത്തെയെങ്കിലും ഞാൻ അനുഭവിക്കുമായിരുന്നു. എന്നാൽ ഭവതി എന്നെ വെറുക്കുന്നില്ലേ

ന്നും വിശ്വാസം, മതിപ്പ്, ബഹുമാനം എന്നിവ അസ്തമിക്കയാൽ എൻെറ നേരെ ഭവതിക്ക് അനുരാഗം നശിച്ചു എന്നും ഞാൻ ആശയ്ക്കു അധീനനാകേണ്ട എന്ന് അതേ ശ്വാസത്തിൽ തന്നെ പറഞ്ഞുതീർക്കുവാനും നാം തമ്മിൽ ഉള്ള സകല ബന്ധത്തിനും വിരാമം സംഗതമായി എന്നും ഭവതിയുടെ പൂർവ്വാനുരാഗത്തെ വീണ്ടെടുക്കുവാൻ എന്തു ചെയ്‌വാനും ഞാൻ സന്നദ്ധനാണെന്ന്—"

"മതി പ്രഭോ, ഇതു ഞാൻ കേൾക്കുന്നതിന് ഇഷ്ടപ്പെടാത്ത ഒരു ഭാഷയാണ്. അവിടുന്നു പാർത്ഥസദനത്തിൽ വച്ചു ചെയ്തതെല്ലാം ഞാൻ അറിഞ്ഞു. അവിടുന്നു ആ എഴുത്തുകുത്തുകളെല്ലാം നശിപ്പിച്ച കഥ—അവിടുന്നു രാജകരത്തിൽ നിന്നും കോഴ വാങ്ങിയ തുകയേ തിരിയെ എറിഞ്ഞു കൊടുത്ത കഥ—അവിടുന്നു കാരാഗൃഹത്തെ വരിച്ച ചരിത്രം. വാസ്തവത്തിൽ പ്രഭോ, ഇതിലെല്ലാം ഒരു പ്രായശ്ചിത്തം അടങ്ങിയിരിക്കുന്നു. എന്നാൽ അപരാധത്തെ പശ്ചാത്താപം അനുഗമിച്ചാലും ഹൃദയത്തിനു കുററവാളിയോടു സഹതപിക്കുക മാത്രമേ നിവൃത്തിയുള്ളു. അല്ലാതെ അതിൻെറ പ്രഥമമായ വിശ്വാസശുദ്ധിയെ തിരിച്ചു കൊടുക്കുക ശക്യമല്ല" എന്ന് ആ പെൺകിടാവു പറഞ്ഞു.

"ഭവതി സ്ത്രീകളിൽവച്ച് ഏററവും നിഷ്ഠുരമനസ്വിനിയാണെന്നു തെളിയിക്കയോണോ?" എന്ന് അതിസങ്കടപിശുനമായ മുഖഭാവത്തിൽ കരുണാകരൻ ചോദിച്ചു.

"ഞാൻ ഒരു സ്ത്രീയുടെ സകല വികാരങ്ങളേയും കൈക്കൊള്ളുന്നു. അവയ്ക്കനുസരണമായിത്തന്നെ പ്രവൎത്തിക്കയും ചെയ്യുന്നു. വിപരീതമായി പ്രവൎത്തിക്കുന്ന ഒരു സ്ത്രീയെ കാട്ടിത്തരിക" എന്നു ശോഭന പറഞ്ഞു.

"ഹാ! ശോഭനേ, ഭവതിയുടെ പെരുമാററത്തേ മററൊരു യുവതിയുടേതുമായി താരതമ്യപ്പെടുത്തുന്നതായാൽ ഭവതിയേ ചലിപ്പിക്കുന്നതിനു ആശിക്കാമെങ്കിൽ—" എന്നു കരുണാകരൻ പറഞ്ഞു.

"ഞാൻ കഷ്ടപ്പെട്ടതുപോലെ മറേറതൊരു തരുണിയാണവിടത്തേ വിക്രിയകളിൽ നിന്നും ദുരിതം അനുഭവിച്ചിട്ടുള്ളതു്— എനിക്കുവേണ്ടി— എന്റെ അച്ഛനുവേണ്ടി— അദ്ദേഹത്തിന്റെ സ്നേഹിതന്മാൎക്കുവേണ്ടി— പ്രത്യഗ്രകുസുമങ്ങൾ പോലെ എന്നേ വലയം ചെയ്ത പ്രഭാകന്ദളിതമായ ആശാസഹസ്രത്തേ ധ്വംസിച്ചതിലേയ്ക്കു് ഇങ്ങിനെ വിവിധരൂപത്തിൽ ഞാൻ ദുരിതം അനുഭവിച്ചു." എന്നു ശോഭന പറഞ്ഞു.

"കേൾക്കൂ ശോഭനേ എന്റെ സ്വാൎത്ഥത്തിനു തെളിവായി ഭവതിയെ പോലെ അനേകം ഉദാഹരണങ്ങൾ ലഭിച്ചിട്ടുള്ള ഒരു യുവതിയുണ്ടു് അവളിൽ ഞാൻ അനുരക്തനായിരുന്നിട്ടില്ല തന്നെ. നേരേമറിച്ചു് ശോഭനേ ഭവതിയുടെ നേരെയുള്ള എന്റെ അനുരാഗം അന്യാദൃശമായിരുന്നു എന്നും ഇപ്പോഴും അപ്രകാരമാണെന്നും ഭവതിയ്ക്കറിയാം. ഈ അൎത്ഥത്തിൽ എന്നെപ്പററി സങ്കടം പറയാൻ ഭവതിയേക്കാൾ എ

ത്രയോ കൂടുതൽ അവകാശം അവൾക്കുണ്ടുതാനും. എന്നിട്ടും അവൾ നന്മയുടെ ഒരു അവതാരമെന്ന വിധത്തിൽ പെരുമാറി." എന്നു പ്രഭ പറഞ്ഞു.

"പ്രഭോ, അവിടുന്ന് അളകാനിലയത്തിലെ പ്രഭ്വിയെപ്പററി പറകയാണു്." എന്നു് മുഖത്തിലും സ്വരത്തിലും സ്ഫുരിച്ച ഒരു ചാഞ്ചല്യത്തോടുകൂടി ശോഭന പറഞ്ഞു.

കരുണാ:— അതേ, അളകാനിലയത്തിലെ പ്രഭ്വിയായ മദാലസയേ സൂചിപ്പിച്ചു തന്നേയാണു ഞാൻ പറയുന്നതു്. എൻെറ പിതാവു മരിച്ചുപോയവിവരം ഭവതി അറിഞ്ഞിരിക്കും

ശോഭന "എനിക്കറിയാം" എന്നു പറഞ്ഞുകൊണ്ടു് അതിനെ തുടർന്നു് തൻെറ മുഖത്തിലും സ്വരത്തിലും സഹതാപസൂചകമായ ഭാവത്തേയും സ്വരത്തേയും അവൾ പ്രകടമാക്കി. തൻെറ പിതാവു് മൃതനായി കിടന്നാൽ തനിക്കുണ്ടാകുന്ന സങ്കടത്തെ ഓർത്തപ്പോളായിരുന്നു അവൾക്കു് ഏതാദൃശഭാവഭേദമുണ്ടായതു്.

കരുണാ:— അച്ഛൻ രോഗശയ്യയേ അഭയം പ്രാപിച്ചിരുന്നപ്പോൾ അളകാനിലയത്തിലെ "മദാലസ" യായിരുന്നു അനവധി മൃദു ശുശ്രൂഷകൾക്കു് പ്രഭവമായിവർത്തിച്ചതു്. അതുമാത്രമല്ല അവൾ തന്നെ സമ്മതിക്കയുണ്ടായി. ഞാൻ മിക്കവാറും പരിതസ്ഥിതികളുടെ കളിപ്പാവയായി കഴിഞ്ഞുകൂടുകയായിരുന്നു എന്നു്. എൻെറ പേരിലുള്ള അനുരാഗത്തിനു വിരാമം സംജാതമായി എങ്കിലും ഭാവിയിൽ ആശയ്ക്കു വക

യുണ്ടെന്നാണു തത്ര ഭവതി ഇപ്പോഴും വിശ്വസിക്കുന്നതു്. ഇത്രമാത്രമേയുള്ളൂ. ആ മഹതിയുടെ ഹൃദയൌദാര്യം നിമിത്തം അവൾ ഭവതിയോടു സഹതപിക്കാൻ അഭ്യസിച്ചു—ഭവതിയെ സ്നേഹിക്കാൻ പഠിച്ചു— ഒരു സഖിയെന്നനിലയിൽ ഭവതിയെ ആലിംഗനം ചെയ്യുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഭവതിയുടെ സൌഭാഗ്യം ഇനിയും നിശ്ചിതമാണെന്നു മദാലസ വിശ്വസിക്കയും ആശിക്കയും ചെയ്യുന്നു. അവളുടെ ഈ ഉദ്ദേശത്തിൻെറ സാദ്ധ്യത്തിനായി തന്നാൽ കഴിയുന്നതു അവൾ പരിശ്രമിച്ചിട്ടും ഉണ്ടു്. നോക്കു, ശോഭനേ, എൻെറ ദുഷ്ടത ഉളവാക്കിയ ആ മഹാനൎത്ഥത്തെ ഇല്ലാതാക്കുന്ന ഒരു രേഖയുടെ വാഹകനായി തത്ര ഭവതി എന്നെയാണയച്ചിരിക്കുന്നതു് നിങ്ങളുടെ സ്വരാജ്യകവാടത്തെ ഭവതിയുടെ പിതാവിനും സ്നേഹിതന്മാൎക്കും വേണ്ടി ഇതാ തുറന്നു വച്ചിരിക്കുന്നു— അവൎക്കെല്ലാവൎക്കും മാപ്പു കൊടുത്തു കഴിഞ്ഞിരിക്കുന്നു.

ശോഭന ദൃഗ്ഗോചരമാകുംവണ്ണം ഒന്നു ഞെട്ടി. അവളുടെ വിളറിയ ഗണ്ഡത്തിൽ ആരക്ത്യത്തിൻെറ ഒരു ച്ഛായ ദൃശ്യമായി—അത്ഭുതത്തിൻെറയും ആനന്ദത്തിൻെറയും പ്രഭ അവളുടെ കറുത്ത കണ്ണുകളിൽ ഉജ്വലിച്ചു. എന്നാൽ ഈ വികാരങ്ങളെല്ലാം വെറും ക്ഷണഭംഗുരങ്ങളായിരുന്നു: കരുണാകരൻ അവളുടെ ഹസ്തങ്ങളിൽ അൎപ്പിച്ച കരണത്തേ ബദ്ധപ്പെട്ടു പഠിച്ചുകഴിഞ്ഞപ്പോൾ അവൾ വീണ്ടും ഒരു ശ്ലക്ഷ്ണ ശിലാപ്രതിമയേപ്പോലെ രസശൂന്യയായി തീൎന്നു. അവൾ പറഞ്ഞു

"എൻെറയും അളകാനിലയത്തിലെ പ്രഭ്വിയുടെയും കർമ്മങ്ങൾക്കു തമ്മിൽ അവിടുന്നു ഒരു താരതമ്യവിവേചനം നടത്തിക്കഴിഞ്ഞിരിക്കുന്നു: എന്നാൽ ആ താരതമ്യവിവേചനത്തെ പൂർണ്ണപദത്തിലേക്കു എത്തിക്കുന്ന വിസ്താരങ്ങളെയെല്ലാം അവിടുന്നു പ്രതിപാദിച്ചിട്ടില്ല. പ്രഭ്വി തനിക്കുവേണ്ടിയല്ലാതെ മററാക്കുംവേണ്ടി തപിക്കുക ഉണ്ടായിട്ടില്ല. അവിടുന്നു അപരാധിയായിത്തീൎന്ന സകലതും തത്ര ഭവതി അറിയുന്നുണ്ടു—എന്നാൽ ഒരു പിതാവിനെയും സ്നേഹിതന്മാരെയും ചതിയിൽ പെടുത്തിയ ഒരു ശത്രുമെന്ന നിലയിൽ പരിതപിക്കാനുള്ള ദുർവിധി മദാലസയ്ക്കു ഒരിക്കലും ഉണ്ടായിട്ടില്ല. അഹോ! ആ പ്രഭ്വിയ്ക്കു എൻെറ അഗാധമായ കൃതജ്ഞത എന്നെന്നും ഉണ്ടായിരിക്കും. ആ മഹതി പ്രദർശിപ്പിച്ച മഹിമയേറിയ ഔദാര്യത്തിനുവേണ്ടി എൻെറ ഹൃദയപൂർവ്വമായ പ്രണാമം സർവ്വദാ ഞാൻ അവരുടെ പാദങ്ങളിൽ അർപ്പിക്കുന്നു. എൻെറ ഹൃദയത്തിലെ കൃതജ്ഞതാവികാരങ്ങൾ മുഴുവൻ ഞാൻ അവരുടെ സന്നിധാനത്തിൽ വർഷിക്കും. എന്നാൽ അവിടത്തേയും എന്നെയും സംബന്ധിച്ചു ആ മാന്യമഹിളാരത്നം ആശിക്കുന്നതു ഒരിക്കലും ഉണ്ടാകുന്നതല്ല. അതിനു സംശയമില്ലതാനും."

ഈ വാക്കുകളോടുകൂടി അവൾ അശ്രുനിർഝരിയെ തുടച്ചു.

കരുണാ:—ഒരു വാക്കു കൂടി, ശോഭനേ, അവസാനത്തെ ഒരു വാക്കു. പിന്നെ ഞാൻ പറഞ്ഞു തീൎന്നാൽ ആശയ്ക്കു വകയില്ലെന്നു ഭവതി പറകയാ

ണെങ്കിൽ ആ വാക്കിനു ഞാൻ തലകുനിച്ച് ശേഷം ഒന്നുംതന്നെ മിണ്ടുകയില്ല മരണംവരെ നാം പിന്നെ കൊണ്ടുകയുമില്ല. ദയവുചെയ്തു കേട്ടുകൊള്ളൂ. അച്ഛൻെറ സംസ്കാരകർമ്മം കഴിഞ്ഞാൽ ഞാൻ യുദ്ധരംഗത്തേക്കു പുറപ്പെടുകയായി. അവിടെ മഹമ്മദീയർക്കുവേണ്ടി ഒരു ഖഡ്ഗമെങ്കിലും ഉയർത്തപ്പെട്ടും ഭവതി എനിക്ക് ആശയുടെ ഒരു കണികയെങ്കിലും അർപ്പിക്കയോ അല്ലെങ്കിൽ നിരാശയിലേയ്ക്ക് എന്നെ പ്രക്ഷേപിക്കയോ ചെയ്താലും തുല്യമായരൂക്ഷതയോടുകൂടി എൻെറ ഹസ്തം ആയുധത്തെ പ്രയോഗിക്കും. ആദ്യം പറഞ്ഞതാണ് അംഗീകാര്യമായി വരുന്നതെങ്കിൽ എൻെറ അതീത അപരാധങ്ങൾ നിമിത്തമുള്ള അന്ധകാരത്തെ മുഴവൻ ധ്വംസിക്കുന്ന പ്രഭയിൽ ഒരു ശ്ലാഘ്യമായ നാമത്തെ ഞാൻ സമ്പാദിക്കും. അതുകൊണ്ട് ഞാൻ ആശിച്ച ആ കരത്തെ ഗ്രഹിക്കാൻ സർവഥാ യോഗ്യനായി തിരിച്ചുവരും എന്നാൽ രണ്ടാമതു പറഞ്ഞതാണ് സ്വീകാര്യമായിത്തീരുന്നതെങ്കിൽ ഞാൻ തുമുലമായ സംഗ്രാമമദ്ധ്യത്തിൽ ചാടി എന്നാൽ കഴിവുള്ളേടത്തോളം ശത്രുസംഹാരംചെയ്ത് എൻെറ ഏക നിവൃത്തിമാർഗ്ഗമായ മരണത്തെ ഞാൻ വരിക്കും.

ഈ ഭാഷണം നിമിത്തം ആ പെൺകിടാവ് ദൃശ്യമാകും വണ്ണം വികാരഭരിതയായിത്തീർന്നു. അവളുടെ അധരം ചലിച്ചു. അരുണിമ അവളുടെ ഗണ്ഡങ്ങളിൽ ക്ഷണേന ആഗമിക്കയും അസ്തം പ്രാപിക്കയും ചെയ്തു. അവളുടെ കോമളകളേബരം ആ

കെ വീക്ഷണഗോചരമായ ത്രാസത്തിന്ന വിധേയ മാകയും ചെയ്തു. കരുണാകരൻ ഇതെല്ലാം കണ്ടു. അദ്ദേഹത്തിൻെറ വികല്പം ചിന്തിക്കാൻ വയ്യാത്ത ഒന്നായിരുന്നു. ഭയാശകളുടെ സംഘട്ടനം ഒരിക്കലും ഇത്രയും തിഗ്മമായും നിശിതമായും യാതനാജനകമായും തീൎന്നിട്ടില്ല. അഹോ! അവളുടെ അധരം ചലനരഹിതമായും കപോലതലത്തിലെ പാടലിമ വിവൎണ്ണമായും ആ രൂപം—ദേവാംഗനാസദൃശമായ ആ മോഹനാകാരം ഒരു ഹിമപ്രതിമപോലെ നിശ്ചലമായി പരിണമിച്ചപ്പോൾ അദ്ദേഹത്തിൻെറ ഹൃദയം ഉള്ളിൽ എത്ര കണ്ടു താണു പോയി! എത്രമാത്രം അവൎണ്ണനീയമായ ദുഃഖഗൎത്തത്തിലാണു അദ്ദേഹം അമിഴ്ത്തപ്പെട്ടതു്.

ശോഭ:-ഇല്ല പ്രഭോ! അവിടുന്നാർത്ഥിക്കുന്ന ആയഭിലാഷത്തെ സാധിപ്പിക്കാൻ എന്നെക്കൊണ്ടു കഴിവില്ല. അനുരാഗം എന്നെ സംബന്ധിച്ചു മൃതമായിപ്പോയി. എന്നാൽ ഇത്രയും ഞാൻ പറയാം— അതായതു ഇന്നു മുതൽ ഞാൻ അവിടുത്തെ ശത്രുവല്ല എൻെറ ഹൃദയം ഇപ്പോൾ മുതൽ ഒരു സന്യാസിനിയുടേതായിരിക്കണം. എന്നാൽ ഇനി പോവുക. അവിടുന്നു മുമ്പു പറഞ്ഞതുപോലെ സമരാങ്കണത്തെത്തന്നെ അഭയം പ്രാപിച്ചു് അവിടുന്നു വിജയശ്രീയെ വരിച്ചാലും ഞാൻ അവിടുത്തെ അപരാധമെല്ലാം ക്ഷമിച്ചിരിക്കുന്നു.

ത്രസിക്കുന്ന സ്വരത്തോടുകൂടി ഈവിധം പറഞ്ഞ ശേഷം ശോഭന കൈകൾ വീശി കരുണാകരൻെറ മുമ്പിൽ നിന്നപ്രത്യക്ഷയായി.

"ഈശ്വരനെ വിചാരിച്ച് ഒന്നു നിൽക്കണേ" എന്നപേക്ഷിച്ചിട്ടും അതിനെ ഗണിക്കാതെ ശോഭന വാതിൽ പൂട്ടി പോയി.

മാർത്താണ്ഡമന്ദിരത്തിലെ പ്രഭ ഒരു കസാലയിൽ വീണു വിലാപം തുടങ്ങി. ഒരു കുഞ്ഞിനേപ്പോലെ അദ്ദേഹം തേങ്ങി തേങ്ങി കരഞ്ഞു. വളരെ നേരം അദ്ദേഹം ഈ സ്ഥിതിയിൽ തുടന്നു. എന്നാൽ അത്യുഗ്രമായ കൊടുങ്കാററ് പരമപ്രശാന്തിക്കു കാരണമത്രേ. കരുണാകരൻെറ അവസ്ഥയും ഇതുതന്നെ ആയിരുന്നു. നെടുവീർപ്പുകൾ അവസാനിച്ചു. അദ്ദേഹം അശ്രുക്കളെ നേത്രങ്ങളിൽ നിന്നും തുടച്ചു കളഞ്ഞു. എങ്കിലും നിരാശ അദ്ദേഹത്തിൻെറ ഹൃദയത്തെ ആവരണം ചെയ്ക തന്നെ ഉണ്ടായി.

ആ ഗൃഹത്തെ ഉപേക്ഷിച്ചിട്ടു അദ്ദേഹം സ്വവസതിയിലേക്കു പോയി. അവിടെ എത്തിയ ഉടൻ ശോഭനയുമായുള്ള സന്ദർശനത്തെപ്പററി വിശദമായി അദ്ദേഹം മദാലസക്കെഴുതി. അന്നു വൈകുന്നേരത്തു തന്നെ അദ്ദേഹത്തിനു മദാലസയുടെ മറുപടിയും ലഭിച്ചു. അൽപ്പവും കാലവിളംബമെന്ന്യേ യുദ്ധാങ്കണത്തെ ശരണം പ്രാപിച്ചു തൻെറ ധീരകൃത്യങ്ങളാൽ വിജയം നേടി കീർത്തിമാനായി ഭവിക്കുന്നതിനും ശോഭനയുമായുള്ള ബന്ധത്തെ ആശിക്കാതിരിക്കുന്നതിനും ആ കത്തിൽ ഉപദേശിച്ചിരുന്നു. ആ യുവതികൾ തമ്മിൽ സന്ദർശനം നടന്നു കഴിഞ്ഞു എന്നുള്ള വസ്തുത അദ്ദേഹം കത്തിൽ നിന്നും മനസ്സിലാക്കി.

പിതാവിൻെറ ശേഷക്രിയകൾക്കു മാത്രം അദ്ദേഹം ഭൃംഗദുർഗ്ഗത്തിൽ അൽപ്പദിവസം കഴിച്ചു കൂട്ടിയ

ശേഷം നേരെ അഹമ്മദ്പുരവും രാഷ്ട്രകൂടവും തമ്മിൽ സമരം നടക്കുന്ന രംഗത്തേക്കു പോയി.

മാർത്താണ്ഡമന്ദിരത്തിലെ പ്രഭുവിനെ തൽക്കാലം യുദ്ധാങ്കണത്തിലേക്കയച്ചിട്ടു നമുക്കു ഗ്രന്ഥാലോചനക്കാരുടെ സമീപത്തേയ്ക്കു ഒന്നു പോവുക തന്നെ. താനും കരുണാകരപ്രഭുവും തമ്മിൽ നടന്ന സന്ദർശനത്തെ സംബന്ധിച്ച സകലവിശേഷങ്ങളും ശോഭന സ്വപിതാവിനെ അറിയിച്ചു. ഉപഗുപ്തൻ മകളുടെ ചേഷ്ടിതത്തെ അത്യന്തം ശ്ലാഘിച്ചു. സൈന്യാധിപനും കൂട്ടരും തങ്ങൾക്കു ലഭിച്ച രാജാനുകൂല്യത്തെ ആഹ്ലാദത്തോടു കൂടി സ്വീകരിച്ചു. അവരിൽ മിഹിരസേനൻ ഒഴിച്ചു മറെറല്ലാവരും അഹമ്മദ്പുരത്തിൽ എത്തി മുസൽമാന്മാക്കു തുണചെയ്‌വാൻ തീർച്ചപ്പെടുത്തി. മിഹിരസേനൻ തിരിച്ചു നാട്ടിൽ എത്തി തൻെറ പഴയ പണമിടപാടു വീണ്ടും തുടങ്ങി. യുദ്ധരംഗത്തെ പ്രാപിച്ച് അഹമ്മദപുരസുൽത്താനു വേണ്ടി ഖഡ്ഗമയത്തുവാൻ പിതാവും കൂട്ടുകാരും തീർച്ച്പ്പെടുത്തിയ വാർത്ത അറിഞ്ഞ ശോഭന അച്ഛനെ അനുഗമിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ അക്കാര്യ്യം വൃദ്ധനോടാവശ്യപ്പെടുവാൻ അവൾ മടിച്ചു. എങ്കിലും അവളുടെ അന്തർഗതത്തെ മനസ്സിലാക്കിയ ഉപഗുപ്തൻ അല്പനേരം ചിന്താമഗ്നനായി നിന്ന ശേഷം അവളെ തലോടിക്കൊണ്ടു പറഞ്ഞു.

"അതേ മകളെ നീ അച്ഛനോടൊന്നിച്ചു തന്നെ പോരിക. പ്രിയപ്പെട്ട കുഞ്ഞേ, മൃത്യു നമ്മെ വേർപെടുത്തുന്നതുവരെ നാം ഇനി പിരിയുന്നതല്ല."

രാഷ്ട്രകൂടചക്രവർത്തിയും അഹമ്മദ്നഗരസുൽത്താനമായുള്ള സംഗരം അതിഭീമമായി നടക്കുന്നു. രണഭൂമിയുടെ ഒരു പാർശ്വത്തെ ചുററിക്കിടക്കുന്ന പർവ്വതനിരയുടെ ഒരു ശാഖയിൽ കൂടി നൂറോളം വരുന്ന ഭടന്മാർ നീലനിറത്തിലുള്ള കഞ്ചുകാദികൾ ധരിച്ച് മുന്നോട്ടു നീങ്ങുകയായിരുന്നു. അവർ ആയുധമായി കൈത്തോക്കുകളും ഖഡ്ഗങ്ങളും വഹിച്ചിരുന്നു. അവരുടെ നായകൻ ദീർഘിച്ച് ഋജുവായ ശരീരത്തിൽ ഒരു യോദ്ധാവിൻെറ സർവ്വ ലക്ഷണങ്ങളും ഇണങ്ങുമാറുള്ള പ്രാഭവത്തോടെ വിളങ്ങി. ഈ വീരൻ ഉപഗുപ്തസേനാനിയല്ലാതെ മററാരും ആയിരുന്നില്ല. അദ്ദേഹത്തിൻെറ നായകത്വം അംഗീകരിച്ച ആ ചെറുസംഘം പാരസീകന്മാരും ബലിമന്ദിരനിവാസികളും അത്രേ.

അവർ പർവതപരിധിയിൽകൂടി പ്രയാണംചെയ്ത് വേഗത്തിൽ തുമുലസംഗരം പ്രവൃത്തമായ രംഗത്തിൽ എത്തി. ശത്രുവിൻെറ രണ്ടു വലിയ തോക്കുകളെ അവർ കൈവശപ്പെടുത്തി. ഈ വിജയത്തെ പൂർണ്ണമാക്കാനായി കുറെ പാരസീകഭടന്മാർ മുമ്പോട്ടു ചാടി. ഈയവസരത്തിലത്രേ വായുമണ്ഡലത്തിൽ കൂടി ഒരു ഭീകര ശബ്ദം കേൾക്കപ്പെട്ടത്. അതിനെ തുടൎന്ന് രാഷ്ട്രകൂടസേനയിൽ നിന്നും പ്രക്ഷിപ്തമായ ഒരഗ്നി ഗോളം പീരങ്കിയുടെ സമീപത്തു വന്നു വീണു.

വലിയ തോക്കുകളെ പിടിച്ചെടുത്ത ഭടന്മാർ വേഗത്തിൽ പിന്നിലേക്കു വാങ്ങി. എന്നാൽ ഉപഗുപ്തൻ ഒരു വള്ളിയിൽ കാൽതടഞ്ഞ് നിലം പ

തിച്ചു. അഗ്നിഗോളം മൂന്നുവാര അകലത്തു കിടക്കുന്നുണ്ടായിരുന്നു. ആ നിമിഷത്തിൽ ഒരു യുവഭടൻ മുമ്പോട്ടുചാടി ഗോളത്തെ കയ്യിലാക്കികൊണ്ടു് അല്പ ദൂരംഓടി അതിനെ ദൂരത്തെറിഞ്ഞു. ഉപഗുപ്തസേനാനി അങ്ങിനെ രക്ഷിക്കപ്പെട്ടു. യുവാവിൻെറ ധൈര്യംകണ്ടു ചുററും നിന്നവർ ശ്ളാഘിച്ചു. എന്നാൽ അഗ്നിഗോളം പൊട്ടി ധീരനായ ആ യുവാവു് ഒരു രോദനത്തോടുകൂടി നിലത്തുവീണു. സമീപത്തു നിന്നവരെല്ലാം അദ്ദേഹത്തിൻെറ അടുത്തു് ഓടിക്കൂടി എന്നാൽ ഉപഗുപ്തനായിരുന്ന ആ യുവാവിനെ ആദ്യമായി പൊക്കിയെടുത്തതു്. കരുണാകരൻെറ മുഖം കണ്ടപ്പോഠം അദ്ദേഹത്തിനുണ്ടായ അത്ഭുതം വൎണ്ണിക്കാൻ ഏതു തൂലികയ്ക്കാണു ശക്തിയുള്ളതു്.

ആ പ്രഭുകുമാരൻ ഭയങ്കരമായ ക്ഷതങ്ങളേററു വിവശനായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ മുഖത്തിൽ മാത്രം ആ വിവശത സ്പർശിച്ചിട്ടില്ലായിരുന്നു. ഉപഗുപ്തസേനാനിയുടെ മുഖത്തേക്കു നോക്കിയപ്പോഠം വിജയസൂചകമായ ഒരു മന്ദസ്മേരം ആ ധീരയുവാവിൻെറ അധരത്തിൽ കളിയാടി. അതോടുകൂടി അദ്ദേഹം ബോധരഹിതനായി.

ഈ സമയംകൊണ്ടു വിജയം പരിപൂൎണ്ണമായി, മഹമ്മദീയർ മദംകൊണ്ടാത്തു. രാഷ്ട്രകൂടസേന ആയിരത്തോളം വരുന്ന ഭടന്മാരെ നഷ്ടപ്പെട്ടശേഷം സമരാങ്കണത്തിൽ നിന്നു പിന്മാറി. മുറിവേററ ഭടന്മാരെ കൊണ്ടുപോകാനുള്ള വാഹനങ്ങഠം വന്നുചേൻു. അവയിലൊന്നിൽ കരുണാകരനെ കിടത്തി അഹമ്മദ്പുരത്തിലേയ്ക്കു കൊണ്ടുപോയി

സുൽത്താൻെറ രാജധാനിയിൽ എത്തി ഉപഗു പ്തൻെറ വാസസ്ഥലത്തു ചെന്നു ചേൎന്നക്ഷണത്തിൽ ശോഭന അത്യൗൽക്കണ്ഠയോടുകൂടി പുറത്തുവന്നു. അ ച്ഛനെകണ്ടു് ആനന്ദമഗ്നയായി അവൾ ഓടിച്ചെന്നു് അദ്ദേഹത്തെ ആലിംഗനം ചെയ്തു. കരുണാകരനെ കിടത്തിയിരുന്ന വണ്ടി ക്ഷണത്തിൽ വന്നു ചേൎന്നു. ഉപഗുപ്തൻ പറഞ്ഞു.

"മകളേ, ശോഭനേ ഈ വണ്ടിയിൽ കിടക്കുന്ന യുവാവാണു് ഇന്നെൻെറ ജീവനേ രക്ഷിച്ചതു്."

"അതാരു്?" എന്നു് ആവേശത്തോടുകൂടി പറ ഞ്ഞുകൊണ്ടവൾ മുന്നോട്ടടുത്തു.

"നീ തന്നെ നോക്കു്" എന്നുപറഞ്ഞിട്ടദ്ദേഹം വ ണ്ടിയുടെ മറ നീക്കി.

ശോഭനയുടെ നേത്രങ്ങൾ കരുണാകരൻെറ വാ ടിയ മുഖത്തിൽ പതിച്ചു, അവൾ മിണ്ടാൻ ശേഷി യില്ലാതെ നിലകൊണ്ടു.

കരുണാകരൻ—(ക്ഷീണിച്ചസ്വരത്തിൽ) ശോഭ നേ എൻെറ ജീവിതത്തിൽ ഞാൻ ഭവതിക്കു് ഒരു ശാപമായിത്തീൎന്നിട്ടുണ്ടെങ്കിൽ ഇനി എൻെറ മരണ ത്തിൽ ഞാൻ ഭവതിക്കു് ഒരനുഗ്രഹമായിത്തീരും.

"അയ്യോ, അവിടുന്നു ജീവിക്കണം എൻെറ പി തൃജീവനത്തെ രക്ഷിച്ച അവിടുന്നു് എനിക്കിന്നുമുതൽ പ്രിയതമനാണു്" എന്നും ശോഭന പറഞ്ഞു.

അനിൎവ്വചനീയമായ ആനന്ദത്തിൽ നിന്നുത്ഭവി ച്ച ഒരു മന്ദഹാസം അദ്ദേഹത്തിൻെറ വാടിയ മുഖ ത്തിൽ പ്രസരിച്ചു. മൃത്യുഗ്രസ്ഥനായ ആ യുവാവു

A 1562



കൈനീട്ടി ശോഭന ആ കരങ്ങളെ ഗ്രഹിച്ച് ലഘുവായി ഒന്നമത്തി.

"ഭവതി എൻെറ അപരാധം ക്ഷമിച്ചിരിക്കുന്നു എന്നു പറക." എന്നാദ്ദേഹം ആവശ്യപ്പെട്ടു.

"അഹോ ഞാൻ അവിടത്തേയ്ക്കു മാപ്പു തന്നു കഴിഞ്ഞു. പിന്നെ പ്രായശ്ചിത്തത്തെസംബന്ധിച്ചാണെങ്കിൽ:—"

ഉപ—അതു പരിപൂർണ്ണമായി.

വീണ്ടും അധരത്തിൽ പ്രകാശിച്ച ഒരു പുഞ്ചിരിയോടുകൂടി, തൻെറ ക്ഷതങ്ങൾക്കു ലേശവും വേദനയില്ലെന്നു കാണികൾക്കു തോന്നുന്നമട്ടിൽ ശാന്തഗംഭീരനായി ആ പ്രഭുതരുണൻ സ്വജീവനെ ഉപേക്ഷിച്ചു.

ശോഭനയുടെ അപ്പോഴത്തെ അവസ്ഥ വർണ്ണിക്കുന്നതിനേക്കാൾ വായനക്കാർ ഊഹിച്ചുകൊള്ളുകയാണു നല്ലതു്. തൻെറ നിഷ്കളങ്കമായ പ്രണയത്തിനു പാത്രമായി പലതവണ മന്ദപവനനേററാനന്ദിച്ച് ഉദ്യാനഭൂമിയിൽ അധിവസിച്ച് സമയം കഴിച്ചുകൂട്ടിയ ആ സുന്ദരതരുണനേ ഓർത്തു് അവൾ ജീവിതശേഷത്തേ നയിച്ചു.

Indic Digital Archive Foundation

A1562
പിത്തശാസ്ത്ര
രാമകൃഷ്ണപിള്ള

gpura.org